M.J. 209
2301

NATIONAL BOOK STALL
SPCS LTD
★ BR. KOTTAYAM ★



കെ. ശങ്കരൻ

മലയായിലെത്തിയ മലയാളി

പരിഷ്കരിച്ച പതിപ്പ്
1954

പ്രതിപാദകൻ
കെ. ശങ്കരൻ
സിങ്കപ്പൂർ

പ്രസാധകന്മാർ:
മംഗളോദയം ലിമിറ്റഡ് തൃശ്ശൂർ.

വില 1_8_0 Price Rs. 1-8-0

കോപ്പി 1000

തൃശ്ശിവപേരൂർ
ഗീതാപ്രസ്സിൽ അച്ചടിച്ചതു്

൩-൫-൨൦൯

ഒന്നാം പതിപ്പിനെപ്പററി

ശ്രീമാൻ മൂക്കോത്ത് കുമാരൻ സത്യവാദിപത്രത്തിലെഴുതിയ അഭിപ്രായം

വിശേഷവിധിയായ ഒരു പുസ്തകം.

വല്ലതും ഒരു പുസ്തകം എഴുതേണമെന്നുവെച്ചു ചിലർ പുസ്തകമെഴുതുന്നു. വേറെ ചിലർ അച്ചുകൂടക്കാർ നിർബ്ബന്ധിക്കയാൽ ഗ്രന്ഥങ്ങൾ രചിക്കുന്നു. ആദ്യം പറഞ്ഞവർ വിഷയം അന്വേഷിച്ചു നടക്കേണ്ടിവരും. രണ്ടാമത്തവർക്കു പാഠ്യപുസ്തകങ്ങളിൽ ഉൾപ്പെടേണ്ടുന്ന വിഷയങ്ങൾ നിർദ്ദേശിക്കപ്പെട്ടവ അച്ചുകൂടക്കാർ ചൂണ്ടിക്കാണിച്ചുകൊടുക്കും. മൂന്നാമതൊരു തരക്കാരുണ്ടു്. അവർക്കു എഴുതാനുള്ള വിഷയം മനസ്സിൽ തിങ്ങിക്കവിഞ്ഞു കിടക്കുന്നവ, തനിയേ പുസ്തകരൂപത്തിൽ വഴിഞ്ഞൊഴുകുന്നു. ഇങ്ങിനെയുള്ളർ നമ്മുടെ രാജ്യത്തു് ഏററവും ദുർല്ലഭമാകുന്നു. അങ്ങിനെ എഴുതപ്പെട്ട ഒരു പുസ്തകമാണു് ഞങ്ങളുടെ അഭിപ്രായത്തിനു് അയച്ചുകിട്ടിയിരിക്കുന്ന "മലയായിലെത്തിയ മലയാളി". ഇതു് ഒരു ജീവചരിത്രമാണു്, എന്നു മാത്രം പറഞ്ഞാൽ പോരാ, ഒരാളുടെ ജീവചരിത്രം അയാൾതന്നെ എഴുതിയതാണു്. ഇങ്ങിനെയുള്ള "സ്വചരിതജീവിതം" (Auto-Biography) മലയാളഭാഷയിൽ

ഇതു ഒന്നാമത്തേതാണെന്നു തോന്നുന്നു! ആരുടേതാണു ജീവചരിത്രം? തൻെറ ജീവിതം പശുവിനെ മേയ്ക്കുന്ന ഒരു ചെറുക്കനായി ആരംഭിച്ചു സ്വയംരക്ഷക്കും മററു പല സാധുക്കളുടെ രക്ഷക്കും വേണ്ടി വളരെ കഷ്ടതകളും ബുദ്ധിമുട്ടുകളും ധിരധീരം സഹിച്ചു എഫ്. എം. എസ്, ബമ്മ, സിലോൺ, ജാപ്പാൻ, റഷ്യ മുതലായ രാജ്യങ്ങളിൽ സഞ്ചരിച്ചു ഹൃദയവികാസവും ബുദ്ധിശക്തിയും വദ്ധിപ്പിച്ച ഒരു മലയാളിയുടെ ജീവചരിത്രമാണിതു്. ഇദ്ദേഹം നല്ല പണവും സമ്പാദിച്ചിരിക്കുമെന്നും ധാരാളം പണം യാത്രക്കായി ചെലവഴിച്ചിരിക്കുമെന്നും തുറന്നു പറയുന്നില്ലെങ്കിലും കഥയിൽനിന്നു ഊഹിക്കാം. ഭാഷയിൽ പല തെററുകളും ഉണ്ടു്. അതും പുസ്തകത്തിന്നു ഒരു വിശേഷവിധിയായി ഗണിക്കേണ്ടതാണു്. അതെന്താണെന്നു വെച്ചാൽ; കുറെ വിദ്യാഭ്യാസം സിദ്ധിച്ചു, വല്ലതും എഴുതാനുള്ള "വിരൽ ചൊറിച്ചൽ"കൊണ്ടു മാത്രം എഴുതിയതല്ല ഈ പുസ്തകം എന്നു തെളിയിക്കുന്നു. ഏതായാലും ഈ പുസ്തകം കയ്യിലെടുത്തതിൽപിന്നെ ഇതിലെ 143 പേജും വായിച്ചു തീന്നതിനു ശേഷമേ, അതു താഴത്തു വെയ്ക്കാൻ ഞങ്ങൾക്കു സാധിച്ചിരുന്നുള്ളു. ഞങ്ങൾക്കു അതു അത്ര രസകരമായിരുന്നു. എങ്ങിനെ രസകരമല്ലാതിരിക്കും.

"തിക്കോടി റെയിൽവെസ്റ്റേഷനിൽനിന്നു അഞ്ചുനാഴിക വടക്കുകിഴക്കായി മൂരാട്ടുപുഴക്കരികെ സ്ഥിതിചെയ്യുന്ന പയ്യോളിയിലെ" ഒരു ശങ്കരൻെറ ചരിത്രമാണു ഇതെന്നു ആദ്യംതന്നെ അറിഞ്ഞപ്പോൾ വായിക്കാൻ ആഗ്രഹം ജനിച്ചു. അയാൾക്കു ഏഴു വയസ്സായപ്പോൾ പിതാവു മ

രിച്ചു. അധികം താമസിയാതെ അമ്മയും മരിച്ചു. "ഒരു പറമ്പുണ്ടായിരുന്നതു അന്നാളിൽ മാപ്പിളമാർ കൈവശപ്പെടുത്തി." കാരണവന്മാരെക്കൊണ്ടു ഒരു പൈ സഹായിപ്പാൻപോലും സാധിച്ചിരുന്നില്ല. ഇയാളുടെ ജീവചരിത്രം അറിയേണ്ടതുതന്നെയാണെന്നു തോന്നി പിന്നേയും വായിച്ചു. കുട്ടി സമീപത്തുള്ള മനക്കലെ വീട്ടിലെ കാളകളെ തിററിപ്പോററാൻ ജ്യേഷ്ഠൻെറ ആജ്ഞയനുസരിച്ചു ഏല്പ്പെടേണ്ടിവന്നു. ഒരു നേരം കുറച്ചുകഞ്ഞിയോ മറേറാ അവിടെനിന്നു കിട്ടിയാൽ അന്നത്തെ ഭക്ഷണം മുഴുവനും അതോടെ അവസാനിച്ചു. ഒരിക്കൽ വിശപ്പു സഹിക്കാൻ കഴിയായ്കയാൽ അച്ഛൻെറ ആദ്യത്തെ ഭാൎയ്യയുടെ ഒരു മകൻെറ വീട്ടിൽചെന്നു. അവിടെ ആരേയും കാണായ്കയാൽ അകത്തു കടന്നു. അവിടെ അഞ്ചാറു കണ്ണിച്ചുക്കര കണ്ടു. അതെടുത്തു തിന്നുകൊണ്ടിരിക്കുമ്പോൾ ജ്യേഷ്ഠൻ കണ്ടു നല്ല പ്രഹരാദികഷായം കൊടുത്തു. പിന്നീടു ഒന്നുരണ്ടു ദിക്കിൽ ഭൃത്യവേല ചെയ്തശേഷം അനാഥനായി കോഴിക്കോട്ടു ചെന്നുചേൎന്നു. അവിടെ ഒരു പട്ടരെ കണ്ടു. പട്ടർ പാലക്കാട്ടേക്കു കൂട്ടിക്കൊണ്ടുപോയി. അവിടന്നു ആ മഹാബ്രാഹ്മണൻ കുട്ടിയെ "മലയനാട്ടിലേക്കു ആളുകളെക്കയററുന്ന ഒരു കങ്കാണിക്കു് പതിനഞ്ചുറുപ്പികക്കു് അടിമയായി വിററു." പുസ്തകം തുടൎന്നു വായിക്കാൻ ആഗ്രഹം ജനിച്ചു. പിന്നീടുള്ള കുറെ പേജുകൾ കണ്ണുനീർ വാൎക്കാതെ ആൎക്കും വായിക്കാൻ സാധിക്കയില്ല. മലയായിൽ കൂലിക്കാരെ കയററി അയക്കുന്ന കങ്കാണികൾ കാണിക്കുന്ന നിൎദ്ദയത്വവും താൻ അനുഭവിച്ച ദുഃഖവും വിവരിക്കുന്ന കൂട്ടത്തിൽ ഗ്രന്ഥകൎത്താവു "ബ്രിട്ടിഷ് ചക്രവൎത്തി

യെന്നും ഇന്ത്യാസാമ്രാജ്യം എന്നും ഉള്ള അവസ്ഥ വെറും ഭോഷ്ക്കാണെന്നുള്ള വിശ്വാസവും എന്നിൽ ദൃഢമായിവേരൂന്നി.” എന്നു പറയുന്നു. ആ നിലയിലുള്ള ആക്ഷേപം അങ്ങിനെ പറയാൻതോന്നും. ലോകത്തിൽ അടിമവ്യാപാരം നിൎത്തൽ ചെയ്വാൻ ശ്രമിച്ചു ആ മഹാകാൎയ്യം സാധിച്ചുവെന്നു അഭിമാനിക്കുന്ന ബ്രിട്ടീഷുകാർ വായിച്ചറിയത്തക്കവണ്ണം ഈ പുസ്തകത്തിൻെറ അധികഭാഗവും വല്ലവരും ഇംഗ്ലീഷിൽ പരിഭാഷചെയ്തു ഇംഗ്ലണ്ടിൽ അച്ചടിപ്പിക്കേണ്ടതാണെന്നാണു് ഞങ്ങളുടെ അഭിപ്രായം. അതിരിക്കട്ടെ; തീവണ്ടിയിലും കപ്പലിലും കൂലിവേലക്കാർ അനുഭവിച്ച കഷ്ടതകളും പുസ്തകത്തിൽ തന്നെ വായിച്ചുകൊള്ളണം. തോട്ടത്തിൽ എത്തിയതിൻെറ ശേഷം അതുവരെ അനുഭവിച്ച സങ്കടങ്ങളൊക്കെ നിസ്സാരമാണെന്നു തോന്നി. ഗ്രന്ഥകൎത്താവിന്നു പല പ്രാവശ്യവും ആത്മഹത്യ ചെയ്വാൻ ആലോചനയുണ്ടായിരുന്നു. അതിന്നു തരം കിട്ടാതിരുന്നതിനാൽ മാത്രം അങ്ങിനെ ചെയ്തില്ലെന്നേ ഉള്ളു.

ഗ്രന്ഥകൎത്താവു തന്നെ ഇങ്ങിനെ വിലപിക്കുന്നു. കുറവൻെറ കൈവശമുള്ള പാമ്പു, മൂക്കനാണെങ്കിലും വിഷപ്പല്ലു പേയതിൽപിന്നെ അതു അവന്നു അധീനമാകുന്നു. അതുപോലെ ഞങ്ങൾ രണ്ടുമൂവ്വായിരത്തിൽപരം ജനങ്ങളുണ്ടെങ്കിലും ഓജസ്സും തേജസ്സും ഒക്കെ ക്ഷയിച്ചു മേധാവികളിൽ ഒരുവൻ ഒരു വിരൽ പൊക്കിയാൽ ഞങ്ങളുടെ എല്ലാവരുടേയും തല താഴ്ത്തേണ്ടിവരുമെന്ന ദിക്കായി.

മനുഷ്യവൎഗ്ഗത്തിന്നു പൂൎണ്ണസ്വാതന്ത്ര്യം സമാവകാശമാണെന്നു കൊട്ടിഘോഷിക്കുന്ന ബ്രിട്ടീഷ് ഗവൎമ്മേണ്ടിന്റെ ഖജാനയെ നിറപ്പാൻ വേണ്ടി കാടായ മലയാരാജ്യത്തെ നാടാക്കാൻ ഉദ്യുക്തരായി പുറപ്പെട്ട ഞങ്ങളെ കേവലം കൃമികീടങ്ങളെപ്പോലെ ചവിട്ടിത്തേപ്പാൻ ആ ഗവൎമ്മേണ്ടു തന്നെ അനുവദിച്ചതിൽപ്പരം ഒരു അനീതി വേറെ എന്താണുള്ളതു്? അങ്ങിനെ അനുവദിച്ചിട്ടില്ലെങ്കിൽ ഞങ്ങളെപ്പോലുള്ള അടിമകളുടെ പേരിൽ ശ്രദ്ധവെക്കേണ്ടുന്ന കടമ ഗവൎമ്മേണ്ടിന്നുണ്ടല്ലോ.

രസകരമായ ഈ പുസ്തകത്തിൽനിന്നു അധികം ഭാഗം ഉദ്ധരിക്കാൻ സ്ഥലമില്ലാത്തതിൽ വ്യസനിക്കുന്നു. ചില ഭാഗങ്ങൾ ഞങ്ങൾ കൂടക്കൂടെ സത്യവാദിയിൽ ഉദ്ധരിക്കുന്നതാണു്. തോട്ടത്തിലെ കൂലിക്കാരുടെ ഭക്ഷണവും അവരിൽ വല്ലവരും ഭാൎയ്യമാരെകൂടി ഒന്നിച്ചു കൂട്ടിക്കൊണ്ടു പോയിരുന്നുവെങ്കിൽ, ആ സ്ത്രീകളെ മേധാവികൾ വെപ്പാട്ടികളായി വെക്കുന്നതും ഭൎത്താക്കന്മാരെ അടിച്ചോടിച്ചു കഷ്ടപ്പെടുത്തുന്നതും, കൂലിക്കാൎക്കു നൽകുന്ന ശിക്ഷയും മററും എല്ലാവരും വായിച്ചറിയേണ്ടതാണു്. ഗ്രന്ഥകൎത്താവു ഇങ്ങിനേയും പറയുന്നു:—

തന്റെ സമുദായത്തിൽപ്പെട്ടവർതന്നെയാകുന്നു ഇത്തരം അനീതി ചെയ്യുന്നതെന്നു് പല പാവങ്ങളും പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു്. എന്റെ അനുഭവത്തിലും അങ്ങിനെത്തന്നെയാകുന്നു. ചീനർ, മലയർ, ജാപ്പാൻകാർ, ബങ്കാളികൾ, വെള്ളക്കാർ, തമിഴർ എന്നിവരുടെ കി

ഴിൽ പണിയെടുക്കുന്നതായാൽ അതിഹിംസയനുഭവിക്കാതെ ജീവിക്കാൻ സാധിക്കും. "ഒളിച്ചോടിപ്പോകുന്ന കൂലിക്കാരെ പിന്നെ പിടികിട്ടിയെങ്കിൽ ചെയ്യുന്ന ശിക്ഷയെ വിവരിക്കുന്ന പീനൽകോഡിലെ ഒരു വകുപ്പു ഇതാണ്:— കൈകാലുകറം വിരിഞ്ഞുകെട്ടി കുതിരച്ചവോക്കകൊണ്ടു അനേകപരിവൃത്തി താഡനംചെയ്തു ശരീരത്തെ നിർദ്ദയമായി ക്ഷതപ്പെടുത്തിയതിനു ശേഷം, ആ തോട്ടത്തിൽ എത്ര കൂലിക്കാരുണ്ടോ, അവരെയെല്ലാം വരുത്തി മെണ്ടോരുടെ (മേധാവി) വകയായി നാലുംകൂട്ടി മുറുക്കുവാൻ കൊടുത്തു യോഗംകൂടി അവൻെറ മുഖത്തും തലയിലും വസ്ത്രത്തിലും മാറത്തും തുപ്പി, തുപ്പലിൽ കുളിപ്പിക്കും."

മി. ശങ്കരൻ ഒളിച്ചോടിപ്പോയി. പല ബുദ്ധിമുട്ടുകളും സഹിച്ചു. ഒടുവിൽ ഒരു ആപ്പിസ്സിൽ ഒരു ഉദ്യോഗം കിട്ടി. പിന്നീടു അയാറം പല ദിക്കും സഞ്ചരിച്ചുകൊണ്ടു ആ വക സ്ഥലങ്ങളെയും അവിടങ്ങളിലെ ആളുകളേയും ആചാരങ്ങളേയും മററും ഏററവും തന്മയത്വത്തോടും രസകരമായും ശരിയായ ഒരു നിരീക്ഷണപടുവിൻെറ സാമത്ഥ്യത്തോടുകൂടി വിവരിച്ചിരിക്കുന്നു. ഒരു കൂലിക്കാരൻെറ ഭായ്യയെ മേധാവി അപഹരിച്ചു അവനെ കഷ്ടത്തിലാക്കി കണ്ടപ്പോറം അവളെ ഈ ധീരൻ രക്ഷിച്ചു. ഒരു മലയാളസ്ത്രീയെ ഒരു യൂറോപ്യൻ നിർബ്ബന്ധിച്ചു വെപ്പാട്ടിയായി മൂന്നു സന്താനങ്ങളെ ജനിപ്പിച്ച ശേഷം അവളെ ആട്ടിഓടിച്ചതായി കണ്ടപ്പോറം അവറംക്കുവേണ്ടി വ്യവഹരിച്ചു ചെലവിനു വാങ്ങി കൊടുപ്പിച്ചു. അങ്ങിനെയുള്ള ഒരു

കെ. ശങ്കരൻ അവർകളുടെ പുത്രിമാരായ

കുമാരി.	എസ്സ്	മാധവി.	Miss	,,	Madhavi
,,	,,	ഇന്ദിര.	,,	,,	Indira
,,	,,	സുലോജന.	,,	,,	Sulojana
,,	,,	കാർത്ത്യായിനി	,,	,,	Karthiyayeni

Daughters of Mr. K. SANKARAN

ഗ്രന്ഥകർത്താവിന്റെ പുത്രികൾ:—ഇന്ദിര, സുലോചന, മാധവി, കാത്ത്യായനി.

ധീരൻെറ ചരിത്രമാണിതു്. ഒരു യൂറോപ്യനായിരുന്നുവെങ്കിൽ, ഇയാളെപ്പററി എത്ര പുസ്തകങ്ങൾ ആരെല്ലാം രചിക്കുമായിരുന്നു. പാഠപുസ്തകങ്ങളാക്കി അവയെ എത്ര കുട്ടികൾ പഠിക്കുമായിരുന്നു. അവയെ പരിഭാഷ ചെയ്തു ഏതെല്ലാം ഭാഷയിൽ ആരെല്ലാം എഴുതുമായിരുന്നു.

ഈ പുസ്തകത്തിൻെറ ഭാഷയുംമററും കുറെക്കൂടി പരിഷ്കരിച്ചു ഇതിനെ പാഠപുസ്തകമാക്കേണ്ടതാണു്. നിശ്ചയമായും വല്ലവരും ഇംഗ്ലീഷിൽ പരിഭാഷചെയ്യേണ്ടതുമാകുന്നു. ഇതിൽ പറഞ്ഞതൊക്കെ സത്യമാണെന്നു് ഇതിലെ സ്വരംകൊണ്ടുതന്നെ മനസ്സിലാക്കാം. ഇതിൽ ഗ്രന്ഥകർത്താവിൻേറയും കുഡുംബങ്ങളുടേയും മൂന്നു ഛായാപടങ്ങളും ഉണ്ടു്.

ഒന്നാംപതിപ്പിന്റെ

അവതാരിക.

'മലയായിലെത്തിയ മലയാളി' കഷ്ടപ്പാടുകളോടു മല്ലിടുവാൻവേണ്ടി ജനിച്ചിട്ടുള്ള ഒരു വീരയോദ്ധാവാണെന്ന് ഈ പുസ്തകത്തിലെ ഏതു അദ്ധ്യായം വായിച്ചു നോക്കിയാലും അറിയാവുന്നതാണ്.

ചരിത്രനായകന്റെ നിസ്സഹായവും ദാരിദ്ര്യദൂഷിതവുമായ ബാല്യകാലത്തെപ്പററി വായിക്കുമ്പോഠം കണ്ണുനീരുകൊണ്ടു പുസ്തകം താനെ നനഞ്ഞുപോകും. ദുരാഗ്രഹികളും കഠിനചിത്തന്മാരുമായ 'കങ്കാണി'കളുടെ കരുണയില്ലാത്ത പെരുമാററത്തെപ്പററി എത്ര ഭംഗിയായിട്ടാണ് വൎണ്ണിച്ചിരിക്കുന്നത്. താൻ ഒരു കങ്കാണിയാൽ വില്ക്കപ്പെടുന്നതും മലയായിലേക്കു കപ്പൽ കയറുന്നതും അന്നു മുതൽ അനുഭവിക്കുന്ന കഷ്ടപ്പാടുകളും അതിൽനിന്നു താൻ മോചനംപ്രാപിക്കുന്നതും മററും വായിക്കുമ്പോഠം ഇതു് ഒരു നോവലാണെന്നു ഏവക്കും തോന്നിപ്പോകും. സാധുക്കളായ ജനങ്ങളെ മൃഗങ്ങളെ മട്ടിക്കുന്നപോലെ ദയനീയമായ വിധത്തിൽ മട്ടിക്കുന്നത് കണ്ടു് സഹിക്കാതെ താൻ ആ സാധുക്കളുടെ നന്മക്കുവേണ്ടിച്ചെയ്യുന്ന പരിശ്രമങ്ങഠം ഓക്കുമ്പോഠം ഇങ്ങിനെ നിസ്വാത്ഥമായി പ്രയത്നിക്കുന്ന കുറച്ചു യുവാക്കളുണ്ടെങ്കിൽ നമ്മുടെ നാട്ടിലുള്ള അസമത്വങ്ങഠം എത്രവേഗം പമ്പകടക്കുമായിരുന്നു.

നമ്മുടെ 'മലയാളി' മലയായിൽ മാത്രം എത്തിയ ആളല്ല. റഷ്യവരേയുമല്ല, ജാപ്പാൻവരെ എത്തി മടങ്ങിയ ഒരു പുരുഷകേസരിയാണ്. വിദേശസഞ്ചാരം കൊണ്ടല്ലാതെ ഒരാളുടെ ഹൃദയത്തിന്നു വികാസം സിദ്ധിക്കുന്നതല്ല. ദാരിദ്ര്യം അനുഭവിച്ചല്ലാതെ ഹൃദയത്തിന്നു പാകത

യും വരുന്നതല്ല. നമ്മുടെ മലയാളി ദാരിദ്ര്യംകൊണ്ടു കഷ്ടപ്പെട്ടു; ചിലമനുഷ്യരാക്ഷസന്മാരുടെ കച്ചവടസ്സാമാനമായി; പലവിധ ക്ലേശങ്ങളും അനുഭവിച്ച് ഹൃദയത്തിന്നു നൈർമ്മല്യവും വിദേശസഞ്ചാരംകൊണ്ടു് വികാസവും വേണ്ടുവോളം സിദ്ധിച്ചിട്ടുള്ള ദേഹമാണ്.

ഇദ്ദേഹത്തിൻെറ യാത്രയിൽ കണ്ടും കേട്ടും അനുഭവിച്ചും അറിഞ്ഞിട്ടുള്ള പല നേരമ്പോക്കുകളും യഥാർത്ഥസംഭവങ്ങളും ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. അതെല്ലാം വായിച്ചറിയുന്നത് വളരെ വിജ്ഞാനകരവും വിനോദകരവുമാണ്. 'ബ്ലാച്ചാൻ' എന്ന ഉപദംശത്തെപ്പററി ഓക്കുമ്പോഠം വല്ലാത്ത നേരമ്പോക്കുതോന്നുന്നു. ഇത്തരത്തിലുള്ള പുസ്തകങ്ങഠം ഭാഷക്കു നല്ല ഒരു സമ്പാദ്യമാണ്. ബിലാത്തിവിശേഷത്തിന്നുശേഷം അത്തരത്തിൽ ഒരു പുസ്തകം കേരളത്തിൽ ആദ്യമായി പ്രസിദ്ധപ്പെടുത്തുന്നത് മലയായിലെത്തിയ മലയാളിയാണ്! ഇംഗ്ലീഷിൽ ഇത്തരം പുസ്തകങ്ങഠം സുലഭമാണു.

ഈ പുസ്തകത്തിലെ ഭാഷയും പ്രതിപാദനരീതിയും വളരെ നന്നായിട്ടുണ്ടു്. ചിലഭാഗങ്ങഠം കുറേക്കൂടി വിസ്തരിക്കാമായിരുന്നു എന്നു തോന്നാതിരിക്കുന്നുമില്ല. സമ്പാദകൻേറയും പ്രസാധകൻേറയും പരിശ്രമം ഒട്ടും അസ്ഥാനത്തിലായിട്ടില്ല. ഈ പുസ്തകത്തിന്നു ഇതഹിക്കുന്ന പ്രചാരമുണ്ടായിക്കാണുവാൻ ആശംസിച്ചുകൊണ്ടു് ഞാൻ ഇതിനെ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

നെന്മാറ 30_11_1110	വിദ്വാൻ കെ. പ്രകാശം, സീനിയർ മലയാളപണ്ഡിതർ, നെന്മാറ സക്കാർ ഹൈസ്കൂഠം.

ഗ്രന്ഥകർത്താവ് മഹാത്മജിയുടെ പ്രതിമയ്ക്കു മുമ്പിൽ



മഹാത്മജിയുടേയും ശ്രീനാരായണഗുരുദേവരുടേയും പ്രതിമകൾ വിലസുന്ന പൂജാമുറി.

രണ്ടാംപതിപ്പിൻെറ പ്രസ്താവന.

അലവിൽ

"മലയായിലെത്തിയ മലയാളി"യുടെ ഒന്നാംപതിപ്പ് പതിനെട്ടു കൊല്ലംമുമ്പാണ് പുറത്തിറങ്ങിയത്. എൻെറ രാജ്യസഞ്ചാരങ്ങളുടേയും സത്യാന്വേഷണപൎയ്യടനങ്ങളുടേയും ഒരെളിയ വിവരണമെന്ന് പറയാവുന്ന ഈ ഗ്രന്ഥത്തിന്ന് സാധാരണക്കാരിൽനിന്നും സാഹിത്യകേസരികളിൽനിന്നും സ്നേഹാനുഭാവസമ്മിശ്രമായ ഒരു സ്വീകരണമാണ് കിട്ടിയത്. അതെന്നെ കൃതാൎത്ഥനാക്കി. കഷ്ടപ്പാടിൽ വളൎന്നു, ജീവിതത്തിൻെറ തിക്താനുഭവങ്ങൾ കണ്ടറിഞ്ഞ ഒരു വ്യക്തിയുടെ കഥ കേൾക്കാൻ ജനങ്ങൾക്കുള്ള താല്പൎയ്യമാണ് ഇതു് വ്യക്തമാക്കുന്നതു്.

പതിനെട്ടു കൊല്ലങ്ങൾക്കുള്ളിൽ ലോകത്തിൽ പല പരിവൎത്തനങ്ങളും വന്നുകഴിഞ്ഞു. ഈ ഗ്രന്ഥത്തിൽ വൎണ്ണിക്കപ്പെട്ട പല സ്ഥലങ്ങളും ഇന്ന് പരിഷ്ക്കാരത്തിൻെറ പ്രൌഢിയിൽ മാറിക്കഴിഞ്ഞിരിക്കുന്നു. 1922_ൽ ഞാൻ കണ്ട കൊളമ്പല്ല ഇന്നത്തെ കൊളമ്പുനഗരം. സിംഗപ്പൂരിന്ന് അത്ഭുതാവഹമായ മാററങ്ങൾ സംഭവിച്ചിട്ടുണ്ട്. മലയാത്തോട്ടങ്ങളിലെ തൊഴിലാളികളുടെ പഴയ അടിമത്തത്തിന്നും കങ്കാണിമാരുടെ പൈശാചികസ്വഭാവങ്ങൾക്കും മറവും മയവും വന്നിട്ടുണ്ട്. എന്നാലും നാല്പതു കൊല്ല

ങ്ങൾക്കു മുമ്പ് മലയാതോട്ടങ്ങളിലെ ജീവിതം എങ്ങിനെയിരുന്നുവെന്നു "മലയായിലെത്തിയ മലയാളി" പറഞ്ഞുതരും. ഇതിലെ സംഭവങ്ങൾ ഇന്നും ചരിത്രസത്യങ്ങളായി നിലനില്ക്കുന്നു. പഴയകാലത്തെ മലയാ റബ്ബർത്തോട്ടങ്ങളിൽ മൃഗങ്ങളെക്കാളും കഷ്ടമായി ജീവിതം നയിച്ച മണ്ണടിഞ്ഞുപോയ അനേകായിരം പാവങ്ങളുടെ പേരിൽ കരുണാമസൃണമായ ഒരു സ്മരണ നിലനിത്താൻ എൻെറ ഗ്രന്ഥം വീണ്ടും ഉപകരിക്കുമെങ്കിൽ ഞാൻ കൃതാൎത്ഥനായി.

1935-ന് ശേഷം മലയാനാടും സിംഗപ്പൂരും പല പരിവൎത്തനദശകളേയും തുടരെത്തുടരെ തരണം ചെയ്തിട്ടുണ്ട്. ജപ്പാൻ ആക്രമണങ്ങളും, വെള്ളക്കാരൻെറ പലായനവും, ഐ. എൻ. ഏയുടെ പ്രവൎത്തനങ്ങൾ, ആററംബോംബിൻെറ ശക്തികൊണ്ട് ജപ്പാൻെറ കീഴടങ്ങൽ, വീണ്ടും വെള്ളക്കാരൻെറ തിരിച്ചുവരവ്, ഇങ്ങനെ പലതും. ആ ചരിത്രസംഭവങ്ങൾ ഏവൎക്കും അറിയാവുന്നവയായതുകൊണ്ട് ഇവിടെ വിവരിച്ചിട്ടില്ല. ജപ്പാൻ ഭരണത്തിൻകീഴിൽ എനിക്കുണ്ടായ ചില അനുഭവങ്ങൾ വായനക്കാൎക്കു രസാവഹമായിരിക്കുമെന്ന വിശ്വാസത്തോടെ ഈ ഗ്രന്ഥത്തിൻെറ രണ്ടാംഭാഗമായി ചേൎത്തിട്ടുണ്ട്.

കെ. ശങ്കരൻ

14, ക്വീൻസ്ട്രീററ്,

സിംഗപ്പൂർ.

1954 ഏപ്രിൽ.

ഒന്നാം ഭാഗം

1

തിക്കൊടി റയിൽവേ സ്റ്റേഷനിൽനിന്നു ഉദ്ദേശം അഞ്ചുനാഴിക വടക്കുകിഴക്കായി മൂരാട്ടുപുഴയ്ക്കരികെ സ്ഥിതിചെയ്യുന്ന പയ്യോളി എന്ന ചെറുപട്ടണം വടക്കെ മലയാളത്തുകാരായ വായനക്കാരിൽ അധികം പേക്കും പരിചിതമായിരിക്കും. ചരിത്രപ്രസിദ്ധങ്ങളായ കോഴിക്കോട്ടു, കണ്ണൂരു മുതലായ നഗരങ്ങളുടെ കൂട്ടത്തിൽ ഒരു സ്ഥാനത്തിനു പയ്യോളിക്കു അർഹതയില്ലെങ്കിലും 'ഉറുമ്പിന് ഈറവെള്ളം സമുദ്രം' എന്ന ന്യായേന തദ്ദേശവാസികൾ അതിനെ ഒട്ടുംതന്നെ അപ്രധാനമല്ലാതെ കരുതിപ്പോരുന്നു. ഈ ചെറുപട്ടണത്തിന്റെ അയൽപക്കമായ അയിനിക്കാട്ടുദേശത്ത്, ഒരു കാലത്ത് സമ്പൽസമൃദ്ധിതികഞ്ഞു ഭുജബലശാലികളായ അനവധി പുരുഷകേസരികളുടെ ജന്മസ്ഥാനമായി പുകൾപൊങ്ങിയിരുന്ന 'ഉണ്ണിച്ചാത്തുകണ്ടി' എന്ന ഒരു ഭവനമുണ്ട്. ഇന്നു അപകർഷത്തിന്റെ അടിയോളം ആണ്ടുകഴിഞ്ഞ ഈ ഭവനത്തിലെ അന്നത്തെ കാരണവരും കൈകാര്യകർത്താവുമായിരുന്ന 'ചോഴി'ക്കു അദ്ദേഹത്തിന്റെ ആദ്യഭാര്യയിൽ രണ്ടു സന്താനങ്ങളുണ്ടായെങ്കിലും അധികതാമസം കൂടാതെ ആ പതിവ്രത ഇഹലോകവാസം വെടിഞ്ഞു. ഉണ്ണിച്ചാത്തുകണ്ടിക്കു അധികം ദൂരത്തല്ലാത്ത 'താഴെകെക്കാലോൽ' എന്ന ഗൃഹത്തിൽനിന്നു 'കുഞ്ഞിപ്പെണ്ണു' എന്നൊരു സ്ത്രീയെ ചോഴി പിന്നീടു വിവാഹം ചെയ്തു.

'താഴെകെക്കാലോ'ലും പിന്നീട് പണ്ടത്തെ മഹിമ യൊക്കെ അധഃപതിച്ച കാലമായിരുന്നു. ചോഴി വിവാ ഹാനന്തരം ഭാര്യാഗൃഹത്തിൽതന്നെ സ്ഥിരതാമസമാക്കി, അവിടത്തെ കാര്യാദികറം നോക്കിവന്നു. ഈ ദമ്പതിമാ ക്ക് മൂന്നു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. പുത്രിക്കു പ്രായപൂർത്തി വന്നപ്പോഠം മാതാപിതാക്കന്മാർ അവളെ അടുത്തുള്ള ഒരു സാധുഗൃഹത്തിലേയ്ക്കു വിവാഹം കഴിച്ചു കൊടുത്തു. അവരുടെ നാലാമത്തെ പുത്രനായ എനിക്കു ഏഴു വയസ്സും എൻെറ മൂത്ത ജ്യേഷ്ഠനു ഇരുപത്തഞ്ചു വയ സ്സും പ്രായമായപ്പോഠം ഞങ്ങളുടെ അച്ഛൻ അശ്ശസ്സു പിടി പെട്ടു തീരെ കിടപ്പിലായി. മൂന്നു മാസത്തോളം, കഴിയു ന്ന ചികത്സകളൊക്കെ ചെയ്തിട്ടും യാതൊരു ശമനവുമില്ലാ തെ, രോഗം അതിൻെറ മൂർദ്ധന്യദശയിൽ എത്തുകയാൽ 1903 ഡിസമ്പർമാസം 11-ാംനു- വെള്ളിയാഴ്ച തൻെറ എഴുപത്തഞ്ചാമത്തെ വയസ്സിൽ അദ്ദേഹം കാലയവനിക യിൽ തിരോധാനം ചെയ്തു. അച്ഛൻെറ നിര്യാണശേഷം ഞങ്ങളുടെ ഗൃഹം ദാരിദ്ര്യദേവതയുടെ നടനരംഗമായി പ രിണമിച്ചു. ആഹാരത്തിനുപോലും വഴിയില്ലാതെ വിഷ മിക്കേണ്ടിവന്ന അവസരങ്ങളിൽ തദ്ദേശവാസിയായ ഒരു മനക്കൽ കണ്ണൻനായർ ഞങ്ങളിൽ അനുകമ്പ തോന്നി അല്പാല്പം ചില സഹായങ്ങഠം ചെയ്തുതന്നിരുന്നു.

ദുഃഖവിവശരായ ഞങ്ങളുടെ കാലം കണ്ണീരിൽ നന ഞ്ഞുകൊണ്ട് മുന്നോട്ടു കടന്നുപോയി. അങ്ങിനെയിരി ക്കെ ഒരു ദിവസം കുറെ ചാമയരി വാങ്ങിക്കൊണ്ടുവരാനാ യി എനിക്കു അടുത്തുള്ള കാരണവരുടെ വീട്ടിലേക്കു പോ

കേണ്ടിവന്നു. 1907 മാച്ച് മാസം 8_ാംനു- ശനിയാഴ്ചയായിരുന്നു അന്ന്. ഞാൻ മടങ്ങിവരുന്ന വഴിയിൽ എന്നെ ചിലർ തടഞ്ഞു നിത്തുകയുണ്ടായി. കോളറരോഗത്താൽ കിടപ്പിലായിരുന്ന 69 വയസ്സ് പ്രായം ചെന്ന എൻെറ അമ്മ പരലോകപ്രാപ്തയായ ദുഃഖവാത്തയാണ് അവർ എൻെറ ചെകിടിൽ പറഞ്ഞത്. അമ്മയുടെ മൃതശരീരം പോലും കാണ്മാൻ എനിക്ക അനുവാദം നല്കാതെ അവർ ശവസംസ്കാരം നടത്തി. അമ്മയുടെ നിയ്യാണശേഷം എൻെറ ജീവിതം എത്രമാത്രം കഷ്ടതരമായിരുന്നുവെന്ന് വായനക്കാർ ഊഹിക്കയാണ് ഭേദം. ഒരു പറമ്പുണ്ടായിരുന്നതു അന്നാളിൽ മാപ്പിളമാർ കൈവശപ്പെടുത്തി—കാരണവന്മാരെക്കൊണ്ടു ഒരു ദമ്പിടിയ്ക്കുകൂടി ഉപകാരമില്ലാതെ, ദാരിദ്ര്യത്തിൻെറ നെടുവീപ്പുകഠം പതിന്മടങ്ങു വദ്ധിച്ചുകൊണ്ടേ വന്നു. വല്ല ജോലിയും ചെയ്യാതെ ഭക്ഷണത്തിന്നു യാതൊരു വഴിയുമില്ലെന്നു വരികയാൽ മനക്കൽ വീട്ടിലെ വക രണ്ടു കാളകളെ തീററുന്നതിന്ന് ജ്യേഷ്ഠൻ എന്നെ നിയോഗിച്ചു. ഒരു നേരം കുറച്ചു കഞ്ഞിയോ മററൊ അവിടെനിന്നു കിട്ടിയാൽ അന്നത്തെ ഭക്ഷണം മുഴവനും അതോടെ അവസാനിക്കും. ഇങ്ങിനെ ജീവിച്ചുപോരുന്ന കാലത്തു ഒരു ദിവസം കാളകഠം രണ്ടും കൃശഗാത്രനായ എന്നെ അവയുടെ കൊമ്പുകൊണ്ടു് തോണ്ടി എറിഞ്ഞു കുത്തി കഠിനമായ പരുക്കേല്പിക്കയുണ്ടായി. പിന്നെ കാളകളെ തീററാൻ കൊണ്ടുപോകുന്നതിന്ന് എനിക്ക പേടിയും മടിയും തോന്നി. എങ്കിലും ജ്യേഷ്ഠനെ ഭയപ്പെട്ടു, പോകാതെ കഴിപ്പാൻ ഗത്യന്തരമില്ലാതെയുമായി. ഈ കഷ്ടദശ

യിൽ സുശീലയായ മനസ്സുലെ പെറിയമ്മ പെയ്തുതന്ന ഉപകാരം ഞാൻ ഒരിക്കലും മറക്കുകയില്ല.

അസഹനീയമായ ദുഃഖസാഗരത്തിൽ ആണ്ടലയുന്നതിനിടയിൽ പെറുപ്പമായാലും എനിക്കൊരു യുക്തി തോന്നി. അച്ഛൻെറ ആദ്യഭാര്യയിൽ ഒരു പുത്രനുണ്ടായിരുന്നതു് എൻെറ ഓർമ്മയിൽ വന്നു. ആ ജ്യേഷ്ഠൻെറ അടുക്കൽ പോയാൽ ഒരു നേരത്തെ ആഹാരമെങ്കിലും കഷ്ടിച്ചു കഴിക്കാമെന്നു കരുതി 1909 ഏപ്രിൽമാസം 21-ാംനു ഞാൻ അങ്ങോട്ടു തിരിച്ചു. താമസസ്ഥലത്തു് ചെന്ന സമയം അവിടെ ആരേയും കണ്ടില്ല. വീട്ടിൻെറ നാലുപുറവും ചുററിനടന്നുനോക്കി ഒടുവിൽ അകത്തു കയറി, വിശപ്പു മാററാൻ വല്ലതും കണ്ടുകിട്ടുമോ എന്നു പരിശോധിയ്ക്കാൻ തുടങ്ങി. അവിടമെങ്ങും തേടിതിരിഞ്ഞു, ഒടുവിൽ അഞ്ചാറു കണ്ണിച്ചക്കര മാത്രം ലഭിച്ചു. അത്യാർത്തിയോടുകൂടെ അതുമെടുത്തു അടുത്തുള്ള "മുണ്ടാളി" എന്ന വിട്ടിൽ ചെന്നു. ചക്കര ഓരോന്നായി തിന്നുകൊണ്ടിരുന്നതിനിടയിൽ ജ്യേഷ്ഠൻ അവിടെ കയറിവന്നു എന്നെ കഠിനമായി ദേഹോപദ്രവമേല്പിച്ചു. "ഓതാൻ പോയിട്ടു ഉള്ള ബുദ്ധിയും കൂടെ പോയി" എന്ന പഴമൊഴിപോലെയായി കഥ! വിശപ്പുമാററാൻ ചെയ്ത ശ്രമത്തിൽ പ്രഹരത്തിൻെറ പരിക്കുകൂടി എനിക്കു താങ്ങേണ്ടിവന്നു. പെരുകിവന്ന മനോവേദനയാലും നിരാശയാലും, അവിടെതന്നെ നില്ക്കുവാനും വീട്ടിലേക്കു തിരിച്ചുപോകുവാനും ആകാതെ, ബാലനായ എനിക്കു കണ്ടവഴിയെ ശരണം പ്രാപിക്കേണ്ടതായിത്തീൻു. ഇതോടുകൂടി ജാതിവ്യത്യാസത്തിൻെറ ശൃംഖ

ല പൊട്ടി; ആരെന്തുതന്നാലും എനിക്കു ഭക്ഷിക്കാമെന്ന നിലയായി. ആയിടക്ക് "പയ്യോളി കുഞ്ഞിക്കണ്ണൻ" എന്ന ഒരു പോലീസ്സുസേവകൻ എന്നെ കണ്ടു അയാളുടെ കൂടെ താമസിക്കാൻ വിളിച്ചുകൊണ്ടു പോയി. അവിടെ സുഖമായി രണ്ടുകൊല്ലം കഴിച്ചുകൂട്ടി പിന്നിട് ആ മനുഷ്യന് ഉദ്യോഗമുറയനുസരിച്ചു സ്ഥലമാററം വരികയാൽ ഞാൻ കൊയിലാണ്ടിക്കു പോയി. അവിടെ ഒരു ഗൃഹസ്ഥൻെറകൂടെ താമസിച്ചു. അയാളുടെ പ്രകൃതം അതിനീചമായിരുന്നു. പശുക്കളെ തിററുന്ന ജോലിക്കാണ് എന്നെ നിയമിച്ചതു്. അതു എത്രതന്നെ നിഷ്ഠയോടെ ചെയ്താലും അയാറം തൃപ്തിപ്പെടാതെ ശകാരം തുടങ്ങുകയായിരുന്നു പതിവ്. ദുർഭരമായ പ്രവൃത്തിചെയ്തു ജീവിക്കാൻ സാധിക്കാതെ അവിടന്നും ജോലിവിട്ടു ഞാൻ സേലത്തേയ്ക്കു പോയി, കണ്ണൂക്കാരൻ ഒരു ഡ്രസ്സരുടെ കൂടെ പ്രതിമാസം ഒരു ഉറുപ്പിക ശമ്പളത്തിൽ താമസമാക്കി. എട്ടുമാസം പണിയെടുത്തതിനു ഒരു കാശു കൂടി തരായ്കയാൽ ഞാൻ അവിടന്നും പണിവിട്ടു, പല ദിവസം നടന്നു വലഞ്ഞു ഒടുവിൽ കോഴിക്കോട്ടു വന്നുചേൻ്റു. അനാഥനായി ആ പട്ടണത്തിൽ ചുററിതിരിയുമ്പോറം യദൃച്ഛയാ ഒരു പട്ടരുമായി അഭിമുഖസംഭാഷണത്തിനിടയായി. എൻെറ കഷ്ടസ്ഥിതികറം ചോദിച്ചറിഞ്ഞു അയാറം അനുകമ്പാപൂൎവ്വം എന്നെ പാലക്കാട്ടേയ്ക്കു കൂട്ടികൊണ്ടുപോയി. പക്ഷെ, മലയാനാട്ടിലേക്ക് ആളുകളെ കയററുന്ന ഒരു കങ്കാണിയ്ക്കു പിശാച്ച് എന്നെ പതിനഞ്ച്യു ഉറുപ്പികയ്ക്കു അടിമയാക്കി വില്ക്കുകയാണുണ്ടായതു്.

2

പാലക്കാട്ടുവെച്ച് കങ്കാണിയുടെ വലയിൽ അകപ്പെട്ട എനിക്ക് അഛിരേണ കുഴി വെട്ടുവാനും മററും പഠിക്കേണ്ടിവന്നു. അങ്ങിനെ കുറെ ദിവസങ്ങൾ കഴിഞ്ഞു. അവരുടെ പരീക്ഷയിലും ഞാൻ വിജയിയാകാതിരുന്നില്ല. ഞങ്ങൾ ആകെ മുപ്പതു പേർ ഉണ്ടായിരുന്നു. മലയായിലേക്ക ബലികഴിക്കപ്പെടുവാൻ യോഗ്യന്മാരെന്നു കങ്കാണിക്ക ബോദ്ധ്യം വരികയാൽ അയാൾ എല്ലാവരേയും ഒരു വണ്ടിയിൽ കയററി "തിരൂർ" സ്റ്റേഷനിൽ കൊണ്ടുവന്നു, ഒരു ചെറിയ മുറിയ്ക്കുള്ളിൽ ഞങ്ങളെ ഇട്ടു ബന്തവസ്സും ചെയ്തു.

പിന്നീടുള്ള ഞങ്ങളുടെ ജീവിതം ബഹുദാരുണമെന്നേ പറയാവൂ. ഹാ, അതു് വിചാരിക്കക്കൂടി വയ്യ! ഇപ്പോഴും ശരീരം നടുങ്ങുന്നു. മൃഗങ്ങൾക്ക് മൃഗജീവിതം വളരെ സുഖമാണെങ്കിലും മനുഷ്യരുടെ മൃഗീയജീവിതം നന്നെ ദുസ്സഹംതന്നെയാണ്. ആ വക സംഗതികൾ പറഞ്ഞറിയിപ്പാൻ പ്രയാസം. അനുഭവിച്ചറിയുകതന്നെ വേണം. വായനക്കാർ ആലോചിച്ചാൽ മതി. പണ്ടു സുരാജഡൌള എന്ന നവാബ് കൽക്കത്താപട്ടണത്തിൽ ഒരു ചെറിയ മുറിക്കകത്തു നൂററിഇരുപത്താറു യൂറോപ്യന്മാരെയിട്ടു പൂട്ടി എന്നും പിറെറ ദിവസം തുറന്നു നോക്കിയപ്പോൾ അതിൽ ഇരുപത്തിമൂന്നുപേരൊഴികെ മററുള്ളവർ എല്ലാം മൃതരായി എന്നും പറയുന്നുണ്ടല്ലോ. അതു വാസ്തവമൊ അവാസ്തവമൊ ആയിരിക്കട്ടെ. ഈ സുരാജഡൌള രണ്ടാമൻ ഞങ്ങളെ മുപ്പതുപേരേയും ഒരുചെറിയ മുറിയിൽ ഇട്ടു പൂട്ടി. ആ

രോടാണ് ഞങ്ങളുടെ പരമസങ്കടം ഒന്നു ബോധിപ്പിക്കുക! സമുദ്രത്തിലെ മത്സ്യമെന്നോണം യാതൊരാളാലും തടയപ്പെടാതെ ദാരിദ്ര്യദുഃഖത്തിലാണെങ്കിലും യഥേഷ്ടം സ്വാതന്ത്ര്യത്തോടെ നീന്തിക്കളിച്ചുകൊണ്ടിരുന്ന എനിക്ക് കങ്കാണിവലയിൽ കെണിഞ്ഞതോടുകൂടി ലോകംതന്നെ മാറിയപോലെ തോന്നി. പുലി, സിംഹം, കരടി, ചെന്നായ, കാട്ടുപോത്തു, സർപ്പം, മുതലായ ക്രൂരജന്തുക്കൾകൂടി തങ്ങളുടെ വംശജർക്കു യാതൊരുവിധം ഉപദ്രവങ്ങളും ചെയ്യാറില്ല. കാട്ടുമൃഗങ്ങൾകൂടി ചെയ്യാത്ത നീചകൃത്യങ്ങളാണ് കങ്കാണിമനുഷ്യൻ തന്റെ സഹോദരന്മാരുടെ നേരെ കാട്ടിക്കൂട്ടിയതു്.

തിരൂർ കാരാഗൃഹത്തിൽവെച്ചു ഞങ്ങൾ മേലിൽ അനുഷ്ഠിക്കേണ്ടുന്ന കാര്യങ്ങളും അന്നപാനാദികളുടെ ക്ലിപ്തസമയവും തീർച്ചപ്പെട്ടു. വിശന്നു പ്രാണൻ പോകയോ, ദാഹിച്ചു കരളുണങ്ങുകയൊ ചെയ്താലും കൃത്യസമയത്തല്ലാകെ പച്ചവെള്ളംകൂടി ലഭിക്കയില്ല. ഹാ! സ്വാർത്ഥം മനുഷ്യനെക്കൊണ്ടു എന്തൊന്നു ചെയ്യിക്കുന്നില്ല! തന്റെ മദ്യത്തിനു സ്വാദു കൂട്ടുവാൻ ഒരു സഹോദരന്റെ രക്തം കുത്തി എടുക്കുമ്പോൾ അവനുണ്ടാകുന്ന പ്രാണപാരവശ്യം ഒന്നു കാണുന്നതിനു ആ സുഖാസക്തന്റെ കണ്മിഴികൾ സ്വാർത്ഥപ്പിശാചു പൊത്തിക്കളയുന്നു! കഷ്ടം! ലോകത്തിന്റെ ഗതി!

ഞങ്ങളുടെ ദയനീയമായ ദിനചര്യകളെക്കാൾ അതാതു സമയത്തു നിയമിതരാകുന്ന ചില പരിശോധകരെ തൃപ്തിപ്പെടുത്തുന്ന കാര്യമാണ് പ്രയാസമായിരുന്നതു്. ചു

കുന്ന തൊപ്പിയും, കാക്കി കാലുറയും ധരിച്ച യമകിങ്കരസദൃശനായ ഒരു പരിശോധകൻ ഞങ്ങളെ ഒരു ദിവസം തിരൂർ വെച്ച സന്ദർശിച്ചു. അയാളുടെ രൂപം കണ്ടപ്പോൾ തന്നെ ഞങ്ങളുടെ പ്രാണനാഡി കിടന്നുപിടഞ്ഞുതുടങ്ങി. എന്തോരാപത്താണ് ഇനി അയാൾ മൂലം വരുവാനുള്ളതെന്നു അറിയാതെ എല്ലാവരും സ്തബ്ധരായി നിന്നു. ആ ഉദ്യോഗസ്ഥന്റെ പരിശോധനാഘട്ടം കഴിഞ്ഞതോടുകൂടെ ജീവിതത്തിലുണ്ടായിരുന്ന കൊതിയും അവസാനിച്ചു. ലോകം മുഴുവൻ കങ്കാണിയുടെ മുറിയും, ഭരണകർത്താവു കങ്കാണിയും! ബ്രിട്ടീഷ് ചക്രവർത്തിയെന്നും ഇന്ത്യാസാമ്രാജ്യം എന്നും ഉള്ള അവസ്ഥ വെറും ഭോഷ്ഷാണെന്നുള്ള വിശ്വാസവും എന്നിൽ ദൃഢമായി വേരൂന്നി. ചുരുക്കിപ്പറയുന്നതായാൽ ഏവർക്കും സമാവകാശമായ ശുദ്ധവായു ശ്വസിക്കാനോ, ആദിത്യരശ്മി ഏല്ക്കുവാനോ ഞങ്ങൾക്കു അവകാശമില്ലാതായി. ഇത്തരം ദുസ്സഹമായ ജീവിതത്തെ മർത്ത്യലോകത്തിൽ ആരെങ്കിലും ഇഷ്ടപ്പെടുമോ? ശൈശവദശയിൽ പൈദാഹശമനത്തിന്റെ മാർഗ്ഗമാണു ഏതു കുട്ടിയും നോക്കുന്നതു്. അതു നിവൃത്തിയായാൽ അവൻ സംതൃപ്തനായി. എന്നാൽ ആ വിഷയത്തിൽ കങ്കാണിമാർ കാട്ടിക്കൂട്ടുന്ന കാര്യം ഊഹിക്കപോലും വയ്യ. വല്ലവരുടെ കയ്യിലും കാശുണ്ടായാൽകൂടി വല്ലതും വാങ്ങി ഭക്ഷിക്കാൻ അയാൾ ഒരിക്കലും പുറത്തേയ്ക്കു വിടുകയില്ല. ആത്മഹത്യ ചെയ്യുന്നതിന്നു എനിയ്ക്കു ലേശംപോലും സങ്കടമില്ലാതെയായി. വല്ലവഴിയും കണ്ടുകിട്ടി എങ്കിൽ അങ്ങിനെ ചെയ്യാതിരിയ്ക്കുയില്ലായിരുന്നു. ഈവിധം ഞങ്ങളെ അവിട

നു കൊല്ലാതെ കൊന്നു നാഗപട്ടണത്തിൽ കൊണ്ടുവന്നു, കപ്പൽ കയററി അയക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. പരിഷ്ക്കാരസൂൎയ്യൻെറ കിരണങ്ങൾ സവ്വതേജസ്സോടുകൂടി വിളങ്ങിക്കൊണ്ടിരിക്കുന്ന ഈ ഇരുപതാംനൂററാണ്ടിൽ സകലവിധ വ്യവസായങ്ങളിലും അതിൻെറ രശ്മി പതിയാതെയിരുന്നിട്ടില്ല. കൊപ്ര, കുരുമുളകു, മുളകു മുതലായവ ഏററുമതിയും ഇറക്കുമതിയും ചെയ്യുന്ന സേട്ടുമാരെപ്പോലെ, എട്ടും പത്തും വയസ്സു പ്രായമുള്ള കുട്ടികളേയും വിദ്യാശൂന്യരായ യുവാക്കളേയും തക്കിടിയും പകിട്ടും പറഞ്ഞു വശത്താക്കി വിക്രയം ചെയ്യുന്ന ഒരു വർഗ്ഗക്കാരാണു് കങ്കാണികൾ. അവൎക്കു ഈ വ്യവസായത്തിൽ അധികം പരിചയം ഉള്ളതുകൊണ്ടു, ഒരു കുട്ടിയെ കിട്ടിയാൽ അവൻമൂലം ഒട്ടാകെ എത്ര ആദായം ഉണ്ടാക്കാൻ സാദ്ധ്യമാണെന്നു കണിശമായി മുൻകൂട്ടി നിൎണ്ണയിക്കുവാൻ കഴിയും. മെയിൽവണ്ടിയിൽ കയറുന്നതായാൽ എളുപ്പത്തിലും സൌകൎയ്യത്തിലും ഉദ്ദിഷ്ടദിക്കിൽ എത്താൻ കഴിയും എന്ന വിവരം കങ്കാണിമാൎക്കില്ലാത്തതുകൊണ്ടല്ല അവർ ലോക്കൽ വണ്ടിയിലെ കയറുകയുള്ളു എന്ന നിഷ്കൎഷയോടുകൂടെയിരിക്കുന്നതു്. പിന്നേയോ പണിവണ്ടിയിൽ ആളുകളെ കയററുവാനുള്ള അനുവാദം അവൎക്കു കിട്ടാത്തതു മാത്രമാകുന്നു അതിനുള്ള കാരണം. ഒരു മുറിയിൽ ഞങ്ങളെ മുപ്പതുപേരേയും ഇട്ടു പൂട്ടി, ദാഹം സഹിച്ചും, വിയൎത്തൊലിച്ചും, ശ്വാസംമുട്ടിയും വേട്ടാളൻെറ കൂട്ടിൽപെട്ട പുഴുക്കളേപ്പോലെയായ ഞങ്ങളെ ഒരു വിധത്തിൽ നാഗപട്ടണത്തിൽ കൊണ്ടെത്തിച്ചു. നാഗപട്ടണത്തിൽ എത്തിയപ്പോഴാണു് തിരൂരിൽനിന്നു കിട്ടിയ അനുഭവങ്ങളൊക്കെയും നിസ്സാരമാ

ണെന്നു ബോദ്ധ്യം വന്നതു്. ആ പട്ടണത്തിൽ ഇറങ്ങി യതോടുകൂടി കങ്കാണിമാരുടെ ശൌൎയ്യവും, ശക്തിയും പതി ന്മടങ്ങുവൎദ്ധിച്ചു. അത്യാവശ്യം അവൎക്കു അടിക്കാമെന്നും ഇടിക്കാമെന്നുമായി. സ്വാമിപൂജക്കൎപ്പിച്ച കോഴിയെ പൂ ജാരി കുരുതികൊണ്ടു ശുദ്ധമാക്കുംപോലെ കങ്കാണി ഞങ്ങ ളേയും ഞങ്ങളുടെ വസ്ത്രങ്ങളേയും യാതോരു മൎയ്യാദയും കൂ ടാതെ രക്തംകൊണ്ടും ബലാൽ ശുദ്ധിചെയ്വാൻ തുടങ്ങി. അന്നു ഞങ്ങൾക്കു വസ്ത്രധാരണത്തിനു വെറും ഓരോ ചു കപ്പുകൌപീനം മാത്രമേ അനുവദിച്ചിരുന്നുള്ളു. പത്തുമു ന്നൂറാളുകളുടെ കാഷായകൌപീനമാത്രമായ ബ്രഹ്മഷിക്കോ ലങ്ങൾ കണ്ടവർ ഭക്തചിത്തരാകുമെന്നുള്ളതിനു സംശയ മില്ല. മൃഗഡോക്ടരുടെ പരിശോധനകഴിഞ്ഞു നെററി യിന്മേൽ ഒരുവക ചുകന്ന അരക്കിൽ മുദ്രകളും ചാർത്തി അറക്കാൻ കൊണ്ടുപോകുന്ന ആട്ടിൻകൂട്ടത്തെപ്പോലെ, ഞങ്ങളേയും എവിടേയോ ബലികഴിപ്പാനാണു് കൊണ്ടു പോകുന്നതെന്നു ആൎക്കും കണ്ടാൽ തോന്നിപ്പോകും.

ഇങ്ങിനെയുള്ള കഷ്ടപ്പാടുകളോടുകൂടി കപ്പൽ കയറേ ണ്ടുന്ന സമയവും വന്നെത്തി. നാഗപട്ടണം തുറമുഖത്തു നിന്നു ഉദ്ദേശം പന്ത്രണ്ടു മൈൽ ദൂരത്തിൽ പുറംകടലിലാ ണു് കപ്പൽ നിറുത്തിയിരിക്കുന്നതു്. കപ്പൽ കയററുവാ നായി ഞങ്ങളെ എല്ലാവരേയും തെളിച്ചുകൊണ്ടുപോയി. ആദ്യമായി ഒരു പടവിൽകയററി. ആ പടവു കരവിട്ടശേ ഷം കടലിലെ തിരകളോടൊപ്പം പൊങ്ങിയും താഴ്ന്നും, അങ്ങോട്ടുംഇങ്ങോട്ടും ചരിഞ്ഞുംകൊണ്ടുമിരുന്നു. പടവു കാർ കൌശലത്തിൽ ആ ആട്ടത്തെ ഒന്നുകൂടി വൎദ്ധിപ്പി

ക്കവാനും മുതിന്നു. ഈ സന്ദർഭത്തിൽ ഞങ്ങളിൽ ഭൂരിപക്ഷവും ഉരുണ്ടും പിരണ്ടും കിടന്നു ഛർദ്ദിക്കുവാൻതുടങ്ങി. പടവിൻെറ ചില ഏജണ്ടുമാർ പ്രതീക്ഷിച്ചിരുന്ന സമയവുമെത്തി. രക്തംവരെ ഛർദ്ദിച്ചു മയങ്ങിക്കിടക്കുന്ന ഞങ്ങളോടു "നാഗൂർ ആണ്ടവനു" എന്തെങ്കിലും വഴിപാടുകഴിച്ചാൽ പടവു അനങ്ങാതെ സ്വച്ഛന്ദമായി പൊയ്ക്കൊള്ളുമെന്നും മററുമുള്ള തക്കിടിവാക്കുകൾ പറഞ്ഞു ഞങ്ങളെ പകിട്ടി ഒരുവക പണംപിരിവും നടത്തി. പാവങ്ങളുടെ രക്തം ഊററിക്കുടിക്കുന്ന എന്തെല്ലാംതരം മനുഷ്യകീടങ്ങളാണു ഈ ലോകത്തിലുള്ളതു്. കുറെയേറെ കഷ്ടപ്പെട്ടതിനുശേഷം പടവു്, കപ്പലിനോടു അടുത്തുമുട്ടി. പടവിൽനിന്നു ആടുമാടുകളെ എന്നപോലെ രണ്ടുമൂന്നു മനുഷ്യർ കപ്പലിൻെറ അടിത്തട്ടിലേക്കു ഞങ്ങളെ ഓരോരുത്തരെയായി എടുത്തെറിഞ്ഞു തുടങ്ങി. കഷ്ടം! ചിലർ വീണ സ്ഥലത്തുനിന്നു എഴുന്നേല്ക്കുവാൻപോലും വയ്യാതെ അവിടെത്തന്നെ കിടന്നു. ഈ സന്ദർഭത്തിൽ കങ്കാണിയും കൂട്ടരും കയറിവന്നു ഞങ്ങളെ എല്ലാവരേയും വരി വളയാതെ നിരനിരയായി നിറുത്തി. എഫ്. എം. എസ്സ്. എസ്റ്റയിററ് ഏജൻറന്മാരെക്കൊണ്ടു് പരിശോധിപ്പിച്ചു് ഞങ്ങളെ എല്ലാവരേയും കങ്കാണി അവർക്കു വിററു. അയാൾക്കു ലഭിക്കേണ്ടതായ പണത്തുകയും വാങ്ങി ഞങ്ങളോടു യാതൊരു കൃതജ്ഞതയും കാണിക്കാതെ മീശയുംമുറുക്കി കപ്പലിൽനിന്നു ബോട്ടുവഴിയായി നാഗപട്ടണത്തേയ്ക്കു തിരിച്ചു.

കങ്കാണിയുടെ പിടിയിൽനിന്നു വിട്ടപ്പോൾ പിന്നത്തെ ഞങ്ങളുടെ മേധാവികൾ എസ്റ്റയിററുഏജെൻറുമാരാ

യിരുന്നു. തിരിയാനും മറിയാനും സാധിക്കാതെ ഞെരുങ്ങി കിടന്ന ഞങ്ങൾ പത്തുമുപ്പതാളുകൾക്കു കപ്പലിൽ സ്വല്പം വായു യഥേഷ്ടം ശ്വസിക്കാനിടവരികയാൽ മനസ്സിന്നു അനല്പമായ സന്തോഷമുണ്ടായി. പക്ഷെ, ആ സന്തോഷം അധികനേരം നിലനിന്നില്ല. കപ്പൽ തുറമുഖത്തുനിന്നു വിട്ട ഉടനെ പ്രകൃതങ്ങൾ ഒക്കെ മാറിത്തുടങ്ങി. പുറത്തേയ്ക്കു ഒരു നോക്കു നോക്കുവാനോ, കപ്പലിൽ ഒരടി നടക്കുവാനോ നിവൃത്തിയില്ലാതെയായി. ലോകം മുഴുവൻ ചുററിക്കൊണ്ടിരിക്കുന്നതായി തോന്നി. വയററിൽ ദഹിക്കാതെ വല്ലതും ഉണ്ടായിരുന്നതൊക്കെ ഛർദ്ദിക്കുവാനും തുടങ്ങി. കുറച്ചുനേരത്തേക്കു ഛർദ്ദികൊണ്ടു വലഞ്ഞു കുഴയാത്തവരായും അങ്ങുമിങ്ങും നടക്കുന്നവരായും കപ്പൽജോലിക്കാരെയല്ലാതെ വേറെ ആരേയും കാണ്മാനില്ലായിരുന്നു. ഇങ്ങിനെയുള്ള ബഹളത്തിൻെറ മദ്ധ്യേ "ശാപ്പാട്, ശാപ്പാട്" എന്ന ഒരു ആർപ്പുവിളി കേട്ടു. വയററിലുള്ള കുടൽമാലകൂടി പുറത്തുചാടുന്ന അവസരത്തിൽ പഞ്ചസാരപ്പായസം കൊണ്ടുവന്നാലും തട്ടിക്കളയാനേ തോന്നു. ചോറിൻെറ കഥ പിന്നെ പറയേണ്ടതില്ലല്ലോ. ഈ ശാപ്പാടിൻെറ കഥ ബഹുവിശേഷമത്രെ. പത്തുമുന്നൂറാളുകൾക്കു വേണ്ടിവരുന്നതായ അരി വലുതായ ഒരു പാത്രത്തിലിട്ടു തിളപ്പിയ്ക്കുന്നതോടുകൂടെ പാചകവൃത്തി ചെയ്യുന്നവൻെറ ശരീരത്തിൽനിന്നു ചുരുങ്ങിയതു നാനാഴി വിയപ്പെങ്കിലും അതിൽ ചേൎന്നുകൂടിയിട്ടുണ്ടാകും. വേവു ചിലപ്പോൾ ജാസ്തിയായും ചിലപ്പോൾ പകുതിയായും ഇരിക്കും. വെള്ളം വാൎത്തു ചോറു വേറൊരു വലിയ പാത്രത്തിൽ കൊട്ടുന്നു. പിന്നെ എന്തോ ചില പരിപ്പുകളും കുറച്ചു കായ്കളും ഒന്നായി വേവിച്ചു ആട്ടി

ൻ്റ കൊഴപ്പും, ഉപ്പും, മുളകും, പുളിയും ചേൎത്തു ഒരുതരം കറിയും തയ്യാറാക്കി വെയ്ക്കും. ഇതാണ് ശാപ്പാട്ട എന്നു പറയുന്നത്. ഈ ശാപ്പാട്ട സൂക്ഷിച്ചിരിക്കുന്ന പാത്രത്തിൻ്റെ മൂടി തുറക്കുമ്പോഠംതന്നെ ഛൎദ്ദി നിലച്ചവൎക്ക വീണ്ടും ഓക്കാനം തുടങ്ങും. കപ്പലിൽ ഉള്ളതായ രണ്ടുമൂവ്വായിരം ആളുകഠംക്ക് ഏകദേശം അരമണിക്കൂർകൊണ്ടു ശാപ്പാട്ട കൊടുത്തു എന്ന കൃതാൎത്ഥത നേടിയാൽ ഏജൻ്റന്മാരും കപ്പൽ ഉദ്യോഗസ്ഥന്മാരും ഇരുന്നു ആനന്ദിക്കുകയായി.

ദിവസം ഒന്നുകഴിഞ്ഞു. നാലുപാടും നീലവൎണ്ണമായ സമുദ്രജലവും മേലോട്ട നോക്കിയാൽ ആകാശവുമല്ലാതെ മറെറാന്നും കാണ്മാനില്ല. കപ്പലിൻ്റെ "ഝും"കാരശബ്ദം അതിവേഗത്തിൽ കേട്ടുതുടങ്ങി. കര കാണ്മാനുള്ള മോഹവും ഉണ്ടായിത്തുടങ്ങി. കുളിക്കാനോ മററുള്ള ദിനചൎയ്യകഠം ചെയ്യാനോ ഞങ്ങഠംക്കു ശക്തിയില്ലാതെ വന്നു. കൂട്ടത്തിൽ ഏതെങ്കിലും ഒന്നു ചത്തുപോയാൽ ഉദ്ദേശിച്ച ആദായത്തിന്നു കുറവു വരുമല്ലോ എന്നു ഭയപ്പെട്ടു മാത്രം ഇടക്കിടെ ഏജൻ്റുമാർ വന്നു ബോധരഹിതരായി വീണു കിടക്കുന്നവരെ തിരിച്ചും മറിച്ചും തട്ടിനോക്കും. ആത്മഹത്യചെയ്യുവാൻ വൈമനസ്യം പ്രകൃത്യാ ഇല്ലാതിരുന്നെങ്കിൽ ഞാനും എൻ്റെ കൂടെ ഉണ്ടായിരുന്ന മൂവ്വായിരത്തിൽപരം ജനങ്ങളും കരയ്ക്കുട്ടുകുവാൻ ആഗ്രഹിക്കുമായിരുന്നില്ല. ചോരഭയം ധനികൎക്കും മരണഭയം ക്ഷേമാവസ്ഥയിലുള്ളവൎക്കും മാത്രമല്ലേ വേണ്ടതുള്ളു. മനസ്സുകൊണ്ടോ, വാക്കുകൊണ്ടോ, കൎമ്മംകൊണ്ടോ, വല്ല കുററവും

ചെയ്തതിന്നു ഒരു ശിക്ഷ അനുഭവിക്കേണ്ടിവന്നാൽ അതിനു സമാധാനമുണ്ട്. ഒരു കൊലക്കുററംതന്നെ ഒരുവൻ ചെയ്താലും അതു തെളിയുന്നതുവരെ ഗവമ്മേണ്ടു അവനെ ബന്തവസ്സ് ചെയ്തു സൂക്ഷിക്കുന്നതേയുള്ളു. കുററം തെളിഞ്ഞാൽ തൂക്കിക്കൊല്ലാൻ വിധിച്ചേക്കും. എങ്കിലും മരണസങ്കടമല്ലാതെ വേറെ യാതൊരു സങ്കടവും അനുഭവിപ്പാൻ അവനിടവരുന്നില്ല. എൻെറ കഥ ആലോചിച്ചുനോക്കുക! ഏതെല്ലാം സങ്കടം ഞാനനുഭവിക്കണം! ഞാൻ അനുഭവിക്കുന്ന കഷ്ടത അറിയുവാനും പറയുവാനും വല്ലവരും ഉണ്ടോ? ഇങ്ങിനെയുള്ള ഘോരസങ്കടം അനുഭവിക്കാൻ ഞാൻ വല്ല തെററുകളും വല്ലപ്പോഴും ചെയ്തിട്ടുണ്ടാകാം. കുറവൻെറ കൈവശമുള്ള പാമ്പു മൂക്കനാണെങ്കിലും വിഷപ്പല്ലു പോയാൽ പിന്നെ അതു അവനു അധീനമാകുന്നു. അതുപോലെ ഞങ്ങറം രണ്ടുമൂവ്വായിരത്തിൽപരം ജനങ്ങളുണ്ടെങ്കിലും ഓജസ്സും തേജസ്സും ഒക്കെ ക്ഷയിച്ചു, മേധാവികളിൽ ഒരുവൻ ഒരു വിരൽ പൊക്കിയാൽ ഞങ്ങളുടെ എല്ലാവരുടേയും തല താഴ്ത്തേണ്ടിവരുമെന്ന ദിക്കായി. മനുഷ്യവർഗ്ഗത്തിന്നു പൂർണ്ണസ്വാതന്ത്ര്യം സമാവകാശമാണെന്നു കൊട്ടിഘോഷിക്കുന്ന ബ്രിട്ടീഷ് ഗവമ്മേണ്ടിൻെറ ഖജാന നിറയ്ക്കാൻ വേണ്ടി, കാടായ മലയാരാജ്യത്തെ നാടാക്കാൻ ഉദ്യുക്തരായി പുറപ്പെട്ട ഞങ്ങളെ, കേവലം കൃമികീടങ്ങളെപ്പോലെ ചവിട്ടിത്തേക്കാൻ ആ ഗവമ്മേണ്ടുതന്നെ അനുവദിച്ചതിൽപരം ഒരു അനീതി വേറെ എന്താണുള്ളതു്? അങ്ങിനെ അനുവദിച്ചിട്ടില്ലെങ്കിൽ ഞങ്ങളെപ്പോലുള്ള അടിമകളുടെ പേരിൽ ശ്രദ്ധവെയ്ക്കേണ്ടുന്ന കടമ ഗവമ്മേണ്ടിനുണ്ടല്ലോ.

ഒററായും, തെററായും ആയി ചാളയിലും കുടിലിലും ആണെങ്കിലും അവരവരുടെ സ്ഥിതിക്കു പൂൎണ്ണസ്വാതന്ത്ര്യത്തോടുകൂടെ ജീവിതം നയിച്ചുവരുന്ന പുലയർ മുതലായ വൎഗ്ഗക്കാൎക്കു അശേഷം സ്വാതന്ത്ര്യം ഇല്ലെന്നു; അവരുടെ കഥ ആലോചിക്കുവാൻകൂടെ വയ്യാ എന്നും, മററും നിലവിളിച്ചുകൊണ്ടു എത്ര പാതിരിമാർ വീഥികൾതോറും നടന്നു മതപരിവൎത്തനം ചെയ്യിയ്ക്കുന്നു. ഇങ്ങിനെ ജാതിക്കോട്ടയിൽനിന്നുള്ള മോചനത്തിന്നായി ആജീവനാന്തം പരിശ്രമിച്ചുവരുന്ന ആ മഹാശയന്മാരോ, സ്കൂളുകളിൽ ഉള്ള വിദ്യാൎത്ഥികളെ സ്നേഹരഞ്ജനകൊണ്ടു മാത്രമെ പഠിപ്പിക്കാൻ പാടുള്ളുവെന്നും, അവരെ ഒരുതരത്തിലും മാനസികമായോ കായികമായോ വേദനപ്പെടുത്തുവാൻ പാടില്ലെന്നുമുള്ള കനിവേറിയ നിയമം പാസ്സാക്കിയ അധികൃതന്മാരോ, റയിൽവെ സ്റ്റേഷൻെറ പ്ലാററുഫാറത്തിൽകൂടെ അങ്ങുമിങ്ങും നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു പഴത്തൊലിമേൽ ചവുട്ടി കാലു വഴുതിവീഴാൻ ഭാവിക്കയും തന്നിമിത്തം മനസ്സു അല്പം പരിഭ്രമിച്ചുപോകയും ചെയ്തതിനാൽ ഒരു വെള്ളക്കാരി കമ്പനിയുടെ പേരിൽ അയ്യായിരം പവൻ മാനനഷ്ടം കെട്ടി കിട്ടുവാൻ വ്യവഹാരം ബോധിപ്പിച്ചതു വിധിച്ചുകൊടുത്ത ന്യായക്കോടതിയോ, ആരുമൊന്നുമില്ല രണ്ടുമുവ്വായിരം അടിമകളെ ഒന്നായി ഒരു സ്ഥലത്തുവെച്ചു ചവുട്ടിമെതിച്ചു വിടുന്നതു നോക്കിക്കാണുവാൻ!

മലമൂത്രാദികൾകൂടി കിടന്നിടത്തുനിന്നുതന്നെ വിസൎജ്ജിക്കുന്ന ഈ അവസരത്തിൽ എസ്റ്റയിററു ഏജൻറന്മാർ ഞങ്ങളെ ഡ്രിൽ പഠിപ്പിക്കേണ്ടുന്ന തിരക്കായി. അവൻെറ

ചോറുതിന്നു ഞങ്ങറം സുഖമെട്ടുക്കുന്നു എന്ന ദുഷ്ടതയായിരിക്കാം ആ അഹങ്കാരിയെ ഇതിന്നു പ്രേരിപ്പിച്ചതു്. പ്രവൃത്തിസ്ഥലത്തു കൊണ്ടുപോകേണ്ടുന്ന സമ്പ്രദായങ്ങളും മററും കപ്പലിൽനിന്നുതന്നെ പഠിപ്പിച്ചാൽ കരയ്ക്കിറങ്ങിയാൽ മുടക്കക്കൂടാതെതന്നെ പ്രവൃത്തി നടത്തിക്കാമല്ലൊ.

ഇനി ഞങ്ങളുടെ സത്ര്യയേയും സവ്വാണിയേയും പററി അല്പം ചിലതു വായനക്കാരെ അറിയിക്കാതെ കപ്പലിൽനിന്നു കരക്കിറങ്ങാൻ എനിക്കു തീരെ മനസ്സു വരുന്നില്ല. ആശാരിക്കോലിനു ചുരുങ്ങിയതു ഒരു കോൽ വണ്ണത്തിൽ കഴത്തിറുങ്ങി കബന്ധാകൃതിയിൽ ഉള്ള മൂന്നുനാലു പേരാണു പാചകവൃത്തിക്കു ആദ്ധ്യക്ഷം വഹിച്ചിരിക്കുന്നതു്. അവരുടെയും കലവറക്കാരുടേയും വസ്ത്രധാരണവും പ്രകൃതവും വിയത്തൊലിക്കുന്ന ആകൃതിയും മററും കണ്ടാൽ ആഹാരത്തിലെ അഭിരുചി നിശ്ശേഷം കുറഞ്ഞുപോകുകതന്നെ ചെയ്യും. മൂന്നുനാലുദിവസത്തെ പട്ടിണിയാലും ഏജൻറുമാരുടെ ക്രോധകലുഷമായ ശകാരത്താലും കൂട്ടുകാരുടെ പ്രേരണയാലും ഒടുക്കം ആ ആഹാരം കഴിക്കയല്ലാതെ നിവൃത്തിയില്ല. എന്നാലും 'ശാപ്പാട്ടു ശാപ്പാട്ടു' എന്ന മുറവിളി കൂട്ടുന്ന ഈ ക്ഷണനം, "പാടാ ഗദയുമെടുത്തു രണത്തിനു ചാടട മുണ്ടനാകിലും മൂഢ" എന്നപോലെ, വല്ലവക്കും അല്പം ഉണ്ടുകളയാം എന്ന ഹുംകൃതിയുണ്ടെങ്കിൽ 'വരു! കാണട്ടെ' എന്ന ഒരു പോക്കു വിളിയായിട്ടാണു് തോന്നിയതു്.

ഏതാനും ജനങ്ങറം ആട്ടിൻകൂട്ടത്തെപ്പോലെ അന്യോന്യം ചാരിയും താങ്ങിയും ഒരു വിധത്തിൽ ഭോജനശാ

ലയ്ക്കു പുറപ്പെട്ടു; വഴിക്കൽവെച്ചു ഓരോരുത്തക്കും ഭക്ഷണം വാങ്ങാനായി, ഏതോ ഒരു മരത്തിൻെറ ഇലകഠം കൂട്ടി വൃത്താകാരത്തിൽ തുന്നിയതായ ഭാജനം ലഭിച്ചു. അവിടെനിന്നു ഓരോരുത്തരും അവരവക്കല്ലാതെ മററൊരുത്തൻെറ ആവശ്യാത്ഥമായി രണ്ടിലപ്പാത്രം വാങ്ങിയാലോ രണ്ടാഠം ഒന്നിച്ചു തിരക്കിയാലോ അവന്ന് ഒരു അടിയൊ ഇടിയൊ ആണ് സംഭാവന. അടിമകഠം ആയ ഞങ്ങഠം വഴിയിൽ കെട്ടിത്തൂക്കിയ പെണ്ടപോലെയാണ്. ആക്കും ഒന്നു കൊട്ടിനോക്കാം. അതിന്ന് ആരുടെയും ചോദ്യങ്ങളുമില്ല. ചോറു കോരിയിടുമ്പോഠം ഇല അതിന്നു നേരെ ചുവടെ പിടിച്ചില്ലെങ്കിൽ ചോറില്ലെന്നുതന്നെയല്ല, അവൻെറ കഥ അപ്പോഴേ കഴിയും. രണ്ടുമൂവ്വായിരം ആളുകഠം അരമണിക്കൂറിനുള്ളിൽ ഭക്ഷണം വാങ്ങിച്ചു തിരിച്ചുപോകയും വേണം. ചുരുക്കിപ്പറയുന്നതായാൽ ഇതാണ് ആ സദ്യയുടെ 'പൊടിപൂരം'. ഭൂലോകത്തിലെ അഞ്ചിൽ ഒരംശത്തിൻെറ ആധിപത്യം വഹിച്ചിരിക്കുന്ന ഇന്ത്യാചക്രവത്തിക്കു, തൻെറ പ്രജകഠം എവിടെ ആയിരുന്നാലും, അവക്കു ക്ഷേമമല്ലാതെ വരാൻ ഇടയില്ല എന്ന ധാരണയായിരിക്കാം ഉള്ളതു്. അദ്ദേഹത്തിൻെറ ഗവമ്മേണ്ടു ഞങ്ങളുടെ ഹർജിയെ ഒരിക്കൽ തള്ളിക്കളഞ്ഞു; എങ്കിലും ഒരു കാലത്തു ആ ഹർജി അരക്കില്ലാത്ത പണ്ടമായിരുന്നുവെന്ന സത്യം വെളിവാകാതെയിരിക്കയില്ല.

3

കപ്പലിലെ ആതിഥ്യം അഞ്ചുദിവസം അനുഭവിച്ച ശേഷം ആറാംദിവസം വളരെ അകലെയായി, കുന്നിൻനിരകഠം കാർമേഘതുല്യമായി ഞങ്ങഠംക്ക കാണാറായി. ആ സന്ദർഭത്തിൽ എൻെറ ഹൃദയത്തിൽ തിങ്ങിവിങ്ങി വന്നതായ ആഹ്ളാദത്തിൻെറ ഒരു ഭാഗം മാത്രമെങ്കിലും നിങ്ങളെ അറിയിപ്പാൻ ശ്രമിക്കുന്നതു് അത്ര എളുപ്പമല്ല. കരയിലേക്കുതന്നെ അക്ഷമനായി കണ്ണു മറിക്കാതെ നോക്കിക്കൊണ്ടിരുന്ന എനിക്കു കപ്പൽ മണിക്കൂറിൽ കാൽനാഴിക കൂടി ഓടുന്നില്ല എന്നു തോന്നിപ്പോയി. ഈ അടിസ്ഥാനരഹിതമായ വിശ്വാസത്താൽ കപ്പൽക്കാരെ ഞാൻ മനസാ ശപിച്ചുകൊണ്ടിരിക്കെ കരയും അല്പാല്പമായി വ്യക്തമായിത്തുടങ്ങി.

അല്ലയോ, മനസ്സെ! നിൻെറ ആശകഠംക്കു വല്ല അളവും ഉണ്ടോ? നീ ഏതെല്ലാം തരത്തിലാണു് എന്നെ വഞ്ചിക്കുന്നതു്. നീ പണിയുന്ന കോട്ടകളെല്ലാം വായുമണ്ഡലത്തിലാണു സ്ഥിതിചെയ്യുന്നതു എന്നു അനുഭവസ്ഥൻ പറഞ്ഞാൽകൂടെ നിനക്കു വിശ്വാസമില്ലല്ലോ. ദീപം കാണുമ്പോഠം, ബഹുസ്വാദുള്ള പഴമാണെന്നു ധരിച്ചു പാററകഠം അതിനെ പിടിച്ചു ഭക്ഷിപ്പാൻ അടുക്കുന്നതു പോലെയാകുന്നു ഇപ്പോഴത്തെ നയനാമൃതമായ കരയിലേക്കു് നീ ഓടുന്നതു്. തോടയം പുറപ്പാടു് കഴിഞ്ഞതേയുള്ളു. മേളവും, പദവും കഴിഞ്ഞാൽ മാത്രമേ നിനക്കു പ്രധാനവേഷത്തിൻെറ വിക്രമം കാണ്മാൻ തരപ്പെടുകയുള്ളു.

ആറാംദിവസവും പുലൎന്നു. ഏതോ ശ്മശാനത്തിലൊ മ
റെറാ പ്രവേശിക്കുംപോലെ ഞങ്ങളെ വഹിച്ചിരുന്ന കപ്പൽ മെല്ലെമെല്ലെയായി "പിനാങ്കു"തുറമുഖത്തിൽ ചെന്നു കേ
റി, ക്രമപ്രകാരം ഒന്നും, രണ്ടും, മൂന്നും വകുപ്പുകാരെ കപ്പ
ലിൽനിന്നു കരക്കിറക്കിവിട്ടു. ഈ സന്ദൎഭത്തിൽ ഞങ്ങളെ കപ്പലിൻെറ അടിയിലെ തട്ടിൽ ഇട്ടു് പൂട്ടിയിരിക്കയായി
രുന്നു. വല്ല ഗത്യന്തരവുമുണ്ടായാൽ ഈ കാരാഗൃഹത്തിൽ നിന്നു ഞങ്ങാം ചാടി രക്ഷപ്പെടാതിരിക്കയില്ല എന്ന വി
ശ്വാസത്താൽ പാറാവുകൂടെ വെച്ചിട്ടുണ്ടായിരുന്നു. മുകളി
ലെ തിരക്കൊക്കെ കഴിഞ്ഞ ശേഷം ഞങ്ങളുടെ കൂട്ടത്തിൽ നിന്നു മുന്നൂറിൽപരം ആളുകളെ കരയ്ക്കിറക്കി. രണ്ടുദിവസ
ത്തോളം ചരക്കിറക്കാനും ഏററുവാനും വേണ്ടി കപ്പൽ അ
വിടെതന്നെ താമസിച്ചു. മൂന്നാംദിവസം അവിടംവിട്ടു; പിറേറന്നു "കോലക്കിള്ളാൻ" തുറമുഖത്തു ചെന്നുചേൎന്നു. അവിടെ ഞങ്ങളെ എല്ലാവരേയുമിറക്കി; ചുണ്ണാമ്പു കല
ക്കിയ വെള്ളത്തിൽ കുളിപ്പിച്ചു. ഇനി മേലാൽ വെള്ളത്തി
നുകൂടെ ചൂടാകുമെന്നുള്ളതിനു അതു ഒരു മുന്നറിയിപ്പായി എനിക്കോ എൻെറ കൂട്ടുകാർക്കൊ തൽക്കാലം മനസ്സിലാ
യില്ല. ഈ അവസരത്തിൽ ഞങ്ങാംക്കു് ധരിക്കുവാൻ ല
ഭിച്ചതു് മുൻപു നാഗപട്ടണത്തിൽവെച്ചു പരിചയപ്പെട്ട ആ കാഷായകൌപീനങ്ങാംതന്നെയായിരുന്നു.

നിരനിരയായി വരി വളയാതെ നിറുത്തി പേരുകാം വിളിച്ചു് ഹാജർ ബുക്കിൽ പതിവുചെയ്തശേഷം എല്ലാ
വരേയും കോലക്കിള്ളാൻ ഡിപ്പോവിൽ കൊണ്ടുചെന്നു. എട്ടുദിവസം അവിടേയും ഒരു ജയിൽവാസമുണ്ടായിരുന്നു.

ഈ ദിവസങ്ങളിൽ മുടങ്ങാതെ ഞങ്ങറം മേൽപറഞ്ഞ ചുണ്ണാമ്പുകലക്കിയ ജലത്തിൽ സ്നാനംചെയ്യേ കഴിയൂ എന്നു മേധാവികളുടെ കല്പനയുമുണ്ടായി. ഡപ്പോവിൽ ആക്കിയതിൻെറ പിറെറദിവസം കൈ കുത്തിവയ്ക്കൽ എന്ന ഒരു ചടങ്ങു നടത്തി. ഏഴാംദിവസം കാലത്ത് എല്ലാവരേയും ചുണ്ണാമ്പുവെള്ളത്തിൽ കുളിപ്പിച്ചു കാലെക്കൂട്ടി ഭക്ഷണവും കഴിപ്പിച്ചു തോട്ടത്തിലേക്കു യാത്രയാക്കി. ഞങ്ങളെ കൂട്ടിക്കൊണ്ടുപോകുവാൻ തോട്ടം കൂലിക്കാരെക്കൊണ്ടു പണിചെയ്യിയ്ക്കുന്ന മെണ്ടോരും വന്നിട്ടുണ്ടായിരുന്നു. നാഗപട്ടണംവരെ കങ്കാണിയെന്ന പേരിൽ അറിയപ്പെട്ടവരുടെ വർഗ്ഗക്കാരാകുന്നു ഈ മെണ്ടോർമാരും. പക്ഷെ ഇവിടെ അവരുടെ നാമധേയം മാത്രം ഒന്നു പുതുമപ്പെട്ടു പോയെന്നേയുള്ളു. ഗണവും ഗുണവുംകൊണ്ട് ആൺപൂച്ച തന്നെയാണല്ലോ മാക്കാൻ. അയാറം തൻെറ ചില അധികാരങ്ങളും മററും ഞങ്ങളുടെ നേരെ കാട്ടി കൃതാർത്ഥതകൈക്കൊണ്ടു. ഡപ്പോവിൽനിന്നു മെണ്ടോരുടെ നേതൃത്വത്തിലും പാറാവുകാരുടെ ബന്തവസ്സിലും ഞങ്ങറം ഒന്നിനു പുറകിൽ ഒന്നായി കാൽനടയായി യാത്രചെയ്തു 'ബത്തുതിഗ' മുളകുംതോട്ടത്തിലെത്തി. അവിടത്തെ മെണ്ടോരുടെ കാര്യാലയത്തിൽ എല്ലാവരേയും കൊണ്ടുനിർത്തി. മെണ്ടോരുടെ അദ്ധ്യക്ഷതയിൽ തോട്ടത്തിൽ പണിചെയ്യേണ്ടതായ ക്രമങ്ങളും, തോട്ടം സൂപ്രണ്ടിൻെറ നിയമാനുസരണമായ നടപടികളും, അവിടെ തെററാതെ അനുഷ്ഠിക്കേണ്ടുന്ന ആചാരോപചാരങ്ങളും ഒരു പുതിയ ലോകത്തിലെ പഠിപ്പുപോലെ ഞങ്ങറംക്കു ഉപദേശിച്ചുതന്നു. കൂലിക്കാർക്കു താമസത്തിനായി കാററും വെളിച്ചവും ഉള്ളിൽ ക

ടക്കാൻ നിവൃത്തിയില്ലാത്തവിധം നിരക്കെ, തോട്ടത്തിന്നുള്ളിൽ വിടുകഠം പണിതീൎത്തിട്ടുണ്ടായിരുന്നു. അവയിൽ ഓരോ ചെറിയ മുറിയിൽ നന്നാലുപേരൊരുമിച്ചാണു പാൎക്കേണ്ടത്. കൂലിക്കാൎക്ക ഭക്ഷണം കഴിപ്പാനായി മെണ്ടോരുടെ ഗൃഹത്തിനു തൊട്ടു ഒരു ഭോജനശാലയുമുണ്ട്. എല്ലാ കൂലിക്കാരും പാറാവുസഹിതം അവിടെചെന്നു ആഹാരം കഴിക്കണം. അനന്തരം രാത്രിയിൽ മൂത്രവിസൎജ്ജനം ചെയ്യാനുള്ള ഓരോപാത്രവും കൈയിലെടുത്തു ഓരോരുത്തരും താന്താങ്ങളുടെ ശയനമുറിക്ക പോകണം. ഞങ്ങളെ മുറികളുള്ളിലാക്കിയാൽ കാവൽക്കാരൻ വാതിലടച്ചു പൂട്ടി താക്കോൽ കയ്യിൽ വെയ്ക്കും. ഈ തൃശങ്കുസ്വൎഗ്ഗത്തിൽ കിടന്നു ഒരു രാവെങ്കിലും സുഖമായി നിദ്രചെയ്യുവാൻ മനുഷ്യവൎഗ്ഗത്തിൽപെട്ട ഒരുവനും സാധ്യമല്ല.

അന്നത്തെ രാത്രി മുഴുവനും നിദ്രാദേവിക്ക വശംവദനാകാതെ ഓരോ കാൎയ്യങ്ങളും, വിശിഷ്യ, എന്റെ പൂൎവ്വചരിത്രവും ഓൎത്തു ഞാൻ ദുഃഖിച്ചു കണ്ണുനീരൊഴുക്കി കഴിച്ചുകൂട്ടി. ഒരുവിധത്തിൽ പുലരിയിലെ നാഴികമണി അടിച്ചു. അപ്പോഠം കാവൽക്കാരൻവന്നു വതിലുകളെല്ലാം തുറന്നുതുടങ്ങി. എല്ലാവരും എഴുന്നേററു. ഉടനെ തങ്ങഠംക്ക മൂത്രവിസൎജ്ജനത്തിന്നു വെച്ചിരുന്ന പാത്രങ്ങഠം എടുത്തു പുറത്തുവന്നു 'കാലേ കടങ്ങ'ളും കഴിച്ചു ഓരോരുത്തരും വേലക്ക പോകാനൊരുങ്ങി മെണ്ടോരുടെ അടുക്കൽ ഹാജർകൊടുത്തു. പിന്നീടു മെണ്ടോരുടെ കല്പനപ്രകാരം പുല്ലുവെട്ടുക, കുഴി കിടങ്ങുകഠം കുഴിക്കുക മുതലായതിന്നു വേണ്ടുന്ന ആയുധങ്ങഠം എടുത്തു ഓരോരുത്തൎക്കും വിധിപ്രകാ

രം വേലചെയ്യേണ്ട ഘട്ടമായി. മലയാനാട്ടിലെ മദ്ധ്യാഹ്നസൂര്യന്റെ അത്യുഷ്ണമേല്ക്കുന്നതിനും ചുട്ടുപഴുപ്പിച്ച ഇരുമ്പിൽ തൊടുന്നതിനുമായി വലിയ വ്യത്യാസമുണ്ടായില്ല. എത്രതന്നെ തീമാരി പൊഴിഞ്ഞുകൊണ്ടിരുന്നാലും, ശൈത്യമാരി നിരന്നുകൊണ്ടിരുന്നാലും മൂക്കിൽ ശ്വാസമുണ്ടെങ്കിൽ ഒരടിമ അവന്റെ കൃത്യസമയംവരെ അവിടെത്തന്നെനിന്നു പണി എടുത്തേ തീരു. എന്നേയും എന്റെ കൂട്ടുകാരേയും കൊണ്ടുചെന്നാക്കിയ തോട്ടത്തിൽ പണിക്കാരിൽ അനുദിനം മരണമടയുന്നവരുടെ മൃതശരീരങ്ങളെ മറവു ചെയ്യുവാനായി പ്രത്യേകം പന്ത്രണ്ടുവേലക്കാർ നിയമിതരായിട്ടുണ്ട്. വാഴപ്പിണ്ടികൾ അടക്കിവെച്ചുകൊണ്ടു പോകുന്നവിധം മൃതശരീരങ്ങളെല്ലാം ഒരു ഉന്തുവണ്ടിയിൽ കയററിക്കൊണ്ടുപോയി ഓരോ കുഴികളിലിട്ടു മൂടിക്കൊണ്ടിരുന്നു.

രണ്ടുമൂവ്വായിരത്തോളം വരുന്ന വേലക്കാരുടെ ശരീരങ്ങളിൽനിന്നു, അവർ സജീവരാണെങ്കിലും മരുന്നിനുപോലും ഒരു തുള്ളി ശുദ്ധരക്തം എടുക്കുക നന്നെ പ്രയാസമായിരുന്നു. സാധുവായ കൂലിക്കാരനു മുഖത്തു അല്പം പ്രകാശമുള്ള ഒരു പെണ്ണുണ്ടെങ്കിൽ അവൾ മെണ്ടോരുടെ വെപ്പാട്ടിയായിരിക്കും. അതിനു വല്ല പിറുപിറുപ്പോ മറേറാ അവളുടെ ഭർത്താവിനുണ്ടെങ്കിൽ അവനെ ആ ഘോരഘാതകൻ അടിച്ചുകൊല്ലുകയോ തോട്ടത്തിൽനിന്നു ഓടിച്ചുകളയുകയോ ആണു പതിവ്. കൂലിക്കാരുടെ ആഹാരത്തിനു കൊണ്ടുവരുന്ന അരി—അത് അരിയാണെന്നു വല്ല സാക്ഷിപത്രത്തോടെയെങ്ങാനും അപരിചിതരെ പരിചയപ്പെടുത്തേണ്ടിവരും. ഹാ, എന്തൊരു ശിരോലിഖിതം!

ദുർഗ്ഗന്ധത്തോടുകൂടിയ അരി അടുപ്പത്തിട്ട് ഒരുവണ്ടി വിറകെരിച്ചാലും അല്പമൊന്നു നീളുന്നതും തടിക്കുന്നതുമല്ലാതെ ഒരുകാലത്തും വേവുകയില്ല. ആ ചോററിൽ സാമ്പാറോ പുളിരസമോ ഒഴിച്ചു കുഴച്ചാൽ ഇലയിൽകിടന്നു ചെറുമീൻപോലെ ഓടിത്തുടങ്ങും. എന്താ, ചെയ്യുക, പാവങ്ങളായി, വല്ല കണക്കിലും ജീവൻ കിടക്കേണമല്ലോ എന്നു കരുതി കണ്ണുംപൂട്ടി വാരിവിഴുങ്ങുകയല്ലാതെ മറെറാരു നിവൃത്തിയുമില്ല. ഹാ, അനാഥനായ എൻെറ സ്ഥിതി! ഞാൻ എത്ര വലിയ ആപത്തിലാണു വന്നു കുടുങ്ങിയിരിക്കുന്നത്. കൂട്ടിലിട്ട കിളിയെപ്പോലെ എത്ര നാഠം കഴിക്കാം! പുറത്തുപോയി ശുദ്ധവായു അല്പനേരം ശ്വസിച്ചു അപ്പോഠംതന്നെ മരിച്ചാലും തരക്കേടില്ല എന്ന മട്ടായി. "ബത്തിതിക്കോ" മുളകുംതോട്ടത്തിൽ കിടന്നു നരകദുഃഖം സഹിക്കുന്നതിലും പതിന്മടങ്ങു സുഖമുണ്ടു പ്രാണത്യാഗം ചെയ്യുന്നതിനെന്ന പ്രത്യാശയോടെ അവിടെനിന്നും പുറത്തു ചാടാൻ ഞാൻ പല മാർഗ്ഗങ്ങളിലും മുട്ടിനോക്കി, എത്ര ഗഹനമായ ആലോചനകളും എൻെറ ഉദ്ദിഷ്ടകാര്യസിദ്ധിയെ സമീപിക്കുവാൻ അപ്രഗത്ഭങ്ങളായിട്ടാണു പരിണമിച്ചത്. എങ്ങുമേതും കരകാണാതെ അന്ധനായി, തന്നെത്താനറിയാതെ ഞാൻ കണ്ണുനീർ ധാരയായി ഒഴുക്കിത്തുടങ്ങി. കൈ കുത്തിവെച്ചതു ഭയങ്കരമായി വീങ്ങിപ്പഴുത്തു ചലമൊഴുകിക്കൊണ്ടിരുന്ന തീവ്രമായ വേദന ഒരുഭാഗത്ത്. മനസ്സിൽ തിങ്ങിവിങ്ങുന്ന ദുഃഖങ്ങഠം മറെറാരു ഭാഗത്ത്. ഇത്ര വലിയ ഘോരസങ്കടങ്ങഠം സഹിക്കാൻ ശേഷിയോ ശേമുഷിയോ എനിക്കുണ്ടായിരുന്നില്ലെന്നു വായനക്കാരെ പറഞ്ഞറിയിക്കേണ്ടതില്ലല്ലോ.

തോട്ടത്തിൽ ആചരിക്കേണ്ട ക്രമങ്ങളും, അകാരണമായി കരാറു തോട്ടംവിട്ടു ഓടിപ്പോകുന്ന പക്ഷം അവന്ന അധികാരികറു നല്കുന്ന ശിക്ഷാവിധികളും മററും മെണ്ടോർ ഉപദേശിച്ചതന്നതു ഞാൻ വിസ്തരിച്ചിരുന്നില്ല. ഒരു കൂലിക്കാരൻ വല്ല വിധത്തിലും പുറത്തു ചാടി ഓടിപ്പോയാൽ അവനെ അന്വേഷിച്ചു പിടിച്ചു കൈകാലുകറു വരിഞ്ഞുകെട്ടി കുതിരച്ചമ്മട്ടികൊണ്ടു അനേകപരിവൃത്തി താഡനംചെയ്തു ശരീരത്തെ നിർദ്ദയമായി ക്ഷതപ്പെടുത്തിയതിന്നു ശേഷം, ആ തോട്ടത്തിൽ എത്ര കൂലിക്കാരുണ്ടോ അവരെ എല്ലാം വരുത്തി മെണ്ടോരുടെ വകയായി നാലുംകൂട്ടി മുറുക്കുവാൻ കൊടുത്തു, യോഗംകൂട്ടി അവന്റെ മുഖത്തും തലയിലും വസ്ത്രത്തിലും മാറത്തും തുപ്പി തുപ്പലിൽ കുളിപ്പിക്കുമത്രെ. എന്റെ സംരംഭം ഫലപ്പെട്ടാൽ അങ്ങിനെയുള്ള അനുഭവമെങ്ങാനും സംഭവിക്കുമോ എന്നു ഓർത്തു എന്റെ ഹൃദയം നടുങ്ങി; നാക്കനക്കാൻ ശക്തിയില്ലാതെയായി. ഇങ്ങിനെ ചിന്താക്രാന്തനായി സമയംപോകുന്നതിനിടയ്ക്കു ഒരു ദിവസം 'കിണു, കിണു' എന്നു മെണ്ടോരുടെ വീട്ടിൽ ഒരു മണിനാദം കേറുക്കായി. അതു കൂലിക്കാക്കു ആഹാരസമയമായെന്നു മുന്നറിയിപ്പായിരുന്നു. മണിനാദം കേട്ട ഉടൻ വേലക്കാർ അവർക്കു ആഹാരം വാങ്ങിക്കഴിപ്പാൻ കാലെക്കൂട്ടി കരുതിയിട്ടുള്ള പാത്രവും കയ്യിലെടുത്തു തിക്കിത്തിരക്കി ഭക്ഷണശാലയിലേക്കു ഗമിച്ചുതുടങ്ങി. അവരോടുകൂടെ ഞാനും ചെന്നു ഭക്ഷണം കഴിപ്പാനൊരുങ്ങി. പക്ഷെ എനിക്കു ചോറു അശേഷവും ഇറങ്ങിയില്ല. ഉണ്ടാലും ഉണ്ടില്ലെങ്കിലും ശരി പതിനഞ്ചു മിനിട്ടിനുള്ളിൽ ഭക്ഷണശാല ശുദ്ധമാക്കേ

ണ്ടതു ഉണ്ണുന്നവരുടെ മുറയാകുന്നു. എല്ലാവരും ഊണു നിറുത്തി എഴുന്നേററതോടൊപ്പം ഞാനും എഴുന്നേററു; അവിടെ ചെയ്യേണ്ടതായ കമ്മപരിപാടി നിവ്വഹിച്ചു. വീണ്ടും പണിക്കാർ വേലയ്ക്കു പോകാൻ ഒരുങ്ങിത്തുടങ്ങി. ഈ സന്ദർഭത്തിൽ മെണ്ടോർ വന്നു പഴയ ആളുകളെ വേലക്കയച്ചിട്ടു എന്നേയും വേറെ ചിലവരേയും ഒരു ഭാഗം ഒഴിച്ചു നിറുത്തി. ആ തോട്ടത്തിലെ നിയമം അനുസരിച്ചു എണ്ണയും സോപ്പും വാങ്ങി പതിവുപോലെ ഉപയോഗിപ്പാനായി ഓരോ വെള്ളി ഞങ്ങൾക്കു എല്ലാവക്കും തന്നു. ഒരു പാറാവുകാരന്റെ പക്കൽ പത്തു കൂലിക്കാരെ വീതം മെണ്ടോർ ഭാരമേല്പിച്ചു. അവൻ ഞങ്ങളെ കോലക്കിള്ളാൻ ടൌണിലേക്കു കൂട്ടിക്കൊണ്ടുപോകയും ചെയ്തു.

ഈ സന്ദർഭത്തിൽ എന്റെ ഹൃദയത്തിൽ ചീറിയടിക്കുന്ന തിരമാലകൾപോലെ ഓരോ ചിന്തകൾ അടിച്ചലച്ചുകൊണ്ടിരുന്നു. നൂറുനൂറായിരം ആലോചനകൾ അളവില്ലാത്ത ദൂരം ഗമിച്ചും മടങ്ങിയും കൊണ്ടിരുന്നു. അവസാനമായി ജീവിതത്തിൽ വിരക്തി തോന്നിയവനു ലോകത്തിൽ ഒന്നും ഭയപ്പെടാനില്ലെന്നുള്ള ദൃഢതയിൽ ഒരു യുക്തി എന്റെ ഹൃദയത്തിൽ തറച്ചു. വയററിൽ നോവു എന്ന ഒരു രോഗമുണ്ടാക്കി കാവൽക്കാരനെ ധരിപ്പിച്ചു എനിക്കു കക്കൂസ്സിൽ പോകാതെ നിവൃത്തിയില്ലെന്നു വരുത്തി. പാറാവുകാരൻ അതിനു ചില മുടക്കങ്ങളും പറയാതിരുന്നില്ല. പക്ഷേ അതെല്ലാം ഞാൻ അവഗണിച്ചു അടുത്തുണ്ടായിരുന്ന റയിൽവെ കക്കൂസിലേക്കു പോയി. ആ സമയത്തു കോലക്കിള്ളാൻ റയിൽവെ സ്റ്റേഷനിൽനിന്നു ഒരു

വണ്ടി കപാലാലമ്പൂരിലേക്ക പുറപ്പാടുണ്ടായിരുന്നു. ഉടനെ ഞാൻ ഇടവും വലവും തിരിഞ്ഞുനോക്കാതെ ഓടിപ്പോയി കപാലാലമ്പൂരിലേക്ക ടിക്കററു വാങ്ങിച്ചു വേഗംവണ്ടിമുറിയിൽ കയറിയിരുന്നു. അധികംതാമസിക്കാതെതന്നെ ആ വണ്ടി അവിടന്നു പുറപ്പെട്ടു കപാലാലമ്പൂരിൽ ചെന്നുചേൻറു.

4

ഞാൻ വണ്ടിയിൽനിന്നു പുറത്തിറങ്ങി; പ്രകൃതിരമണീയമായ ആ പട്ടണത്തിലെങ്ങും ചുററിതിരിഞ്ഞു; ഒരു ചാവക്കാട്ടുകാരൻ മുഹമ്മദീയൻെറ ഹോട്ടലിൽ ചെന്നു കയറി അവിടെനിന്നു കുറെ കാപ്പിവാങ്ങികുടിച്ചു, അധികനേരം അവിടെതന്നെയായിരുന്നു. ഹോട്ടൽക്കാരൻ എന്നോടു എവിടന്നു വരുന്നു എന്നും മററുമുള്ള അന്വേഷണങ്ങഠം തുടങ്ങി. എൻെറ തല്ക്കാലസ്ഥിതി ഞാനൊന്നൊഴിയാതെ അയാളെ ധരിപ്പിക്കാതിരുന്നില്ല. അയാഠം ആദ്യം കുറെ അപസ്വരമായി സംസാരിച്ചെങ്കിലും പിന്നീടു ചില ശാന്തവാക്കുകളാൽ എന്നെ സമാധാനപ്പെടുത്തി; അവിടെത്തന്നെ താമസിച്ചുകൊള്ളാനും അനുവദിച്ചു. അന്നു മുതൽ ഞാൻ അവിടെ താമസമാക്കിയെങ്കിലും എൻെറ വ്യസനം പതിന്മടങ്ങു വദ്ധിച്ചുകൊണ്ടേയിരുന്നു. മലയാനാട്ടിലെ തോട്ടം കൂലിക്കാർ തോട്ടത്തിൽനിന്നു ഓടി

പ്പോയാൽ അവരെ അന്വേഷിച്ച് പിടിച്ചുകൊണ്ടുപോയി ചിത്രവധം ചെയ്യുമെന്നുള്ളതു തീൎച്ചയാകുന്നു.

ഈ സംഗതി ഓൎക്കുന്തോറും എനിക്കു ഭയാതുരതകൾ പെരുകി. ഈ ഒരു ചിത്തവികാരംകൊണ്ടു മുഹമ്മദീയന്റെ ഹോട്ടലും എനിക്കൊരു ജയിലായി തോന്നി. അവിടെ പാറാവുകാർ ഒരു വരവുമില്ലായിരുന്നെങ്കിലും പുറത്തിറങ്ങിയാൽ തോട്ടം ഘാതകന്മാർ വന്നു പിടികൂടിയാലൊ എന്നു ഭയപ്പെട്ടു ഞാൻ ഒരിക്കലും ഹോട്ടൽവിട്ടു പുറത്തിറങ്ങിയിരുന്നില്ല. ഈ മൎമ്മപീഡയോടുകൂടെ നാളുകൾ കടന്നുവരവെ ഒരു ദിവസം തോട്ടത്തിലെ മെണ്ടോർ തന്നെ പരിവാരസമേതം ഹോട്ടലിൽ വന്നുകയറി. എന്റെ അപ്പോഴത്തെ സ്ഥിതി എന്തായിരുന്നുവെന്നു പറയേണ്ടെന്നില്ലല്ലോ. പൂച്ചയുടെ മുന്നിൽച്ചെന്ന് ചാടിയ എലിയെപ്പോലെ നടുനടുങ്ങി വിറച്ചുനില്ക്കുന്ന എന്നെ നോക്കി, മെണ്ടോർ "എന്തെടാ നിനക്കു തോട്ടത്തിലെ നിയമം ഒട്ടും അറിഞ്ഞുകൂടെ? ഇനിയെങ്കിലും താമസിയാതെ നിന്നെ എല്ലാം പഠിപ്പിച്ചുതരാം. പിടിക്കെടാ, ഇവനെ കൈകാലുകൾ വരിഞ്ഞുകെട്ടി കാറിൽകൊണ്ടു വിട്!" എന്നു കയൎത്തുകയറി. ഈ സിംഹഗൎജ്ജനം കേട്ടുഉടൻ പരിവാരങ്ങളിൽ ചിലർ വേട്ടനായ്ക്കൾപോലെ ഓടിവന്നു എന്നെ ചുററും വളഞ്ഞു. ഈ അവസരത്തിൽ ഹോട്ടൽക്കാരൻ ഒരു ധീരയോദ്ധാവിനെപ്പോലെ മെണ്ടോരുടെ നേൎക്കു പാഞ്ഞെത്തി. ഹോട്ടൽപണിക്കാരെല്ലാം കയ്യിൽ കിട്ടിയ സാധനങ്ങളോടുംകൂടെ ഓടിവന്നു ധിരധീരം പോരാടി എല്ലാവരേയും തല്ലി പുറത്തോടിച്ചു. മെണ്ടോരും

കൂട്ടരും അവരുടെ ഉദ്ദിഷ്ടകാൎയ്യം നിറവേറാതെ ഭഗ്നാശരയായി മടങ്ങേണ്ടിവന്നു. വീണ്ടും ഞാൻ അധികം നാളുകളും തോട്ടത്തിലെ യമകിങ്കരരെ പേടിച്ചു പുറത്തെങ്ങും പോകാതെതന്നെ കഴിച്ചുകൂട്ടി.

അതിനിടയിൽ എനിക്കു ഘോരമായ ഒരു മലേറിയാജ്വരം പിടിപെട്ടു. ഒടുവിൽ ഒരു ശമനവുമില്ലാതെ ആസ്പത്രിയെത്തന്നെ മൂന്നുമാസത്തോളം ശരണം പ്രാപിക്കേണ്ടിവന്നു. സ്വസ്ഥനായതിൽപിന്നെ ക്വാലാലമ്പൂർ, സെറമ്പാൻ, മലാക്കാ മുതലായ സ്ഥലങ്ങളിൽ ചുററിത്തിരിഞ്ഞിട്ടു ഞാൻ തമ്പിനിൽ എത്തി. അവിടെവെച്ചു വീണ്ടും പനി തുടങ്ങി വല്ലാതെ കഷ്ടപ്പെടുവാനും തുടങ്ങി. എവിടെയെങ്കിലും ഒന്നു കയറിക്കിടക്കുവാൻകൂടി എന്നെ ആരും അനുവദിച്ചില്ല. കുറെ ദിവസം ചില വീടുകളുടെ മുൻപുറത്തുതന്നെ കിടക്കേണ്ടിവന്നു. പനി തുടങ്ങുമ്പോൾ ശരീരം ആകെ നടുങ്ങി കിടുകിടെ വിറയൽ തുടങ്ങും. വല്ല ഒരു കട്ടിത്തുണിയെങ്കിലും എനിയ്ക്കു ഒന്നു പുതയ്ക്കുവാനില്ലാതെ ഞാൻ എത്ര കഷ്ടപ്പെട്ടുവെന്നു പറഞ്ഞറിയിക്കാൻ പ്രയാസം. ഇങ്ങനെയുള്ള ഘോരസങ്കടങ്ങൾ എല്ലാം അനുഭവിച്ചു വരവെ, ഒരു ദിവസം പൊന്നാനിക്കാരൻ ഒരു മുഹമ്മദിയൻെറ ഹോട്ടലിനരികെ ഞാൻ ചെല്ലുവാനിടയായി. ഹോട്ടൽക്കാരൻ—"നീ ആരു്? എന്താ നിക്കുന്നേ" എന്നും മററും ചോദിപ്പാൻ തുടങ്ങി. ഞാൻ—"എനിക്കു പനിയാകുന്നു. വേലയൊന്നും ചെയ്യാൻ നിവൃത്തിയില്ല. താമസിക്കാൻകൂടി യാതോരു സ്ഥലവും എനിക്കില്ല. ദയവു ചെയ്തു ഇവിടെയൊന്നു കയറിക്കിടക്കാൻ അനുവദിച്ചാൽ വളരെ നന്നായിരുന്നു."

മുഹ:—നീയ്യ ഞമ്മടെ വേദം വിച്ചോദിച്ചൊ, എന്നാൽ ഞമ്മടെ കൂടെ നിറുത്താം, വേദം വിച്ചോദിക്കാതെ നിങ്ങട കാവറുകളെ ഞമ്മടെ കൂടെ നിറുത്താൻ പാടില്ല. “ദീം” വിച്ചോദിക്കാണെങ്കിൽ വേകം പറ. അല്ലങ്ങെ നീയ്യ ഇവിടന്നു എവടെക്കൊ പൊക്കോ” എന്നായി.

എൻെറ തല്ക്കാലസ്ഥിതി ഓൎത്തും വേറെ എനിക്കു യാതൊരു സഹായവുമില്ലാതിരുന്നതിനാലും ഞാൻ അനുകൂലിച്ചു. അന്നു മുതൽ അയാൾ എന്നെ “അബുബോക്കർ” എന്നു പേരും വിളിച്ചു അവിടെ താമസിപ്പിച്ചു. രണ്ടുമാസംകഴിഞ്ഞു എൻെറ ശരീരം പഴയ സ്ഥിതിയിൽ എത്തിത്തുടങ്ങി. ഒരുദിവസം അയാൾ എന്നെ വിളിച്ചു, “നീയ്യ ദീം വിച്ചതിക്കുമ്പൊ തെല്ല ചെലവുണ്ടേ. ഒരു ചാക്കരിയും കൊറെ മാട്ടറച്ചിം നാളെ വേടിച്ചു വെള്ള്യാഴ്ച പള്ളിപ്പോയി കയിക്കണം.” എന്നു മതം മാററുവാനുള്ള പരിശ്രമമായി. മതാന്തരസ്വീകാരത്തിൽ എനിക്കു കുറെ വിഷമത തോന്നി. അന്നുതന്നെ ആ സ്ഥലം ഞാൻ വിട്ടു, കാൽനടയായി ക്വാലാലമ്പൂരിലേക്കു യാത്രയായി. വഴിമദ്ധ്യേ ഒരു മലയാളത്തുകാരനെക്കണ്ടു ക്വാലാലമ്പൂരിലേക്കു പോകേണ്ടുന്ന വഴി തിരക്കിയപ്പോൾ അയാൾ എൻെറ വൎത്തമാനങ്ങൾ ചോദിച്ചറിഞ്ഞു എന്നെ ഒരു തോട്ടത്തിലേക്കു കൂട്ടിക്കൊണ്ടുപോയി പത്തു വെള്ളിയ്ക്കു എന്നെ ആ ഘാതകൻ തോട്ടക്കാൎക്കു വിററു ഞാനറിയാതെ എവിടെയ്ക്കൊ പൊയ്ക്കളഞ്ഞു. അയാളെ അധികനേരം കാത്തുനിന്നിട്ടും കാണായ്കയാൽ ഞാൻ മടങ്ങിപ്പോരാൻ ഒരുങ്ങിയപ്പോൾ പാറാവുകാരൻ വന്നു തടുത്തു

എന്നോടു വിവരങ്ങളെല്ലാം പറഞ്ഞു. അപ്പോഴാണു് അയാറം എന്നെ ചതിച്ച കഥ എനിക്കറിവാനിടയായതു്.

രണ്ടുദിവസം ആ തോട്ടത്തിൽ പുല്ലുവെട്ടി കഴിച്ചുകൂട്ടി. മൂന്നാംദിവസം രാത്രി ആരും അറിയാതെ ഞാൻ ആ തോട്ടത്തിൽനിന്നു പുറത്തുചാടി. നിരത്തിൽചെന്നു കയറേണ്ടതായ ഒററപ്പാത ഏതാണെന്നു എനിക്കു നല്ല പരിചയമുണ്ടായിരുന്നില്ല. ഞാൻ തപ്പിത്തടഞ്ഞു ഒരു കാട്ടുപാതയിൽക്കൂടെ ഒരു പെരുങ്കാട്ടിൽ ചെന്നുചേൎന്നു നിബിഡമായും ഉന്നതമായും വളൎന്ന വൃക്ഷങ്ങളാലും ചൂരൽകാട്ടുകളാലും പലവിധമായ വള്ളിക്കൊടികളാലും എങ്ങു നോക്കിയാലും അന്ധകാരമല്ലാതെ മറെറാന്നും കാണ്മാനുണ്ടായിരുന്നില്ല. കാട്ടിലുള്ള ചില വണ്ടുകളുടെ ഭൃംകാരനാദങ്ങളും മലംചീവീടുകളുടെ ഗംഭീരമായ ശബ്ദങ്ങളും കേട്ടുകേട്ടു എൻെറ കാതിൻദ്വാരങ്ങറം രണ്ടും 'ച്ചില്ലെ'ന്നു അടഞ്ഞുപോയി. ഒരു വിധത്തിലും ആ വൻകാട്ടിൽനിന്നു പുറത്തു വരാൻ മാൎഗ്ഗമില്ലാതെ ഞാൻ ആ രാത്രി മുഴുവൻ അവിടെത്തന്നെയിരുന്നു കഴിച്ചുകൂട്ടി. പിറെറ ദിവസം കിഴക്കു വെളുത്തപ്പോറം എഴുന്നേററു നാലുപാടും നോക്കിയ സമയം കുറെയകലത്തിലായി ഒരു ഒററയടിപ്പാത എൻെറ ദൃഷ്ടിയിൽപ്പെട്ടു, ഞാൻ ആ വഴിയിൽ ഓടിക്കയറി. സൂൎയ്യോദയത്തിനുമുമ്പായി നാലഞ്ചുമൈൽ അപ്പുറത്തുചെന്നു. ഒരിടത്തും തങ്ങാതെ ധൃതിയിൽ നടന്നതിനാൽ പത്തുമണിക്കുള്ളിൽ ഏകദേശം ഇരുപത്തിയഞ്ചു നാഴിക അകലത്തിൽ എത്തി. ദാഹവും വിശപ്പുംകൊണ്ടു ക്ഷീണിച്ചു തളൎന്ന എനിക്കു പിന്നീടു ഒരടികൂടെ വയ്ക്കാൻ നി

വൃത്തിയില്ലാതെയായി. ഞാൻ ആ വഴിയരികിൽതന്നെ യിരുന്നു പന്ത്രണ്ടു മണിവരെ വിശ്രമിച്ചു. വീണ്ടും അവി ടെനിന്നു മെല്ലെ മെല്ലെ നടന്നു. കുറെ ദൂരം ചെന്നപ്പോൾ വഴിയരികിലെ ഒരു ചെറുഗൃഹത്തിൻെറ മുൻപുറത്തു ഒരു മലയാവയോധിക ഇരിക്കുന്നതു കണ്ടു ആ വീട്ടിലേക്കു കയ റി ദാഹശമനത്തിനായി കുറെ വെള്ളം വാങ്ങിച്ചു. ജലം അത്ര ഉത്തമമല്ലായിരുന്നെങ്കിലും അപ്പോഴത്തെ ദാഹവും വിശപ്പിൻെറ ഉഗ്രപീഡയുംകൊണ്ടു മറ്റൊന്നും വിചാരി ക്കാതെ അമൃതംപോലെ അതു പാനംചെയ്തു ദാഹശമനം വരുത്തി. കുറെ ആശ്വസിപ്പാനായി ഞാൻ ഗൃഹത്തി ൻെറ തിണ്ണയിൽതന്നെ കയറിയിരുന്നു. മലയാക്കാരത്തി എൻെറ ചരിത്രങ്ങൾ ചോദിപ്പാനും തുടങ്ങി. എനിക്കു മലായിഭാഷ നല്ല പരിചയമില്ലായിരുന്നെങ്കിലും ഒരുവിധ ത്തിൽ ഞാൻ എൻെറ സ്ഥിതികൾ പറഞ്ഞു ആ വയോ ധികയെ ധരിപ്പിച്ചു. എന്തോ എന്നിൽ ആ ശീലവതി ക്കു കനിവു തോന്നി, കുറെ മരക്കിഴങ്ങു ചുട്ടു വേവിച്ചുകൊ ണ്ടുതന്നു. അപ്പോഴത്തെ എൻെറ വിശപ്പിൻെറ കാഠിന്യ ത്താൽ ഞാൻ അതു മുഴുവനും തിന്നു വിശപ്പടക്കി. പ ക്ഷെ കുറച്ചുനേരം കഴിഞ്ഞപ്പോൾ വയറുനോവു സഹിക്ക വയ്യാതെയായി. ഞാൻ അവിടെ കിടന്നു 'പരാക്രമം' കൊ ണ്ടുതുടങ്ങി. അതുകണ്ടു മലയാക്കാരത്തി ഓടിപ്പോയി തോ ട്ടത്തിൽ പണിയെടുത്തിരുന്ന തൻെറ ഭർത്താവിനേയും മക ളേയും കൂട്ടികൊണ്ടുവന്നു. പരമസങ്കടം അനുഭവിക്കുന്ന എന്നെക്കണ്ടു അവരും പരവശരായി. എന്തോ ചില പ ച്ചിലകൾ കുത്തിപ്പിഴിഞ്ഞു രസമെടുത്തു എനിക്കു കുടിക്കു

വാൻ തന്നു. അതു അസാധാരണമായ കയ്പുള്ളതായിരു ന്നെങ്കിലും ഞാൻ കണ്ണു മൂടി ഒരേ ശ്വാസത്തിൽ കുടിച്ചു പാത്രം ഒഴിച്ചുവെച്ചു. അല്പനേരം കഴിഞ്ഞപ്പോൾ എനി ക്കു ഒരുവിധം സുഖംതോന്നി. നല്ല സുഖമായില്ലെങ്കിലും ഞാൻ അവിടന്നു പുറപ്പെടാൻ ഭാവിച്ചു. അന്നേരം ആ സൽസ്വഭാവികളായ മലയാക്കാരനും മലയാക്കാരത്തിയും അവരുടെ മകളും ഒരു ചെറിയ കുട്ടിയുംകൂടെ അപാരമാ യ സ്നേഹത്തോടെ എന്റെ യാത്രയെ മുടക്കി. അന്നു അവരുടെ അതിഥിയായി ഞാൻ അവിടെത്തന്നെ താമ സിച്ചു.

5

മലയരുടെ ഭക്ഷണരീതിയെക്കുറിച്ചറിയുന്നതു വായന ക്കാക്കു രസകരമായിരിക്കും. എനിക്കു അറിവുള്ളിടത്തോ ളം കുറച്ചൊന്നു പറയാം. ആ നാട്ടിൽ കടലിൽനിന്നു ഒരു വക പുഴുക്കളുടെ മാതിരിയുള്ള മത്സ്യങ്ങളെ പിടിച്ചുകൊ ണ്ടുവന്നു, ചെമ്മിൻ (ഊടാൻ) എന്ന ഒരുവക മത്സ്യങ്ങളും വലിയ മത്സ്യങ്ങളുടെ കുടലുകളും കൂട്ടിച്ചേർത്തു ഒരു വലിയ കുഴിയിൽ സംക്ഷേപിക്കുന്നു. ഒന്നാകെ കലത്തി കുഴിയിൽ ഇട്ടിട്ടുള്ള മത്സ്യങ്ങൾ രണ്ടുമൂന്നു വാരങ്ങൾക്കുള്ളിൽ ചീ ഞ്ഞു അലിഞ്ഞു ദുർഗ്ഗന്ധം പരത്തി ഒടുവിൽ ഒരുവക പുഴു ക്കളായി രൂപാന്തരപ്പെടുന്നു. അനന്തരം മലയാക്കാരൻ

ആ പുഴുക്കളെ കോരി എടുത്തു ഒരു തിരുകല്ലിൽ ഇട്ടു ദോശയ്ക്കു മാവരക്കുന്നപോലെ അരച്ചുകൊള്ളുകയായി. അവസാനം മാവു ഉണക്കി എടുത്തു സൂക്ഷിച്ചുവെക്കുന്നു. മലയാക്കാർ സാധാരണ ഉണക്കലരിച്ചോറേ ഉണ്ണാറുള്ളു. ഊണിനു "ബ്ളാച്ചാനി" (മാവുണക്കിയത്) ൽ കുറെ കാന്താരിമുളകു പഴത്തളും കൂട്ടിച്ചേർത്തു കറിക്കു പകരമായി ഉപയോഗിക്കുന്നു. വല്ല വിശേഷദിവസങ്ങളും വന്നാൽ കുറെ പച്ചമത്സ്യങ്ങൾ വാങ്ങിച്ചുകൊണ്ടുവന്നു ഓരോന്നും ഓരോ കോലിന്റെ അഗ്രത്തിൽ കോർത്തു തീക്കൊള്ളിയിന്മേൽ വെച്ചു ചൂടുകയററി എടുക്കും. മത്സ്യം പൊളിച്ചുനോക്കുമ്പോൾ രക്തം ഇററിററുവീഴും. എന്നാലും വിരോധമില്ല; അതാണ് അവരുടെ വേവിന്റെ പാകം. ഈ ചുട്ട മത്സ്യം മുൻപറഞ്ഞ "ബ്ളാച്ചാൻ" ചട്ടിണിയിൽ കലർത്തി ഊണിനു ഉപയോഗിക്കുന്നു. മലയരുടെ ഏററവും മികച്ചതും രുചികരവുമായ ഭക്ഷണം ഇതാണത്രെ.

മത്സ്യത്തെ ചൂണ്ടൽ ഇട്ടു പിടിക്കുവാനും "ബ്ളാച്ചാൻ" ഉണ്ടാക്കുവാനും മലയാക്കാക്കു നല്ല പരിചയമുണ്ട്. എത്ര വലിയ കള്ളൻമീനുകളേയും ചൂണ്ടലിൽ പിടിക്കാൻ അവർ അതിസമർത്ഥന്മാരാണ്. കൃഷിവ്യവസായങ്ങൾക്കാകട്ടെ അവക്കു അത്ര പരിചയമില്ല. ഇന്ത്യാ, യൂറോപ്പു, ചൈന, ജപ്പാൻ, മുതലായ രാജ്യങ്ങളിൽനിന്നു് ഇവിടെ അനവധി കച്ചവടക്കാർ വന്നു പാക്കുന്നുണ്ട്. ഇത്രകാലം ഇവരോടുകൂടി പരിചയിച്ചിട്ടും കച്ചവടതന്ത്രം ഇന്നതാണെന്നു് ഇതുവരെ മനസ്സിലാക്കാൻ മലയാക്കാക്കു സാധിച്ചിട്ടില്ല.

മലയാനാട്ടിലെ സാമാന്യച്ചരക്കുകടകളിലെ പ്രധാന വിക്രയസാധനമാണു് ബ്ളാച്ചാൻ. മുൻകാലങ്ങളിൽ ഇന്നാട്ടുകാൎക്കു കറികളൊന്നും വെയ്ക്കാൻ അറിവുണ്ടായിരുന്നില്ല. ഇന്ത്യാക്കാരോടുകൂടിയുള്ള അനേകവൎഷത്തെ പരിചയത്താൽ ഏതാനും ചിലർ കറികൾ പാകപ്പെടുത്തി ഉപയോഗിപ്പാൻ ശീലിച്ചിട്ടുണ്ടു്. എത്ര നല്ല രസകരമായ കറികളുണ്ടായിരുന്നാലും ബ്ളാച്ചാന്റെ ദുൎഗ്ഗന്ധം ഏല്ക്കാതെ ഒരിക്കലും അവൎക്കു ചോറു ഇറങ്ങുകയില്ല. നാട്ടുകാരെ കച്ചവടത്തൊഴിൽ പഠിപ്പിക്കാൻ ഗവൎമ്മേണ്ടിന്റെ വകയായി ജനനിബിഡതയുള്ള പ്രദേശങ്ങളിൽ, പ്രത്യേകിച്ചു കോലാലമ്പൂരിൽ ആഴ്ചയിൽ ഓരോ ദിവസം ചന്തകൾ ഏൎപ്പെടുത്തിയിട്ടുണ്ടു്. ശനിയാഴ്ച പകൽ പന്ത്രണ്ടുമണിക്കു വ്യാപാരം തുടങ്ങിയാൽ ഞായറാഴ്ച പകൽ പന്ത്രണ്ടുമണിയായെ ചന്ത പിരിഞ്ഞുപോകു. ചന്തപ്പുരകളെല്ലാം "അത്താപ്പു" എന്നു പറയുന്ന ഒരുവിധം ഓലകൾകൊണ്ടു കെട്ടിമേഞ്ഞിരിക്കും. വ്യാപാരം കഴിഞ്ഞു മടങ്ങുമ്പോൾ പുരയോലകളെല്ലാം ആളുകൾ തിരിച്ചുകൊണ്ടുപോകുന്നു. ചന്ത പിരിഞ്ഞാൽ ഒരു ചന്തപ്പുരയും അവിടെ ശേഷിക്കുന്നില്ല. അധികമായ വ്യാപാരസാധനം മുൻപ്രസ്താവിച്ച ബ്ളാച്ചാൻതന്നെയാകുന്നു. അതു പലവിധമായി പാകം ചെയ്തു കുപ്പികളിൽ നിറച്ചുകൊണ്ടു വന്നുനില്ക്കുന്നു. ബ്ളാച്ചാൻകൊണ്ടുള്ള ചില പലഹാരങ്ങളും അവരുടെ പക്കൽ ഉണ്ടാകും. കടലാമയുടെ മുട്ടകൾകൊണ്ടു് ഉണ്ടാക്കിയ പലഹാരങ്ങളും, മരക്കിഴങ്ങു, ചക്കരവള്ളിക്കിഴങ്ങു, ഉരുളക്കിഴങ്ങു, മുതലായവകൊണ്ടുണ്ടാക്കിയ അനേകവിധ പലഹാരങ്ങളും വിക്രയപദാൎത്ഥങ്ങളത്രെ. യൂ (സ്രാമീൻ) പിലാ

ന (മടവെ മത്സ്യം) പാരി (തിരുത്ത മത്സ്യം) തിങ്കിര (പൺചീനെ മത്സ്യം) ഉരുപോ (ഉല്ലം മത്സ്യം) ഈക്കാൻ, പാര ഇവകഠം ആകുന്നു മലയരുടെ മററു ചില ചന്തവ്യാപാരങ്ങഠം.

മലയക്കല്ലാതെ മററാക്കും അവിടെ വ്യാപാരം ചെയ്യാൻ അനുവാദമില്ല. വ്യാപാരസ്ഥലങ്ങളിൽ ആക്കും പോകുന്നതിനു വിരോധമില്ല. കുട്ടികളും പെണ്ണുങ്ങളും എന്നല്ല, ആബാലവൃദ്ധം ജനങ്ങഠം ചന്തകളിൽ പോയി വരാറുണ്ട്. ചന്തകളിലെ 'വിനോദം' കാണ്മാനാണ് സകൌതുകം ജനങ്ങഠം അധികം കൂടുന്നതു്. അപൂവ്വം ചില കാട്ടുമലയരും ഈ ഉത്സവത്തിൽ പങ്കുകൊള്ളാറുണ്ട്. അവരുടെ ആകൃതിയും പ്രകൃതിയും ഒരുപോലെ അതിവിശേഷമായിരിക്കും. കാട്ടു മലയാക്കാർ സാധാരണയായി കാടുകളിലാണ് നിവസിക്കുന്നതു്. കാട്ടിൽതന്നെ വസിക്കുന്നവർ വസ്ത്രധാരണത്തിന് എന്തോ ചില മരത്തോലുകളും ഇലകളുമാകുന്നു ഉപയോഗിക്കുന്നതു്. അവക്കു നാട്ടുമനുഷ്യരേയും നാട്ടുമനുഷ്യക്കു അവരേയും ഭയമാകുന്നു. അവരുടെ കൈവശം ചില വിഷക്കരുക്കഠം ഉണ്ടാകും. അവയിൽ ഒന്നു് ഒരു കുഴലിൽവെച്ചു മനുഷ്യരുടേയോ, മൃഗങ്ങളുടേയോ നേരെ ഊതിയാൽ കൂരമ്പുപോലെ പാഞ്ഞുചെന്നു ദേഹത്തിൽ തറച്ചു പ്രതിയോഗിയെ താഴെ വീഴ്ത്തുകയായി. ഈ കാരണത്താലാകുന്നു സാധാരണ മനുഷ്യർ അവരെ ഭയപ്പെടുന്നതു്. അവരുടെ നേരെ നിന്നു് ആരെങ്കിലും ചിരിച്ചാൽ അയാളോട്ട് അവക്കു വലിയ പകയും, ഉപ്പും, പുകയിലയും കൊടുക്കുന്നവരോട്ട് അവക്കു വ

ലിയ സ്നേഹവുമാണ്. ഉപ്പും പുകയിലയും കൊടുക്കുന്നപക്ഷം അവരെക്കൊണ്ട് എന്തു കാര്യങ്ങളും നിഷ്പ്രയാസം നിർവ്വഹിപ്പിക്കാം. ചില സംഗതികളിൽ അവരെ നാട്ടുമനുഷ്യരെക്കാളും കൂടുതൽ വിശ്വസിക്കാൻ വിരോധില്ല. വിശ്വസിച്ചവരെ ചതിക്കയെന്നതു നാട്ടുമനുഷ്യരെപ്പോലെ ധാരാളമായി അവക്ക് അറിഞ്ഞുകൂട. അകാരണമായി അവർ ആരേയും ദ്രോഹിക്കയും ചെയ്യാറില്ല. ഏഷണി, ദൂഷണം, കളവു്, അസൂയ, അസത്യം, കൊല മുതലായവ അവരുടെ മാനസവീഥിയിൽനിന്നും അകന്നുനില്ക്കുന്നു. നാട്ടുമലയാക്കാരനെപ്പോലെ ബ്ളാച്ചാനും, മത്സ്യങ്ങളും കാട്ടുമലയാക്കാർ ഉപയോഗിക്കുന്നില്ല. നാട്ടുകാക്കൾക്കും വേണ്ടാത്തതായ ചില കായ്കനികളും ചക്കരവള്ളിക്കിഴങ്ങു, മരവള്ളിക്കിഴങ്ങു മുതലായ കിഴങ്ങുവർഗ്ഗങ്ങളാകുന്നു അവരുടെ ഭക്ഷണം. മൃഗങ്ങളെ കൊന്നുതിന്നുന്നതിന് അവക്കിഷ്ടമില്ലാഞ്ഞിട്ടോ, പാപകർമ്മമാണതെന്ന കരുതൽകൊണ്ടോ എന്തോ അവർ അതു ചെയ്യുന്നില്ല.

നാട്ടുമലയാക്കാർ എല്ലാം മഹമ്മദുമതക്കാരായിട്ടാണ് കണ്ടുവരുന്നതു്. എന്നാൽ കാട്ടുമലയാക്കാരുടെ ഇടയിൽ ജാതിയൊ, മതമൊ ഉണ്ടെന്നു കിംവദന്തിപോലുമില്ല. അവക്കു ദാരിദ്ര്യവും, തൊഴിലില്ലായ്മയുംകൊണ്ടുള്ള അലട്ടുകൾ നന്നേ ചുരുക്കമേ ഉണ്ടാകാവുള്ളു. അവരുടെ രാജാവു ചക്രവർത്തിയുടെ യാതൊരുവിധസഹായസഹകരണങ്ങളേയും ആവശ്യപ്പെടാത്തവനാണ്. അവക്കു നിരായുധീകരണവും, ഒട്ടാവാ സമ്മേളനവും, കപ്പൽപ്പടകളും, സ്വരാജ്യവും, പൊന്നും പണവും അത്ര ആവശ്യമുള്ളതല്ല. ഇത്തരത്തിലെല്ലാം ആക്കും ഒരു അഹിതവുമുണ്ടാക്കാതെ

ഒരു ഭാഗത്ത് ഒതുങ്ങി കാലം തള്ളുന്ന ഈ പരമസാധുക്കളെ ഉപദ്രവിക്കാൻ നാട്ടുമനുഷ്യർ കാടുകൾ വെട്ടി തീകൊളുത്തുന്നതാണു് കഷ്ടം! കാടരെ ഓടിച്ചു ദിക്കെങ്ങും റബ്ബർ മരങ്ങളും പനമരങ്ങളും വച്ചു പിടിപ്പിക്കുന്നു. ഇങ്ങിനെയെല്ലാം തങ്ങളെ ദ്രോഹിച്ചിട്ടും യാതൊരു മുറപ്പാടും കൂട്ടവുമില്ലാതെ അവർ അവിടന്നും മേലേയുള്ള കാടുകളിൽ കയറി താവളമുറപ്പിക്കുന്നതേയുള്ളു.

സെറമ്പാൻ എന്നു പറയുന്ന പ്രദേശത്തു റയിൽവെ കോർട്ടേർസ് കെട്ടുവാൻവേണ്ടി ഒരു പെരുങ്കാട്ടിനു തീവെയ്ക്കുകയുണ്ടായി. നാലുഭാഗത്തുനിന്നും അഗ്നി ഏററു കാടു ഒട്ടാകെ കത്തിയെരിഞ്ഞുകൊണ്ടുവരവെ, ആ കാട്ടിൽ ഉണ്ടായിരുന്ന അനേകായിരം കുരങ്ങന്മാർ, അവക്കു പുറത്തുപോകുവാൻ യാതൊരു മാർഗ്ഗവുമില്ലാതെ കാണുകയാൽ, കാടിൻെറ മദ്ധ്യത്തിലുള്ള ഒരു പെരുംമരത്തിൽ കൂട്ടമായി കയറിയിരുന്നു. ആ മരത്തേയും ദഹിക്കുവാൻ അഗ്നിജിഹ്വ കോപിച്ചു പൊങ്ങിവന്നതു കണ്ടു കുരങ്ങന്മാരുടെ ക്യാപ്റ്റൻ, കൈകൾ രണ്ടും പിൻകഴുത്തിൽ കെട്ടി കത്തിയെരിഞ്ഞുകൊണ്ടിരിക്കുന്ന അഗ്നിയിലേക്കു കുതിച്ചു ചാടി ഇതു കണ്ടശേഷം മററു കുരങ്ങന്മാരും അതേവിധം പ്രവർത്തിപ്പാൻ തുടങ്ങി. ഈ കാഴ്ച നോക്കി രസിക്കുവാൻ പൂരക്കാലത്തെ ആറാട്ടുപുഴപ്പാടത്തിലെന്നോണം ജനങ്ങൾ അവിടെ തിങ്ങികൂടിയിരുന്നു. കാടുകളിൽ നിവസിക്കുന്ന സാധുജീവികളെ യാതോരു പ്രയോജനത്തിനല്ലെങ്കിലും അവയുടെ പ്രാണൻ പിടഞ്ഞുപൊരിഞ്ഞു ചാകുന്നതു കാണുവാനുള്ള വി

നോദരസികതയാൽ പലപ്പോഴും ഇങ്ങിനെ ചെയ്യാറു ണ്ടത്രെ.

കാട്ടമലയർ സന്താനനിയന്ത്രണത്തിന്ന ഏറ്റവും പ്രതി പത്തിയുള്ളവരാകുന്നു. അവരുടെയിടയിൽ ഒരു കുട്ടി ജ നിച്ചാൽ എല്ലാവരുംകൂടി വളഞ്ഞിരുന്നു മുറവിളി കൂട്ടുക യായി. ഒരാറം മരിച്ചാൽ നേരെ മറിച്ച് അവർ ചിരിക്കു കയും ചെയ്യുന്നു. ഏകഭാര്യാവ്രതം എന്നത് അവർക്കി ല്ലെന്നു മാത്രമല്ല, സംഭോഗവിഷയത്തിൽ രാത്രിയും പകലു മെന്ന വ്യത്യാസമോ, ഒളിവോ, മറവോ ഒന്നും അവക്കില്ല. അവർ അവരുടെ സാമാനങ്ങറംവെച്ചു സൂക്ഷിക്കുന്നതു ചി ലമരപ്പൊത്തുളിലും കൽക്കൂട്ടങ്ങളിലുമാകുന്നു. വഴിപ്പണി ക്കാർ കാട്ടുവീഥികളിൽകൂടി പണിയെടുത്തു പോകുമ്പോറം ഈ കാടരെ കണ്ടുമുട്ടാറുണ്ട്. വഴിപ്പണി ഓവർസിയർമാർ ഉപ്പും, പുകയിലയും കൊടുത്തു അവരെ വശപ്പെടുത്തി മാ സക്കണക്കിൽ പണിയെടുപ്പിക്കുക സാധാരണമാണത്രെ. നാട്ടമനുഷ്യർ ചെയ്യുന്നതിലും കൂടുതൽ പണിചെയ്യുവാൻ അവർ പ്രാപ്തന്മാരായിട്ടാണു കണ്ടുവരുന്നത്. അവരുടെ കൂ ട്ടത്തിൽ മന്ത്രശക്തിയുള്ള ഒററ മൂലികാപ്രയോഗക്കാർ ഉ ണ്ടെന്നുള്ളതും പ്രസ്താവ്യമാകുന്നു.

ഇനി ഇടയ്ക്കുവെച്ചു വിച്ഛിന്നമായ എൻെറ കഥ തുട രട്ടെ. ഞാൻ താമസിച്ചിരുന്ന വീട്ടിലെ ആളുകറം കുറെ പരിഷ്കൃതരായിരുന്നതുകൊണ്ടു അവരുടെ ആഹാരത്തി ന്നു ബ്ളാച്ചാനും, മത്സ്യങ്ങളും ഒന്നും ഉണ്ടായിരുന്നില്ല. ഒരു ദിവസം കാലത്ത് എഴുന്നേററു ഞാൻ യാത്രക്കൊരു ങ്ങിയപ്പോറം ആ മലയാഗൃഹസ്ഥൻ പലേതടസ്സങ്ങളും

പറഞ്ഞു വീണ്ടും എന്റെ പ്രയാണത്തെ മുടക്കി. രണ്ടുമൂന്നു ദിവസം പിന്നേയും അവരോടുകൂടി താമസിച്ചുവരവെ അവരുടെ കൂട്ടത്തിൽ എന്നേയും സംബന്ധപ്പെടുത്താനുള്ള ആലോചനകഠം തുടങ്ങി അക്കാൎയ്യത്തിൽ ഞാൻ വിസമ്മതിക്കുകയാൽ അവരുടെ സ്നേഹവാത്സല്യങ്ങഠം ക്ഷയോന്മുഖങ്ങളായി. അചിരേണ ഞാൻ അവിടന്നു പുറപ്പെട്ടു. കണ്ടവഴികളിൽകൂടി നടന്നു, മൂന്നു ദിവസം മിതമായ ഭക്ഷണമൊന്നും കഴിക്കാതെ വളരെ പരവശനായി കോലാലംമ്പൂരിൽ വന്നുചേൎന്നു ആ പട്ടണപരിസരങ്ങളിൽ കുറെ ദിവസങ്ങഠം ചുററിതിരിഞ്ഞു്, ഒടുവിൽ സെറമ്പാൻ ജനറൽ ഏജൻസി എന്ന കമ്പനിയിൽ ഒരു പ്യൂൺവേലയിൽ പ്രവേശിച്ചു. ആ വേലയും കമ്പനിയും എനിക്കു കുറെ സുഖപ്രദമായിട്ടാണു തോന്നിയതു്. വൎഷംപ്രതി പണിയിൽ ഉയൎച്ചയും ശമ്പളവും കൂടിക്കൂടി വരികയാൽ അഞ്ചു വൎഷം കൊണ്ടു് ഒരു നല്ല തുക സമ്പാദിക്കുവാനും ഇടയായി. ഇതിനിടയിൽ 'ബത്തിനിക്കോ' മുളകുംതോട്ടത്തിലെ മേണ്ടോർ വൈരനിൎയ്യാതനത്തിനു അനവധി ചതികഠം പ്രയോഗിക്കാതിരുന്നില്ല. പക്ഷെ, പണവും ജനസ്വാധീനവും എനിയ്ക്കുണ്ടായപ്പോഠം മേണ്ടോരുടെ ചതിപ്രയോഗമെല്ലാം തൃണതുല്യമായിട്ടാണു് പരിണമിച്ചതു്. പിന്നിട്ടു കമ്പനിയിൽനിന്നു നാലുമാസത്തെ അവധിവാങ്ങി ഞാൻ സ്വദേശത്തേയ്ക്കു യാത്രയായി.

6

1916 ഡിസമ്പർ 21-ാംനു- കോലാലംമ്പൂരിൽനിന്നു ഞാൻ സിങ്കപ്പൂരിലേക്കു പുറപ്പെട്ടു. പിറേറന്നു് ഒൻപതരമണിക്കു "എസ്സെസ്സിൽ" വന്നിറങ്ങി. ആ പ്രകൃതിരാമണീയമായ പട്ടണത്തിൽ സന്ധ്യ കഴിയുംവോളം ചുററിനടന്നു പല കാഴ്ചകളും കണ്ടു. ഒടുവിൽ ഒരു ജപ്പാൻകാരൻെറ ഹോട്ടലിൽ ചെന്നുകയറി. രാത്രി അവിടെ താമസത്തിന്നു വേണ്ട ഒരുക്കങ്ങൾ എല്ലാം ചെയ്തു; കാലെക്കൂട്ടി ആഹാരവും കഴിച്ചു ശയനമുറിയിലേക്കു പോയി. ക്ഷീണിതനായ ഞാൻ ശയ്യയിൽ വീണയുടൻ നിദ്രയെ വരിച്ചു. പാതിരാത്രിയിൽ ആരുടേയൊ കൈ എൻെറ ശരീരത്തിൽ തട്ടുന്നതായി തോന്നി. ധൃതഗതിയിൽ കണ്ണു തുറന്നു ഞാൻ നാലുപാടും നോക്കിയപ്പോൾ ഒരു സ്ത്രീരൂപത്തെയാണു് എൻെറ ശയ്യാപരിസരത്തിൽ കണ്ടതു്. ഇതു കണ്ടു ഭ്രമിച്ചു പ്രേതമോ, പിശാചോ, സ്വപ്നമോ, എന്നും മററും ഞാൻ ആശങ്കിക്കാൻ തുടങ്ങി. ആ ശനിപിടിച്ച രൂപമാകട്ടെ എന്നെ വിട്ടുപിരിയാതെ ഞാൻ കിടക്കുന്ന കട്ടിലിൻെറ ഒരു ഭാഗത്തോടടുത്തുനിന്നു. ഇതു കണ്ടയുടൻ ഞാൻ കിടക്കയിൽനിന്നു് എഴുന്നേററു "നീ ആരാണു്? എന്താണു് ഇവിടെ വന്നതു്" എന്നു ചോദിച്ചു. അതിന്നു ശരിയായ സമാധാനം പറയാതെ അവൾ എന്തോ ചില ഗോഷ്ടികളും മററും കാട്ടിത്തുടങ്ങി. വീണ്ടുമുണ്ടായ എൻെറ അന്വേഷണങ്ങൾക്കു് അവൾ നൽകിയ സമാധാനം കുറെ രസാവഹംതന്നെയായിരുന്നു. അതിന്നു ഞാൻ

വിസമ്മതം പ്രകടിപ്പിക്കയാൽ അവാം അവളുടെ തൊഴിലഭിവൃദ്ധിക്കുള്ള പാടവങ്ങാം പ്രകടിപ്പിക്കുവാൻ തുടങ്ങി. അവളുടെ കോമളകളഭാഷണത്തിലും, ശൃംഗാരനടനത്തിലും എനിക്കു തീരെ കൌതുകമുണ്ടാവായ്കയാൽ ആ മങ്കയുടെ സുന്ദരമുഖം കാർമേഘത്തിൽ മറഞ്ഞ ചന്ദ്രബിംബംപോലെ മ്ലാനമാകാതിരുന്നില്ല. ജാപ്പാൻ വനിതകളിൽ അസാധാരണ രൂപലാവണ്യമുള്ളവർ ധാരാളമാണു്. ആ അംഗനാമണികളുടെ ശരീരങ്ങാം നേത്രമിനുത്ത സിൽക്കുപോലെ അത്ര കൌതുകാവഹമായിരിക്കും. അവർ സാമാന്യമായി സ്നാനത്തിന്നു സോപ്പുവകകാം ഉപയോഗിക്കായ്കയാലാണത്രെ ഈ ശരീരസൌഭാഗ്യത്തിന്നു പ്രധാനഹേതു. വെറും നേരിയ മണൽകൊണ്ടാകുന്നു ജാപ്പാൻ സ്ത്രീകാം ശരീരം തേയ്ക്കുന്നതു്.

മാന്തളിർ മേനിമേ:ന്ന ആ പെൺമണി വളരെ സമയം എൻെറ മുന്നിൽ കിടന്നു കാമവികാരനാടകം പലപരിവൃത്തി അഭിനയിച്ചിട്ടും ഞാൻ ആവശ്യപ്പെടായ്കയാൽ അവസാനം അവാം ഒരു കാളിരൂപംകൈക്കൊണ്ടു. പനിനീർ കുസുമത്തിന്നു തുല്യമായ അവളുടെ ദേഹകാന്തി അരനിമിഷത്തിന്നുള്ളിൽ പകന്നുമാറി; മുഖകമലം അണുവോളം രക്തമില്ലാത്തമട്ടിലായി. നേത്രങ്ങാം രണ്ടും വല്ലാതെ ചുകപ്പിച്ചുകൊണ്ടു അവാം എന്നെ ബലമായി പിടിച്ചു വശപ്പെടുത്തുവാൻ ഉള്ള ഉത്സാഹമായി. ഇതു കണ്ടു പരിഭ്രമിച്ചു കൎത്തവ്യവിമൂഢതയോടെ ഞാൻ തിരിച്ചുനിന്നുപോയി. അവാം രണ്ടു കൈകകാംകൊണ്ടും എൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചു ഞെരുക്കിത്തുടങ്ങി. ഞാൻ കഴിയുന്ന

ത്തും അവളുടെ പിടുത്തം വേർപെടുത്തുവാൻ ശ്രമിച്ചിട്ടും സാധിച്ചില്ല. എത്രതന്നെ സൌമ്യവാക്കുകഠം പറഞ്ഞിട്ടും ആ മാൻപേട എൻെറ കഴുത്തിൽനിന്നു കയ്യെടുക്കാതെ ഞെരുക്കിക്കൊണ്ടേയിരുന്നു. ലജ്ജയാലും, വ്യസനത്താലും, കഴുത്തു ഞെരുക്കി ശ്വാസം നേർവഴിക്കു വിടാൻ സാധിയ്ക്കായ്കയാലുള്ള വിഷമതയാലും ഏതുവിധേനയെങ്കിലും ഈ കക്ടിയെ ഒഴിച്ചുവിടുവാൻവേണ്ടി ഞാൻ അഞ്ചു വെള്ളി എടുത്തു് അവളുടെ കയ്യിൽ കൊടുത്തു. വെള്ളിയും വാങ്ങി വീണ്ടും ആ കോമളാംഗി അവളുടെ അശ്ലീലവ്യാപാരത്തിനുതന്നെ മുതിരുകയാണു ചെയ്തതു്. ഹാ! എന്തൊരു കഷ്ടമാണിനിയും! ഈ ഗണിക എന്നെ ദ്രോഹിക്കാൻതന്നെയാകുന്നു ഭാവം. എന്നിങ്ങനെ സഹിക്കാൻ വയ്യാത്ത മനോവിവശതയോടെ ഞാൻ ആ തരുണിയെ കണ്ണാരുന്തുദമായി ശകാരിപ്പാൻ തുടങ്ങി. അവളാകട്ടെ, അവളുടെ ഭാഷയിൽ എന്തോ മുറുമുറുത്തുംകൊണ്ടു്, ഒടുവിൽ ഒരുവിധത്തിൽ പുറത്തേയ്ക്കു കടന്നുപോയി.

എസ്സെസ്സിലെ ഹോട്ടൽവ്യാപാരികളുടെ മുഖ്യവ്യാപാരം ഇത്തരത്തിലുള്ളതാണെന്നു കപ്പാലാലമ്പൂരിൽവെച്ചു ചിലർ പറഞ്ഞറിഞ്ഞതെല്ലാം ഞാനത്ര വിശ്വാസയോഗ്യമായി കരുതിയിരുന്നില്ല. എൻെറ കരുതൽ ഇപ്പോഠം അടിസ്ഥാനരഹിതമായിത്തന്നെ പരിണമിച്ചു. തങ്ങളുടെ മായാവലയിൽപ്പെടുത്തി എത്രയോ യുവകേസരികളുടെ ശുദ്ധരക്തത്തെയാണു് ഈ ഗണികകഠം പിഴിഞ്ഞു കുടിച്ചിരിക്കുന്നതു്. ഒരുവൻെറ ഒരു മാസത്തെ തുച്ഛമായ സമ്പാദ്യം ഒരു രാത്രികൊണ്ടു പറിച്ചെടുക്കുവാനു

ള്ള സാമർത്ഥ്യം ഈ വേശ്യാംഗനമാക്കുണ്ട്. അവൻ കയ്യിലുള്ള കാശ്ശുംകൊടുത്തു ഭയങ്കരമായ വ്യാധിയും വാങ്ങിച്ച പിറേറ ദിവസം മുതൽ ആസ്പത്രിയെ ശരണംപ്രാപിക്കണം. ആസ്പത്രിമേധാവികറം ഈ രോഗികളെ വല്ലാതെ വിഷമിപ്പിക്കുന്നതു എവിടേയും സാധാരണമാകുന്നു. ഈ രോഗത്തിനു തക്ക ഔഷധം ഇനിയും പലക്കും കണ്ടുകിട്ടിയിട്ടില്ല. ഈ രോഗത്തെ സാമാന്യവൈദ്യന്മാർ ഒരുവിധത്തിൽ മാററിയാലും മറെറാരുവിധമായി അതു് ഉപദ്രവിച്ചുകൊണ്ടിരിക്കും. ലോകത്തിൽ എൺപത്തഞ്ചു ശതമാനം ജനങ്ങറം ഈ മഹാവ്യാധി പിടിപെട്ടവരാണെന്നാകുന്നു സാമാന്യമായി സമർത്ഥിക്കപ്പെട്ടിരിക്കുന്നതു്. കുറച്ചെങ്കിലും മനസ്സിനെ അടക്കിനിത്താൻ സാധിക്കാതെ ദുന്നയമായി തൻെറ ആരോഗ്യത്തെ ബലികഴിക്കുന്ന യുവജനങ്ങളോടു് എന്തുണ്ടു പറയുവാൻ!

7

എസ്സെസ്സിൽ വന്നതിൻെറ മൂന്നാംദിവസം ഞാൻ മദിരാശിക്കു കപ്പൽ കയറി. ഒരുവിധം സുഖത്തോടെ ആറാംദിവസം മദിരാശിയിൽ ചെന്നിറങ്ങി. എന്നോടുകൂടെ പന്ത്രണ്ടു യാത്രക്കാർ വേറേയുമുണ്ടായിരുന്നു. ഞങ്ങറം കപ്പലിൽനിന്നു് ഇറങ്ങിയ ഉടനെ ഒരു പരദേശി ബ്രാഹ്മണൻ ഞങ്ങളെ അദ്ദേഹത്തിൻെറ ഹോട്ടലിലേക്കു

കൂട്ടിക്കൊണ്ടുപോയി. ഞങ്ങറം കൈകാലുകറം കഴുകി ഭോജനശാലയിലേക്കുപോയി. ഒരു പന്തിയായി എല്ലാവരേയും ഇരുത്തി ഇലകളും വെച്ചു. അരമണിക്കൂർ കാത്തിരുന്നിട്ടും ആഹാരം കൊണ്ടുവന്നു വിളമ്പുന്നില്ല. മടക്കം മെയിൽവണ്ടിക്കു പോകേണ്ടതായ ധൃതിയും ഞങ്ങറംക്കുണ്ടായിരുന്നു. ഭക്ഷണം കൊണ്ടുവരുവാൻ പറഞ്ഞാൽ, 'കൊണ്ടുവരുന്നു, ഇതാ, കൊണ്ടുവരുന്നു' എന്നുള്ള സമാധാനമല്ലാതെ ആരുമൊന്നും കൊണ്ടുവരുന്നതുമില്ല. ഇതിൻെറ രഹസ്യം എന്താണെന്നറിയുവാൻ ഞാൻ അടുക്കളത്തളത്തിൽ ചെന്നുനോക്കി. ഒരുവൻ അരികഴുകി കൊണ്ടുപോകുന്നതേയുള്ളു. 'ഇതാ കൊണ്ടുവരുന്നു'വെന്ന പ്രത്യുക്തിയുടെ സാരം അപ്പോഴാണു് മനസ്സിലായതു്. ഞാൻ തിരികെ വന്നു മററുള്ളവരെ വിളിച്ചു, 'പോകാം നമ്മറംക്കു. ഇവിടെ അരി അടുപ്പത്തിടുന്നതേയുള്ളു. എവിടേയെങ്കിലും പോയി ഊണുകഴിച്ചു ഇനി പുറപ്പെടുന്ന വണ്ടിക്കുതന്നെ പോകണം' എന്നറിയിച്ചു. ഞങ്ങളെല്ലാവരും അവിടെനിന്നു എഴുന്നേററു പോരുവാൻ ഭാവിച്ചപ്പോറം അവക്കു ഇലയ്ക്കും മുഖം കഴുകിയതിനും കാശു വേണമെന്നായി. ആളൊന്നിനു മുമ്മൂന്നണ വീതം കൊടുക്കേണമെന്നു ഹോട്ടൽക്കാരൻ പറഞ്ഞു. ഈ കണക്കുപ്രകാരം കാശു ഞങ്ങറം തരുന്നപക്ഷം ഞങ്ങളുടെ സമയനഷ്ടത്തിനുള്ള കാശു നിങ്ങളും തരണം എന്നു ഞാൻ കയത്തു കേറി. ഇങ്ങിനെ വാദപ്രതിവാദം നടന്നു ഒടുവിൽ അങ്ങോട്ടുമിങ്ങോട്ടും പണമില്ലാതെ വഴക്കവസാനിച്ചു. വേറെ ഹോട്ടലിൽ പോയി ഊണു കഴിച്ചു അന്നത്തെ മെയിലിൽ

ഞങ്ങറം യാത്ര തുടന്നു. പിറേറന്നു രാത്രി എൻെറ സ്വപ്രദേശത്തിനടുത്ത തിക്കൊടിയിലെത്തി.

ഞാൻ സ്വഗൃഹത്തിലെത്തി. എൻെറ സഹോദര സഹോദരികളേയും മററും കണ്ടു ആനന്ദബാഷ്പത്തിൽ മുഴുകിയും പ്രേമവാത്സല്യങ്ങളോടെ അങ്ങുമിങ്ങും കെട്ടിത്തഴുകിയും അന്നത്തെ രാത്രി എല്ലാവരും ഒരു ആനന്ദരാത്രിയായി കഴിച്ചുകൂട്ടി. പിറേറ ദിവസം അതിരാവിലെ ഉണന്നു ഞാൻ കണ്ണുതുറന്നു നോക്കിയതു് ഞങ്ങളുടെ പഴയ തറവാടായ 'കെക്കാലോൽ' സ്ഥിതി ചെയ്യുന്ന ദിക്കിലേക്കായിരുന്നു. ഒരു നോക്കു കണ്ടയുടൻ എൻെറ സപ്തനാഡികളും ക്ഷീണിച്ചു; എനിക്കു ശയ്യയിൽനിന്നു എഴുന്നേല്ക്കുവാനും വയ്യാതെ വന്നു. ആ പ്രദേശത്തു അനേകം നൂററാണ്ടുകളായിട്ടു ഞങ്ങളുടെ ഗൃഹമായിരുന്നു ഒന്നാം സ്ഥാനം വഹിച്ചിരുന്നതു്. ഞങ്ങറം ജ്യേഷ്ഠാനുജന്മാരും ഏകസഹോദരിയും ഒത്തൊരുമിച്ചു മാതാപിക്കന്മാരുടെ ലാളനയിൽ വളന്നുവന്ന ആ കെക്കാലോൽ ഭവനം ഇപ്പോറം ഞങ്ങളോടു യാതൊരു ബന്ധവുമില്ലാതെ വിട്ടു ഒഴിഞ്ഞു നില്ക്കുന്നതു കണ്ടാൽ എങ്ങിനെയാണു് സഹിക്കുക! ഒരു വിധത്തിൽ കിടക്കയിൽ നിന്നെഴുന്നേററു ഞാൻ 'കാലേ കടങ്ങറം' കഴിച്ചു ജ്യേഷ്ഠൻെറ അടുക്കൽ ചെന്നു, കെക്കാലോൽ വീണ്ടും കൈവശപ്പെടുത്തേണ്ടതിനുള്ള മാൎഗ്ഗങ്ങറം ആലോചിച്ചു തീച്ചപ്പെടുത്തി. കുറെ ദിവസങ്ങറംക്കുള്ളിൽ ആ വീടും പറമ്പും തിരികെവാങ്ങി വിവാഹിതയായ സഹോദരിക്കു കൊടുക്കേണ്ടിയിരുന്ന സ്ത്രീധനവും കൊടുത്തു താമസിയാതെ വീണ്ടും ഞാൻ എഫ്. എം. എസ്സിലേക്കു പോകുവാനൊരുങ്ങി.

ഈ അവസരത്തിൽ എല്ലും തോലും ശേഷിച്ച ഒരു വയോധികനും ഏതാനും അലങ്കോലപ്പെണ്ണുങ്ങളും കാസശ്വാസംവലിക്കുന്ന ചില കുട്ടികളോടുകൂടി എൻെറ അടുക്കൽവന്നു ഇങ്ങിനെ ആവലാതിപ്പെട്ടു തുടങ്ങി. "എൻെറ മകൻ മലയാനാട്ടിലേയ്ക്കു പോയിട്ടു അഞ്ചുവൎഷമായി. ഇതുവരെ ഒരു കത്തും കൂടെ അയച്ചിട്ടില്ല. അവൻെറ അമ്മ അവനെ നിനച്ചു ദുഃഖിച്ചു രോഗാതുരയായി കാലഗതിയടഞ്ഞിട്ടു രണ്ടു വൎഷം കഴിഞ്ഞു. അവൻ ഈ സംഭവം അറിവാനിടയായിട്ടില്ല. അവനു ഇവിടെ മൂന്നു കുട്ടികൾ ഉണ്ട്. അവരുടെ കാൎയ്യം എനിക്കു ഓൎക്ക വയ്യ. ഒരു ദിവസമെങ്കിലും ആ കുട്ടികൾക്കു മിതമായി ആഹാരം കൊടുക്കുവാൻ എനിക്കു കഴിഞ്ഞിട്ടില്ല. ആ കുട്ടികളുടെ മാതാവിനെ കണ്ടാൽ നീ പേടിച്ചുപോകും. വല്ല ജീവച്ഛവമോ, അതോ അതിൻെറ ഉള്ളിൽ ജീവൻതന്നെ ഉണ്ടോ എന്നു സംശയിച്ചേക്കും. അവൾ തൻെറ ഭൎത്താവിനെ തന്നെ നിനച്ചു പ്രാണനെ ത്യജിക്കാൻ ഒരുങ്ങികിടന്നു വലയുകയാണ്. ഈ എഴുപത്തിഏഴു വയസ്സായ ഞാൻ എന്തു ചെയ്യും! ഒരു നാഴിക വഴി നടക്കാൻ ഇപ്പോൾ എനിക്കു അരദിവസം വേണ്ടിവരും. എപ്പോഴാണ് എൻെറ ഈ സ്വല്പമായ ആവി പോകുന്നതു എന്നും അറിഞ്ഞുകൂടാ. ഞങ്ങളുടെ സഹിക്കാത്ത സങ്കടത്തെ ആരോടാണ് ഒന്നു പറയുന്നത്. നീ മലയാനാട്ടിൽ ചെന്നാൽ എൻെറ മകനെ അന്വേഷിച്ചു പിടിച്ചു വിവരം അറിയിക്കുമെങ്കിൽ നിനക്കിഹത്തിലും പരത്തിലും നന്മയുണ്ടാകും."

ഈ വയോധികൻെറ ചരിത്രം കേട്ടയുടൻ എനിക്കു മലയാനാട്ടിലെ എസ്റ്റയിററു മേണ്ടോൎമാരുടെ ക്രൂരകൃത്യ

ങ്ങളായിരുന്നു മുമ്പിൽ ഓർമ്മവന്നത്. ഈ മേണ്ടോർമാരും കങ്കാണിമാരും സ്രാങ്കന്മാരും മററും—അതെ, ആ ഭയങ്കര സ്വരൂപങ്ങൾ എത്രായിരം സാധുക്കളെയാണ് എഫ്. എം. എസ്സിലിട്ടു അവരുടെ നട്ടനാഡി പിടിച്ചിളക്കി പറയുംപോലെ പകിട കളിപ്പിക്കുന്നത്. ഈ നരകാസുരന്മാർമൂലം എത്രായിരം സാധുക്കളുടെ മൂലതറവാടാണു നാമാവശേഷമായിട്ടുള്ളത്. ഒരു കത്തു സ്വദേശത്തുനിന്നു ഒരു വേലക്കാരനു വന്നാൽ അത് മേണ്ടോരുടെ കുപ്പക്കുഴിയിൽ സ്ഥാനം പിടിക്കണം. പിന്നെ എങ്ങിനെയാകുന്നു ആ സാധു സ്വഗൃഹത്തിലെ വിവരമറിയുന്നത്! തൻെറ സമുദായത്തിൽ പെട്ടവൻതന്നെയാകുന്നു ഇത്തരം അനീതി ചെയ്യുന്നതെന്നു പല പാവങ്ങളും പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. എൻെറ അനുഭവത്തിലും അങ്ങിനെതന്നെയാകുന്നു. ചീനർ, മലയർ, ജപ്പാൻകാർ, ബങ്കാളികൾ, വെള്ളക്കാർ, തമിഴർ എന്നിവരുടെ കീഴിൽ പണിയെടുക്കുന്നതായാൽ അതിഹിംസയനുഭവിക്കാതെ ജീവിക്കാൻ സാധിച്ചേക്കും. വല്ലതും ഒരു വേലക്കാരൻ തൻെറ ജീവനെ ഞെരുക്കി സമ്പാദിച്ചിട്ടുണ്ടെങ്കിൽ അത് മേണ്ടോരുടെ കയ്യിലായിരിക്കും. അതു ആവശ്യപ്പെട്ടാൽ, ആറടിനീളത്തിലും രണ്ടരയടിവീതിയിലും മൂന്നടി താഴ്ചയിലും ഒരു കുഴി വെട്ടുവാൻ അവനോടുതന്നെ മേണ്ടോർ കല്പിക്കും. കല്പന കേട്ടാൽ കാററിലെ ആലിലപോലെ ഇളകി അവൻ ഉടനെ അത് നിർവ്വഹിക്കുവാൻ കടപ്പെട്ടവനാകുന്നു. കുഴി തയ്യാറാക്കി കഴിഞ്ഞാൽ മേണ്ടോർ അവിടെ ചെന്നു ആ കുഴി അവനുതന്നെ ജന്മാവകാശം ചാർത്തിക്കൊടുത്തിട്ടു മട

ങ്ങുകയുള്ളു! ഒരു കൂലിക്കാരന്ന് ഒരു ദിവസം മുഴുവനും പണി യെടുത്താൽ നാല്പതു ദമ്പടിയാണ് കിട്ടുന്നതു്. അതുകൊ ണ്ടു് അവന്നു ആദായകരവും രുചികരവും ആയ ഭക്ഷണം യഥേഷ്ടം വാങ്ങിച്ചു ഉപയോഗിക്കാൻ നിവൃത്തിയുമില്ല. മേസ്ത്രോർ, കങ്കാണികൾ, സ്രാങ്കന്മാർ എന്നിവർ ആഹാ രം കൊടുപ്പാൻ കുത്തക പിടിച്ചു, വേലക്കാരന്റെ പ്രയത്ന ദ്രവ്യമപഹരിക്കുകയാണ് പതിവു്. അവൻ തോട്ടത്തിൽ ഒരു സ്വാമിവിഗ്രഹം വെച്ചു പൂജിക്കുന്നുണ്ടായിരിക്കും. അ തിന്നു മാസംപ്രതി വരുന്ന ചിലവുകൾക്കും, തോട്ടത്തിൽ രോഗികൾക്കു മരുന്നുകൊടുക്കുന്ന ചിലവുകൾക്കും കൂലിക്കാ രുടെ ശമ്പളത്തിൽനിന്നു ഓഹരി കൊടുക്കണം. ഭാഗഭാ ജിയായ മേസ്ത്രോർക്കും അയാളുടെ ഗണികന്മാക്കും ഇരുന്നു നാടകം കണ്ടു ആനന്ദിപ്പാൻവേണ്ടി ചില നാടക സംഘ ക്കാരെ തോട്ടത്തിനുള്ളിൽ ഇടക്കിടെ വരുത്തി നാടകങ്ങളെ ഭിനയിപ്പിക്കാറുണ്ടു്. അതിന്നു വേണ്ടിയും ചിലപ്പോൾ കൂ ലിക്കാരുടെ തുച്ഛമായ കൈമുതൽ അപഹാര്യമാകേണ്ടിവ രും. ചില വിശേഷദിവസങ്ങളിൽ തോട്ടം മാനേജക്കും ഗൃഹസ്ഥന്മാക്കും മേസ്ത്രോരുടെ വക വിരുന്നുസൽക്കാരമുണ്ടാ യിരിക്കും. അതിന്നും ചിലവുകൾ കൂലിക്കാർ തന്നെ വ ഹിക്കണം. ഇതിനൊക്കെ പുറമെ കൂലിക്കാരുടെ തുച്ഛമാ യ ശമ്പളത്തിൽനിന്നു മേൽ പറഞ്ഞ ചിലവുകൾക്കു പോ രാതെ വന്നാൽ മേസ്ത്രോർ സ്വന്തം കയ്യിൽനിന്നു ചിലവു ചെയ്തു അവ ആ സംഘക്കാരുടെ മേൽ കടമാക്കി നിൎത്തും, പോരെ?

എന്നു കണക്കുനോക്കിയാലും അൻപതും, അറുപതും വെള്ളി ഓരോ കൂലിക്കാരനും മേസ്ത്രോക്കു കൊടുപ്പാൻ ബാ

ദ്ധ്യതപ്പെട്ടവനായി കാണാം. ഇങ്ങനെ ആ മഹാസാധുക്കളെയെല്ലാം കങ്കാണിക്കൂട്ടങ്ങൾ തങ്ങളുടെ കുടുക്കിൽപ്പെടുത്തി നരകചക്രം ചുററിച്ചുകൊണ്ടിരിക്കുമ്പോൾ അവൎക്ക് എന്തു ചെയ്യാനാകും! സ്വദേശത്തു അമ്മയുണ്ടു, അച്ഛനുണ്ടു, സഹോദരിമാരുണ്ടു എന്നും മററും നിനച്ചു മനസ്സു പുണ്ണാക്കിയിരിക്കയല്ലാതെ ആ പാരതന്ത്ര്യക്കു വല്ല നിവൃത്തിയും ഉണ്ടോ?

കൂലിക്കാരെ ഹിംസിച്ചു എടുക്കുന്ന പണം ഈ കങ്കാണിവൎഗ്ഗങ്ങൾ തങ്ങളുടെ സ്വദേശത്തേക്കു അയച്ചു സംഭരിക്കുന്നതായാൽ കേരളത്തിനു ഒരു ലക്ഷ്മി ഉണ്ടാകുമായിരുന്നേനെ. അതും ഈ മനുഷ്യാധമന്മാർ ചെയ്യുമാറില്ല. വിദേശമദ്യഷാപ്പുകളിലും, ഗണികാംഗനമാരുടെ ഭവനങ്ങളിലും ചൂതുപന്തയസ്ഥലങ്ങളിലും, ശൃംഗാരനടനവേദികളിലും മററും അത്രെ ഇവരുടെ പണം വിളയാടുന്നതു്. മലയാനാട്ടിലെ എസ്റ്റയിററു മേണ്ടോർമാരും, നഗരത്തിലെ സ്രാങ്കുമാരും ആകേണമെങ്കിൽ ചില പഠിപ്പുകളെല്ലാം വേണം. കൊലക്കുററക്കാരെ വധിക്കുന്ന കൊലയാളിക്കു ജീവകാരുണ്യവും, ഭീരുത്വവും സൌമ്യഹൃദയവുമുണ്ടായാൽ നിശ്ചയമായും അവൻ ആ തൊഴിലിനു അൎഹനല്ലല്ലോ.

ഭാരതയുദ്ധാരംഭത്തിൽ ഭീരുവായ അൎജ്ജുനനെ കണ്ട കൃഷ്ണൻ, ഭഗവൽഗീതയെ എമ്പത്തെട്ടുനാലു ആറായിരക്കോടി രോമദ്വാരങ്ങളിൽ കൂടിയും ഇഞ്ചെക്കററു ചെയ്തു കയററി ആ വില്ലാളിയുടെ ഭീരുത്വം ഒഴിച്ചു. എടുക്കുമ്പോൾ ഒന്നു, തൊടുക്കുമ്പോൾ പത്തു, അയക്കുമ്പോൾ നൂറു, വഴിക്കു ആയിരം, കൊള്ളുമ്പോൾ ശതകോടി എന്ന തരത്തിൽ

അജ്ജുനനെകൊണ്ടു നിശാതബാണങ്ങാം വഷിപ്പിച്ചു, പതിനെട്ടു ദിവസം കൊണ്ടു കൃഷ്ണൻ ഭാരതഖണ്ഡത്തിലുള്ള ജീവജാലങ്ങളെ ഒട്ടുമുക്കാലും സംഹരിച്ചുതീത്തു. സുന്ദരമായ മൃഗങ്ങളുടെ വണ്ണംപെരുത്ത കഴുത്തിൽ കത്തിവെച്ചറുക്കുന്നതിനു ഭീരുത്വമില്ലാതിരിപ്പാൻ ഭഗവൽഗീതയെപോലുള്ള ചില സൂക്തികാം കേട്ടിട്ടുണ്ട്.

ഭദ്രകുക്കുടകുലാദിതപ്പണാൽ
ഭദ്രകാളി ബഹുദുഷ്ടമറ്റിനി
സദ്രസംകരുണചെയ്യുമെന്നൊരീ
ശൂദ്രമാന്ത്രികമതം ഭയങ്കരം.

'സദ്രസംകരുണചെയ്യു'മെന്ന അന്ധവിശ്വാസത്തോടെയാകുന്നു ശൂദ്രലോകത്തിനു ഭദ്രകാളിക്ഷേത്രപരിസരങ്ങളിൽ അനേകായിരം ലക്ഷം ഭദ്രകുക്കുടങ്ങളെ ഹിംസിക്കാൻ ധൈയ്യമുണ്ടാകുന്നത്. ഒരു ഫിസിഷ്യനു ശസ്ത്രക്രിയ ചെയ്യുവാനുള്ള ധൈയ്യം സിദ്ധിക്കാൻ പല കൊല്ലങ്ങളിലെ പരിശീലനംകൊണ്ടു മാത്രമാകുന്നില്ല. ബുദ്ധമതതത്വങ്ങാംക്കു വിപരീതമായി ദുഷ്ടതയും, ജന്തുഹിംസാരതിയും, സ്ത്രീകളുടെ ചാരിത്ര്യഭംഗത്തിനുള്ള അധികസാമത്ഥ്യവും ഇവക്കു ഒഴിച്ചുകൂടാത്തതാകുന്നു. ജീവകാരുണ്യം അണുവോളമുണ്ടായാൽ അയാം ഒരു കാലത്തും ഒരു മെഡിക്കൽ സജ്ജനാകുവാനഹനല്ല. ആരെങ്കിലും ഇത്തരക്കാരുടെ പ്രവൃത്തിയെ അപലപിക്കുന്ന പക്ഷം സഹിക്കവെയ്യാത്ത ദ്വേഷത്തോടെ ആയിരമോ രണ്ടായിരമോ ചെലവു ചെയ്യും വൈരനിര്യാതനത്തിനു ഉത്സാഹിക്കുവാൻ ഇവർ മടിക്കുന്നില്ല. അനീതികാം കണ്ടാൽ മനുഷ്യസ്വഭാവത്താൽ

പ്രാണിദയയുള്ളവർ എങ്ങിനെയാകുന്നു അതു പുറത്തു പറയാതിരിക്കുന്നത്. യഥാർത്ഥം പറഞ്ഞിട്ടു ആരു കോപിച്ചാലും ചന്ദ്രഹാസമിളക്കിയാലും കാര്യമാക്കേണ്ടതില്ല. ഒരുവൻെറ കാരുണ്യോൽഗമനങ്ങളെ തടുക്കുവാൻ ലോകത്തിൽ ആർക്കും സാദ്ധ്യമല്ലതന്നെ. അല്ലയോ! കേരളമാതാവെ! നിൻെറ ചില പുത്രന്മാർ ഇത്ര ദുഃസ്വഭാവികൾ ആവാൻ ഉള്ള കാരണം എന്താണെന്നു വ്യക്തമാകുന്നില്ല. നിൻെറ ജ്യേഷ്ഠത്തിയായ ഭാരതമാതാവിൻെറ അനേകം മക്കൾ, നൃശംസതയൊന്നിലും ഏർപ്പെടാതെതന്നെ മലയാനാട്ടിലെ പെരുംകച്ചവടക്കാരായി സൗഭാഗ്യവാന്മാരായി വാഴുന്നുണ്ടു. നിൻെറ മക്കളിൽ മരുന്നിനുപോലും സൌമ്യതയുള്ളവരെ തൊട്ടുകാട്ടുവാൻ പ്രയാസവുമാണ്. ഇതെന്തുമാത്രം ശോചനീയമായിരിക്കുന്നു! ഇനിയെങ്കിലും നീ സൽസ്വഭാവികളായ മക്കളെ പെററാൽ നന്നായിരുന്നു.

ഇതാ, ഈ മുന്നണിയിൽ നില്ക്കുന്നവരെ നീ കാണുന്നില്ലയോ? നിനക്കു ഇതുകണ്ടു സഹിക്കാൻ ത്രാണിയുണ്ടെങ്കിലും കൃമിസദൃശനായ നിൻെറ ഈ മകനു ഒരിക്കലും ആ ത്രാണി തോന്നുന്നില്ല. ഇനിയത്തെ എൻെറ ജീവിതകാലം മുഴുവൻ നിൻെറ കങ്കാണിമക്കളോടും മേണ്ടോർ മക്കളോടും സ്രാങ്കൻമക്കളോടും ഞാൻ പോരാടുവാൻ തിച്ചയാക്കി കഴിഞ്ഞിരിക്കുന്നു. ഇപ്പോഴത്തെ ഈ മലയായാത്രയിൽ എൻെറ ജീവനെ, നിൻെറ ദരിദ്രനാരായണന്മാരായ മക്കളും എൻെറ സഹോദരസഹോദരികളുമായവരുടെ ഉൽഗമനത്തിനായി ബലികഴിക്കുവാൻ എനിയ്ക്കു അണുവോളം മടിയില്ല. ഈ എല്ലും തോലും ശേഷിച്ച

രൂപങ്ങൾ എപ്പോഴും എന്റെ മുന്നിൽ വന്നു കേറി, ആ സമയത്തുതന്നെ ഞാനെന്റെ ശപഥം ഉച്ചരിച്ചു കഴിഞ്ഞിരിക്കുന്നു. ഇനി എന്റെ ഉദ്ദിഷ്ടകാര്യം നിർവ്വഹിക്കാൻ ദൈവം സംഗതി വരുത്തട്ടെ.

8

എന്റെ അടുത്തു വന്നു പരിദേവനം ചെയ്ത ആ വയോധികനേയും മററും ശാന്തവാക്കുകളാൽ സമാധാനപ്പെടുത്തിയിട്ടു വീട്ടിലുള്ളവരോടെല്ലാം യാത്ര വഴങ്ങി 1917 മാർച്ച 10-ാംനു- ഞാൻ വീണ്ടും മലയായ്ക്കു പുറപ്പെട്ടു. തിക്കൊടി റയിൽവെസ്റ്റേഷനിൽനിന്നു മെയിൽ വണ്ടിയിൽ മദ്രാസിലേയ്ക്കു യാത്രചെയ്തു. മൂന്നാം ദിവസം അവിടെനിന്നും സിങ്കപ്പൂരിലേയ്ക്കു കപ്പൽ കയറി. ഒൻപതാം ദിവസം കപാലാലമ്പൂരിൽ ചെന്നു ചേൻ്നു. പിറേറദിവസം കമ്പനിയിൽ ചെന്നു പണിയിൽ പ്രവേശിക്കയും ചെയ്തു. ഞാൻ വീട്ടിൽനിന്നു പുറപ്പെട്ടപ്പോഴ് ചെയ്ത ശപഥം എന്നെ സദാ മുറുകെ പിടിച്ചുകൊണ്ടിരുന്നു.

ഞാൻ പലരേയും സ്വാധീനപ്പെടുത്തി ഇന്ത്യൻ ലേബറിനും മദ്രാസ്സ ഗവമ്മേൻറിനും ഇന്ത്യൻ കൂലിക്കാരുടെ സങ്കടനിവാരണത്തിന്നായി വഴിയ്ക്കുവഴിയെ ഭിമഹരജികൾ എത്തിച്ചു. തോട്ടം മാനേജർമാരുടെ അടുക്കലും സെഞ്ചിട്ടോര ആപ്പീസിലും കൂലിക്കാരുടെ മുറപ്പാടുകൾ പല

കുറി കൊണ്ടുചെന്നു നോക്കി. അതിനൊക്കെ പുറമെ തോട്ടം വിട്ട് ആരെങ്കിലും ഓടി ടൗണിൽ എത്തിയാൽ അവരെ പിടിച്ചുകൊണ്ടു പോകുന്നതിനു വരുന്ന മേണ്ടോർമാരെ പലവിധത്തിൽ ഉപദ്രവിക്കാനും തുടങ്ങി. ഇങ്ങിനെ ഉദ്ദിഷ്ടസിദ്ധിക്കു പ്രയത്നം നടത്തിവരുന്ന കാലത്തു ഒരു ദിവസം ഞാൻ ആപ്പീസിലേയ്ക്കു പോകുമ്പോൾ വഴിയരികിൽ ഒരു മനുഷ്യൻ കിടക്കുന്നതായി കണ്ടു. അയാൾ ഒരു മലയാളിയാണെന്ന് എനിക്കു തോന്നി. അടുത്തു ചെന്നു വിവരങ്ങൾ ചോദിച്ചു. സ്വദേശം തൃശ്ശിവപേരൂർ ആണെന്നും പേരു ഗോപാലൻ നായർ എന്നാണെന്നും അയാൾ പറഞ്ഞു. ഭാര്യാസമേതനായിട്ടാണു സ്വദേശത്തുനിന്ന് അയാൾ പുറപ്പെട്ടത്. മലയാനാട്ടിൽ എത്തി 'പാടരംകം' എന്ന എസ്റ്റയിററിൽ വന്നു താമസമാക്കിയിട്ടധികനാൾ ചെല്ലുന്നതിനു മുമ്പിൽ, ആ തോട്ടം ഭരണാധികാരിയായ മേണ്ടോർ മര്യാദയില്ലാതെ തൻെറ ഭാര്യയെ അപഹരിച്ച് അകാരണമായി അയാളെ ആട്ടിപ്പുറത്താക്കി. അനന്തരം കുറെ നാൾ ആഹാരം പോലും ഇല്ലാതെ ആ എസ്റ്റയിററു പരിസരങ്ങളിൽ അയാൾ ഹൃദയവേദനയോടെ ചുററിത്തിരിഞ്ഞുകൊണ്ടിരുന്നു. ഒരു നാൾ ആ ഘോരപാതകൻെറ ദൃഷ്ടിപഥത്തിൽ ആ സാധുവിനെ കാണുവാനിടയായി. ആ വങ്കപ്രഭു ഭൂതദയയില്ലാതെ അയാളെ പിടിച്ചു പലേവിധത്തിലും പീഡിപ്പിച്ചിട്ടു കൺമുന്നിൽനിന്നു മിന്നൽവേഗത്തിൽ പായുവാനായി ആജ്ഞാപിച്ചു. അവിടന്ന് ആ ദുർഭാഗ്യൻ നടന്നു നടന്ന് തലേന്നു രാത്രിയെത്തിയതാണ് ഈ

പട്ടണത്തിൽ. തനിക്കു യാതൊരു സഹായികളും ഇല്ലെന്നും കയറിക്കിടക്കാൻ ഒരു സ്ഥലംകൂടി ആരും അനുവദിച്ചുതരുന്നില്ലെന്നും ആ പാവം ആവലാതിപ്പെട്ടു.

ഈ ചരിത്രം ആകെ എന്നെ പുളകിതനാക്കി; എന്റെ നാഡികൾ തളൎന്നുപോയി. ഉടനെ അയാളെ കൂട്ടിക്കൊണ്ടുപോയി കുറെ കാപ്പിയും പലഹാരങ്ങളും വാങ്ങിക്കൊടുത്തു ഞാൻ എന്റെ അറയിൽ കൊണ്ടു് ആക്കിയിട്ടേ വീണ്ടും പണിസ്ഥലത്തേയ്ക്കു പോയുള്ളു. ആ ഭൎത്താവുമായുണ്ടായ സംഭാഷണത്തിൽനിന്നു വിവാഹവേളയിൽ വധു ഇടുവിച്ചിട്ടുള്ള മോതിരം അയാളുടെ കയ്യിലുണ്ടെന്നു് എനിക്കു ഗ്രഹിപ്പാനിടയായി. മോതിരം ഞാൻ വാങ്ങിവെച്ചു.

അതിഥിക്കു വേണ്ടതായ ആഹാരാദിസൌകൎയ്യങ്ങൾ ശരിപ്പെടുത്തി അയാളെ ഞാൻ എന്റെ കൂടെതന്നെ താമസിപ്പിച്ചു. അന്നത്തെ മെയിൽവണ്ടിയിൽ ഞാൻ പാടരങ്കത്തേയ്ക്കു പുറപ്പെട്ടു. അവിടെ ചെന്നു മേണ്ടോരായ യജമാനനെ കണ്ടു 'എനിക്കു വേലയില്ല, ഒരു വേല വേണ'മെന്നാവശ്യപ്പെട്ടു. അയാൾ ജാതിയിലാരാണെന്നു ചോദിച്ചതിന്നു യഥാൎത്ഥം മറച്ചുവെച്ചു ഞാൻ കൊല്ലൻ ആണെന്നു് അറിയിച്ചു. ആ തോട്ടത്തിൽ നമ്മുടെ മലയാളത്തിലെപോലെ ജാതിഭേദം ഉണ്ടായിരുന്നു. നായൎക്കും, തിയ്യനും മററു ജാതികൾക്കും താമസത്തിന്നു വേറെവേറെ സ്ഥലങ്ങളാണു നിശ്ചയിച്ചിരുന്നതു്. അയാൾ എന്നെ പണിയ്ക്കെടുത്തു; കൊല്ലൻ വകുപ്പിൽ വേറെ ആരും ഇല്ലായ്കയാൽ നായർ തെരുവിന്നു് അടുത്തുതന്നെ താമസിക്കാൻ സ്ഥല

വും അനുവദിച്ചുതന്നു. അവിടെയന്നു 'കാട്ടൂർ'ക്കാരൻ ഒരു തട്ടാൻ രാമൻ മേണ്ടോരുടെ വീട്ടുകാക്ക് ആഭരണങ്ങറം പണിയുന്നുണ്ടായിരുന്നു. അയാളോടല്ലാതെ ഞാൻ മററാരോടും സംഭാഷണം ചെയ്തിരുന്നില്ല.

ഇതിനിടയിൽ എൻെറ ഉദ്ദേശനിവൃത്തിക്കായി ഞാൻ പലേ മാർഗ്ഗങ്ങളും തേടാതിരുന്നില്ല. തോട്ടത്തിൽ ചെന്നു ചേൎന്നതിൻെറ അഞ്ചാംദിവസം ഏതൊരു ആളുടെ പരിത്രാണത്തെ ഞാൻ ലക്ഷ്യമാക്കിയിരുന്നോ, ആ സ്ത്രീയെ ഗൂഢമായി കണ്ടു് എനിക്കു സംസാരിക്കാനിടയായി. അടയാളമോതിരം കാട്ടി ഞാൻ സ്ത്രീയെ വിശ്വസിപ്പിച്ചു. അന്നത്തെ രാത്രി തോട്ടംവിട്ടു പുറത്തു പോകുവാൻ കാലേക്കൂട്ടി ഒരുങ്ങേണമെന്നും ആ സ്ത്രീയെ ധരിപ്പിച്ചു. പുറത്തു പോയി ചുററിനടന്നു ഞാൻ കാവൽക്കാരില്ലാത്ത ഒരു ബഹിർമാർഗ്ഗം നിശ്ചയപ്പെടുത്തി. രാത്രിയായപ്പോറം കാലെ ഭക്ഷണവും കഴിഞ്ഞു യാത്രയ്ക്കൊരുങ്ങി. പത്തരമണിയോടുകൂടെ തോട്ടത്തിലെ ജനത്തിരക്കും കുറഞ്ഞു. എൻെറ അറയിൽനിന്നു് എഴുന്നേററു ഞാൻ പുറത്തുവന്നു; അക്ഷമനായി കണ്ണുമറിക്കാതെ ആ സ്ത്രീയെത്തന്നെ പ്രതീക്ഷിച്ചുകൊണ്ടു നില്പായി. അധികനേരം ഞാൻ കാത്തുനില്ക്കേണ്ടി വന്നില്ല. കാൽ മണിക്കൂറിനുള്ളിൽ ആ സ്ത്രീയും എൻെറ അടുക്കൽ വന്നു.

സമയം കളയാതെ ഞങ്ങറം കാലേക്കൂട്ടി നിശ്ചയിച്ചിരുന്ന മാർഗ്ഗത്തിൽക്കൂടെ തോട്ടത്തിൽനിന്നു പുറത്തുചാടി. എൻെറ പ്രിയസഹോദരി എന്ന മാതിരി ആ സ്ത്രീയേയും കൂട്ടിക്കൊണ്ടു ഞാൻ അദ്ധരാത്രിയിൽ കാട്ടുപാതയിൽക്കൂടെ

നേരം പുലരുന്നതുവരെ യാത്രചെയ്തു. സൂര്യോദയത്തിനു ശേഷം അടുത്തുള്ള റയിൽവെ സ്റ്റേഷനിൽ ചെന്നു കപാലാലമ്പൂക്കു വണ്ടികയറി. നാലരമണിക്കു ഞങ്ങൾ നിർദ്ദിഷ്ടസ്ഥലത്തെത്തി. ആ സഹോദരിയേയും കൂട്ടിക്കൊണ്ടു ഞാൻ സ്വന്തം വസതിയിലേയ്ക്കു പോയി, അവിടെ ഉണ്ടായിരുന്ന അവരുടെ ഭർത്താവിനെ പ്രീതനാക്കി. ദമ്പതിമാർക്കു താമസത്തിനു വേണ്ട സൌകര്യവും ചെയ്തുകൊടുത്തു. താമസിയാതെതന്നെ അയാളെ എനിക്കു പണിയുള്ള കമ്പനിയിൽത്തന്നെ ഒരു ആപ്പീസ്സുവേലയിൽ പ്രവേശിപ്പിക്കുവാൻ എനിക്കു സാധിച്ചു. അങ്ങിനെ കുറെ നാൾ കഴിഞ്ഞതിനുശേഷം എന്നെ കമ്പനിയുടെ ഹെഡ് ആപ്പീസ്സായ 'സെറമ്പാനി'ലേക്കു സ്ഥലം മാററി. 1919 ഫെബ്രുവരി 1-ാംനു- മുതൽ എനിക്കു പ്രവൃത്തിമൂലം സെറമ്പാനിൽ താമസിക്കേണ്ടിവന്നു.

സെറമ്പാനിൽ താമസിച്ചുകൊണ്ടുവരവേ പണ്ടത്തെ എസ്റ്റേയിററുമേണ്ടോർ എന്നെ പലവിധത്തിലും ദ്രോഹിപ്പാൻ ഒരുമ്പെട്ടു. പക്ഷേ അയാളുടെ ചതിപ്രയോഗങ്ങളിൽപെടാതെ ഞാനും ആവുംവിധം അയാളേയും ദ്രോഹിക്കാൻ തുടങ്ങി. ഇങ്ങിനെ പരസ്പരം സമരം ചെയ്തുവരുന്ന കാലത്തു് ഒരു ദിവസം വിശേഷവിധിയായ ഒരു സംഗതിയുണ്ടായി. 'ബത്തംബിനാർ' തോട്ടത്തിൽ ഭാര്യാസമേതനായി ഒരു കുടുംബസ്ഥൻ താമസിച്ചിരുന്നു. ഭാര്യ രണ്ടു പ്രസവിച്ചെങ്കിലും ആ കോമളാംഗിയുടെ അനിതരസാധാരണമായ രൂപലാവണ്യം പ്രശോഭിച്ചുകൊണ്ടുവന്നതല്ലാതെ അതിന്നു് ഒരു കുറവും ഏററിരുന്നില്ല. തോട്ടം മേ

ണ്ടോർക്ക ആ മോഹനാംഗിയെ അപഹരിച്ച് അവളുമായി രതികേളിവിലാസം അനുഭവിക്കാതെ യാതൊരു സുഖവും ഇല്ലെന്നായി. മേണ്ടോർ പല പല സൂത്രങ്ങാം പഴയതും പുതിയതുമായി പ്രയോഗിച്ചിട്ടും ആ സാദ്ധ്വീരത്നത്തിൻെറ അടുക്കലെത്തുവാൻ അയാഠംക്ക കഴിഞ്ഞില്ല. തൻെറ അനുരാഗം ദേഹത്തിലുള്ള എഴുപത്തിരായിരം നാഡിതന്തുക്കളിലും സപ്തധാതുക്കളിലും തിങ്ങിവിങ്ങി കുറേശ്ശെ പുറത്തേയ്ക്കും ഗമിച്ചുതുടങ്ങി. അവസാനമായി അയാഠം കണ്ടെത്തിയ ആശാസാധനതന്ത്രം കുറെ മമ്മകഠോരമായിരുന്നു. ആ പതിവ്രതയുടെ സ്വന്തം ഭത്താവിനെ ഉപദ്രവിച്ച് എവിടെയെങ്കിലും ഓടിച്ചുകളഞ്ഞാൽ തൻെറ ആ ഹൃദയനായികയെ കരസ്ഥമാക്കാമെന്നു ധരിച്ചു മേണ്ടോർ അതിനുള്ള ഒരുക്കങ്ങഠം ചെയ്തുതുടങ്ങി.

ഒടുവിൽ അതു കേസ്സിലായി. ആ കേസ്സു സെറമ്പാൻ 'സെഞ്ചിദൊര' ആപ്പീസ്സിൽവെച്ചു തീക്കേണ്ടതായി വന്നു. ആ സന്ദർഭത്തിൽ മേണ്ടോർ, സെഞ്ചിദൊര ആപ്പീസ്സുക്ലാക്കിനെ ആയിരമോ, രണ്ടായിരമോ കൊടുത്തു വശത്താക്കി. സ്ത്രീയ്ക്കു മലായിയും, ഇംഗ്ലീഷും അറിവില്ലായ്കയാൽ സെഞ്ചിദൊരയോടു സംസാരിപ്പാൻ ക്ലാക്കിൻെറ സഹായം വേണ്ടിവന്നു. സ്ത്രീ സംസാരിക്കുന്ന യഥാത്ഥങ്ങളെ നേരെമറിച്ചു, മേണ്ടോക്ക അധീനനായി പണം മോഹിച്ചു ക്ലാക്ക സെഞ്ചിദൊരയെ ബോധിപ്പിച്ചു. മേണ്ടോരുടെകൂടെ ഇരിക്കാനാണു സ്ത്രീയുടെ ഇഷ്ടം എന്നു ക്ലാക്ക പച്ചക്കള്ളമായി ദൊരയെ അറിയിച്ചു. ദൊര യഥാത്ഥമറിയാതെ മൂത്ത കുട്ടിയെ ഭത്താവിന്നു കൊടുക്കവാനും

എളയകുട്ടിയോടുകൂടെ ഭാൎയ്യ മേണ്ടോരുടെ വസതിയിലേയ്ക്കു പോകുവാനുമായി ആജ്ഞാപിച്ചു. അപ്പോഴത്തെ ആ ദമ്പതിമാരുടെ വിരഹവേദനയാലുള്ള ദീനരോദനം കേട്ടാൽ ഏതു കല്ലും തകൎന്നുപോകുമായിരുന്നു വിവരമറിഞ്ഞു സഹിക്കവെയ്യാതെ ഞാൻ സെഞ്ചിദൊരആപ്പീസ്സിലേക്കു ചെന്നു. ശിപായിമാരും, ക്ലാൎക്കുമാരും വന്ന് എന്നെ ബലമായി തടഞ്ഞു നിറുത്തി. പക്ഷേ ഞാൻ നില്ക്കുന്ന സ്ഥലത്തുനിന്ന് ഉറക്കെ പറഞ്ഞാൽ ദൊരയ്ക്കു കേൾക്കാമായിരുന്നു. ദൊര കേൾക്കത്തക്ക ഉച്ചത്തിൽ ഞാൻ ഗൃമസ്ഥൻെറ വഞ്ചനകഥ വിളിച്ചുപറഞ്ഞുതുടങ്ങി. സെഞ്ചിദൊര എൻെറ വാക്കുകൾ കേട്ടു തല ഉയൎത്തി നോക്കി എന്നെ വിളിച്ചു. ദൊരക്കു ദുൎദമമായ ദേഷ്യം വന്നു; ക്ലാൎക്കിനെ വിളിച്ചു വിസ്തരിച്ചു തുടങ്ങി. അയാൾ യഥാൎത്ഥം വീണ്ടും മറച്ചു സംസാരിപ്പാൻ മുതിൎന്നു. അപ്പോൾ ഞാൻ ആ സ്ത്രീയേയും അവളുടെ ഭൎത്താവിനേയും വിസ്താരസ്ഥലത്തേക്കു വരുത്തി. ദൊരയുടെ മുന്നിൽ വന്നുനിന്ന്, ആ സാധുക്കൾ ഇടതൊണ്ടപൊട്ടുന്നതുപോലെ മുറയിടുവാനും തുടങ്ങി. ഇതു കണ്ടു ദൊര യഥാൎത്ഥമറിഞ്ഞു തൻെറ ഭൎത്താവിൻെറകൂടെ സ്ത്രീയോടു പോകുവാൻ ആജ്ഞാപിച്ചു. ആപ്പീസ്സുക്ലാൎക്കിന്ന് ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ അവിടന്നു പണി വിട്ടു പോകാൻ ഉത്തരവും കൊടുത്തു. അനന്തരം ആ സാധുവൃദ്ധൻ 'ബെത്തംബിനാർ'തോട്ടത്തിലെ മാനേജൎക്കു എന്തോ എഴുതി പ്യൂണിൻെറ കയ്യിൽ കൊടുത്തയച്ചു. ഒരു മാസം കഴിഞ്ഞതോടെ മേണ്ടോർ തോട്ടത്തിൽനിന്നു പുറത്താക്കപ്പെട്ടു. ഇങ്ങിനെ സെറമ്പാനിൽ വെച്ചുതന്നെ പലേ സാധുക്കളുടെ രക്ഷയ്ക്കായും എനിക്കു

പലരോടും ദ്വന്ദ്വയുദ്ധംകൂടി ചെയ്യേണ്ടിവന്നിട്ടുണ്ട്. ഇതു മൂലം അനേകം ജനങ്ങൾക്ക ഞാൻ പരിചിതനാകാനും ഇടവന്നു. അതുമുതൽക്ക ജനങ്ങൾ എൻെറ പേരോടുകൂടെ ആ നഗരപ്പേരും കൂട്ടിച്ചേർത്ത് 'സെറമ്പാൻ ശങ്കരൻ' എന്ന് എന്നെ വിളിച്ചുവന്നു.

1920 ജനവരി 5-ാംനു- എന്നെ സിങ്കപ്പൂരിലേക്ക സ്ഥലം മാററി. സിങ്കപ്പൂര ആപ്പീസ്സുവേല ബഹു കഷ്ട മായി തോന്നുകയാൽ ഞാൻ ആ മാസത്തിൽതന്നെ അവിടന്നു പണിവിട്ടു പോന്നു. എസ്സസ്സിലെ കൂലിക്കാരുടെ നന്മക്കായി പലേപ്രകാരത്തിലും പിന്നീടു ഞാൻ പരിശ്രമിച്ചുതുടങ്ങി. സിങ്കപ്പൂരിൽ കൂലിക്കാരെ വെച്ചു പണിയെടുപ്പിക്കുന്നവക്ക സ്രാങ്കൻമാർ എന്നാണു പേർ വിളിച്ചുവരുന്നത്. അവരുടെ അടുക്കൽ ഒരുവന്നു കൂലിവേല കിട്ടേണമെങ്കിൽ ഇരുപതു, മുപ്പതു വെള്ളി അവക്ക സംഭാവന കൊടുക്കണം. സ്രാങ്കൻ ഒരു വീടു വാടകയ്ക്കു വാങ്ങിച്ചിട്ടുണ്ടെങ്കിൽ വേലക്കാർ മുഴുവൻ അവിടെ താമസിക്കണം. അതിന്നു വിരോധമുള്ളവക്ക പണികൊടുക്കയില്ല. കൂലിക്കാക്ക വേണ്ടതായ ആഹാരാദിസമ്പാദനം സ്രാങ്കൻ മുഖേനയേ പാടുള്ളു. ഒന്നിന് ഒൻപതു് എന്നു കണക്കാക്കുകയാണു സ്രാങ്കന്മാരുടെ പതിവു്. സ്രാങ്കൻെറ കണക്കും കൂലിക്കാരൻെറ ശമ്പളവും മാസാന്ത്യത്തിൽ ശരാശരിയായിരിക്കും. എവിടെ നോക്കിയാലും എഫ്. എം. എസ്സിലെ കൂലിക്കാർ തലപൊക്കി നിന്നതായി കണ്ടിട്ടില്ല. സിങ്കപ്പൂരിൽ എൻെറ അറിവിൽ കുവുന്തോട്ടിക്കണ്ണൻ എന്ന ഒരുവനുണ്ടായിരുന്നു. അയാൾക്ക പലവിധമായ രോഗങ്ങൾ പിടിപെട്ടു സംസാരിക്കാൻ കഴിയാതെയായി. സാ

മാന്യം ഭേദപ്പെട്ട നിലയിലുള്ള മലയാളികളുടെ അടുക്കൽ പോയി ആണ്ടു പിച്ചവാങ്ങിച്ചു് അവൻ ഇരുനൂറു വെള്ളി സമ്പാദിച്ചതു്. അതു വിശ്വാസയോഗ്യനായ അവിടുത്തെ ഒരു സ്രാങ്കന്റെ കയ്യിൽകൊടുത്തു തന്റെ രാജ്യത്തേക്കു് അയച്ചു കൊടുക്കാൻ ശട്ടംചെയ്തു. എന്നാൽ നാട്ടിലെത്തി അനവധി കത്തുകൾ അയച്ചിട്ടും ആ പരമദ്രോഹി ഒരു ദമ്പിടിയെങ്കിലും ആ സാധുവിനു മരിക്കുന്നതുവരെ അയച്ചുകൊടുത്തില്ലെന്ന സംഗതി ഇട്ടിക്കിൽ എല്ലാവക്കും അറിവുള്ളതാകുന്നു. ആൾ മരിച്ചതിനു ശേഷം ഇവിടെ ആളുകൾ ബഹളം കൂട്ടിയപ്പോൾ കുറച്ചു കാശുമാത്രം അയാളുടെ മക്കൾക്കു് അയച്ചുകൊടുത്തുവത്രെ. ഇത്തരത്തിൽ എത്രയോ അനീതികളാകുന്നു ഇന്നാട്ടിലെ സ്രാങ്കന്മാർ ചെയ്തുവരുന്നതു്. സ്രാങ്കന്മാരിൽ ചിലർ ഹോട്ടലുകളും പലചരക്കുകടകളും നടത്തിവരാറുണ്ടു്. അതു കൂലിക്കാരുടെ ചോറുപിഴിഞ്ഞു കുടിക്കുവാനാണെന്നു പ്രത്യേകം പറഞ്ഞറിയിക്കേണമെന്നില്ലല്ലോ. എത്ര പഴകിയ സാമാനങ്ങളായാലും കൂലിക്കാർ ആ സാമാനങ്ങൾ വാങ്ങിക്കൊണ്ടുപോയി ഉപയോഗിച്ചേ തീരു. നല്ല സാമാനങ്ങൾ വില്ക്കുന്ന സ്ഥലത്തേക്കു് എത്തിനോക്കാനുംകൂടെ അവക്കു നിവൃത്തിയില്ല. അങ്ങിനെ ആരെങ്കിലുമൊരുത്തൻ ചെയ്തെങ്കിൽ അവന്റെ കാര്യങ്ങൾ പിന്നീടു ബഹുകഷ്ടത്തിലായി. ഇങ്ങിനെയുള്ള പരമസങ്കടം കണ്ടും കേട്ടും സഹിക്കവെയ്യാതെ ഞാൻ, എന്റെ ജീവനെ ബലിചെയ്തിട്ടെങ്കിലും ഒരു നിവാരണമാൎഗ്ഗം ഉണ്ടാക്കണമെന്നു കരുതി; ഊണും ഉറക്കവുമില്ലാതെ യത്നിച്ചിട്ടും ഒരു ഫലവുമുണ്ടായില്ല. പ്രായേണ

എന്തെങ്കിലുമാകട്ടെ എന്നു മൌനവ്രതരായിരിക്കുന്നവരാണു സിങ്കപ്പൂരിലെ മലയാളികൾ. സഹിക്കവെയ്യാതെ വല്ലതും കാണുമ്പോൾ അവർ വല്ല മലയാളക്കരയിലെ പത്രങ്ങളിലേയ്ക്കോ മറേറാ ഒരു ലേഖനം എഴുതി അയച്ചു എന്നുവരാം. അതു സിങ്കപ്പൂരിൽ ആരറിയുവാനാണ്! ദുർല്ലഭം ചിലർ എങ്ങാനും ഒരുപക്ഷേ അറിയുവാനിടവന്നെങ്കിലായി.

ഇതുകൊണ്ടായില്ല, ദേശാഭിമാനമോ, ജാത്യാഭിമാനമോ ഉള്ള മലയാളികൾ എഫ്. എം. എസ്സിൽ ഉണ്ടെങ്കിൽ സ്വീയജനരക്ഷയെ ചൊല്ലി ഒരു "മലയാളിസംഘം" സ്വരൂപപ്പെടുത്തുവാൻ അരയും തലയും മുറുക്കി ത്യാഗശീലരായി പുറത്തിറങ്ങിയേ തീരു. വീടുകൾതോറും നടന്നു സംഘടനാഗുണകഥനം ചെയ്യണം. പക്ഷേ, ഇതിനു സമയവും താല്പൎയ്യവുമുള്ള യുവാക്കന്മാർ അധികമുണ്ടോ എന്നറിയുന്നില്ല. എൻെറ നിരന്തരമായ പരിശ്രമം സ്രാങ്കന്മാക്കു സഹിക്കുന്നില്ല. സ്രാങ്കന്മാരുടെ പക്ഷത്തിൽ പെടുത്താൻ സാധിക്കാത്തതിനാൽ എന്നെ ഏതു പ്രകാരത്തിലെങ്കിലും അവക്കു ഹിംസിച്ചു കളയേണമെന്നായിട്ടുണ്ട്. സാധുക്കളായ കൂലിക്കാരുടെ പണം തട്ടിയെടുക്കുവാനുള്ള പഠിപ്പല്ലാതെ മററുവിധം സുബോധമൊന്നും അജ്ജനങ്ങൾക്കു കാണില്ല. അന്ധവിശ്വാസത്തിൻെറ പെരുമയാൽ ഒരിക്കൽ എന്നെ മന്ത്രവാദം കൊണ്ടു കൊല്ലിക്കേണമെന്ന് അവർ തീൎച്ചയാക്കി. പക്ഷേ, പട്ടണനിവാസികളായ മാന്ത്രികന്മാക്കു മന്ത്രം അങ്ങാടിമരുന്നോ പറിമരുന്നോ എന്നു അറിഞ്ഞുകൂട. അവരുടെ മന്ത്രതന്ത്രങ്ങളു

ടെ മഹിമ കണ്ടുപിടിക്കേണമെങ്കിൽ കുറെ വിവരമുള്ളവ ക്കല്ലാതെ കഴികയില്ല. തമിഴരുടെ ഇടയിൽ കേരളീയമന്ത്രവാദത്തെ കുറിച്ചു വളരെ ഭയമാണത്രെ. പട്ടണത്തിലുള്ള മാന്ത്രികന്മാക്കു കാൎയ്യമായി മന്ത്രമൊന്നും അറിഞ്ഞുകൂട. എങ്കിലും ഒരുവിധം പൊടിക്കൈക്കൾകൊണ്ടു വലിയ മാന്ത്രികൻ, സ്വാമിയാർ എന്നൊക്കെ അക്കൂട്ടർ പേരും പെരുമയും സമ്പാദിക്കാറുണ്ട്. നാട്ടുകോട്ടചെട്ടിമാക്കു മന്ത്രത്തിൽ ബഹുവിശ്വാസമാണു്. അവർ ആയിരക്കണക്കിൽ ഈ പച്ചഭ്രാന്തിനു പണം ചെലവു ചെയ്തു വരുന്നു. ഒരു മാന്ത്രികൻ ചെട്ടിയുടെ മകനാണു ഭഗവാൻ സുബ്രഹ്മണ്യനെന്നു മന്ത്രമുഖേന ചെട്ടിമാരെ ചൊല്ലി കേൾപ്പിക്കയാൽ, അവർ ഒരുവനെ പൂജിച്ചു കുറെ പണം കൊടുക്കയുണ്ടായത്രെ. മാന്ത്രികനെന്ന പേരിനും പെരുമക്കും അട്ടിക്കുകളിൽ വല്ല കുറെ അക്ഷരശ്ലോകങ്ങളുടെ മുറിയും മുക്കാലും വശമാക്കിയാൽ മതി.

രോഗശയ്യയിൽ കിടന്ന ഒരു തമിഴസ്ത്രീയുടെ രോഗത്തെ മന്ത്രംകൊണ്ടു സുഖപ്പെടുത്തുവാൻ വേണ്ടി ഒരു മാന്ത്രികൻ ഒരു നാൾ ഒരു വീട്ടിൽ ചെന്നിരുന്നു. ആ അവസരത്തിൽ ഏതോ കാരണവശാൽ ഞാനും അവിടെ ഉണ്ടാകുവാനിടയായി. മാന്ത്രികൻ എന്തോ ചില ഒരുക്കുകൾ കൂട്ടി തോരണാലംകൃതമായ ഒരു മണയിൽ ഇരുന്നു. മുൻപുറത്തു മറെറാരു മണയിന്മേൽ ആ രോഗിനിയേയും കൊണ്ടുവന്നിരുത്തിയിട്ടുണ്ടായിരുന്നു. മാന്ത്രികനു് എന്നെ പരിചയമുണ്ടായിരുന്നില്ല. ഞാനും ഒരു തമിഴനാണെന്നേ അയാൾ ധരിച്ചുള്ളു. മാന്ത്രികൻ അവിടെ പലവിധമായ പാകിട്ടുകളും കാട്ടിത്തുടങ്ങി. അവ ഇന്നവിധത്തിലാ

ണെന്നു പറഞ്ഞൊപ്പിക്കാൻ പ്രയാസം. ഊത്തും ജപങ്ങളും അവയുടെ പരമകാഷ്ഠയിൽ എത്തിയ ഉടൻ അയാൾ കലികൊണ്ടു് എഴുന്നേറ്റു; തുള്ളിച്ചാടി ഘോരമായ അട്ടഹാസവും മുഴക്കി. തമിഴന്മാരെല്ലാം തൊഴുകയ്യായി നിന്നും, സ്വാമിയാരുടെ പാദത്തിൽ കുമ്പിട്ടും സ്തുതി പാടിത്തുടങ്ങി. ഇത്തരമാണു തമിഴരെ മയക്കുന്ന മന്ത്രപ്രയോഗങ്ങൾ. ഏതാദൃശനായ ഒരു മാന്ത്രികനെക്കൊണ്ടു് എ എന്നെ സംഹരിപ്പിക്കാൻ സ്രാങ്കന്മാർ നൂറോ ഇരുനൂറോ കരാർ ചെയ്കയുണ്ടായി. ഈ സംഭവം യാദൃച്ഛികമായി അറിവാനിടയായ ഞാൻ മാന്ത്രികൻ്റെ വീട്ടിലേയ്ക്കു ചെന്നു. അയാൾ പുറത്തെങ്ങും ഉണ്ടായിരുന്നില്ല. വീട്ടിനുള്ളിൽ ഒരു അറയ്ക്കകത്തിരുന്നു് എന്തോ പ്രവൃത്തിക്കുകയായിരുന്നു. ഞാൻ അകത്തേയ്ക്കു പ്രവേശിച്ചു. അപ്പോൾ അവിടെ കണ്ട കാഴ്ചകൾ ബഹുവിനോദകരമെന്നേ പറയാവൂ. അരിമാവും മഞ്ഞപ്പൊടിയുംകൊണ്ടു് അഞ്ചാറടി നീളത്തിൽ ഉള്ള ഒരു ഘോരരൂപത്തെ ചമയിച്ചുവെച്ചിട്ടുണ്ടു്. അതിൻ്റെ ഓരോ അംഗങ്ങളിലും ഇലക്കഷണങ്ങളും പുഷ്പങ്ങളും നിരക്കെ കലർത്തി, ആ ഇലകളിൽ അനേകം തിരികൾ കൊളുത്തിവെച്ചിരിക്കുന്നു. അടുത്തു് ഒരു പാത്രത്തിൽ ചുകപ്പുവർണ്ണമായ ജലവും, കാൽ രണ്ടും കൂട്ടിക്കെട്ടിയ ഒരു കോഴിയും, ചില പലഹാരങ്ങളും, നെൽപൊരി, വാഴപ്പഴങ്ങൾ, നാളികേരം, ഇളന്നീർ, ചാരായം തുടങ്ങി പുഴുക്കും പൊരിയലുകളുമായി അനേകം സാമാനങ്ങളും ഒരുക്കിവെച്ചിട്ടുണ്ടായിരുന്നു. ഈ പ്രയോജനശൂന്യമായ കാഴ്ച കുറേ നേരം നിന്നു നോക്കിക്കണ്ടു. അധികനേരം അങ്ങിനെ നില്പാൻ എൻ്റെ മനസ്സു് അനുവദിക്കായ്കയാൽ

ഞാൻ ആ പൂശാരിയുടെ മുൻഭാഗത്തുചെന്നു. അയാളുടെ സങ്കല്പലബ്ധമായ സ്വാമിവിഗ്രഹത്തെ എടുത്തു തലകീഴാക്കിപ്പിടിച്ച്, എൻെറ ബലം മുഴവൻ പ്രയോഗിച്ചു നിലത്തുകുത്തി. പക്ഷേ ആ വിഗ്രഹത്തിന്നു യാതൊരു ഊനവും സംഭവിച്ചില്ല. അത് ഉടയാത്ത എന്തോ ലോഹംകൊണ്ടു നിമ്മിച്ചതായിരുന്നു. ഭയത്താലെ ഹൃദയസ്തംഭം നേരിട്ടു വല്ലപ്പോഴും വല്ലവരും അപമൃത്യുവടഞ്ഞുവെന്നു വരാം. അല്ലാതെ മന്ത്രജന്യമായ ഭൂതാഗമനംകൊണ്ടു ഒരുവക്കും അങ്ങനെ ഒരു ദുരനുഭവം വന്നു സംഭവിപ്പാൻ ന്യായമില്ല. ആ വിപുലമായ എൻെറ മനോധൈൎയ്യത്താൽ അയാളുടെ പൂജാപ്രതിമയെ അങ്ങിനെ അവഹേളിക്കുവാനാണ് എനിയ്ക്കു് അപ്പോൾ തോന്നിയത്. വിഗ്രഹാരാധനക്കാക്ക് ഇതിൽ എന്നോടു നീരസപ്പെടുവാൻ അവകാശമുണ്ടായേക്കാം. പക്ഷെ, കാലദൈൎഘ്യംകൂടാതെ ആ വക വിശ്വാസമൊക്കെ അടിസ്ഥാനശൂന്യമാണെന്ന ബോധം അവക്കുദിക്കാതിരിക്കയില്ല. അവിടെ സ്വാമി ഭക്ഷണത്തിന് ഒരുക്കിവെച്ചിരുന്ന സാമാനങ്ങളെ ഞാൻ കാൽകൊണ്ടു ചവുട്ടിത്തേച്ചു കളഞ്ഞു. ആ രക്തവൎണ്ണജലമെടുത്തു പൂജക്കാരൻെറ തലയിൽക്കൂടെയൊഴിച്ച് അയാളെ കുളിപ്പിച്ചപ്പോൾ 'എന്തോ ആ ജലത്തിൻെറ വിജ്ഞാനമഹിമകൊണ്ടായിരിക്കാം അയാൾക്കു കുറെ സുബോധമുണ്ടായപോലെ മൎയ്യാദയോടും താഴ്മയോടും കൂടി സംസാരിപ്പാൻ തുടങ്ങി. "ഇനിമേൽ ഞാനിപ്രവൃത്തി ചെയ്കയില്ല. ഇന്നത്തോടെ ഇത് അവസാനിപ്പിച്ചിരിക്കുന്നു. ചെയ്തകുററത്തിനു ഞാൻ ക്ഷമായാചനം ചെയ്യുന്നു." ഇത്തരം പ്രലപനങ്ങളെക്കൊണ്ട് എൻെറ തി

വ്യകോപത്തെയാററി എന്നെ അയാഠം ഒരുവിധം ശാന്തനാക്കി. അയാളുടെ മാന്ത്രികമായ ഓലക്കെട്ടുകഠം എടുത്തു ഞാൻ തീയ്യിൽ ഇട്ടു ചുട്ടു ഭസ്മമാക്കി. ആ സ്വാമി പ്രതിമയുംകൊണ്ടു പിന്നെ ഞാൻ വീട്ടിലേയ്ക്കു തിരിച്ചു.

9

1922 ജൂൺ 15-ാം തിയതി എസ്സെക്സിൽനിന്നു ഞാൻ സിലോണിലേയ്ക്കു പുറപ്പെട്ടു. 6-ാം ദിവസം കാലത്തു കപ്പൽ കൊളമ്പു ഹാർബറിൽ പ്രവേശിച്ചു. കപ്പലിൽനിന്നു് മോട്ടോർബോട്ടു മാൎഗ്ഗമായി ചരിത്രപ്രസിദ്ധമായ കൊളമ്പു പട്ടണത്തിൽ ചെന്നിറങ്ങി. പ്രശസ്തിയും പെരുമയും തികഞ്ഞ സ്ഥൂലോന്നതങ്ങളായ കമ്പനികഠം, ആംഗ്ലേയ ഷാപ്പുകഠം, അംബരചുംബികളായ ബാങ്കെട്ടപ്പുകഠം, വെള്ളക്കാരുടെ വലിയ ഹോട്ടലുകഠം, രമണീയങ്ങളായ രാജമന്ദിരങ്ങഠം, കൗൺസിൽമാരുടെ കാൎയ്യാലയങ്ങഠം, നിറപ്പകിട്ടുള്ള പൂങ്കാവനങ്ങഠം, വിക്ടോറിയാ മഹാറാണിയുടെ വിസ്മയാവഹമായ പ്രതിമ. പച്ചപ്പുൽപരവതാനിയണിഞ്ഞ ഗാഠഫേസ് കടൽക്കരമൈതാനം, ആ മൈതാനത്തിനു മദ്ധ്യത്തിലായി കാണുന്ന സൈന്യകമന്ദിരങ്ങഠം, സമുദ്രാഭിമുഖമായി നിരക്കെ നിൎത്തിയിട്ടുള്ള ഭയങ്കരങ്ങളായ പീരങ്കികഠം, ആശ്ചര്യാവഹമായ തൎമരക്കുളം പാലം, ലോകമഹായുദ്ധത്തിൽ മൃതരായ

വരുടെ സ്മാരകമായി നിമ്മിക്കപ്പെട്ടിട്ടുള്ള ശിലാസ്തംഭം, ശ്രേഷ്ഠമായ "കൊളോനിയൽ ക്ലബ്ബ്", ഗാഠംഫേസ്സ് ഹോട്ടൽ, പലകാലങ്ങളിലായി സിലോണിൽ കുടിയേറി പാത്തിട്ടുള്ള തൊണ്ണൂററിരണ്ടു സമുദായകച്ചവടകേന്ദ്രസരണികഠം, ഇങ്ങനെയുള്ള കാഴ്ചകഠം തിങ്ങിയ കൊളമ്പു പോർട്ടു സന്ദശകഹൃദയങ്ങളെ നവാഹ്ളാദനിർവൃതിയിൽ നിമഗ്നരാക്കാതിരിക്കയില്ല. പലതരം പരിഷ്ക്കാരവൈചിത്ര്യങ്ങളും കണ്ടു വിസ്മയസ്തിമിതനായി ഞാൻ ഒടുവിൽ നാരായണവിലാസം ഹോട്ടലിൽ കയറി ചെന്നു. ആഹാരം കഴിച്ച് അവിടെ വിശ്രമിച്ചുകൊണ്ടിരിക്കുമ്പോഠം ഒരാഠം എൻെറ അടുത്തുവന്നു സംഭാഷണത്തിനു മുതിൻു. ഞങ്ങഠം അന്യോന്യം ക്ഷണേന പരിചിതരായി. അദ്ദേഹത്തിൻെറ നാമധേയം സി. കെ. വി. ആനന്ദൻ എന്നായിരുന്നു. "കൊളമ്പ്" ആനന്ദഭവനത്തിലെ ഒരംഗമാണദ്ദേഹം. ആ സജ്ജനസഹോദരൻ ഒരു പ്രേഷ്ഠാതിഥിയെന്നോണം എന്നെ സ്ലേവയിലൻറ് കിന്നേഷ് റോഡ് കിവ്ലയിനിലുള്ള അവരുടെ യോഗശാലയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അവിടെയുണ്ടായിരുന്ന ആനന്ദന്മാർ അപരിചിതനായ എന്നെ കണ്ടയുടൻ ആത്മാത്ഥമായി നടത്തിയ സ്വീകരണം എനിയ്ക്കു് അത്യന്തം ഹൃദയംഗമമായിരുന്നു.

അല്പനേരത്തെ പരിചയംകൊണ്ട് എനിക്കവരുടെ പേരിൽ അതിയായ ബഹുമതിയുളവായി. ലോകത്തിൻെറ ഉപരിപ്ലവങ്ങളിൽ ഭ്രമിക്കാതെ ഈ സുഗുണപരിപൂണ്ണരായ ആനന്ദസന്താനങ്ങഠം ഹൃദയനിയന്ത്രണത്തി

ൻെറയും ജ്ഞാനാഭിവൃദ്ധിയുടെയും സൂക്ഷ്മതന്ത്രികളിൽ കൈവിരലുകഠം ചേൎത്തു ഭാവിപൌരന്മാരെ മഹിമയിലേയ്ക്കു വഴികാട്ടുന്നതോൎത്താൽ ആരാണിവരെ പ്രശംസിക്കാതിരിക്കുക!

അന്നത്തെ യോഗനടപടികളിൽ ഞാനും പങ്കുകൊണ്ടു. എം. എം. ആനന്ദൻെറ കാൎയ്യസംപൂൎണ്ണമായ സംഭാഷണവും, ഇ. പി. കെ. ആനന്ദൻെറ ത്യാഗശീലവും സൽസ്വഭാവവും തികഞ്ഞ സാരോപദേശങ്ങളും എന്നെ അളവററു രസിപ്പിച്ചു. നിഷ്കളങ്കഹൃദയനായ ആ സാരോപദേശകൎത്താവു സിലോണിൽ ഉള്ള സമുദായങ്ങളുടെ ദൃഷ്ടിയിൽ ഒരു സുമംഗളധാരിയായിട്ടത്രേ വിളങ്ങിവരുന്നതു്. വിശിഷ്യ, സിലോണിൽ കേരളീയരുടെ വകയായി ആദിയിലുണ്ടായ ആനന്ദസമാജത്തിൻെറ ഒരു ജനയിതാവും ആചാൎയ്യനുമാണദ്ദേഹം. കെ. കെ. ആർ. ആനന്ദൻെറ പുതുതേൻ വൎഷിക്കുന്ന ഉജ്ജ്വലപ്രസംഗം കേട്ടുകൊണ്ടിരിക്കുന്ന സഭാവാസികഠംക്കു് ഒരുവിധം ആനന്ദലഹരിസ്പൎശം ഉണ്ടാകാതെ കഴികയില്ല. വി. ആർ. ആർ. ആനന്ദൻെറ ആനന്ദഗാനവും, മററുള്ള ആനന്ദന്മാരുടെ സോപാനപാരായണവും ഏതു ഹൃദയങ്ങളേയും ദ്രവിപ്പിക്കുവാൻ പോരുന്നവയത്രെ.

യോഗശാലയുടെ നടത്തിപ്പിൽ രാത്രികാലം സ്കൂളും, പ്രതിവാരം ഞായറാഴ്ചകളിൽ എല്ലാ ആനന്ദന്മാരും ഒരുമിച്ചുകൂടി നടത്തുന്ന പ്രസംഗങ്ങളും, ഉപന്യാസവായനകളും, ആനന്ദഗീത, സോപാനം, ഗുരൂപദേശം, ആനന്ദമതപര

സ്യം, ആനന്ദവിമാനം മുതലായ ലഘുലേഖാപാരായണങ്ങളും മാസാന്തരയോഗങ്ങളും ഉൾപ്പെട്ടിരുന്നു.

അന്നത്തെ സിലോൺ ശ്രീ. വിജ്ഞാനോദയയോഗത്തിൽ ചേൎന്നു ഞാൻ കുറെ നാൾ അതിൻെറ കാൎയ്യദൎശിയായിരുന്നിട്ടുണ്ട്. പിന്നീട് ബോമ്പായിൽ കപ്പൽ എഞ്ചിനീയരായിരുന്ന ശ്രീമാൻ കെ. കെ. കുമാരനുമായി പ്രോത്സാഹനമായ പരിചയം സമ്പാദിക്കുവാൻ എനിക്കന്നു തരമായി. 'നാട്ടിക-തൃപ്രയാർ സഹോദരപരിപാലനസംഘം', ചാവക്കാട്ടു യുവജനസമാനം, ഏങ്ങണ്ടിയൂർ യുവജനസമാജം, തിരുവിതാംകൂർ യുവജനസമാജം, സിലോൺ മലയാളിബുദ്ധമതസംഘം, രാമകൃഷ്ണ മിഷ്യൻ, വിവേകാനന്ദ സൊസൈററി മുതലായ സമിതികളിലും, അനേകം ദേശീയസഭകളിലും ഭാഷാപോഷണപരിശീലനസഭകളിലും അംഗമായും അല്ലാതേയും പങ്കെടുത്തു പല പ്രശസ്തസഹോദരന്മാരുടെ സ്നേഹാനുഭാവങ്ങളാൽ അനുഗൃഹീതനാകുവാനും എനിക്കു ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. ഇന്നത്തെ ബുദ്ധസന്യാസി ഭിക്ഷുധൎമ്മസ്കന്ധസ്വാമികൾ അന്നു ബാലരാമൻ വൈദ്യനായിരിക്കുമ്പോൾ ആ വൈദ്യശാലയിൽ താമസിച്ച് അനേകം മലയാളികളുമായി പരിചയപ്പെടാൻ എനിക്കു സാധിച്ചിട്ടുണ്ട്.

സിലോണിലെ പ്രസിദ്ധനായ ആയുൎവ്വേദ ഭിഷഗ്വരനും, ഇൻഡ്യൻ ആയുൎവ്വേദ വകുപ്പിൽനിന്നു നടത്തിയ പരീക്ഷണത്തിൽ ഒരിക്കൽ പ്രശംസനീയമായ കീൎത്തിമുദ്ര ലഭിച്ച മഹാനും, പരോപകാരിയും സമുദായോൽകൎഷത്തിനു നാനാവിധം യത്നിക്കുന്നവനും, 'സിലോൺ മലയാളി'

പത്രത്തിൻെറ ഉടമസ്ഥനും, ത്യാഗശീലനുമായ ശ്രീ. കെ. സി. ആർ. വൈദ്യരവർകളുടെ വ്യക്തിമാഹാത്മ്യം ഒരു മലയാളി എന്ന നിലയിൽ എന്നെ അഭിമാനം കൊള്ളിച്ചു. കൊളമ്പു പട്ടണത്തിലുള്ള മാനനീയവും ഉൽകൃഷ്ടവുമായ പല വിദ്യാലയങ്ങളേയും വിദ്യാൎത്ഥിലോകത്തേയും കണ്ടു് എനിക്കു് ആശ്ചര്യപ്പെടേണ്ടിവന്നു. ലോറൻസു കോളേജിൽ അന്നൊരു വിദ്യാൎത്ഥിയായും ഇപ്പോഠം പി. ആർ. ധമ്മബന്ധുവെന്ന പേരിൽ സുപ്രസിദ്ധനുമായ യുവാവു സന്തോഷപുരസ്സരം സംഭാവന ചെയ്തതായ സിലോൺ ചരിത്രപുസ്തകം ഞാൻ നന്ദിപൂവ്വം സ്വീകരിക്കയുണ്ടായി.

10

സിലോണിൽ ഉള്ളതിലും എത്രയോ കൂടുതൽ കേരളീയർ മലയാനാട്ടിലുണ്ടു്. എന്നാൽ, മലയാനാട്ടിലെ പല വഷത്തെ പരിചയത്തിന്നിടയിൽ എനിക്കു നൂറു പേർ ചേൎന്ന ഒരു കേരളീയസംഘടന കാണുവാൻ സാധിച്ചിട്ടില്ല. സിലോണിലാകട്ടെ, രണ്ടു മാസത്തെ പരിചയത്താൽ ആയിരക്കണക്കിൽ മലയാളികഠം അംഗങ്ങളായിട്ടുള്ള കാൎയ്യാലോചനയോഗങ്ങളും മററും കണ്ടു ഞാൻ വിസ്മയിച്ചുപോയി. ഒരു ദിവസം മരുതാന ടൗൺ ഹാളിൽവെച്ചു മലയാളികളുടെ വകയായി അഡ്വോക്കേററു സത്യവാഗീശ്വരൻ ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു വമ്പി

ച്ച സഭ കൂട്ടുകയുണ്ടായി. യോഗത്തിൽ ഞാനും സംബന്ധിച്ചിരുന്നു. അതു് എസ്. എൻ. ഡി. പി. യോഗമോ, തിരുവിതാംകൂറിലെ നായർ സർവ്വീസു സൊസൈററിയോ എന്നൊക്കെ ഞാൻ സംശയിച്ചുപോയി. നിശാപാഠശാലകളും പ്രതിവാര ഭാഷാപോഷിണി സമിതികളുംകൊണ്ടു കൈരളിയെ ആദരിക്കുന്നവരത്രേ ഭൂരിഭാഗം സിലോൺ മലയാളികൾ. എഫ്. എം. എസ്സിൽ ഉള്ള മലയാളികളിൽ ചിലരാകട്ടെ, തങ്ങളുടെ സഹോദരന്മാരെ കണ്ടാൽ കഴിയുന്നതും മാതൃഭാഷ സംസാരിക്കാതെ, ലൂപുഞ്ഞ, സാപ്പാം, ആപ്പാം, തപെ എന്നിങ്ങനെ മറുഭാഷയെയാണു പ്രണയപ്പെടാറുള്ളതു്. ജപ്പാൻകാർ, ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ, ജർമ്മൻകാർ, ചീനർ, സയാംകാർ, ബംഗാളികൾ, മലയാക്കാർ, തമിഴർ, സിംഹളവർ, അറബികൾ മുതലായവക്കു് അവരുടെ മാതൃഭാഷയിലാകുന്നു അഭിരുചി. എഫ്. എം. എസ്സിലെ മലയാളികൾക്കുമാത്രം തങ്ങളുടെ മാതൃഭാഷയോടു് ഇത്ര വളരെ വെറുപ്പുണ്ടാകുവാനുള്ള കാരണം എന്താണെന്നു വ്യക്തമാകുന്നില്ല. മലയാള നാട്ടുരാജാക്കന്മാർ സ്വഭാഷ പഠിപ്പിക്കുന്ന വിദ്യാശാലകൾക്കു മാത്രമേ ഗ്രാൻറു കൊടുക്കുന്നുള്ളു. ഇന്ത്യയിലും ബറോഡ മഹാരാജാവു തുടങ്ങിയവർ അവരുടെ മാതൃഭാഷകളെ അഭിമാനപൂർവ്വം സംരക്ഷിച്ചുപോരുന്നവരാണു്.

എഫ്. എം. എസ്സിലുള്ള കേരളീയരുടെ ഉടുപ്പും നടപ്പും ഞാൻ ഇവിടെ പ്രതിപാദിക്കുന്നില്ല. സുന്ദരിമാരായ കേരളീയാംഗനമാർ ഇവിടെ വന്നു മലയാക്കാരെത്തിയുടെ 'കൈലി'കെട്ടി നടക്കുന്നതു കാണുമ്പോഴാണു് എനി

ക്ക സങ്കടം തോന്നുന്നതു്. ദേശാഭിമാനമുള്ളവർ ഒരിക്കലും വിദേശീയാഡംബരങ്ങളിൽ ഭ്രമിക്കുകയില്ല. പരിഷ്ക്കാരകിരണങ്ങൾ പൂർണ്ണതേജസ്സോടെ പ്രസരിച്ചുകൊണ്ടുവരുന്ന ഇക്കാലത്തു് അവരവരുടെ ശക്തിക്കൊത്തതും ഇഷ്ടാനുസരണവുമായ ഏതു തരം ഉടുപ്പുകളും ധരിക്കുന്നവർ അങ്ങിനെയായിക്കൊള്ളട്ടെ. ഉടുപ്പും നടപ്പും അവരവരുടെ ഇഷ്ടമല്ലേ? അതിനെ വിരോധിക്കാൻ ആൎക്കുണ്ടു് അവകാശം? ശൂദ്രൻ തപസ്സു ചെയ്തതിന്നു കഴുത്തറുത്ത രാമരാജ്യഭരണമല്ലല്ലോ ഇന്നും. ശരി; പക്ഷേ മററു രാജ്യങ്ങളെ അപേക്ഷിച്ചു കേരളീയരുടെ ഉടുപ്പുകൾ വളരെ സുന്ദരതരമാകുന്നു. 'ഷഷ്ഠവർണ്ണ'ങ്ങളുടെ പകിട്ടുകളിലുണ്ടായിരുന്ന ഭ്രമമൊക്കെ പോയി, ശുഭ്രവസ്ത്രങ്ങളെത്തന്നെ പ്രായേണ സകലരാജ്യക്കാരും അഭിലഷിച്ചുപോരുന്ന കാലമാണിപ്പോൾ. മുൻകാലങ്ങളിൽ കാടരായി വസിച്ചിരുന്നവരെ ആംഗ്ലേയർ വന്നു ഉടുപ്പിച്ചുപഠിപ്പിച്ചു. ആ കാടരെപ്പോലെയുള്ളവരല്ലല്ലോ കേരളീയർ.

സിലോൺ ജനതകളിൽ സാമാന്യമായി ജാതിഭേദം കണ്ടുവരുന്നില്ല. സിലോൺ ജാഫനെക്കാരായ തമിഴരുടെ ഇടയിൽ ഹിന്തുക്കളും ക്രിസ്ത്യാനികളുമായി പരസ്പരം വിവാഹം കഴിച്ചുവരുന്നു. അവിടത്തെ അനേകം കോമളാംഗികളെ മലയാളികളും കല്യാണം കഴിച്ചിട്ടുണ്ടു്. സിലോൺ പെരിയവർ എന്നു സുപ്രസിദ്ധനായ സർ പൊന്നമ്പലം രാമനാഥൻെറ മകളെ ഒരു മലയാളിയാണു് കല്യാണം കഴിച്ചിരിക്കുന്നതു്. സിംഹളീയരായ കാമിനികൾ മലയാളികളിൽ പലപ്പോഴും അനുരക്തകളാകാറുണ്ടു്.

അങ്ങനെ പല മിശ്രവിവാഹത്തിനും സംഗതി വന്നിട്ടുണ്ടു്. എൻെറ അനുഭവത്തിൽപെട്ടവയായി അത്തരം അനേകം ദാമ്പത്യങ്ങളെ കുറിച്ച് എനിക്കുതന്നെ പറയുവാൻ കഴിയും. സിലോണിൽ സങ്കരവിവാഹങ്ങൾ കാലേകൂടി നടപ്പിലായവയാണു്. മലയാസ്റ്റേററിൽ അധികവും ചീനരാകുന്നു. അവരുടെ കുട്ടിക്കുരംഗമിഴിമാരെ ഇതരസമുദായസ്ഥർക്കു കല്ല്യാണം കഴിച്ചുകൊടുക്കുവാൻ അക്കൂട്ടർ വിരോധികളത്രേ. അവരും വലിയ അജ്ഞാനികളായിട്ടാണു് കണ്ടുവരുന്നതു്. ഈ കാമിനികളെ വരണംചെയ്തിരിക്കുന്ന വിത്തപ്രതിപത്തിയാൽ ഇവർ ഏതു ദുസ്സഹകൃത്യങ്ങളും ചെയ്വാൻ മടിക്കുന്നില്ല. ഇതരരാജ്യങ്ങളിലെ അംഗനാവർഗ്ഗങ്ങളെപ്പോലെയല്ല ഇവർ. കാമുകരിൽ സ്ത്രീസഹജമായ യഥാൎത്ഥാനുരാഗം ഇവക്കു കാണിക്കപോലുമില്ല. ആയിരമോ രണ്ടായിരമോ വെള്ളി ഒരുത്തൻെറ കൈവശം ഉണ്ടെന്നായി അറിഞ്ഞാൽ ആ പണത്തെ മാത്രം ലാക്കാക്കിയുള്ള ഗണികമാരുടെ കളഭാഷണങ്ങളും പുഞ്ചിരിയും കൊഞ്ചിക്കുഴയലും കൺമയക്കങ്ങളുമൊക്കെ കണ്ടുതന്നെ അറിയേണ്ടതാകുന്നു—ഏതുപ്രകാരത്തിലും ഒരുവൻെറ ഹൃദയത്തിൽ അവർ മോഹവൎത്തികൾ കൊളുത്തി, അവരുടെ രതികേളിവിലാസത്തിൽ മയക്കി അവൻെറ സൎവ്വസ്വവും കരസ്ഥമാക്കിയിട്ട് ഒടുവിൽ, അവനെ ഫലമില്ലാത്ത പഞ്ഞിയെപ്പോലെ പറപ്പിച്ചുവിടുന്ന പതിവ് ഈ നാട്ടിൽ സുലഭമാകുന്നു—ഇതു കണ്ടറിയുവാൻ ബുദ്ധിയും മനക്കരുത്തുമില്ലാതെ എത്രയോ സഹോദരന്മാർ കഷ്ടപ്പെട്ടു ദുഃഖിക്കുന്നു!

സിലോണിലെ ചില മലയാളിസഹോദരന്മാക്ക് ഇതരസമുദായങ്ങൾ ഏതുവിധത്തിൽ നന്നാകുന്നതിനും വിരോധമില്ല സ്വസമുദായത്തിൽ ഉൾപ്പെട്ടവർ വല്ല വിധത്തിലും ഒന്നു് ഉയരുവാൻ ശ്രമിച്ചാൽ തങ്ങളാൽ കഴിയുന്ന ശ്രമങ്ങൾ ചെയ്തു് അവരെ പലവിധമായ നഷ്ടങ്ങൾക്കും പാത്രമാക്കും. ആയുർവ്വേദ വൈദ്യത്തിൻെറ അനിതരസാധാരണമായ ഗുണത്തെ നമ്മുടെ കേരളീയർ ഗ്രഹിച്ചിരുന്നിട്ടും, ഈ നാട്ടിലെ പ്രകൃതത്തിൻെറ വികൃതിയിൽ മുഴുകി, ഇതരരെപ്പോലെ അഷ്ടാംഗഹൃദയമുറയിലുള്ള ഔഷധങ്ങളെ അവർ അന്ത്യഘട്ടത്തിലല്ലാതെ ഉപയോഗിക്കാറില്ല. ഒരു സഹോദരൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞതായി ഞാൻ ഓക്കുന്നു, "എന്തു് ആയുർവ്വേദമരുന്നുകൾ! അതിന്നു കൊടുക്കുന്ന കാശുകൊണ്ടു ബ്രാണ്ടിയും കോഴിമുട്ടയും വാങ്ങി ഉപയോഗിച്ചാൽ എത്ര നന്നു." ചില രോഗങ്ങൾ പിടിപെട്ടാൽ ഉപശാന്തിക്കായി ഈ രസികന്മാർ ഇംഗ്ലീഷു ഡാക്കടരെക്കൊണ്ടു് ഇഞ്ചെക്കററ് ചെയ്യിക്കുന്നു. ഒരു ഇഞ്ചെക്കററിന്നു് ഇവിടെ 20-ം 25-ം വെള്ളി കൊടുക്കണം. കുറേ ദിവസങ്ങൾക്കു വല്ല ശമനവും കണ്ടുവെന്നു വരും. എന്നാൽ വീണ്ടും ആ രോഗം മുതിന്നുതുടങ്ങും. അപ്പോഴും ഇഞ്ചെക്കററ് ചെയ്യുകതന്നെ; പക്ഷേ ആദ്യദിവസങ്ങളിലെപ്പോലെ അവ അത്ര രോഗത്തെ താങ്ങിനില്ക്കുന്നില്ല. ആ ഘട്ടം വരുമ്പോഴാണ് ചിലർ ആയുർവ്വേദവൈദ്യന്മാരെ അന്വേഷിക്കുന്നതു്. ഒരു വൈദ്യൻെറ അടുത്തുപോയാൽ താഴെ പറയുന്ന വിധമായിരിക്കും അവരുടെ ദീനപ്രലാപം:—

ഞാൻ ഈ രോഗസംബന്ധമായി എന്നാൽ കഴിയു ന്ന ചിലവുകറം ചെയ്തുകഴിഞ്ഞു. യാതൊരു സുഖവും ഇ ല്ല. ഇനി കാശൊന്നും ചിലവുചെയ്യാനും എനിക്കു ശ ക്തിയില്ലാതെയായി. ദയവു ചെയ്തു നിങ്ങറം വല്ല മരുന്നു കളും തന്നു എൻെറ ദീനം സുഖമാക്കിയാൽ എന്നാൽ കഴിയുന്ന സഹായം നിങ്ങറംക്കുണ്ടാകും. എന്നെപ്പോലെ യുള്ള ആയിരം രോഗികളെ കൂട്ടിക്കൊണ്ടുവരുവാനും എ നിക്കു സാധിക്കും. ഞാൻ പാക്കുന്ന വീട്ടിൽതന്നെ കുറെ രോഗസ്ഥരുണ്ട്. മരുന്നു് ഉപയോഗിച്ചിട്ടുള്ള എൻെറ സുഖമറിഞ്ഞിട്ടു വേണം അവക്കും ഉപയോഗിപ്പാൻ എ ന്നു പറയുന്നു."

ഈ മനസ്സാക്ഷിയെ വഞ്ചിച്ചുള്ള നിവേദനങ്ങളെ ശരിവെച്ചു് എന്തെങ്കിലും മരുന്നുകറം കൊടുത്തു രോഗം സുഖപ്പെടുത്തിയാൽ പിന്നെ എത്ര ദുസ്സഹമായ പരിധി യിലേക്കാണു് ആ വൈദ്യൻെറ പുറപ്പാടു്! രോഗം സുഖ പ്പെട്ടു എന്നു പറഞ്ഞാൽ വൈദ്യനു വല്ലതും കൊടുക്കേണ മല്ലോ എന്നു ഭയന്നു് ആ രോഗസ്ഥൻ എങ്ങിനേയെങ്കി ലും വൈദ്യനോടു നീരസപ്പെട്ടു കടന്നുകളയുവാൻ കഴി കുന്ന പരാക്രമം അനുഭവസ്ഥക്കു മാത്രമേ അറിഞ്ഞുകൂടു. വല്ലവരും അയാളോടു, 'രോഗശമനമുണ്ടോ, എന്താ, ആ വൈദ്യൻെറ ചികത്സ നന്നോ' എന്നു ചോദിച്ചാൽ ബഹു കേമമായി. 'ഏയ്, അയാളുടെ മരുന്നുകറം ഉപയോഗി ച്ചു രോഗം കൂടുതലായിട്ടു ഞാൻ ഒരു കമ്പനിയിൽനിന്നു മരുന്നു വാങ്ങി ഉപയോഗിച്ചു. ഇപ്പോറം കുറെ സുഖം തോന്നുന്നുണ്ടു്' എന്നേ മറുപടി ഉണ്ടാവുകയുള്ളു. നന്നാ

യില്ലേ? പേരും പെരുമയും നോക്കി വെറുതെ മരുന്നുകൾ കൊടുത്തു രോഗം സുഖപ്പെടുത്തിയതിന്, ഇത്തരം ദുഷ്ഷേണാഭിപ്രായം മററു ജനങ്ങളുടെ കാതുകളിലെത്തിച്ച് ആ വൈദ്യൻെറ യാഥാൎത്ഥ്യമറിയിക്കാതെ ജനങ്ങളെ തെററിധരിപ്പിക്കാനും ഈ രസികന്മാർ മിടുമിടുക്കന്മാർ തന്നെ. ചികിത്സാവിഷയത്തിൽ ഒരു കാൎയ്യം സ്വദേശീയക്ക് ഇവർ കൊടുക്കുകയില്ല. പ്രത്യുത, വിദേശീയരുടെ ഗിൽട്ടും പകിട്ടും കൊടുത്തു കുപ്പികളിൽ നിറച്ച പരിഷ്കൃതരീതിയിൽ നിരത്തിവെച്ചിട്ടുള്ള എന്തു പച്ചവെള്ളമായാലും എത്ര വെള്ളി കൊടുത്തിട്ടെങ്കിലും വാങ്ങിച്ച് ഉപയോഗിപ്പാൻ ഇവൎക്കു യാതൊരു സങ്കോചവുമില്ല. "തന്നെപ്പോലെയുള്ള സരസന്മാർ വീട്ടിൽ കയറി വരും. പരിഷ്കൃതരീതിയിലുള്ളതല്ലാത്തതൊന്നും അത്ര ശോഭനീയമല്ല." എന്ന യോഗ്യംമന്യതയത്രേ വൈദേശികൗഷധങ്ങളെ വീട്ടിൽ നിരത്തിവെയ്ക്കുവാൻ ഇക്കൂട്ടരെ പ്രചോദനം ചെയ്യുന്നത്.

11

സിലോണിൻെറ തലസ്ഥാനനഗരമായ കുളമ്പിൽ മൂന്നു മാസം താമസിച്ച പല സംഘടനകളിലും സംബന്ധിച്ചതിനുശേഷം ഞാൻ കാണ്ഡിയിലേയ്ക്കു പോയി. ലങ്കാദ്വീപിൻെറ മദ്ധ്യപ്രദേശത്തു തങ്കമയമായി പ്രശോഭി

ക്കുന്ന കാഞ്ചിപ്പട്ടണത്തിൽ കണ്ടതായ മനോഹരക്കാഴ്ച്ച കളെ വർണ്ണിപ്പാൻ എളുതല്ല. പലേ മുതലാളികളുടെ കമ്പനികളും, യൂറോപ്യൻമാരുടെ ബാങ്കുകളും, ബ്രഹ്മാണ്ഡംപോലെ കിടക്കുന്ന കിൻസ് ഹോട്ടലും, അതിന്നു പശ്ചിമഭാഗത്തായി രണ്ടര മയിൽ വിസ്താരത്തിൽ വെട്ടിത്തിളങ്ങുന്ന തെപ്പക്കുളവും, കുളത്തിന്നെ ചുററി കരിവരന്മാർ അണിനിരന്നുനില്ക്കുന്ന ആകൃതിയിൽ നിർമ്മിതമായുള്ള മതിലുകളും, കുളത്തിൻെറ മദ്ധ്യഭാഗത്തുള്ള തറയിന്മേൽ കാണുന്ന മണ്ഡപവും തുടങ്ങി കുളത്തിൽ പലവിധ ബോട്ടുകളിൽ കയറി തണ്ടു വലിച്ചു പാന്ഥയലീലകളാടുന്ന മാൻമിഴിമാർവരെ നോക്കിക്കണ്ടു ഞാൻ കണ്ണു പറിക്കാതെ നടന്നുപോയി. ചിലർ ആ കുളത്തിലേയ്ക്കു കടലയും നെൽപ്പൊരിയും വിതറിക്കൊണ്ടിരുന്നു; അതു് എന്തിനാണെന്നറിയാതെ ഞാൻ കുളത്തിലേയ്ക്കു നോക്കിയപ്പോറം കണ്ട കാഴ്ച ബഹു വിനോദകരമായിരുന്നു. കുളത്തിൽ കിടന്നു മദിക്കുന്ന മത്സ്യങ്ങറംക്കും ആമകറംക്കും ഒരു കയ്യും കണക്കുമില്ല. കുളത്തിൻെറ നടുവിലുള്ള മണ്ഡപത്തിൻെറ അടിയിൽ സ്ഥിതിചെയ്യുന്ന ഗുഹവഴിയായി കുളമ്പിലേക്കു പോകാമത്രേ. 'ശിവനടിപാദം' മലശിഖരത്തിലേക്കു പോകുവാനും അവിടെ ഒരു ഗുഹാമാർഗ്ഗമുണ്ടെന്നു പറയപ്പെടുന്നു. കാഞ്ചിരാജാക്കന്മാർ ആദ്യകാലത്തു് ആ ഗുഹയിൽക്കൂടെയായിരുന്നു ശിവനടിപാദദർശനത്തിനു പോയിരുന്നതത്രെ. ഒടുവിലത്തെ രാജാവായ വിക്രമസിംഹൻെറ കാലംവരെ ആ ഗുഹകളിൽക്കൂടെ രാജാക്കന്മാർ സഞ്ചരിച്ചിരുന്നു. കാഞ്ചി രാജകുഡുംബത്തിൽ അനന്തരാവകാശികറം ഇല്ലായ്കനിമിത്തം

വിക്രമസിംഹൻെറ മരണാനന്തരം, അന്നത്തെ കൌൺസിലിൻെറ തീൎപ്പനുസരിച്ച്, പട്ടത്താനയുടെ തുമ്പിക്കരത്തിൽ മാലകൊടുത്തു. ആന ആരുടെ കണ്ഠത്തിൽ മാലയിടുന്നുവോ അയാളെ രാജാവാക്കി വാഴിക്കാമെന്നൊരു നിശ്ചയമുണ്ടായി. കരിവരൻ മാല ചാൎത്തിയതു വെറും തോട്ടവേലക്കാരനായ ഒരു ഇന്ത്യാക്കാരൻെറ കഴുത്തിലായിരുന്നു. മുൻനിശ്ചയമനുസരിച്ച എല്ലാവരും അയാളെ കാണ്ടി രാജാവാക്കി വാഴിച്ചു. ആ രാജാവിൻെറ ഭരണകാലത്തു ജനങ്ങൾക്കു വളരെ കഷ്ടതയനുഭവിക്കേണ്ടിവന്നിട്ടുണ്ടെന്നു സിംഹളചരിത്രാന്വേഷികൾ പറയുന്നു. പുരുഷന്മാൎക്കു ക്ഷൌരം ചെയ്യിക്കുവാൻപോലും അക്കാലത്തിൽ രാജാവിൻെറ അനുവാദം വേണ്ടിവന്നു. താടിയും ജടയും വളൎന്നു വായ തുറന്നു ഭക്ഷണം കഴിക്കുവാൻ നിവൃത്തിയില്ലാത്ത ഘട്ടം വന്നാൽ കാണ്ടി അരമനയിൽ പോയി രാജാവിനെ മുഖം കാണിക്കണം, നേരിട്ടുപോയി മുഖം കാട്ടാൻ നിവൃത്തിയില്ല. മുറ്റത്തിനിന്നു പലപ്രാവശ്യം കുമ്പിട്ടു തൊഴുതാൽ അവിടന്ന് ഒരു സേവകൻ വന്നു 'എന്താ കാൎയ്യ'മെന്നു ചോദിക്കും. താടി വളൎന്നു ഭക്ഷണം കഴിപ്പാൻ നിവൃത്തിയില്ല എന്നു ബോധിപ്പിച്ചാൽ അതിന്നു നിയമിതരായവർ വന്നു പരിശോധനചെയ്തു വല്ലതും വായയിൽ വയ്ക്കാൻ തിരെ നിവൃത്തിയില്ലെന്നു കണ്ടാൽ, തടസ്ഥം വരുത്തുന്ന രോമങ്ങൾ മാത്രം വെട്ടിയ്ക്കുവാൻ അനുവാദം കൊടുക്കും. ആഹാരം കഴിക്കുവാൻ വായ തുറക്കുന്നതിൽ നിവൃത്തിയുള്ള ഒരാൾ അങ്ങിനെ പോയാൽ അയാളെ പരിശോധിച്ച കുററക്കാരനാക്കും. അതിന്നു വിധിപ്രകാരമുള്ള ശിക്ഷയും അയാൾക്ക് അനുഭവിക്കേണ്ടിവരും. ഇതു ഭയ

ന് ആളുകഠം കഴിയുന്നതും ഈ സങ്കടനിവാരണത്തിന്നു പോകാറേയില്ല. ഇങ്ങിനെ ആ രാജാവിൻെറ ദുർഭരണത്തെക്കുറിച്ചു പറയുന്നതായാൽ വളരെ അതിശയം തോന്നിപ്പോകും. ആ വങ്കപ്രഭു ചെയ്ത ഒരു കഠോരകൃത്യത്തെക്കൂടി പറഞ്ഞ് ഈ പ്രകൃതം അവസാനിപ്പിച്ചേക്കാം—ഒരു ദിവസം രാജാവു പരിവാരസമേതനായി പേരാത്തണിപ്പൂങ്കാവിലേക്കു പോകയുണ്ടായി. ആ മനോഹരമായ കുസുമാരണ്യത്തിൽ അനേകം സുന്ദരാംഗികളായ വനിതമാരും, സുന്ദരന്മാരായ യുവാക്കളും കുതിച്ചുചാടി ഓടി വിളയാടികൊണ്ടിരുന്നു. ബാലികാബാലന്മാരും വയോവൃദ്ധരും വൃദ്ധകളുമായി അസംഖ്യം ജനങ്ങളെ എങ്ങുനോക്കിയാലും കൂട്ടംകൂട്ടമായി കാണാമായിരുന്നു. ആ മാനവസമൂഹത്തിൽ ഉദിച്ചുയരുന്ന ചന്ദ്രമസ്സിൻെറ ദിവ്യതേജസ്സെന്നപോലെ ഒരു കന്യക നിന്നു പ്രശോഭിക്കുന്നതു രാജാവു നോക്കിക്കണ്ടു. കാമപീഡിതനായ രാജാവ് 'ആരായിരിക്കാം അവഠം' എന്നു തൻെറ സേവകന്മാരോടു ചോദിച്ചു. 'കോമളത്വംകൊണ്ടു' അവഠംക്കു സദൃശയായ ഒരു സ്ത്രീയെ ഞാൻ ഇതേവരെ കണ്ടിട്ടില്ല. തങ്കപ്രതിമയായിരുന്നാൽ അതിന്നു കാന്തിസ്ഫുരണമല്ലാതെ ഈ മാർദ്ദവമേറിയ മാന്തളിർമേനി ഒരിക്കലും ഉണ്ടാകുകയില്ല' എന്നായി രാജാവ്. ആ മാന്യകന്യകയെ കണ്ടയുടൻ തൻെറ രാജ്യാതൃത്തിക്കുള്ളിലുള്ള തരുണിമാരെല്ലാം തനിക്കു ഗണ്യരല്ലാതെയായി. തൻെറ പ്രധാനമന്ത്രി ഫോമിയപ്പയുടെ ഭാര്യാസഹോദരിയാണ് അവഠം എന്ന് അറിഞ്ഞയുടൻ കാമഭ്രാന്തനായ രാജാവ് ആ പേശലാംഗിയുടെ അടുക്കലേക്കു പാഞ്ഞുചെന്നു. രാജാവു അവളെ ഇങ്ങിനെ അറിയിച്ചു. നീ ആരാ

ണെന്നു് ഇപ്പോഠം ഈ സേവകന്മാർ പറഞ്ഞിട്ടാണു് ഞാൻ അറിഞ്ഞതു്. എൻെറ പ്രധാനമന്ത്രിയുടെ ഭാര്യാ സഹോദരിയായ നിന്നെ ഞാൻ എൻെറ രാജ്ഞിയാക്കി കാണ്ടി അരമനയിൽ വാഴിപ്പാൻ നിശ്ചയിച്ചിരിക്കുന്നു. സർവ്വാംഗസുന്ദരിയായ നിന്നെ അവകാശപ്പെടുവാൻ ധൈര്യ്യവും ഭാഗ്യവും അർഹതയുമുള്ളവർ എൻെറ രാജ്യത്തു് ഒരുവരും ഇല്ല. എൻെറ ഓമനേ, നിന്നെ ഞാൻ എപ്പോഠം ദർശിച്ചുവോ അതു മുതൽ നി എൻെറ ഹൃദയനായികയായെന്നും ധരിച്ചുകൊഠംക. നിന്നെ വിട്ടു് ഈ പൂങ്കാവനത്തിൽ നിന്നു് ഒരടി മാറുവാൻ എൻെറ മനസ്സിൽ കത്തിക്കാളുന്ന മന്മഥാഗ്നിയുടെ തീവ്രതകൊണ്ടു് എനിക്കു ശക്തിയില്ല. നിൻെറ ഭാഗ്യരേഖകഠം ഇപ്പോഴാണു് തെളിഞ്ഞിരിക്കുന്നതു്. ഇനി നീ ഒന്നുകൊണ്ടും ദുഃഖിക്കേണ്ട. നമുക്കു് ഇപ്പോഠംതന്നെ അരമനയിലേക്കു പോകാം. നിൻെറ രക്ഷിതാക്കന്മാരെ രാജധാനിയിൽ കൂട്ടികൊണ്ടുവരുവാൻ ഇതാ ഞാൻ സേവകരെ നിയോഗിച്ചയക്കുന്നു—" എന്നു പറഞ്ഞു് ആ കാമിനിയുടെ കരപല്ലവം ഗ്രഹിക്കുവാൻ രാജാവു് അത്യാർത്തിയോടെ കൈനീട്ടിയപ്പോഠം അവഠം തിരിഞ്ഞു കൂട്ടംവിട്ട മാൻകിടാവിനെപ്പോലെ തുള്ളിക്കുതിച്ചു് ഓടിക്കളഞ്ഞു. മിന്നൽവേഗമായി പാഞ്ഞു പൂങ്കാവനംവിട്ടു പുറത്തേക്കുപോകുന്ന ആ സുകുമാരിയെ നോക്കിക്കൊണ്ടു നില്ക്കുവാനല്ലാതെ രാജാവിനു വേറെയൊന്നും തോന്നിയില്ല. അദ്ദേഹം നിന്ന നിലയിൽനിന്നു ശരീരം ഇളക്കുവാൻകൂടെ ശക്തനായില്ല ഇങ്ങിനെ സ്തബ്ധനായി നിൽക്കുന്ന രാജാവിൻെറ അടുക്കൽ ചെന്നു സേവകന്മാർ ചില സാന്ത്വ

നവാക്കുകറം പറകയാൽ ഒരുവിധം മനക്കരുത്തോടെ അദ്ദേഹം കൊട്ടാരത്തിലേക്കു മടങ്ങിപ്പോയി. രാജ്യകാൎയ്യങ്ങളിലും ആഹാരത്തിലും രാജാവിന്നു തൃഷ്ണയില്ലാതെയായി. ആ പൂങ്കാവിൽവെച്ചു കണ്ട മോഹനാംഗിയെത്തന്നെ അദ്ദേഹം ചിന്തിച്ചുകൊണ്ടേയിരുന്നു. ഒടുവിൽ രാജാവിന്നു് ഒരു യുക്തിതോന്നി; ഹോമിയപ്പയുടെ ഭാൎയ്യയെ കൊട്ടാരത്തിൽ വരുത്തി അവറം മൂലമായി കഴിയുന്നവേഗത്തിൽ തന്റെ ഹൃദയനായകിയെ കരസ്ഥമാക്കാമെന്നു തീൎച്ചയാക്കി. മന്ത്രിയുടെ ഭാൎയ്യയെ രാജധാനിയിൽ കൂട്ടികൊണ്ടുവരുവാൻ സേവകന്മാരെ നിയോഗിച്ചു. അരമണിക്കൂറിന്നുള്ളിൽ രാജകല്പനയനുസരിച്ചു് ആ സാദ്ധ്വി രാജാവിന്റെ സന്നിധിയിൽ ഹാജർ കൊടുത്തു. തന്റെ മനസ്സിൽ തിങ്ങിക്കൂടികൊള്ളുന്ന ആശകളെയെല്ലാം രാജാവു അവളെ തുറന്നുകാട്ടി. തന്റെ അഭീഷ്ടത്തിന്നു് ആ പതിവ്രത അനുകൂലിയ്ക്കുന്നില്ലെന്നറികയാൽ രാജാവിന്നു സഹിക്കവെയ്യാത്ത വെറുപ്പുണ്ടായി. സേവകരെ വിളിച്ചു, മന്ത്രിയുടെ ഓമനകളായ കുട്ടികളെ കൊണ്ടുവരുവാൻ കല്പിച്ചു. കല്പനപ്രകാരം കുട്ടികളേയും രാജധാനിയിൽ കൊണ്ടുവന്നു. ഈ സന്ദൎഭത്തിൽ മന്ത്രി ഹോമിയപ്പ രാജ്യഭരണകാൎയ്യാൎത്ഥമായി കോളമ്പിലേക്കു പോയിരിക്കയായിരുന്നു. മന്മഥബാണപീഡിതനായ രാജാവു മുന്നാലോചനയില്ലാതെ കഴിയുന്നവിധം ആ സ്ത്രീയെ പീഡിപ്പിച്ചും, പ്രേരിപ്പിച്ചും നോക്കിയിട്ടു് ഒരു ഫലവും ഉണ്ടായില്ല. തന്റെ സഹോദരിയെ ഇതരജാതിക്കു കൊടുക്കയില്ലെന്ന ഒരു ശാഠ്യമാണു് അവളിൽനിന്നു രാജാവിന്റെ കാതുകളിൽ പതിച്ചതു്. ഇതു കേട്ടു ക്രോധംകൊണ്ടു കലങ്ങിമറി

ഞ്ഞ നേത്രങ്ങളോടെ ആ ഘോരപാപി തന്റെ ഉറയിൽ നിന്നു വാളൂരി, മന്ത്രിയുടെ ഓമനപ്പിഞ്ചുകിടാങ്ങളെ അവരുടെ സുചരിതയായ മാതാവിന്റെ മുന്നിൽ ഇട്ടു തന്റെ ഖഡ്ഗത്തിന്നിരയാക്കി. ഈ കാഴ്ചകണ്ട ഔരസമാതാവിന്റെ സ്ഥിതി എന്തായിരിക്കുമെന്നു വായനക്കാർതന്നെ ഊഹിക്കയാണു ഭേദം. തങ്ങളുടെ സവ്വൈശ്വയ്യങ്ങൾക്കും വിഹാരവല്ലികളായ ഓമനകൾ ഉടലിൽനിന്നു കഴുത്തററു പ്രസ്രൃതമായ രക്തത്തിൽ കിടന്നുപിടയുന്നതുകണ്ട മാതാവു നിന്നനിലയിലെ തറയിൽ പതിച്ച് ഉരുണ്ടും, പിരണ്ടും, മുറയിട്ടുതുടങ്ങി. ഇങ്ങിനെയുള്ള തീവ്രതാപത്തിൽ കിടന്നു പരിതപിക്കുന്ന ആ നിരപരാധിനിയെ ആ നിഷ്ഠുരന്റെ കല്പനപ്രകാരം രണ്ടു കൊലയാളികൾ വാളൂരിപിടിച്ചുകൊണ്ടു് അതിക്രമമായി നിലത്തിട്ടു വലിച്ചിഴച്ച് എഴുന്നേല്പിച്ചു നിറുത്തി. തന്റെ കുട്ടികളുടെ ഉടലുകളും തലകളും ആ സാധ്വിയെകൊണ്ടുതന്നെ ഒരു കല്ലുരലിൽ ഇട്ടുവിച്ച്, ഒരു ഇരുമ്പുലക്കകൊണ്ടു് ഇടിപ്പിച്ചു, പഞ്ഞിപോലെയാക്കിച്ചുവത്രേ. ഈ ക്രിയ ലോകത്തിൽ വല്ലവരും സഹിക്കുമോ? ദൈവമുണ്ടു്, സൽഗുണനാണു്, കരുണാനിധിയാണ് എന്നും മററും വേദാന്തികൾ ഘോഷിക്കുന്നു. ഇത്തരം നൃശംസത കണ്ടുകൊണ്ടിരിക്കുന്നതു കരുണാകടാക്ഷംതന്നെയാണ്!

കാണ്ഡി രാജധാനിയിലെ രാജാവിന്റെ വാഴ്ച അതോടുകൂടെത്തന്നെ അവസാനിച്ചു കൊളമ്പിൽവെച്ച് ഈ മമ്മഭേദകമായ വത്തമാനം കേട്ടറിഞ്ഞ ഹോമിയപ്പ വെള്ളപ്പട്ടാളത്തോടുകൂടെയാണു കാണ്ഡിയിൽ തിരിച്ചുവന്നതു്.

ആ സന്ദർഭത്തിൽ കാണ്ടിരാജാവു പരിഭ്രമിച്ചു ഓടി ഏതോ ഗുഹയിൽപോയി ഒളിച്ചിരുന്നുവത്രേ. ഇന്നോളം ആ ഗുഹാമുഖം ഒരുവക്കും കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ലത്രേ.

12

ആ മനോഹരമായ തെപ്പക്കുളക്കരക്കടുത്തുള്ള വീഥിയിൽക്കൂടെ നടന്നുപോകുമ്പോൾ എൻെറ ഇടത്തുഭാഗത്തായികണ്ട അത്ഭുതകാഴ്ചയെക്കുറിച്ചുകൂടി രണ്ടു വാക്കു പറയാതെ നിവൃത്തിയില്ല. സിലോൺ ബുദ്ധമതവിശ്വാസികളുടെ ഭക്തിസങ്കേതസ്ഥാനമായ കാണ്ടിമാളിക എന്നു ജഗൽപ്രസിദ്ധമായുള്ള ആ മഹാമേടയാണ് എൻെറ ഇടത്തുഭാഗത്ത് വിലസിച്ചുകൊണ്ടിരുന്നത്. കാണ്ടി അരമനയും, അസൈസസു കോർട്ടും, നടനശാലകളും സുപ്രസിദ്ധമായ കോളേജും കൂടിചേർന്നുവിലസുന്ന ആ ഭൂലോകസ്വർഗ്ഗഭവനത്തെ കണ്ടാൽ ആരാനും പ്രശംസിക്കാതിരിക്കുമോ? ആ അത്യത്ഭുതകാഴ്ചയെതന്നെ നേത്രങ്ങൾ പറിക്കാതെ ഞാൻ അക്ഷമനായി വീക്ഷിച്ചുകൊണ്ടു നിൽക്കുമ്പോൾ അനേകം മാനവരും മാന്യമഹിളകളും കൂട്ടംകൂട്ടമായി അതിനുള്ളിൽ പ്രവേശിക്കുന്നതു കണ്ടു. ഞാനും അവരോടുകൂടി ആ വിചിത്രമേടയ്ക്കുള്ളിൽ കടന്നു. ആ മഹത്തരമായ ആലയത്തിനുള്ളിൽ പലേവിധമായ വിചിത്രപ്രതിമ

കളും, പണ്ടത്തെ അരമനസ്സാമാനങ്ങളും, വളരെ പഴക്കമുള്ള ഏട്ടു ഗ്രന്ഥങ്ങളും പലവിധ നാണയങ്ങളും കാണുകയുണ്ടായി. അനന്തരം ഞാൻ മാലികാസന്നിധാനത്തിലേക്കു പോയി. അവിടെ ആ ശാക്യമുനിപുംഗവന്റെ പൊന്നമ്പലത്തിനു മുന്നിൽ അനവധി ബൗദ്ധഭിക്ഷുക്കൾ ഇരുന്നു പ്രാൎത്ഥിക്കുന്നുണ്ടായിരുന്നു. ഞാനും ബദ്ധാഞ്ജലിയായി പ്രാൎത്ഥനയിൽ പങ്കുകൊണ്ടു.

അനന്തരം അവിടെനിന്നു തിരിച്ചു ഞാൻ പിന്നേയും പല ആകൎഷകങ്ങളായ കാഴ്ചകളെ അവിടവിടെ നോക്കിക്കണ്ടു ഹൃദയസന്തൎപ്പണം ചെയ്തുകൊണ്ടു 'പേരാത്തനി' പൂന്തോട്ടത്തിലെത്തി. ഹാ, അവിട്ടത്തെ പ്രകൃതിരാമണീയകം! സായാഹ്നമാരുതൻ പരിമളഭാരം ആ പ്രദേശമെങ്ങും പരന്നിരുന്നു. പഞ്ചമിത്തിങ്കൾ ആ കുസുമഭൂമിയുടെ ഉപരിഭാഗത്തു തെക്കുപടിഞ്ഞാറു മാറി, തന്റെ സൗഭാഗ്യസമഗ്രതയുടെ വിഷ്ടംഭരംഗത്തിനു കോപ്പുകൂട്ടിയതോടെ ചന്ദ്രകാന്തിവല്ലികളിൽ നിളെ പുഞ്ചിരി പുരണ്ടുതുടങ്ങി. കേരളീയ കുമാരികളെപ്പോലെ കോമളാംഗികളായ 'കാണ്ടി' ബാലികമാർ കൂട്ടമായ് നടന്നുവരുന്നതു കണ്ടിട്ടായിരിക്കാം പലവൎണ്ണത്തിലുള്ള പനിനീരലരുകൾ ചെടികളുടെ ശാഖാഗ്രങ്ങളിൽ കിടന്നു സോത്സാഹം ചാടിക്കുതിക്കുന്നതു. രക്തകാന്തിചിന്തിയ ചെത്തികളും, ചെന്തുകിൽപുതച്ച ചെമ്പരുത്തികളും ഒരിടത്ത് ധവളിമയും നീലിമയും പുലൎന്നൊഴുകുന്ന പുഷ്പസഞ്ചയങ്ങളാൽ അലംകൃതങ്ങളായ മന്ദാരങ്ങളും, തങ്കപ്രഭയിൽ നീരാടിയ മനോജ്ഞമഞ്ജരികളാൽ കണ്ണും കരളും കവരുന്ന പൊന്നുമ്മ

ങ്ങളും മറെറാരിടത്തു്, മുല്ല, മല്ലിക, ചെമ്പകം, മാതളം എന്നിങ്ങനെ പ്രലോഭനീയങ്ങളായ പല പല പൂച്ചെടികളും നിറഞ്ഞു് ആ ഭൂമി നന്ദനോപവനംപോലെയുണ്ടായിരുന്നു. രാവണൻെറ കോട്ടയുടെ മാതൃകയോ എന്നു തോന്നുമാറു് പുഷ്പതരുക്കൾ നിരന്നു് ഉദ്യാനത്തിൻെറ നാലതിരുകളേയും നിഷേവിച്ചുകൊണ്ടിരുന്നു.

ആ സ്പൃഹണീയമായ പൂങ്കാവിൽ പ്രവേശിച്ചവൎക്കു് അവിടത്തെ പ്രകൃതിഭൂഷകളെ കൈവെടിഞ്ഞു പുറത്തുപോകുവാൻ ഇഷ്ടമുണ്ടാകുന്നതല്ല. അനേകം പൂങ്കാവനങ്ങളിൽ ഞാൻ പോയിട്ടുണ്ടു്. ഈ പേരാത്തനിസൂനവനത്തിൻെറ നൂറിൽ ഒരു ഭാഗം സൌന്ദൎയ്യം അവയിലൊന്നിനുമില്ല. ഒരുവിധത്തിൽ മനമില്ലാമനസ്സോടെ ആ ഉപവനത്തിൽനിന്നു ഞാൻ പുറത്തുവന്നു. പിന്നേയും പലേ സ്ഥലങ്ങളിലും സഞ്ചരിച്ചു് ഒടുവിൽ ഗലഹയിലേക്കു പോയി. ഗലഹയ്ക്കും പട്ടഗമയ്ക്കും മദ്ധ്യേ വഴിയരികിലായി ഏഴുജാതി ഇലകളും, സപ്തവൎണ്ണസൂനങ്ങളുംകൊണ്ടു് അലംകൃതമായ ഒരു വിശേഷവൃക്ഷം കണ്ടു ഞാൻ ആശ്ചൎയ്യപ്പെട്ടു. ആ അപൂൎവ്വവൃക്ഷത്തിൽ ഏതുകാലത്തും ഇലകളും, പുഷ്പങ്ങളും നിബിഡമായി കണ്ടുവരുന്നു. ആ "ഏഴുജാതിമര"ത്തിൽനിന്നു് ഒരു ഇലയോ പുഷ്പമോ മനുഷ്യൎക്കു പൊട്ടിച്ചെടുക്കുവാൻ സാധിക്കയില്ലെന്നാണു് ആ നാട്ടുകാരുടെ സംസാരം. അതു് എത്രമേൽ യഥാൎത്ഥമാണെന്നു് അറിഞ്ഞുകൂടാ. എങ്ങിനേ എങ്കിലുമാകട്ടെ ഉടനീളം പൂത്തുനിൽക്കുന്ന ആ വൃക്ഷത്തിനു കീഴിൽ ഒരു പുഷ്പമെങ്കിലും വീണു കിടക്കുന്നതായിട്ടു് അവിടെ കണ്ടില്ല. പുഷ്പ

ങ്ങൾ ഒന്നും ഒരിക്കലും താഴെ വീഴുകയില്ലത്രെ. ആ മരത്തിൻെറ കടയ്ക്കൽ വടക്കഭാഗത്തായി, നാലു വിരലുകൾ മടക്കിയും ചൂണ്ടുവിരൽ നേരേ ഉത്തരദിക്കിലേയ്ക്കു നീട്ടിയും പിടിച്ചിട്ടുള്ള ഒരു കയ്യിൻെറ ആകൃതിയിൽ, ഒരാൾ ഉയരത്തിൽ ഒരു വേരുയൎന്നുനിന്നിരുന്നു. ആ ചൂണ്ടുവിരലിൻെറ ലക്ഷ്യം രണ്ടു ഫർലോങ്ങ് അകലെയുള്ള ഒരു മലയാകുന്നു. ആ മലയുടെ അടിവാരത്ത് ഈ ഏഴു ജാതിവൃക്ഷത്തിന്നു നേരേ എതിരിൽ വേറെ ഒരു ഉന്നതമായ വൃക്ഷമുണ്ടു്. ആ മരത്തെ അനവധി മുഹമ്മദീയർ വന്നു നമ്രശീഷരായി വന്ദിച്ചുപോരുക പതിവാണ്. കല്ല്യാണവിശേഷങ്ങളിൽ വിലയേറിയ പട്ടുകൾ കൊണ്ടുവന്ന് ആ മരത്തെ പരിവേഷ്ടനം ചെയ്യുകയും അവരുടെ ഒരു സമ്പ്രദായമാകുന്നു. ഏതാണ്ടു് ഏഴരജാർ (വാര) തുണി വേണമത്രെ ഇപ്പോൾ വൃക്ഷത്തെ ഒന്നു വേഷ്ടനം ചെയ്യുവാൻ. ഹിന്തുക്കൾ ആ മരം ശിവവൃക്ഷമെന്നും വിശ്വസിച്ചു അതിനെ പ്രദക്ഷിണം ചെയ്യാറുണ്ടു്. സിംഹളർ അതു വെറും കരിമരമാണെന്നു പറയുന്നു. മുഹമ്മദീയർ ആ മരത്തെ ഇത്രവളരെ ആദരിക്കുവാൻ ഇടയായതു്, അതിൻെറ തോൽ വെട്ടിയാൽ രക്തവൎണ്ണമായ ഒരുതരം വെള്ളം പുറത്തുവന്നുകാണുന്നതുകൊണ്ടാണ്. സിംഹളരുടെ അഭിപ്രായം ആ രക്തജലസ്രുതി ആ ജാതി മരങ്ങൾക്കുള്ള സഹജഗുണമാണെന്നാകുന്നു. പക്ഷേ സിലോണിൽ അത്തരം വൃക്ഷം അതു മാത്രമേയുള്ള എന്നു് അവരും ഐകകണ്ഠ്യേന സമ്മതിക്കുന്നുണ്ടു്. ആ വൃക്ഷത്തെ മുറിക്കുവാൻ ഒരിക്കൽ ഗവൎമ്മേണ്ടുകല്പനയുണ്ടായി. ആ സന്ദ

ഭത്തിൽ നാട്ടുകാരായ മുഹമ്മദീയർ എല്ലാംകൂടെയിളകിയ തിനാൽ കല്പന പിൻവലിക്കപ്പെട്ടു. ഈ വൃക്ഷത്തിൻെറ ചുവട്ടിൽനിന്നു സംസാരിച്ചാൽ ഏഴു ജാതിവൃക്ഷത്തിൻെറ അടുത്തുനിന്നും എതിർദ്ധ്വനി കേൾക്കുമത്രേ. അതേവിധം അവിടെനിന്നു സംസാരിച്ചാൽ ഈ വൃക്ഷത്തിൻെറ ചുവട്ടിലും പ്രതിശബ്ദം കേൾക്കും, ഇതു ഞങ്ങൾ പരീക്ഷിച്ചതിൽ വാസ്തവമായി കണ്ടു.

ഹേവഹത്ത, ബ്ലാത്താങ്കോട്ടു, പതിയപ്പളെ എന്ന മലനാട്ടുകളും ഞാൻ കണ്ടു. പതിയപ്പളെയാകുന്നു നൂറേലിയ മഹാരണ്യത്തിൻെറ അതൃത്തി. ആ വനത്തിൽ അനേകം വേടന്മാർ നിവസിച്ചുവരുന്നുണ്ടു്. കാട്ടിൻെറ അടുത്തു താമസിക്കുന്ന കാട്ടുസിംഹളരും, ഈ കാട്ടുവേടന്മാരുമായി കുറെ മമതയിലാണു്. വേടർ കാടുകളിൽനിന്നും മൃഗങ്ങളെ കൊന്നു മാംസം കൊണ്ടുവന്നു കാട്ടുസിംഹളർക്കു കൊടുക്കുന്നു. സിംഹളർ താമസിക്കുന്ന വീടിൻെറ രണ്ടു ഫർലാംഗു ദൂരത്തിൽ അല്ലാതെ അവർ വീട്ടിനടുത്തു് ഒരിക്കലും വരുകയില്ല. മാംസം ദൂരത്തിൽ കൊണ്ടുവെച്ചു്, 'ഊം.. ഊം.' എന്നു് ഒരുവിധം ശബ്ദം പുറപ്പെടുവിക്കും. ആ രീതിയിൽതന്നെയാണു് അവരുടെ സംഭാഷണങ്ങൾ. മാംസം എടുക്കുവാൻ പുറത്തു ആൾ വരുന്നതു കണ്ടാൽ എല്ലാം കൂട്ടമായി ഓടി കാടിനുള്ളിൽ മറഞ്ഞുകളയും. അവർ മൃഗങ്ങളെ വധിക്കുന്നതു വില്ലുകുലച്ചു് അമ്പെയ്തുകൊണ്ടാകുന്നു. അവരുടെ ധനുർവ്വിദ്യയിലുള്ള സാമർത്ഥ്യം അതികേമമാണു്. കൈവേഗത്തിലും സൂക്ഷ്മതയിലും അവരെ ജയിക്കുവാൻ ഒരു ഏകലവ്യനും പ്രാപ്ത

നല്ല. വസ്ത്രാഡംബരങ്ങൾ ഒന്നും അവക്കില്ല. മരത്തിന്റെ ഇലകൾ കുറേ അരയിൽ കിങ്ങിണിപോലെ കെട്ടിത്തൂക്കിയിരിക്കും. ഒരു വേട്ടക്കാരൻ സിംഹളിയൻ ഈ വർഗ്ഗത്തിൽ രണ്ടെണ്ണത്തിനെ 'കുറുഞ്ഞാകല'യിൽ പിടിച്ചു കൊണ്ടുവന്നതു ഞാൻ കണ്ടിട്ടുണ്ട്. അവക്കു മനുഷ്യരെ വളരെ ഭയമായിരുന്നു. ആളുകൾ അടുത്തു ചെന്നപ്പോൾ ആ സാധുജീവികളുടെ ശരീരം ഒട്ടാകെ വിറച്ചുതുടങ്ങി. ഭയംകൊണ്ട് അവ ഒന്നും തിന്നുന്നതുമില്ല. അഞ്ചാറു ദിവസം കഴിഞ്ഞപ്പോൾ അവയിൽ പെണ്ണു ചത്തുപോയി. പിന്നീട് മററതിനെ കാട്ടിൽകൊണ്ടു വിട്ടുകളയുകയാണു ചെയ്തതു്.

കാട്ടിൽനിന്നും മറെറാരവസരത്തിൽ കുരങ്ങന്മാർ വളർത്തിയിരുന്ന രണ്ടു മനുഷ്യക്കുട്ടികളെ വേട്ടക്കാർ പിടിച്ചു കൊണ്ടുവരികയുണ്ടായി. ഒരു കുട്ടി ആണും മറേറതു പെണ്ണും ആയിരുന്നു. പെൺകുട്ടിക്കു് ഒമ്പതു വയസ്സും ആൺകുട്ടിക്കു് അഞ്ചു വയസ്സും പ്രായം ഉണ്ടായിരുന്നു. മനുഷ്യരെ വളരെ ഭയമായിരുന്നു അവക്കും. വസ്ത്രങ്ങളുടുക്കുകയില്ല. നിർബന്ധമായി പിടിച്ചു് ഉടുപ്പിച്ചാലും അതു് അഴിച്ചു ചീന്തിക്കളയും. വളർത്തച്ഛനമ്മമാരായ കുരങ്ങന്മാർ പുത്രസ്നേഹത്തോടുകൂടെ തിരഞ്ഞു വന്നു്, അവരെ പാർപ്പിച്ചിരുന്ന വീട്ടിന്റെ പരിസരങ്ങളിൽ എത്തി; വൃക്ഷങ്ങളിൽ അങ്ങുമിങ്ങും ചാടി കരഞ്ഞുകൊണ്ടു് ഒന്നും തിന്നാതെ അവ ഒടുവിൽ ചത്തുപോകയാണുണ്ടായതു്. ആ കുരങ്ങന്മാർ ശബ്ദിക്കുന്നതു കേട്ടാൽ ഈ കുട്ടികളും അതേവിധത്തിൽ ശബ്ദിച്ചു ജനൽവാതിലിന്റെ അഴികളിൽ പിടിച്ചുതൂങ്ങി

പുറത്തേക്കു ചാടുവാൻ ശ്രമിക്കും. കുറെ കഴിഞ്ഞപ്പോൾ ആൺകുട്ടി മരിച്ചുപോയി.

മനുഷ്യരുടെ സംസാരം എന്താണെന്നും അവൾക്കു് അറിഞ്ഞുകൂടാ. കുരങ്ങന്മാരുടെ ശബ്ദമല്ലാതെ ഒരിക്കലും അവരിൽനിന്നു പുറപ്പെട്ടിരുന്നില്ല. അഞ്ചാറുമാസം കഴിഞ്ഞതിനുശേഷം കാണ്ടി ഗവമ്മേണ്ടു് ഏജൻറു് ഈ പെൺകുട്ടിയെ കാണ്മാൻ ചെന്നിരുന്നു. പ്രഥമവീക്ഷണത്തിൽ ആ കുട്ടി അദ്ദേഹത്തോടു നിങ്ങൾക്കു നമസ്കാരം എന്നു പറഞ്ഞു. അതായിരുന്നു ആ ബാലികയുടെ ആദ്യസംഭാഷണം.

13

പതിയപ്പളെ നിന്നും പന്ത്രണ്ടു മൈൽ ദൂരം കാട്ടിൽകൂടി നടന്നുപോയാൽ നൂറേലിയ ടൌണിൽ ചെല്ലും. പതിയപ്പളെനിന്നും മോട്ടോർക്കാർ പോകുന്ന മാർഗ്ഗത്തൂടെ യാത്ര ചെയ്യുന്നതായാൽ നൂററിമുപ്പത്തിആറു മൈൽ ചുററിയിട്ടു വേണം നൂറേലിയ ടൌണിൽ ചെന്നു ചേരുവാൻ. ഞങ്ങൾ ആ കാട്ടിൽക്കൂടെയുള്ള ഒററയടിപ്പാത വഴിയായിട്ടാണു നൂറേലിയയിലേക്കു പോയതു്. അവിടത്തെ ശൈത്യവും സ്ഥിതിയുമെല്ലാം നീലഗിരിയിലെപ്പോലെയാകുന്നു. പലവിധമായ സൌരഭ്യമുള്ള പുഷ്പവനങ്ങൾ ഇത്ര സുലഭമായി നൂറേലിയയിലെപോലെ ഞാൻ മററെങ്ങും കണ്ടിട്ടി

ല്ല. ഈ നേത്രാനന്ദം നൽകുന്ന കാഴ്ചകളും ഹൃദയത്തെ കുളുർപ്പിക്കുന്ന ശൈത്യസ്ഥിതിയും എന്നെ അവിടന്നു വിട്ടു പോകാൻ അനുവദിക്കായ്കയാൽ ഞാൻ ഒരു മാസം അവിടെ താമസിക്കയുണ്ടായി. ഈ സന്ദർഭത്തിൽ ഒരു ദിവസം ഞാൻ ഹയേലിയായിലേക്കു പോയി. രാവണൻ സീതയെ കൊണ്ടുപാർപ്പിച്ചിരുന്ന സ്ഥലവും, അതിനടുത്തായി ഒരു വലിയ പാറക്കല്ലും, ഒരു കുററിക്കരിമ്പനയും, ആ ദേവി കുളിപ്പിച്ചിരുന്ന പിലിയും അവിടെ കണ്ടു; ഐതിഹ്യം വാസ്തവമെന്നു് എനിക്കു തോന്നി. നുവരേലിയയിലുള്ളതായ 'പിത്രു'പർവ്വതമാണു് സിലോണിലെ ഏററവും ഉയർന്ന പർവ്വതം. ആ ഹിമശിഖരത്തിൽ കയറിക്കണ്ടു ഞാൻ വിസ്മയപ്പെട്ടു. പിന്നീടു് നുവരേലിയയിൽനിന്നും പുറപ്പെട്ടു ബണ്ടാറവിള, ഹമ്പതുള മുതലായ സ്ഥലങ്ങളിൽ പോയി പല കാഴ്ചകളും കണ്ടു്, ആ വഴിയായി ബററിക്കലോയിലെത്തി. ആ രാജ്യത്തു കുഡുംബസ്ഥർ പ്രായേണ മുഹമ്മദീയരും തമിഴരുമാകുന്നു. അതു് ഒരുഠംനാട്ടുപോലെയാണു് എനിക്കു തോന്നിയതു്. അവിടെ അധികം താമസിക്കാതെതന്നെ ടങ്കാമലക്കു തിരിച്ചു; കടൽതീരത്തിലുള്ള കോട്ടയും, ആദ്യകാലത്തു രാവണൻെറ അമ്മയ്ക്കുവേണ്ടി നിർമ്മിതമായ ശിവക്ഷേത്രവും, ചൂടുവെള്ളക്കിണറും ഗജരൂപമായ ശിലയും കൊണ്ടു് ആ ദേശം എൻെറ കണ്ണുകളെ അത്യന്തം കുളുർപ്പിച്ചു.

അനന്തരം അവിടന്നും പുറപ്പെട്ടു ചില ഉഠംപ്രദേശങ്ങളിൽക്കൂടി സഞ്ചരിച്ചു് അനുരാജപുരത്തിൽ ചെന്നു. പുരാതനമായി തൊണ്ണൂറു സിംഹളരാജാക്കന്മാർ വാണിരു

ന്നു പുരമാകുന്നു അണുരാജപുരം. ഏറെക്കാലമായി ആ തൊണ്ണൂറു രാജകുഡുംബങ്ങളും നശിച്ചു വനമായി മാറിയിട്ടുള്ള രാജകീയ കേന്ദ്രങ്ങളെ എന്നെ ചിലർ പരിചയപ്പെടുത്തിത്തന്നു. ഏതാണ്ടു് ആ പ്രസ്താവം ശരിയായിരിക്കാമെന്നു വിശ്വസിക്കുവാൻ തക്കവണ്ണം വളരെ അവശിഷ്ടങ്ങൾ അവിടെ കാണുകയുണ്ടായി. ജീർണ്ണിച്ച കോട്ടകൾ ഇടിഞ്ഞുപൊളിഞ്ഞു വീണുകിടന്നിരുന്നു. ചില സ്ഥലങ്ങളിൽ ഇന്നു് ആ പെരുങ്കാട്ടിൽ അനേകം കാട്ടാനകളും കാട്ടുമൃഗങ്ങളും ഉണ്ടു്. പിന്നെ നേരേ അണുരാജപുരം വിഹാരാലയത്തിലേയ്ക്കായിരുന്നു എൻെറ യാത്ര. സിലോണിലേക്ക് ഏററവും പുരാതനമായ വിഹാരാലയം അതാകുന്നു. വളരെ നൂററാണ്ടുകൾക്കു മുന്നിൽ ബുദ്ധഗയയിൽനിന്നു കൊണ്ടുവന്നു വച്ചുണ്ടാക്കിയിട്ടുള്ള ഒരു മഹാബോധിവൃക്ഷം അവിടെയുണ്ടു്. വിഹാരാലയത്തിന്നുള്ളിൽ ഉള്ള ചില ബുദ്ധപ്രതിമകളെ എതിരേ കണ്ടാൽ ആരും ഭയപ്പെട്ടുപോകും. അവിടെ അനുദിനവും വന്നുകൊണ്ടിരിക്കുന്ന ജനതയ്ക്കു യാതൊരു കണക്കും ഇല്ല.

പിന്നെ ജാല്പാണത്തേക്കു പോയി രണ്ടു വാരം ഞാൻ അവിടെ താമസിച്ചു. അവിടത്തെ ഉൾനാട്ടുകളിലും മററും ഉള്ള ഗൃഹസ്ഥന്മാരുടെ വീടുകളും, വേലികളും, കന്നുകാലികളുടെ തൊഴുത്തുകളും, മുല്ലത്തറകളും, കൈവേലികളും, അടുക്കളക്കിണറുകളും എല്ലാം മലയാളത്തിലെ മട്ടുതന്നെ. കല്യാണഅടിയന്തിരം മുതലായതുകൾക്കുള്ള മര്യാദയും, കുട്ടി ജനിച്ചാൽ പേരുവിളിയും, ബന്ധുക്കൾ ആഭരണങ്ങൾ കൊണ്ടുവന്നു കെട്ടലും മലയാളത്തെ തിയ്യരു

ടെ പഴയ നടപ്പനുസരിച്ചാകുന്നു. തണ്ടാനും, സ്ഥാനിയും, വെള്ളരിയും, നാലുകൂട്ടം വെററിലയും, വെള്ളവിരിക്കലും, നടുവിൽ തലയിണയും, കരിമ്പടവും, കല്യാണചെറുക്കനേയും പെണ്ണിനേയും ബന്ധംവരുത്തലും, എണ്ണതും കുറപ്പും അമ്മാവനും, നാത്തുനും, അമ്മയും, മഞ്ഞളരിയും, വിളക്കും, നിറയും എല്ലാം ഞാൻ ജാപ്പാണത്തിലെ ഒരു കല്ല്യാണത്തിൽവെച്ചു കാണുകയുണ്ടായി. കല്ല്യാണം കഴിഞ്ഞ പന്തലിൽനിന്നു ജനങ്ങൾ പിരിഞ്ഞുപോകുന്നതിനു മുന്നിൽതന്നെ വിരുന്നിനു കൂട്ടിക്കൊണ്ടുപോകുവാൻ പെൺവീട്ടിൽനിന്ന് ആണുങ്ങളും പെണ്ണുങ്ങളും വരുന്നതുമൊക്കെ മലയാളത്തിൻെറ നേരേ വിവൎത്തനമെന്നല്ലാതെ ഒരു വ്യത്യാസവും ഇല്ല. ഉൾനാട്ടുജനങ്ങളുടെ സംഭാഷണങ്ങളിൽനിന്നും അനേകം മലയാളപദങ്ങളെ പെറുക്കിഎടുക്കുവാൻ കഴിയും. വീട്ടിൽ ഉപയോഗിക്കുന്ന സാമാനങ്ങൾക്കെല്ലാം മലയാളപ്പേരുകളാണു് പറയുന്നതു്. മലയാളത്തിലെ ദേശപ്പേരുകൾ സാമാന്യം ജാപ്പാണദേശങ്ങൾക്കും വഴങ്ങിവരുന്നു. അവരുടെ സ്വത്തിൻെറ അധിപരായതു മുഴുവൻ സ്ത്രീകളാകുന്നു. പുരുഷന്മാർ അവകാശപ്പെടുന്നില്ല. സ്ത്രീകളിലാണു ജാപ്പാണത്തിലെ ശ്രേയസ്സും സ്വാതന്ത്ര്യവും ഐശ്വര്യവും സ്ഥിതിചെയ്യുന്നതു്. ഈ ഒരു പുതുമയാകുന്നു കേരളത്തിൽനിന്നും വ്യത്യസ്തമായിട്ടുള്ളതു്. കാരനഗരം, കിരിമല, കണിയമംഗലം, മാണിയപ്പ, കൊളത്തുര്, കോന്താവു, ചെങ്ങനൂർ മുതലായ അവിടത്തെ പ്രധാനസ്ഥലങ്ങളിലൊക്കെ നടന്നു പരമേശ്വരകോളേജും മററും കണ്ടു, പിന്നെ ഞാൻ കുളമ്പിലേക്കു മടങ്ങി വഴിമദ്ധ്യേ പോൾഗാവള സ്റ്റേഷനിൽ ഇറങ്ങി.

അവിടെനിന്നും ഹട്ടത്തിലേക്കു വണ്ടികയറി. ഹട്ടനും ഡിക്കോയയും സന്ദർശിച്ചിട്ട് അവിടെനിന്നും ഞാൻ മോട്ടോർകാർ വഴിയായി മസ്കലിയായിലേക്കു തിരിച്ചു.

ആ നഗരത്തിന്ന് ഏറ്റെയടുത്താകുന്നു ശിവനടിപാദം മലയെന്ന്, ആ കാർഡ്രൈവർ പറഞ്ഞു. അതു കേട്ടപ്പോഠം ആ മലമുകളിൽ കയറണമെന്ന് എനിക്കു വളരെ ആഗ്രഹമുണ്ടായി. ആ വഴിക്കു മോട്ടോർകാർ തിരിക്കുവാൻ ഞാൻ ഡ്രൈവരോടാവശ്യപ്പെട്ടു. അയാഠംഅതിന്നു വഴിപ്പെടാതെ പല തടസ്ഥങ്ങളും പറയുകയാണുണ്ടായത്. ശിവനടിപാദം മല കയറണമെങ്കിൽ, ഒരു മാസം കുറയാതെ വ്രതാനുഷ്ഠാനം ചെയ്തു പഴയ പൂജാരികളുടെ നേതൃത്വത്തിൽ ചില കെട്ടുകളും പേറിക്കൊണ്ടു പോകാഞ്ഞാൽ ആൎക്കും സാധിക്കയില്ലത്രേ. മോട്ടോർവണ്ടിമാൎഗ്ഗമായി ഒരിക്കലും അങ്ങോട്ടു പോകുവാൻ നിവൃത്തിയില്ല. വേണമെങ്കിൽ ഒന്നരനാഴികക്കൂടെ പോയാൽ ചിന്നമസ്കലായിൽ എത്താം. അവിടെനിന്നും മലയടിവാരത്തിലേയ്ക്ക് അഞ്ചു നാഴിക കാട്ടിൽക്കൂടെ നടന്നുപോകണം. രാത്രിയല്ലാതെ മലമുകളിൽ കയറുവാൻ നിവൃത്തിയില്ല. പകൽസമയത്തു കയറിയാൽ സഹിക്കവയ്യാത്ത തീവെയിലിൽ കിടന്നു പൊരിഞ്ഞു മനുഷ്യർ ചത്തുപോകും. ഇത്തരം സമാധാനത്തിലൊന്നും ശാന്തമാകാതെ പിന്നേയും ആ പൎവ്വതശിഖരത്തിൽ കയറേണമെന്ന ആഗ്രഹം എന്നെ മുന്നോട്ടു പിടിച്ചു തള്ളിത്തുടങ്ങി. വീണ്ടും അയാളെ പലവിധത്തിൽ പ്രേരിപ്പിച്ചുനോക്കി. ഒടുവിൽ ഒരുവിധത്തിൽ ഒരു മന്ദാടിയാരുടെ ക്യാരേജിൽ ആ മോട്ടോർവണ്ടി സൂ

ക്ഷിച്ചിട്ട ഞങ്ങറം സൂര്യാസ്തമയത്തിന്ന മുമ്പേ മലയടിവാരത്തിലേയ്ക്കു പുറപ്പെട്ടു. വഴിമധ്യേ വച്ചു അവിടേയ്ക്കു പോകുന്ന ചില സിംഗളവരെ കണ്ടുമുട്ടി. അവരുടെ കൂടെ ചേൎന്നു ആറരമണിക്കു ഞങ്ങറം മലയടിവാരത്തിൽ ഉള്ളതായ ഒരു ബാലസ്വാമിയാരുടെ സത്രത്തിൽ ചെന്നുചേൎന്നു. അവിടെ കുറച്ചു വിശ്രമമെടുത്തു് ആഹാരവും കഴിച്ചു വീണ്ടും യാത്രചെയ്തു കാന്തമല, സൂചിമല എന്ന പൎവ്വതങ്ങളും കടന്നു. ശിവനടിപാദം ഗിരിശിഖരത്തിലേയ്ക്കു കയറുവാൻ മേലേനിന്നും കിഴ്പ്പോട്ടു കമ്പികറം നീട്ടിയിട്ടിരുന്നു. ആ കമ്പികളിൽ പിടിച്ചു തൂങ്ങിക്കിടന്നിട്ടുവേണം ചില ദിക്കുകളിൽ മേലോട്ടു കയറുവാൻ. ആവിധമുള്ള അഭ്യാസകലവികളാലും മററും വളരെ കഷ്ടപ്പെട്ടു് ഒരുവിധത്തിൽ ഞങ്ങറം മലയുടെ ശിഖരത്തിൽ ചെന്നുചേൎന്നു.

അവിടെ ഉദ്ദേശം ഒരു മുന്നൂറു ജനങ്ങറക്കു ഞെരുങ്ങിനില്ക്കുവാൻ തക്ക സ്ഥലസൌകൎയ്യമേയുള്ളു. അവിടെനിന്നും കിഴോട്ടു നോക്കിയാൽ മേഘനിരകറം അടിഞ്ഞു കിടക്കുന്നതു കാണാം. നാനാമതസ്ഥരും ആ ദൎശനസ്ഥലത്തു വരാറുണ്ടു്. മുഹമ്മദീയരും ക്രിസ്ത്യാനികളും അതു് ആദംമലയാണെന്നും, സിംഗളർ ശ്രീബുദ്ധമലയാണെന്നും, ഹിന്തുക്കറം ശിവൻ കൈലാസത്തിലിരുന്നു കാൽ നീട്ടിവച്ച മലയാണെന്നും മററുമുള്ള ധാരണയോടെ അവിടെ വന്നു് അവരവരുടെ മതാനുഷ്ഠാനവഴിക്കു് ആരാധന നടത്തുന്നു. ഹിന്തുക്കറം കർപ്പൂരം, സാമ്പ്രാണി, അഷ്ടഗന്ധം മുതലായവയും, മുഹമ്മദീയർ ചന്ദനത്തിരികളും, ക്രിസ്ത്യാനികറം മെഴുകുതിരികളും കൊണ്ടുവന്നു ധൂമദീപങ്ങറം ചമച്ചു പ്രാ

യ്ഥിക്കുന്നു. എല്ലാവരും ഏകോദരസഹോദരരായി കൊട്ട ത്തേങ്ങ ഏറിയുകയും പതിവാണു്. സിംഹളവർ കഴുങ്ങി ൻെറ പൂക്കുലയും പലവിധമായ പുഷ്പങ്ങളും കൊണ്ടു് അ ച്ചനചെയ്തു സ്വാമിയെ പ്രീതിപ്പെടുത്തുന്നു. അവിടെ ചെ റിയ ഒരു വിഹാരാലയത്തിനുള്ളിൽ ഒരു ബുദ്ധപ്രതിമയും സ്ഥാപിച്ചിട്ടുണ്ടു്. ആ മലാമുകളിലും സാധുക്കളുടെ പണം പററിച്ചെടുക്കുന്ന ചില സരസന്മാരെ ക്ഷാമമില്ലാതെ കാ ണാം. പല സാധുക്കളുടെ കയ്യിൽനിന്നും അന്യായമായി പണം തട്ടിച്ചെടുക്കുന്ന വിദ്യ പലകുറി ഞാൻ നോക്കി ക്കണ്ടു.

ഉദ്ദേശം പന്ത്രണ്ടടി നീളത്തിൽ, രണ്ടടി താഴ്ചയിൽ, ഒരു പാദത്തിൻെറ ഛായ പതിഞ്ഞ ഒരു കരിങ്കല്ലവിടെ കാണുന്നുണ്ടു്. അതാകുന്നു ശിവപാദം. വെള്ളവസ്ത്രങ്ങറം കൊണ്ടുവന്നു പലരും ആ പാദത്തെ മൂടി കുമ്പിടുന്നു. ആ മലശിഖരത്തിലേയ്ക്കു വരുവാൻ രണ്ടു മാൎഗ്ഗങ്ങളാണുള്ളതു്. ഒരു മാൎഗ്ഗത്തിൻെറ അടിവാരത്തിൽനിന്നു മററെ മാൎഗ്ഗ ത്തിലേക്കു പോകേണമെങ്കിൽ മലശിഖരത്തിൽ കയറിയി റങ്ങണം. അല്ലെങ്കിൻ മസ്തലിയിൽ വന്നു് അവിടന്നു രത്നപുരിയിലേയ്ക്കു പോയാലും പാദക്കൽവഴിയായി മററെ അടിവാരത്തിൽ ചേന്നു ചേരാം. അതിനു നൂററിഎമ്പ ത്തിരണ്ടു മൈൽ ചുററിവരണം. സിലോൺ മററു രാജ്യ ങ്ങളെ അപേക്ഷിച്ചു് ഒരു ചെറുദ്വീപാണെങ്കിലും അവിടെ രണ്ടു ലക്ഷത്തിപത്തുമല എസ്റ്റയിററുകളിൽ അസംഖ്യം മനുഷ്യർ വസിച്ചുവരുന്നു. ശിവനടിപാദം മലയ്ക്കു നേരേ കിഴക്കായി ഒരു പൎവ്വതം ഉണ്ടു്. ആ ഗിരിയുടെ ശിഖര

ത്തിൽ ചെല്ലുവാൻ ഒരു മാർഗ്ഗവും ഇല്ല. ശിവനടിപാദത്തിലും കൂടുതൽ ഉയരം തോന്നിയ്ക്കുന്നതു് ആ മലയ്ക്കാകുന്നു. ഒരു മലയാളിയായ കുഞ്ചുപ്പൂശാരി ആ മലശിഖരത്തിൽ പോയി കൊടി നാട്ടിയെന്നു് ജനങ്ങളുടെ ഇടയിൽ ഒരു കിംവദന്തിയുണ്ടു്. ഒരുപ്രകാരത്തിലും ആ മലമുകളിൽ കയറി എന്നതു് അതിന്റെ അടിവാരത്തിൽനിന്നു മേല്പോട്ടു നോക്കിയവൎക്കു വിശ്വാസയോഗ്യമാകുന്നതല്ല. അഞ്ചാറായിരം അടി ഉയരത്തിൽ ഒരു പൊട്ടും പൊളിവുമില്ലാതെ നിളെ ചളിപിടിച്ചു വെണ്ണപോലെ കിടക്കുന്ന ആ ശിവഗിരിയുടെ ഏറ്റവും ഉയൎന്ന ശിഖരത്തിൽ എങ്ങിനെ കയറിപ്പോയി കൊടി നാട്ടും!

സിലോണിൽ ഉള്ളതായ ചില മലകളിൽ മനുഷ്യൎക്കു പ്രവേശിപ്പാൻ സാധിക്കുന്നില്ല. അണുരാജപുരം മഹാരണ്യവും നൂറേലിയക്കാടുമാണു് സിലോണിലെ ഭയങ്കരമായ കാടുകൾ. ആ കാടുകളിൽനിന്നാകുന്നു കാട്ടാനകളെ പിടിക്കുന്നതു്. സിലോണിൽ ആനകളെ പിടിക്കുന്നതു കേരളത്തിലെപ്പോലെ കുഴിയിൽ ചാടിച്ചിട്ടല്ല. കാട്ടിന്റെ ഒരു മൂലയ്ക്കൽ വലിയ മരങ്ങൾ കുഴിച്ചിട്ടു വളച്ചുകെട്ടുന്നു. കാട്ടിൽനിന്നു് ഓടിവരുന്ന ആനകൾക്കു കയറി മുളയുവാൻ അനേകകൃത്രിമവാതിലുകളും അതിൽ ഘടിപ്പിച്ചിരിക്കും. ആനവേട്ടക്കാർ കൂട്ടമായി വെടിയും പടയുമായി കാടിനുള്ളിൽ കടന്നു് ആനകളെ തുരത്തി ഓടിക്കുന്നു. എല്ലാ വഴികളും മുട്ടി, ഓടുന്ന ആനകൾ മുൻതയ്യാറാക്കിയിട്ടുള്ള മരക്കൂട്ടിനുള്ളിൽ ചെന്നു കയറിയാൽ വാതിലുകൾ ബന്ധിക്കുകയായി. ഇണങ്ങിയ ആനകളേയും നാട്ടിൽനിന്നു കൊണ്ടു

വന്നു നിവൃത്തിയിട്ടുണ്ടായിരിയ്ക്കും. അവകഠം മരങ്ങളുടെ പഴുതിൽക്കൂടെ തുമ്പിക്കരത്തിൽ കാട്ടാനകളുടെ തുമ്പിക്കൈ ചുററിപ്പിടിച്ച് അവയെ ചങ്ങലയ്ക്കു ബന്ധിക്കുന്നു. കുറേ ദിവസം അവിടെയിട്ടു തീററിയും വെള്ളവും ഒന്നും കൊടുക്കാതെ, അവ ശക്തി ക്ഷീണിച്ചു മെരുങ്ങുമ്പോഠം നാട്ടിലേയ്ക്കു കൊണ്ടുപോകും. അഞ്ചു വഷം കൂടുമ്പോഠം ഒരിക്കൽ മാത്രമാകുന്നു സിലോൺഗവമ്മേണ്ടു കാട്ടാനകളെ പിടിക്കുവാൻ അനുവാദം കൊടുക്കുന്നതു്. ഈ അത്യൽഭുതകരമായ വിനോദം കാണ്മാൻ സിലോൺഗവണ്ണർമുതൽ ആ രാജ്യത്തിലെ പ്രധാനികളിൽ ഭൂരിപക്ഷവും വന്നുചേരുക സാധാരണമാണു്. കുറേ ദിവസത്തിനു് ആ അരണ്യപ്രദേശം വ്യാപാരികളുടേയും വിനോദപ്രിയന്മാരുടേയും ഒരു കേന്ദ്രമായിത്തീന്നിട്ടുണ്ടാകും.

ശിവനടിപാദം ഗിരിശിഖരത്തിൽ അതിപുരാതനമായ രണ്ടുമൂന്നു ആയസസംഘാതങ്ങഠം കിടക്കുന്നതു കാണാം. ആ ജാതി ഇരുമ്പു ലോകത്തിൽ നന്നെ ദുല്ലഭമാണെന്നും ആ പിണ്ഡങ്ങഠംക്കു് ഏതാണ്ടു് ആയിരം കൊല്ലങ്ങളിലേറെ പഴക്കമുണ്ടാകണമെന്നും ഏതോ ഒരു ഭൂപ്രകൃതിശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഇത്രയേറെ പ്രാക്തനമായിരുന്നാലും ഒരണുപോലും തുരുമ്പു അവയിൽ കടന്നുകൂടിയിട്ടില്ല. സിങ്കളവർ രണ്ടായിരത്തി അഞ്ഞൂററി എഴുപത്തഞ്ചു വഷത്തെ പഴക്കമാണു് ആ ഇരുമ്പുകട്ടകഠംക്കു കല്പിച്ചിരിക്കുന്നതു്. അവയെ അവിടെനിന്നും ഇളക്കിപ്പറിച്ചു് എടുത്തുകൊണ്ടുപോരുവാൻ സാധിക്കയില്ല. കല്ലിൽനിന്നു മുളച്ചുവന്നവിധത്തിലാകുന്നു അതുകളുടെ

അഗ്രങ്ങൾ പുറത്തേയ്ക്കു കാണുന്നതു്. സാധാരണ സ്വാമിദർശനത്തിന്നു മലശിഖരത്തിൽ പോകുന്നവർ ആ പാദാകൃതിയെ മാത്രം പ്രദക്ഷിണം ചെയ്തു് ഓടിയിറങ്ങിപ്പോരുന്നതല്ലാതെ മേൽപറഞ്ഞതെല്ലാം അത്ര ഗണ്യമാക്കാറില്ല. ആ മലശിഖരത്തിൽനിന്നും അണുരാജപുരത്തേയ്ക്കും കാണ്ഡിയിലേയ്ക്കും രണ്ടു ഗുഹാമാർഗ്ഗങ്ങൾ ഉണ്ടെന്നു ഹിന്തുക്കളും, മക്കത്തേയ്ക്കു് എളുപ്പമായ ഒരു ഗുഹാമാർഗ്ഗമുണ്ടെന്നു മുഹമ്മദീയരും പ്രസ്താവിക്കുന്നു. ക്രിസ്ത്യാനികൾ ഈ തക്കത്തിൽ ഉൾപ്പെട്ടിട്ടില്ല. അനേകചരിത്രങ്ങൾ അനേകവിധമായി ശിവനടിപാദത്തെ സംബന്ധിച്ചു് എനിക്കു പറയുവാൻ ഉണ്ടെങ്കിലും ഗ്രന്ഥവിസ്താരത്തെ ഭയന്നു് ആ ഭാഗങ്ങൾ ഒന്നും ഇവിടെ പ്രസ്താവിയ്ക്കുന്നില്ല. അന്നു മലശിഖരത്തിൽ ദർശനത്തിനു വന്നിരുന്നവരിൽ ഞങ്ങൾ രണ്ടുപേർ ഒഴികെ മലയാളികളായി ആരും ഉണ്ടായിരുന്നില്ല. കുംഭമാസത്തിലെ ശിവരാത്രി സംബന്ധിച്ചാകുന്നു സാധാരണയായി മലയാളത്തുകാർ മലയ്ക്കു പോകുന്നതു്. കുളിയും, വ്രതവും, നൊയ്മ്പും, ഉടുക്കുകൊട്ടും, അയ്യപ്പൻ പാട്ടും, അവരുടെ ഇടയിലെ നടപ്പാണു്. മററുള്ളവർ അതേവിധത്തിൽ അനുവത്തിക്കുന്നതായി കേട്ടിട്ടില്ല. ദരിദ്രനായ ഒരു മലയാളിയ്ക്കു മല കയറേണമെങ്കിൽ ലുബ്ധുപിടിച്ചു ചിലവുചെയ്താലും അയ്മ്പതുറുപ്പിക കൂടിയേതീരു. മററു സമുദായങ്ങളിൽപെട്ട ഒരു വ്യക്തിയ്ക്കു് അഞ്ചുറുപ്പിക ചിലവുചെയ്യുവെന്നാൽ ധാരാളവുമായി. പ്രതിവഷം മലകയറുന്നതിൽ ഭ്രമമുള്ള മലയാളികൾ സിലോണിൽ വിരളമല്ല. തങ്ങളുടെ വാഷികമായ തുച്ഛസമ്പാദ്യം ഈ ഒരു പുണ്യവൃത്തിക്കായി ചിലവുചെയ്വാനും അവർ സന്നദ്ധരാ

ണ്. ഇമ്പാമലയിൽ മലയാളികഠം കൂട്ടമായി താമസിക്കു ന്ന ദിക്കിൽ വല്ല വാക്കുതക്കങ്ങഠംക്കും ഇടവരുമ്പോഠം "ഞാൻ പതിനൊന്നുവഷം മുടങ്ങാതെ ശിവനടിപാദം കയറിയവനാണ്. നീ എന്നോടു കളിക്കേണ്ട." എന്നു ചിലർ വീരവാദം പറയുന്നതു ഞാൻ അടുത്തു നിന്നു കേട്ടിട്ടുണ്ട്—പളനിമല, ശബരിമല, തിരുവണ്ണാമല, കതിർകാമം മല, ശിവനടിപാദം മല മുതലായ സ്ഥലങ്ങളിൽ പോകുന്നതിന്നായി പ്രായേണ ചിലവുകളും ഭക്തിയും കൂടുതലായിട്ടുള്ളതു മലയാളികഠംക്കാണെന്നു പറയാം.

ശിവനടിപാദശിഖരത്തിൽനിന്നു നോക്കിയാൽ മയൂഖമാലിയുടെ ഉദയരശ്മികഠം വീണു പരന്നു പാടലമായ പൂവ്വദിങ്മണ്ഡലം നമ്മുടെ കണ്ണും കരളും ഒരുപോലെ കവൎന്നുകളയും.

ഞങ്ങളെല്ലാവരും അന്നു സുമാർ അഞ്ചരമണിക്കു സ്വാമിദശ്നം കഴിച്ചു സൂയ്യോദയത്തെ പ്രതീക്ഷിച്ചു നില്ക്കുകയായിരുന്നു. അചിരേണ, പഞ്ചലോഹങ്ങളും നവരത്നങ്ങളും കലൎന്നുകൂടി സമുജ്ജ്വലമായ്തീൎന്ന ഒരോമനക്കുട അദ്രിയുടെ തെക്കുകിഴക്കേ മൂലയിൽനിന്ന് ഒളിതള്ളിത്തിളങ്ങി ദശ്നവീഥിയിൽ കയറുവാൻ തുടങ്ങി. ഗൌരമരീചികഠം ചിതറിയ ആ കമ്മസാക്ഷിയുടെ തേജോമണ്ഡലം തരുലതാശ്യാമളമായ പരിസരഭൂമിയെ കനകാഭിഷിക്തമാക്കുവാൻ അധികനേരം വേണ്ടിവന്നില്ല.

പൊട്ടുന്നനേ പിൻപുറത്തുനിന്ന്, "അയ്യോ, അയ്യോ, സ്വാമി, കടവുളെയ്, കൊല്ലാതും" എന്നു ഒരു ദീനരോദനം കേഠംക്കായി. തിരിഞ്ഞുനോക്കിയപ്പോഠം കണ്ട

കാഴ്ച ഒരു തമിഴനെ അഞ്ചാറു സിംഗളവർ മുഷ്ടിചുരുട്ടി പ്രഹരിക്കുന്നതായിരുന്നു. അവൻ ശിവൻെറ പാദത്തിൽ കാണിക്കിട്ടിരുന്ന കാശ്ശ് അപഹരിച്ചുവത്രേ. "അയ്യോ സ്വാമി നാനെടുക്കയില്ലേ. കടവുൾ ആണെ, നാനെടുക്കയില്ലേ. വഴിയിൽകിടന്ന ശില്ലിയെ നാനെടുത്തു സ്വാമിപാദത്തിലെപ്പോട്ടേൻ. അല്ലാമപടി കടവുളുക്കുന്മയായി നാനൊൻറും ചെയ്യയില്ലേ. സ്വാമി, എന്നുടെ ഉശിരു പോരേൻ സ്വാമി സ്വാമി" എന്നിങ്ങനെ അവൻെറ ആക്രന്ദനം തുടൻുകൊണ്ടിരുന്നു. അവിടെ കൂടിയിരുന്നവർ എല്ലാം ആ സാധുവിൻെറ ദയനീയത നോക്കി വേദനപ്പെട്ടെങ്കിലും മുഷ്ക്കന്മാരായ പ്രഹർത്താക്കളുടെ കൈഅയഞ്ഞു കണ്ടില്ല. ആ നിരപരാധിയുടെ എല്ലുകളെല്ലാം നുറുക്കിയിട്ടും അവനെ വെറുതെ വിട്ടയയ്ക്കാതെ, ആ ദുഷ്ടന്മാർ അവൻെറ രണ്ടു കൈകളും കൂട്ടികെട്ടിയിട്ടു നാലു കൈകൾ ഉണ്ടായാലും ആ മലമുകളിൽനിന്നു കമ്പികൾ പിടിച്ച് ഇറങ്ങാൻ വിഷമമായിരിക്കെ, ഉള്ള രണ്ടു കൈതന്നെ കൂട്ടികെട്ടിയാൽ എത്ര കഷ്ടം ഒരുവനുണ്ടാകുമെന്നു കണ്ടുതന്നെ അറിയേണ്ടതാകുന്നു. ആ മൂർഖന്മാർക്ക് അണുവോളമെങ്കിലും ഈ വിചാരം ഉണ്ടായിരുന്നില്ല. ഇതാണോ ശിവനടിപാദമാഹാത്മ്യം! എവിടേയും ദരിദ്രക്കു രക്ഷയില്ല. ശിവനടിപാദമായാലും ബ്രിട്ടനായാലും എല്ലാം എഫ്. എം. എസ്സ്. പോലെതന്നെ.

14

ഗിരിശിഖരത്തിൽനിന്നു വളരെ പണിപ്പെട്ടു് ഇറങ്ങി, ഞങ്ങൾ നടന്നും ക്ഷീണിച്ചും മസ്കലിയിൽ ചെന്നു ചേൎന്നു. അവിടന്നു മോട്ടോർമാൎഗ്ഗമായി കൊളമ്പു പട്ടണത്തിലേക്കു തിരിച്ചു. കൊളമ്പിൽ വന്നതിൻെറ പിറേറ ദിവസംതന്നെ ഞാൻ സ്ലംപത്തേക്കു പോയി. അവിടെ മുനീശപരം എന്ന ഒരു ഹൈന്ദവക്ഷേത്രമുണ്ടു്. കടൽകരയിലാണു ക്ഷേത്രം സ്ഥിതിചെയ്യുന്നതു്. ശുദ്ധജലം, അവിടെ കിട്ടുകയില്ല. കടൽ ഊറവുവെള്ളമാണു സാധുക്കൾ എല്ലാം ഉപയോഗിച്ചു വരുന്നതു്. പണക്കാർ കൊളമ്പിൽനിന്നും ശുദ്ധജലം വരുത്തി ഉപയോഗിക്കുന്നു. താമസത്തിനു സൌകൎയ്യം ലഭിക്കായ്കയാൽ ഞങ്ങൾ അവിടെനിന്നും ഉങ്കിരിയാവു എന്ന ഒരു സ്ഥലത്തേക്കു പോയി. ആ പ്രദേശത്തു് അനേകം ദരിദ്രന്മാരായ സിംഗളവരുടെ കുടുംബങ്ങളെ കാണുകയുണ്ടായി. അവരിൽ ചിലർ ഞങ്ങളെ കണ്ടു വളരെ വണക്കത്തോടെ സിംഗളഭാഷയിൽ സംസാരിച്ചു തുടങ്ങി. എനിക്കു സിംഗളഭാഷ നല്ല പരിചയമുണ്ടായിരുന്നില്ല. അവർ പറയുന്നതെല്ലാം എൻെറ കൂട്ടുകാരൻ എന്നെ ധരിപ്പിച്ചു. ആ സംഭാഷണത്തിൽനിന്നും അവിടെ അടുത്തു ഒരു മലയാളിയുണ്ടെന്നു് എനിക്കു് അറിവാൻ ഇടയായി. ഞങ്ങൾ ആ മലയാളത്തുകാരൻെറ പാൎപ്പിടത്തിലേക്കു പോയി. അയാളെ ഭാൎയ്യാസമേതനായിട്ടാണു് അവിടെ കണ്ടതു്. ഞങ്ങളോടു സിംഗളഭാഷയിൽ തന്നെ അയാൾ സംഭാഷണം തുടങ്ങി. ഞാൻ മലയാളത്തിൽ അതിനുള്ള സമാധാനം പറഞ്ഞിട്ടും ഞ

ങ്ങറാം മലയാളികറാം ആണെന്നറിഞ്ഞിട്ടും അയാറാം സിംഗളത്തിൽതന്നെ സംസാരിച്ചതേയുള്ളു. കുറെ കഴിഞ്ഞപ്പോറാം എൻെറ അപേക്ഷയെ സ്വീകരിച്ച് ആ മലയാളി മുറിയും മുക്കാലുമായി മലയാളഭാഷയിൽതന്നെ സംഭാഷണം തുടന്നു. ഇരിഞ്ഞാലക്കുടയ്ക്ക് അടുത്തുള്ള കാട്ടൂർ വില്ലേജിൽ കാരപ്പറമ്പിലെ രാമൻ എന്നിങ്ങനെ അയാറാം സ്വന്തം ഊരും പേരും എന്നെ പരിചയപ്പെടുത്തി.

ഞങ്ങറാം തിരിച്ചുപോരുവാൻ ശ്രമിച്ചപ്പോറാം അയാറാം ഒരു വലിയ വിരുന്നൊരുക്കി ഞങ്ങളെ സൽക്കരിക്കയുണ്ടായി. സ്വജീവിതത്തിൻെറ ഏതാനും ചില അദ്ധ്യായങ്ങളെ അയാറാം എന്നെ കേറാംപ്പിച്ചു. അതിൻെറ ചുരുക്കം ഇങ്ങനെയാണ്:—താൻ ഈ പ്രദേശത്തു വന്നിട്ടു മുപ്പതു വഷമായി, സ്വദേശത്ത് ഒരു ഭാൎയ്യയും ഒരു കുട്ടിയും ഉണ്ട്. ഇവിടെ ആദ്യമൊരു വിവാഹം കഴിഞ്ഞു; പന്ത്രണ്ടാം വഷം ആ ഭാൎയ്യ മരിച്ചുപോകയാൽ പുനർവിവാഹം ചെയ്ത ആ സിംഗളസ്ത്രീയെയാകുന്നു ഇപ്പോറാം ഈ വീട്ടിനുള്ളിൽ കാണുന്നതു്. താൻ താമസിക്കുന്ന ഈ സ്ഥലത്തിൻെറ ജന്മി ഒരു സിംഹള അധികാരിയാകുന്നു. ആ പ്രഭു താമസിക്കുന്നതു് ഇവിടന്നു് അഞ്ചു മൈൽ അകലെയാണ്. അവിടെ പോയി ഞങ്ങറാം അയാളുടെ മൊതലാളിയെ കണ്ടു് അഭിമുഖസംഭാഷണം നടത്തിപോകുന്നതായാൽ കുറെ ബഹുമതിയുണ്ടു് എന്നായി പിന്നീട് അയാളുടെ അപേക്ഷ. ഞാൻ ആ ജന്മിയുടെ വീട്ടിലേക്കു പോകുവാൻ സമ്മതിച്ചു. അപ്പോറാംതന്നെ അയാറാം ഭാൎയ്യാസമേതം ഞങ്ങളോടുകൂടെ പുറപ്പെട്ടു. പതിനഞ്ചു നിമിഷങ്ങറാംക്കുള്ളിൽ ആ ജന്മിയുടെ പടിക്കെട്ടിൽ ചെന്നിറ

ങ്ങി. ഞങ്ങളെ കണ്ടയുടൻ ആ സിംഗളകുടുംബം ആബാലവൃദ്ധം പുറത്തുവന്നു. എത്രയും ബഹുമാന്യമിത്രങ്ങളെയെന്നപോലെ ഞങ്ങളെ അവർ സന്തോഷാഹ്ലാദങ്ങളോടുകൂടെ ഉപചരിച്ചു. ആ ഉന്നതമായ പ്രഭുഭവനത്തിൻെറ പ്രവേശനദ്വാരത്തിൽ ചെന്നു കയറിയ ഞങ്ങളെ സന്തോഷസൂചകമായി ആ പ്രഭുതന്നെ കൈപിടിച്ചു കയററി, ചില വിചിത്രങ്ങളായ ആസനങ്ങളിൽ കൊണ്ടിരുത്തി.

അനന്തരം ആ സിംഗളപ്രഭുവും ഞാനുമായി പരിചിതരെപോലെ മമതാപൂൎവ്വം ഇരുന്നു് ഓരോ വിശേഷങ്ങൾ പറഞ്ഞുതുടങ്ങി. ആ സന്ദൎഭത്തിൽ വാലും തലയും തിരിച്ചറിയുവാൻ സാധിക്കാത്തവിധത്തിലുള്ള ആറേഴ ഇഴജന്തുക്കളെ കയറിൽ കെട്ടിത്തൂക്കികൊണ്ടു ഒരുവൻ അംവിടെ കടന്നുവന്നു. ആ പ്രാണികൾ എൻെറ നേത്രങ്ങൾക്കു പുത്തിരിയായിരുന്നു. അതുകൾ ആ നാട്ടിലെ ഒരുജാതി വിഷപ്പാമ്പുകൾ ആയിരുന്നു. ഏഴേഴു വീതം സംഘമായി ചേൎന്നു് അവ, വീടുകളുടെ മുകൾഭാഗത്തു കയറി ഒന്നിനൊന്നുതൊട്ടു ചങ്ങലപോലെ കീഴോട്ടു തൂങ്ങുമത്രെ. വീട്ടിനുള്ളിൽ നിദ്രയിൽ കിടക്കുന്ന മനുഷ്യനെ ആദ്യത്തേതു കടിച്ചു് അട്ടയെപ്പോലെ രക്തം വലിച്ചെടുക്കും. ആ രക്തം അവസാനത്തെ പാമ്പിൻെറ വയറാകുന്നു ആദ്യമായി നിറക്കുന്നതു്. അങ്ങിനെ ഓരോന്നിൻേറയും ഉദരസമ്പൂൎത്തി വന്നു് ഒടുവിൽ ഏഴാമതു, കടിച്ച പാമ്പിൻെറ വയർ നിറഞ്ഞതിനുമേലെ അവ ദേഹത്തെ ഉപേക്ഷിച്ചുപോകും. ഈ ഏഴു നാഗങ്ങളുടെ വയർ നിറയുവാൻ

മാത്രമേ ഒരു മനുഷ്യന്നു രക്തമുണ്ടാകയുമുള്ളൂ. പാമ്പുകാം രക്തം കുടിക്കുമ്പോഠം കടിപെട്ട മനുഷ്യന്നു ക്ഷീണവും നിദ്രയും ഉണ്ടായി, അതോടെ ജീവഹാനി സംഭവിയ്ക്കുന്നു. മനുഷ്യരുടെ രക്തമല്ലാതെ മററു യാതോരു ജീവിയുടെ രക്തവും ആ പാമ്പുകാം കുടിക്കുകയില്ല. അവയുടെ കടിയേററവർ ആരും ജീവിച്ചിട്ടില്ലത്രെ. ഈ തരം പാമ്പുകാം ആ പ്രദേശത്തല്ലാതെ മറെറങ്ങും ഉണ്ടെന്നുള്ളതായി കേട്ടിട്ടില്ല. അനേകവിധം വിഷപ്പാമ്പുകാം ആ നാട്ടിൽ ഉണ്ട്. വെയന്തിരം എന്ന ഒരുമാതിരി പാമ്പിൻെറ 'മൊരമ്പൽ' ബഹുകണ്ണുകഠോരമായി തോന്നും. കരിവഴല, ശംഖുപാലൻ, കരിമൂക്കൻ, വെമ്പാല, (രാജവെമ്പാല) തക്ഷകൻ, വാസുകി, കാക്കോടകൻ തുടങ്ങി വിവിധങ്ങളായ മഹാസർപ്പങ്ങളെ ആ നാട്ടിൽ എവിടെ തിരഞ്ഞാലും ക്ഷാമമില്ലാതെ കാണാം. പക്ഷെ ആ പാമ്പുകാം മലയാളത്തിലെപ്പോലെ മനുഷ്യരെ കടിക്കുന്നില്ല, അഥവാ വല്ലപ്പോഴും ആരെയെങ്കിലും വിഷസ്പർശനം ചെയ്താൽ ആ വിഷമിറക്കുവാൻ സമർത്ഥരായ വിഷഹാരികാം ആ പ്രദേശത്തു സുലഭവുമാണ്.

ആ ദിക്കിൽ വിഷവൈദ്യർ ധാരാളമുണ്ടെന്നും അവരെല്ലാം അധഃകൃതജാതിയിൽ പെട്ടവരാണെന്നും പ്രവുവിൽനിന്നു ഞാൻ ഗ്രഹിച്ചു. ജാതിയുടെ അധഃകൃതവിവക്ഷ വന്നപ്പോഠം ബുദ്ധമതസ്ഥരായ നിങ്ങളുടെ ഇടയിലും ജാതിഭേദമുണ്ടോ എന്നു ഞാൻ ചോദിക്കുവാനിടയായി. അതിന്നു സമാധാനമായി അവരുടെ ഇടയിലുള്ള ജാതിവ്യത്യാസത്തെ കുറിച്ച് അദ്ദേഹം വിവരണം തുടങ്ങി. "ഈ നാട്ടിൽ നാലുവക ജാതികാം ഉണ്ട്. ഞാൻതന്നെ

സമുദായത്തിൻെറ താഴ്ന്ന ശാഖയിലെ ഒരു അംഗമാകുന്നു. മാസംപ്രതി രണ്ടു ലക്ഷം നാളികേരം സ്വന്തം ഭൂമിയിൽനിന്നു കിട്ടുവാനാസ്തിയുള്ളവനും ഈ നാട്ടിലെ ഒരാറാച്ചി (അധികാരി)യുമാകുന്നു ഞാൻ. എൻെറ പിതാവിൻെറ കാലശേഷമാണു ഞാൻ വിവാഹം കഴിച്ചതു്. വിവാഹകാലത്തു വധു ഞങ്ങളിൽനിന്നു താഴ്ന്നകുലത്തിൽ പെട്ടവളാണെന്നു ദൂഷണമുണ്ടായി. വിപുലമായ അനുരാഗം അതത്ര വിശ്വസിച്ചില്ല. കല്യാണച്ചടങ്ങുകൾ നടത്തി വധൂവരന്മാരായ ഞങ്ങൾ അടുത്തുള്ള 'പഞ്ചാല'ക്കു പോയപ്പോൾ ആണു യഥാൎത്ഥമറിവാൻ കഴിഞ്ഞതു്. ഇത്രയും ആയപ്പോൾ കാപ്പിയും ലഘുഭക്ഷണവും ഭോജനശാലയിൽ ഒരുങ്ങിയിരിക്കുന്നുവെന്നു് ഒരു പരിചാരകൻ വന്നു് അറിയിച്ചു. ഞങ്ങൾ എല്ലാവരും ആ ആറാച്ചിയുടെ അപേക്ഷപ്രകാരം ഭോജനശാലയിലേക്കു പോയി. അവിടെ തയ്യാറാക്കിയിട്ടുണ്ടായിരുന്ന ഡയനിങ്ങ് ടേബിളിനു ചുററുമിരുന്നു ഞങ്ങൾ കാപ്പിയും, പലഹാരങ്ങളും ആഹരിച്ചു; വീണ്ടും മുമ്പിരുന്ന സ്ഥലത്തു ചെന്നിരുന്നു സംഭാഷണം തുടങ്ങി.

ഈ നാട്ടിൽ റോഡിയർ എന്നു പറയുന്ന ഒരുകൂട്ടം ജനങ്ങളുണ്ടു്. അവർ മനുഷ്യരൂപത്തോടെ ജനിച്ചതാണു മഹാകഷ്ടമായതു്. മൃഗപ്പിറവികളായിരുന്നുവെങ്കിൽ അവരെ ജാതിമനുഷ്യർ തൊടുകയും, സ്വീകരിക്കയും സ്നേഹിക്കയും ചെയ്യുമായിരുന്നു. അമേദ്ധ്യം ഭുജിക്കുന്ന പട്ടികളും, പന്നികളും, പച്ചമാംസം തിന്നുന്ന പൂച്ചകളും ഈ നാട്ടിൽ സുലഭമാണു്. ഈ ജന്തുക്കളെ ജാതിമനുഷ്യർ താന്താങ്ങ

ളുടെ വീട്ടിൽവെച്ച് മെരുക്കിവരുന്നു. ശയ്യാപരിസരങ്ങളിലും, ചിലപ്പോഴം ചിലരുടെ ശയ്യയിൽതന്നേയും അവയ്ക്കു സ്ഥാനമുണ്ട്. പന്നികളെ പുത്രസ്നേഹത്തോടുകൂടെ വളൎത്തിയശേഷം തച്ചുകൊന്ന് അവയുടെ മാംസം തിന്നുന്നകൂട്ടർ ഉയൎന്നജാതിയിൽതന്നെ കാണും. റോഡിയർ എന്ന വകുപ്പിൽ പെട്ടവൎക്ക ശുഭ്രവസ്ത്രങ്ങഠം ധരിക്കുവാൻ പാടില്ല; അവരുടെ പെണ്ണുങ്ങഠംക്ക സ്തനങ്ങഠം മറയ്ക്കുവാനും അനുവാദമില്ല. വിഹാരലയപരിസരങ്ങളിൽ അവൎക്ക പ്രവേശിക്കവയ്യ. റോഡിയവരോടുകൂടി ഭാഷണം ചെയ്യുന്നതു കണ്ടാൽ മേൽജാതിക്കാൎക്ക വളരെ പുച്ഛമാകുന്നു. ഇത്തരത്തിൽ പറയുന്നതായാൽ അവരുടെ അവശതകളെപ്പററി കുറെയേറെ പറവാനുണ്ട്. നിങ്ങളുടെ നാട്ടിൽ ജാതിശല്ല്യമുണ്ടെങ്കിലും താഴ്ന്ന ജാതിക്കാൎക്ക വസ്ത്രം വെളുപ്പിച്ചുടുക്കുന്നതിന് ആൎക്കം വിരോധമുണ്ടാകില്ല. എന്റെ അറിവിൽപെട്ടേടത്തോളം നിങ്ങളുടെ കേരളം വളരെ സുഖഭ്രയിഷ്ഠമാണ്; കേരളീയർ സുമുഖന്മാരും, അഭിമാനമുള്ളവരും കൂൎമ്മബുദ്ധികളും, അന്ധവിശ്വാസമില്ലാത്തവരും, ശുഭ്രവസ്ത്രധാരികളുമായിട്ടാകുന്നു കണ്ടുവരുന്നതു്. മേൽപറഞ്ഞ റോഡിയർ വസ്ത്രങ്ങഠം വെളുപ്പിച്ച് ഉടുത്താൽ ഈ നാട്ടിലുള്ളവർ ഒട്ടാകെ ഇളകിവശാവും. കഴിഞ്ഞ മാസത്തിൽ ഇവരെ സംബന്ധിച്ച് എന്റെ അടുക്കൽ നാട്ടുകാർ ഒരു ആവലാതി കൊണ്ടുവരികയുണ്ടായി. ഈ ദേശത്തുനിന്നും ഒരു റോഡിയൻ കൊളമ്പിൽ പോയി സിനിമ കണ്ടു മടങ്ങിവന്നതു നാട്ടാൎക്ക് ആക്ഷേപകരമായത്രേ. അവൻ അങ്ങിനെ ചെയ്തതു കീഴ്വഴക്കമില്ലാത്തതുകൊണ്ടാകയാൽ അവനെ ഈ നാട്ടിൽനിന്നും പുറത്തു തള്ളിക്കളെ

യേണമെന്നായിരുന്നു അപേക്ഷ. ഞാൻ ഇതിന്നു് എന്തു ചെയ്യു! അവൻെറ കാശ്ശുകൊടുത്തു് ഇവിടെന്നു് അറുപത്തിരണ്ടു മൈൽസ്സ് അകലെയുള്ള കൊളമ്പു പട്ടണത്തിൽ പോയി സിനിമ കണ്ടതിന്നു് ഇവക്കു് ഇത്രവളരെ അഭിമാനക്ഷയവും നഷ്ടവും വരുവാനുണ്ടോ? ഈ റോഡിയർ വകുപ്പിൽപെട്ടവരായി രത്നപുരിയിൽ കുറെയാളുകളുണ്ടു്. അവരുടെ പെണ്ണുങ്ങളെപോലെയത്ര അഴകുതികഞ്ഞ സ്ത്രീകൾ സിംഗളമേൽജാതിക്കാരുടെ കൂട്ടത്തിൽ ദുർല്ലഭമാകുന്നു. ഒരു ക്രിമിനൽ കേസ്സു സംബന്ധമായി ഈ റോഡിയപ്പെണ്ണുങ്ങളിൽ ചിലക്കു മജിസ്റ്റ്രേറ്റുകോർട്ടിൽ കയറേണ്ടിവന്നു. റോഡിയപ്പെണ്ണുങ്ങളുടെ വണ്ണംതന്നെ കോറകാച്ചിമുക്കിയ സ്വർണ്ണംപോലെ പ്രശോഭനമാകുന്നു. ആ സുകുമാരഗാത്രികളുടെ മാറിൽ തിങ്ങിഞെരുങ്ങി പുഷ്പമഞ്ജരികളെപ്പോലെ ലാവണ്യം തുളുമ്പിനില്ക്കുന്ന കുചങ്ങളെ കാണ്മാൻ ഇടവരുന്ന മനഃശക്തികുറഞ്ഞ യുവജനങ്ങൾ വല്ലാതെ കാമപീഡിതരാകാതെയിരിക്കയില്ല. അന്നു കോർട്ടിൽ ഉണ്ടായിരുന്ന മാന്യന്മാർ കേസ്സു വിചാരണകളിൽ തൃഷ്ണയില്ലാതായി; ഈ പെണ്ണുങ്ങളുടെ തോൽകുടങ്ങളെതന്നെ പലവട്ടം തൃഷ്ണയോടെ വീക്ഷിക്കുന്നതു് അടുത്തിരുന്ന ഒരു യൂറോപ്യൻ സ്ത്രീ നോക്കികാണുവാൻ സംഗതിയായി. അവർ ആരോടൊന്നും പറയാതെ ആ കോർട്ടിൽനിന്നു് ഇറങ്ങിപ്പോയി. ആ മാന്യമഹതിയുടെ അശ്രാന്തപരിശ്രമത്താൽ പിന്നീടു രത്നപുരിയിലെ റോഡിയപ്പെണ്ണുങ്ങൾക്കു മാത്രം അവരുടെ കാമമോഹനമായ കൊങ്കകളെ മറയ്ക്കുവാൻ അനുവാദം സിദ്ധിച്ചു. നാട്ടുകാരായ സിംഗളവർ അതിന്നു വളരെ വിരോധിച്ചു്, അനവ

രതം പരിശ്രമിച്ചെങ്കിലും വിജയമുണ്ടായില്ല. രത്നപുരിയിൽ മാത്രമെ ആ നിയമം സാധ്യമാകുകയുള്ളു. റോഡിയപ്പെണ്ണുങ്ങൾ റൌക്കയിട്ട് ഇവിടെയെങ്ങാൻ വന്നെങ്കിൽ അന്നു തല്ലിൻെറ പിറന്നാൾഘോഷമാകുന്നു. ഇത്തരം സ്വാർത്ഥികൾ ഇവിടത്തെ ബുദ്ധമതക്കാരിലും ധാരാളമാണ്. ഇനി നിങ്ങളുടെ യാത്രാചരിത്രങ്ങൾ അറിവാൻ ഞാനാഗ്രഹിക്കുന്നു." എന്നു പ്രഭു ഉപസംഹരിച്ചു.

എൻെറ തൽകാലസ്ഥിതികളെ ഞാൻ പ്രഭുവിനെ ചുരുക്കത്തിൽ ധരിപ്പിച്ചു. ഔദാര്യശാലിയും ഗുണപൂർണ്ണനുമായ ആ സിംഗളിയാധികാരിയെ ഞങ്ങൾ അചിരേണ വേർപിരിഞ്ഞു. പിന്നീടുള്ള എൻെറ യാത്ര പുറത്തളത്തേയ്ക്കായിരുന്നു. ആ പട്ടണം പരിചിതന്മാൎക്കു സുഖപ്രദമായി തോന്നും. ആ രാജ്യക്കാരിൽ ഭൂരിപക്ഷവും പനി പിടിച്ചു ദേഹം വിളറി വയറു വീൎത്തുകൊണ്ടുള്ള കോലങ്ങളായിട്ടാണു് കണ്ടതു്. അതു കണ്ടു ഭയന്നു ഞാൻ അവിടെ ഇറങ്ങി സഞ്ചരിക്കാതെ കൊളമ്പിലേക്കുതന്നെ മടങ്ങി. വഴിമദ്ധ്യേ സ്ലാവം, കാക്കപ്പള്ളി, മാതമ്പി, കൊടാവു, പെണ്ണാപ്പുരെ മുതലായ ചെറുനഗരങ്ങളിൽ ഇറങ്ങി പലെ കാഴ്ചകളും കാണുകയുണ്ടായി. ആ നഗരങ്ങളിൽ കച്ചവടക്കാരും തൊഴിലാളികളുമായി കുറെ മലയാളികൾ ഉണ്ടു്. മാതാമ്പി എന്ന സ്ഥലത്തു കേമമായ ഒരു ചന്ത നടന്നുവരുന്നു. സിലോൺ ഉൾനാടുകളിൽ ഉണ്ടാകുന്നതായ ഫലമൂലാദികൾ എല്ലാം ആ ചന്തയിൽ വരും. ഞായറാഴ്ച അവിടെ വളരെ ജനങ്ങൾ കൂട്ടംകൂട്ടമായി ചെന്നിറങ്ങുന്നു.

അവിടന്നും തിരിച്ചു ഞങ്ങൾ ലുണുവിൽ എന്ന ഒരു ചെറുനഗരത്തിലേയ്ക്കുപോയി. ആ നഗരവും പരിസരങ്ങളും കേരളീയരാൽ നിറയപ്പെട്ടു പ്രഥമവീക്ഷണത്തിൽ അതു മലയാളത്തിലെ ഒരു ദേശമോ എന്നു സംശയിപ്പാനിടയായി. അവിടത്തെ നാനാവ്യാപാരികളും സിംഹപ്പക്കു തൊഴിലാളികളും മലയാളികളാകുന്നു. റെയിൽവെസ്റ്റേഷനു മുൻഭാഗത്തു യൂറോപ്യരുടെ വകയായി ബെവസൂർ കമ്പനിയെന്ന പേരിൽ ഒരു തേങ്ങാമോറം കൊപ്പരമില്ലുണ്ടു്. അനുദിനം അവിടെ ഒരു ലക്ഷം നാളികേരംകൊണ്ടു പലവിധമായ വ്യവസായങ്ങൾ ചെയ്യുന്നതും ചൂടിക്കയർ പിരിക്കുന്നതും മലയാളത്തുകാരാകുന്നു. സിംഗളീയഭാര്യാസമേതം ചില തോട്ടങ്ങളിൽ കുടുംബമായി താമസിക്കുന്ന മലയാളികളേയും അവിടെ കാണാം. മലയാനാട്ടിലെ മേണ്ടോർമാരെപ്പോലെ ലുണുവിലും ചില കങ്കാണിമാർ ഉണ്ടു്. ഒരു കങ്കാണിയുടെ ഭവനം മലയാളത്തെ മട്ടിൽ 'അൻപത്താറു കോലാ'യിരിക്കും. അന്നു രാത്രി ഞങ്ങൾ, ചരുവിൽ വേലപ്പൻ കങ്കാണിയുടെ വസതിയിൽ താമസിച്ചു. പിറെറ ദിവസം എഴുന്നേററു ശൌതികൃത്യങ്ങൾ നിവ്വഹിച്ചശേഷം, ഞങ്ങൾ ആ പ്രദേശത്തിൽ ഉള്ള വലിയ തെങ്ങിൻതോട്ടങ്ങളും കൊപ്പറമില്ലുകളും പോയിക്കണ്ടു. അവിടെയുള്ള പ്രവൃത്തിക്കാരിൽ ഭൂരിപക്ഷവും മലയാളികൾ ആകുന്നു. അവിടത്തെ കേരളീയരുടെ വ്യക്തിപരമായ ഐശ്വര്യാവസ്ഥയിൽ പ്രഥമസ്ഥാനം അർഹിക്കുന്ന ഒരു മുതലാളിയുണ്ടു്. ഞങ്ങൾ അ

ദ്ദേഹത്തെ കാണുവാനായി ബംഗ്ലാവിലേക്കു ചെന്നു. യജമാനൻ ഗുണസമ്പന്നനാണെന്ന അഭിമാനത്തെ ആജ്ജിക്കുവാൻ പര്യാപ്തരല്ലാത്ത അദ്ദേഹത്തിൻെറ അനുഷേവികൾ, ഞങ്ങളുടെ സംഭാഷണമദ്ധ്യേ "പിതാ, പിതാ, പുനർമത്ത്യം;യാവൽ പതതി ഭൂതലെ, പുനരുത്ഥായ തെ പീതാ" എന്ന മട്ടിൽ രംഗത്തിൽ പ്രവേശിച്ചു. സമുദായസംഘടനയിലെ അവിതക്കിതങ്ങളെ അവർ പരാമശിച്ചത് ഒരു വെള്ളാടിൻെറ ഉപമയിലായിരുന്നു. സ്വാത്ഥപ്രതിപത്തിയുടെ വിദൂരവന്ദ്യതയെ അവർ അവിടെ അളന്നുകാട്ടി. തങ്ങൾ ഭൂലോകസ്വൎഗ്ഗീയകുടുംബത്തിലെ അംഗങ്ങളാണെന്നും, പത്രലോകവും, സാഹിത്യകലകളും, ആയുർവേദവൈദ്യവും മററു പലതരമായ ഉൽകൃഷ്ടവിദ്യാഭ്യാസസരണികളും തങ്ങളുടെ സ്വത്തുക്കളാണെന്നും ദുരഭിമാനപുരസ്സരം അവർ പ്രതിപാദിക്കാതിരുന്നില്ല. വിനീതമായ വദാന്യതയും, ഉദാത്തമായ ഔദാര്യവും, സ്ഥിതിസമത്വസാഹോദര്യവും ഒക്കെ അവക്കുണ്ടെന്നാണു ഭാവം. ഒന്നിലേറെ പൂക്കലെസ്സപ്പുതാവരണികളും, രണ്ടുമൂന്നു തെങ്ങിൻതോട്ടങ്ങളും, രമണീയമായ ഒരു മണിമാളികയും ഉണ്ടെന്നുള്ള പ്രഭുതാനാട്യവും ഇടക്കിടെ അവരിൽ തുളുമ്പി.

വളരെ മലയാളികൾ അവിടെ ഉണ്ടായിരുന്നിട്ടും അവർ ഒരു സംഘടിതജീവിതം നയിപ്പാൻ ഇപ്പോഴെ തുടങ്ങിട്ടുള്ളു. അവിടത്തെ മലയാളികൾ വല്ല സംഘവും സഭയും രൂപീകരിക്കാൻ ശ്രമിച്ചാൽ മേൽപറഞ്ഞ മുതലാളി പ്രഭൃതികൾ 'ഓ! ശങ്കവും, ശപഥം, എന്നു സാധുക്ക

ളെ പുച്ഛിച്ചു തുടങ്ങുകയായി. സംഘവും, സഭയും ഏപ്പെട്ടത്തി വല്ല കാര്യവിവരമുള്ളവരും വന്നു ജനങ്ങളോടു സൽക്കാര്യങ്ങൾ പറഞ്ഞുബോധിപ്പിച്ചാൽ, തങ്ങളുടെ താവരണികളിൽ വില്ക്കുന്ന "പിശാചിന്റെ കഷായം" കുടിയ്ക്കുവാൻ ആരാണെന്നാണവരുടെ ഭയം. മനുഷ്യരുടെ വിത്തവും, ഐശ്വര്യവും, ബുദ്ധിയും ബലികഴിച്ച് അവരെ ശ്വാനന്മാരുടെവിധം കടിപിടികൂട്ടിക്കുന്ന കള്ളുതാവരവ്യാപാരം നിറുത്തിയ്ക്കുവാൻ ആ നാട്ടിലെ ഉദാരശീലന്മാരായ സിംഹളീയർ അശ്രാന്തപരിശ്രമം ചെയ്തുനോക്കിയിട്ടും ഫലപ്പെട്ടില്ല. ഗവമ്മേണ്ടിൽനിന്നും ഉത്തരവുണ്ടായതു ഭൂരിപക്ഷം ജനഹിതത്തെ സ്വീകരിച്ചു പ്രവത്തിക്കാമെന്നായിരുന്നു. അതു സംബന്ധിച്ചു ഇരുകക്ഷികളുടെയിടയിലും അവിടെ മത്സരപ്പിടുത്തം ഉണ്ടായി. അന്നത്തെ വങ്കപ്രഭുക്കളുടെ സംഘവും, സംഘടനയും, പ്രചരണവേലയും, ഓട്ടവും, ചാട്ടവും, കള്ളുതാവരണിയിലെ ദാനധമ്മവും ഒക്കെ ഒന്നു കാണേണ്ടതായ ഉത്സവം തന്നെയായിരുന്നു. തങ്ങളുടെ അത്യദ്ധ്വാനത്താൽ സാമാന്യജനങ്ങളെ വശീകരിച്ച്, അവർതന്നെ ഭൂരിപക്ഷം നേടി. അവിടത്തെ മലയാളികളുടെ ബുദ്ധിവികാസത്തെ തടഞ്ഞു, സന്മാർഗ്ഗജീവിതമെന്തെന്നറിവാൻകൂടി അവക്കിടം കൊടുക്കാതെ പ്രഭുക്കന്മാർ അവരെയിട്ടു ക്ലേശിപ്പിച്ചുകൊണ്ടിരുന്നു. ഈ സന്ദർഭത്തിലായിരുന്നു കൊളമ്പു മലയാളിസംഘത്തിന്റെ ഒരു നായകനും സമത്വസാഹോദര്യപ്രിയനുമായ ശ്രീമാൻ കക്കേരി രാമൻ അവർകൾ ലുണവിലേയ്ക്കു വന്നതു്. ധീരശൂരനായ അദ്ദേഹം മുതലാളിമാരുടെ മുഖം നോക്കാതെ അവിടത്തെ മലയാ

ളിസഹോദരരെ ആകെയൊന്നു തട്ടിയുണൎത്തി, ഒരു മലയാളിസംഘം സ്ഥാപിച്ചു. കൊളമ്പിൽനിന്നും ചില പ്രാസിംഗകരെ വരുത്തി കാൎയ്യങ്ങൾ പറയിച്ചു്, അതിനു് അത്ഭുതാവഹമായ ഉണൎവ്വുണ്ടാക്കി.

ഞങ്ങൾ ലുണുവിൽ താമസിക്കുന്ന അവസരത്തിൽ ഒരു ഞായറാഴ്ച സുപ്രസിദ്ധനായ ചോലയിൽ മാമിവൈദ്യർ അവർകളുടെ ശിഷ്യനും, മരുമകനും, പ്രസിദ്ധവാഗ്മിയും, കൊളമ്പു ശ്രീനാരായണ സമാധിസ്മാരകസംഘത്തിൻെറ കാൎയ്യദൎശിയും ജനസമ്മതനുമായ ശ്രീമാൻ കുമ്പളപ്പറമ്പിൽ രാമൻ വൈദ്യരവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം നടക്കുകയുണ്ടായി. അന്നു് അദ്ധ്യക്ഷൻ പ്രാരംഭമായും ഉപസംഹാരമായും ചെയ്ത പ്രസംഗത്തിലെ കാൎയ്യഗൌരവസരസവും സൌഹൃദസുഭഗവുമായ സനാതനധൎമ്മോപദേശങ്ങൾ സഭാംഗങ്ങളെ ഒട്ടാകെ പുളകാഞ്ചിതരാക്കിതീൎത്തു.

അനന്തരം ഞാൻ അദ്ദേഹത്തോടുകൂടെതന്നെ കൊളമ്പിലേക്കു മടങ്ങി. വീണ്ടും കുളമ്പിൽ കുറെ ദിവസം താമസിച്ചു, രത്നപുരിയിലേക്കു പോയി. ഞാൻ അവിടെ ചെന്നിറങ്ങിയ നാൾ രത്നപുരിയിലെ ദേവാലടിയെന്ന വിഹാരാലയത്തിൽ മഹോത്സവമായിരുന്നു. ഉത്സവം കാണ്മാൻ ഞാനും പോകയുണ്ടായി. ആ ദേവാലയം കൊടുങ്ങല്ലൂർ ക്ഷേത്രത്തിൻെറ വിവൎത്തനമോയെന്നു സംശയിപ്പാൻ വളരെ അവകാശമുണ്ടു്. ആ ദേവാലടിവിഹാരാലയത്തിൽ പതിനാലു ദിവസമാകുന്നു 'പെരരാ' കൊണ്ടാടുന്നതു്. അവിടെ അനുദിനം നൂറിൽ കുറയാതെ കരിവര

ന്മാർ ഉണ്ടായിരിക്കും. കേരളത്തിലെപോലെയത്ര ഭംഗിയുള്ള ആനച്ചമയങ്ങറം അവിടങ്ങളിലില്ല. പക്ഷെ വളരെ വിലകൂടിയ സ്വർണ്ണക്കട്ടികളും, തങ്കക്കുടങ്ങളും, പൊൻവിഗ്രഹങ്ങളും കനകപ്പല്ലക്കുകളും ആനപ്പുറത്തു കയററിയിട്ടാണു് അവിടത്തെ എഴുന്നെള്ളിപ്പു്. പതിന്നാലാം ദിവസം നീർവെട്ടു് എന്ന ഒരു ചടങ്ങുകൂടി ഉത്സവാംഗമായിട്ടുണ്ടു്. അതിലേക്കു തോരണാലംകൃതമായി വിചിത്രീകരിച്ചിട്ടുള്ള പടവുകളിൽ അനേകബുദ്ധഭിക്ഷുക്കറം കയറിയിരുന്നു, രത്നപുരി ഗംഗയിൽക്കൂടി പതിനെട്ടുവിധ വാദ്യഘോഷങ്ങളോടുംകൂടെ പുറപ്പെടുന്നു. എല്ലാ വഷങ്ങളിലും ഒരേ സ്ഥലത്തുതന്നെ നീർവെട്ടുകയെന്ന സ്ഥിരതയില്ല. പടവിൽ പോകുന്ന ഭക്തശ്രേഷ്ഠനായ ഭിക്ഷുവിന്നു മംഗളകരമായി തോന്നുന്ന സ്ഥലത്തു് എത്തിയാൽ അദ്ദേഹം, മന്ത്രവാറം കൈയിൽ എടുത്തു ഗംഗയിൽ ഇറങ്ങി എന്തോ മന്ത്രോച്ചാരണത്തോടെ ഒഴുകികൊണ്ടിരിക്കുന്ന ഗംഗയിൽ വെട്ടുന്നു. അങ്ങിനെ വെട്ടിയാൽ ഗംഗ, പ്രവാഹമില്ലാതെ രണ്ടായി വിഭാഗപ്പെട്ടു നില്ക്കുമെന്നാകുന്നു പറയുന്നതു്. ഈ കാഴ്ചകറം കാണ്മാൻ ഞങ്ങറം ആററിൻകരയിൽ കുറെ ദൂരത്തായിരുന്നു നിന്നിരുന്നതു്. തന്നിമിത്തം അതു പരമാത്ഥമൊ എന്നു് ഇതെഴുതുന്ന ആറംക്കു തീർത്തു അറിഞ്ഞുകൂടാ. ജലം പിളന്നു നില്ക്കുന്ന സ്ഥലത്തു നിന്നാകുന്നു ഏഴു തങ്കക്കുടങ്ങറം നിറയെ നീർ എടുക്കുന്നതു്. നീർകുടങ്ങറം വിഹാലയത്തിനുള്ളിൽ കൊണ്ടുചെന്നു സൂക്ഷിക്കുന്നു. നീർകുടം ഒരു വഷം അശുദ്ധമാകാതിരുന്നാൽ, പിന്നത്താണ്ടിലെ ഭൂസ്ഥിതിയും ജനങ്ങളുടെ ആരോഗ്യവും ശോഭനമായിരിക്കുമെന്നു് എല്ലാവരും തിരു

മാനിക്കുന്നു. രത്നപുരിയിൽ രത്നങ്ങൾ ലഭിക്കുമെന്നൊരു കിംവദന്തികൂടെയുണ്ട്.

ഒരു ദിവസം ഞാൻ രത്നപുരിയിലെ ഒരു ഉത്തരവീഥിയിലൂടെ പൊയ്ക്കൊണ്ടിരുന്നപ്പോൾ ഹിന്ദുക്കളുടെ വലിയ ഒരു ശിവക്ഷേത്രം കണ്ടു. അതിന്നു മുൻഭാഗത്തായി ഭാസിയർ ഡൊളഫ്ണ്ടൻ എന്ന ഒരു യാവക്കാരൻ താമസിച്ചിരുന്നു. അയാളുടെ മകൻ ജയിനുദീൻ എന്ന യുവാവിൻെറ സഹായത്തോടെ അവിടെനിന്നും ഞങ്ങൾ ബ്ലാങ്കോട്ടയ്ക്കുപോയി. ബ്ളാങ്കോട്ട ടൌണിൽനിന്നും പന്ത്രണ്ടു നാഴിക അകലെ ഒരു മലയുണ്ട്. അതാണ് ശിവനടിപാദം മലയുടെ കിഴക്കുഭാഗത്തുള്ള മല. ആ മലയുടെ കിഴക്കെ അടിവാരത്തിലേയ്ക്കാണു പിന്നീടു ഞങ്ങളുടെ യാത്രയുണ്ടായതു്. പന്ത്രണ്ടുനാഴിക കാട്ടിൽകൂടെ നടന്നു കഷ്ടപ്പെട്ട് ഒരുവിധത്തിൽ ഞങ്ങൾ ആ മലയടിവാരത്തിൽ ചെന്നുചേൎന്നു. ആ ഗിരി വളരെ ഉയൎന്നതും മുകളിൽ കയറുവാൻ മാൎഗ്ഗമില്ലാത്തതുമാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. ദൂരത്തുനിന്നു മലശിഖരത്തിലേക്കു നോക്കിയാൽ ഒരു വിഗ്രഹം നില്ക്കുന്നതുപോലെ തോന്നും, അവിടെന്നും ഒരു സ്രോതസ്സു കീഴോട്ടു പ്രവഹിച്ചുകൊണ്ടിരുന്നതിൻെറ ധ്വനി രണ്ടുമൂന്നു മൈൽ ദൂരത്തിൽ കേൾക്കാം. അടിവാരത്തിൽ ഒന്നര ഏക്കർ സമചതുരമായ ഒരു ഒററക്കരിങ്കല്ലിന്മേൽ ആനയുടെ വലിപ്പത്തിൽ ഏതോ ഭാഷയിലുള്ള ചില അക്ഷരങ്ങൾ കൊത്തിവെച്ചിരിക്കുന്നതു കാണാം. അതിൻെറ ഇടതുഭാഗത്ത് ഒരു ആനയ്ക്കിറങ്ങിപ്പോകത്തക്ക വിസ്താരമുള്ള ഒരു ഗുഹാമാൎഗ്ഗവും കാണുകയുണ്ടായി. ഗുഹാ

മുഖത്തിൽ ചെന്നു ഞാൻ വളരെ സമയം നോക്കിനിന്നെങ്കിലും അതിൻെറ രഹസ്യങ്ങൾ ഒന്നും അറിവാൻ കഴിഞ്ഞില്ല. അവിടന്നും തിരിച്ചു ഞങ്ങൾ ലോലുപ്പെട്ടി, ബൊവിവത്ത, കഹവത്ത മുതലായ വലിയ എസ്റ്റയിററുകൾ ചെന്നു സന്ദശിച്ചു.

അചിരേണ ഞാൻ രത്നപുരിയിലേക്ക മടങ്ങി. ആ വഴിയായി പറക്കടെവ്, ഐസാവളെ, വാക, എന്നീ പട്ടണങ്ങളിലും സഞ്ചരിച്ചു. അനന്തരം ഞാൻ ലപുഗമെയ്ക്കു പോയി. അവിടെ മഹാവനമായ ഒരു മലയുണ്ട്. കൊളമ്പു പട്ടണത്തിലെ കുഴലുകളിലേക്കുള്ള ജലം ശുദ്ധീകരിച്ചു നിക്ഷേപിച്ചിട്ടുള്ളതു ആ മലയിൽ ആകുന്നു. ആ 'തെപ്പുക്കുള'ങ്ങളെ മലകയറി കാണുവാൻ എനിക്ക വളരെ ആഗ്രഹമുണ്ടായി. പക്ഷെ കൊളമ്പു വാട്ടർ വർക്സ് മാനേജരുടെ ഉത്തരവില്ലാതെ ആൎക്കും പോയികാണ്മാൻ നിവൃത്തിയുണ്ടായിരുന്നില്ല. അവിടത്തെ സ്രാങ്കായ ഒരു സി ഐ. വേലുക്കുട്ടിയുടെ സഹായത്താൽ ഞാൻ അനുവാദം വാങ്ങി ആ നിമ്മലജലതടാകങ്ങളും പോയി കണ്ടു.

തെയ്യോപ്പെട്ടി, കുറുവാനലെ, ബ്ളോക്കോപ്പെട്ടിയ, ആനമലെ, അമ്പാമലെ, പൂണക്കലെ, ക്രൂളുക്കളെ, യററത്താരി, ഉന്തുക്കൊടെ, മോറാം തോട്ടെ, കേക്കാലെ, കുറുന്നാകലെ, പോൾഗാവളെ മുതലായ നഗരങ്ങളിൽ ചുററിനടന്നു ഒടുവിൽ ഞാൻ കടുകണ്ണാവിലെത്തി. ആ നഗരം മയ്യഴിക്കാർ മഹമ്മദീയരുടെ സങ്കേതവും വ്യാപാരകേന്ദ്രവുമാകുന്നു. പിന്നീടു ഗമ്പള, ഒളപ്പന, നാലപ്പിയ എന്നീ പട്ടണങ്ങളിലേക്കായി എൻെറ പുറപ്പാട്. അ

വസാനമായി ഗാലിയിൽ, അന്മാംതോടെ, മാത്തള മുത ലായ സ്ഥലങ്ങളും സന്ദർശിച്ചിട്ടു ഞാൻ തിരിയെ കൊളമ്പു പട്ടണത്തിൽ ചെന്നുചേൻ.

16

1922 ഡിസേമ്പ്ര 25-ാംനു- കൊളമ്പു ഹാർബറിൽ നിന്നും ഞാൻ ബോമ്പായിലേയ്ക്കു കപ്പൽ കയറി. അഞ്ചാം ദിവസം ആ യാത്രാക്കപ്പൽ ബോമ്പായ് തുറമുഖത്തിൽ പ്രവേശിച്ചു. കപ്പലിൽനിന്നിറങ്ങി ആ വിപുലമായ പട്ടണത്തിലേക്കു പോയി. മലബാർഹില്ലും കുബേരന്മാരുടെ മാളികകളും, അവിടുത്തെ കടൽക്കര മൈതാനവും മററും കണ്ടു ഞാൻ മതിമറന്നുപോയി. കുറെ ദിവസങ്ങൾ ഞാൻ അവിടെ കഴിച്ചു. കറാച്ചി, പൂന, ഹൈദ്രബാദ്, ആഗ്ര, ദൽഹി, സിംല, ബനാറസ്സ്, കൽക്കത്ത, അയോദ്ധ്യ മുതലായ സ്ഥലങ്ങൾ പിന്നീട് എൻെറ പ്രയാണലക്ഷ്യങ്ങളായി.

ആ പര്യ്യടനങ്ങൾക്കശേഷം സ്വദേശത്തേയ്ക്കു തിരിക്കവാൻ അധികം വിളംബമുണ്ടായില്ല. വീട്ടിലെത്തി ജ്യേഷ്ഠന്മാരുടേയും മററു കുടുംബാംഗങ്ങളുടേയും പ്രതിപാലനാദരം കണ്ടപ്പോൾ എൻെറ സർവ്വയാത്രാക്ലേശങ്ങളും വിസ്മൃതങ്ങളായി. ഹാ, സ്വദേശവും സ്വജനങ്ങളും! പ്രാപഞ്ചികക്ലേശത്തിനു ലഘുതവരുത്തുവാൻ മറെറന്തിനുണ്ടു

ഇവയോളം സമത്ഥത! സ്നേഹത്തിന് ഉറവു മററൊരിട ത്തുമുണ്ടാവാം; പക്ഷെ, അതിന്ന ഹൃദയങ്ഗമതയും സ്വാ ദ്ദം ലഭിക്കണമെങ്കിൽ സ്വദേശത്തുനിന്നും സ്വജനങ്ങളിൽ നിന്നുംതന്നെ ഉത്ഭവിച്ചേ തീരു.

കുറച്ചുദിവസം കഴിഞ്ഞപ്പോഠം ഞാൻ കേരളം ചുററി ക്കാണാൻ പുറപ്പെട്ടു കോഴിക്കോട്ടു, പാലക്കാട്ടു, കൊല്ലങ്കോ ട്ടു, വടവന്നൂർ, തൃശ്ശിവപേരൂർ, ഇരിഞ്ഞാലക്കട, കൊടുങ്ങ ല്ലൂർ മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചു, കോട്ടപ്പുറത്തു ചെന്ന് എറണാകുളത്തേക്ക മോട്ടോർബോട്ടുകയറി. എറ ണാകുളത്തുള്ള മഹാരാജാസ് കോളേജും പലേ മഹത്തര മായ ഏടുപ്പുകളും കണ്ടു കൊച്ചിയിലേക്ക തിരിച്ചു. അവി ടത്തെ പുതിയ ഹാർബറും, കുബേരന്മാരുടെ കച്ചവടകേ ന്ദ്രങ്ങളും സന്ദശിച്ചു. അവിടെനിന്നും ആലപ്പുഴയ്ക്കു ബോ ട്ടിൽ പുറപ്പെട്ടു. പിന്നീടു കൊല്ലത്തേക്കും കൊല്ലത്തുനി ന്നും തീവണ്ടിമാഗ്ഗമായി തിരുവനന്തപുരത്തേക്കും പോ യി. അവിടെയുള്ള കോട്ടയും, തിരുവഞ്ചിക്കുളം ക്ഷേത്ര വും, കാഴ്ചബംഗ്ലാവും, കോളേജുകളും കണ്ടു ഞാൻ പരമാ ശ്ചയ്യതുന്ദിലനായി. അനന്തരം നാഗരുകോവിൽ കന്യാ കുമാരി, ചെങ്കോട്ട, തിരുനൽവേലി, മധുര, രാമനാഥപു രം, രാമേശ്വരം, ശ്രീരംഗം, തൃശ്ശിനാപ്പിള്ളി, കുംഭകോ ണം, തഞ്ചാവൂർ മുതലായ പട്ടണങ്ങളായി എൻെറ യാ ത്രാലക്ഷ്യങ്ങഠം. പിന്നീടു ഞാൻ കാവേരി പൂമ്പട്ടണത്തി ലേക്ക ഗമിച്ചു. വളരെ നൂററാണ്ടുകഠംക്ക മുന്നിൽ പട്ടണ ത്തുപിള്ളയാർ ആ പുണ്യഭൂമിയിലാകുന്നു പിറന്നത്. ഇ പ്പോഠം അതു പട്ടണമല്ല. പട്ടണം നശിച്ചു ഭൂമിയ്ക്കുന്ത

ഭാഗത്തു് ആയിട്ടു് ഏറെ കാലമായിരിക്കണം. ആദ്യത്തെ നഗരനാമധേയംതന്നെ ഇപ്പോഴും ഗ്രാമവാസികൾ സ്വീകരിച്ചുവരുന്നു. ആ ഗ്രാമത്തിൽക്കൂടെയാകുന്നു കാവേരി നദി ഒഴുകി കിഴക്കെ സമുദ്രത്തിൽ ചെന്നുവീഴുന്നതു്. കക്കടകമാസത്തിലെ അമാവാസ്യനാൾ ശ്രാദ്ധത്തിനായി അനേകജനങ്ങൾ അവിടെ വന്നുചേരുന്നു. ആ നദീതീരത്തിൽ പട്ടണത്തുപിള്ളയാരുടെ ഒരു ക്ഷേത്രമുണ്ടു്. ക്ഷേത്രദശ്നത്തിനായി നാട്ടുകോട്ട ചെട്ടികൾ ധാരാളം വന്നും പോയുംകൊണ്ടിരുന്നു. ആ പ്രദേശം അനേകം നെൽവയലുകളും ഫലപുഷ്പങ്ങൾ നിറഞ്ഞ വൃക്ഷങ്ങളുംകൊണ്ടു സങ്കീണ്ണമാകുന്നു. അവിടത്തെ ജനത കുറെ ശാന്തസ്വഭാവികളും പ്രായേണ അഴകുള്ളവരുമാണു്. ആ ഗ്രാമവാസികളിൽ ചിലർ കുഴികിടങ്ങുകൾ കുഴിച്ചുചെല്ലുമ്പോൾ പഴയ പട്ടണത്തിൻെറ നഷ്ടശിഷ്ടങ്ങൾ കണ്ടിട്ടുണ്ടത്രെ. ചില കാലങ്ങളിൽ ചിലക്കു പലതരം നിധികൾ കിട്ടിയിട്ടുള്ളതായി പഴമക്കാർ പറഞ്ഞുപോരുന്നു. പീതാംബരം മഹാക്ഷേത്രത്തിലെക്കായിരുന്നു എൻെറ അന്ത്യയാത്ര. ആ ക്ഷേത്രവും പരിസരങ്ങളും എൻെറ നയനനീരാജനം സ്വീകരിച്ചു, ഹൃദയത്തിൽ ആനന്ദം വഷിച്ചു.

17

അധികകാലം ഞാൻ പിന്നെ ഇൻഡ്യയിൽ താമസിച്ചില്ല. മദിരാശിയിൽ ചെന്നു കപ്പൽ കയറി ഏതാ

നം ദിവസങ്ങൾക്കുള്ളിൽ സിങ്കപ്പൂരിൽ ചെന്നിറങ്ങി. സമുദായസംഘടനയിൽ ആസക്തിയുള്ള യുവാക്കളെ ഒരു സംഘമായി സംഘടിപ്പിക്കുവാനായിരുന്നു പിന്നീട് എൻെറ സംരംഭം. വിഭിന്നകക്ഷികളായ സിംഗപ്പൂരിലെ കേരളീയർക്കു ഭാസുരമായ ഭാവിയെ പ്രതീക്ഷിക്കേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു. സമുദായത്തിൻെറ നിർമ്മാണോപകരണങ്ങൾ വിപുലമാക്കാതെ നശ്വരമായ മനുഷ്യത്വത്തിനു മഹിമയും മനോരമതയും കൈവരികയില്ല.

സമത്വത്തിലും സാഹോദര്യത്തിലും സക്തിയില്ലാത്തവർ, എത്ര കുബേരന്മാരായിരുന്നാലും, കുലച്ച പനയെന്നോണം പാഴായിത്തന്നെ പോകും. ദരിദ്രനും കുബേരനും ഇന്നല്ലെങ്കിൽ ഇനിയൊരിക്കൽ ധരണിവാസം വെടിയണം. ദരിദ്രൻെറ കഷ്ടതയ്ക്കും കുബേരൻെറ സുഖത്തിനും പിന്നെ നിശ്ശൂന്യതതന്നെ. മനുഷ്യർക്കു മരണമെന്നതു് അപരിഹാര്യമായിരിക്കയാൽ ദരിദ്രരെ വഞ്ചിച്ചു സംഭരിക്കുന്ന വിത്തവും നശ്വരമാകുന്നു. ദരിദ്രന്മാർ വല്ല ചില്ലറ കൊണ്ടുമുള്ള ഉദരഭരണക്കാരാണു്; പണക്കാർ ആസ്വാദ്യങ്ങളായ ആഹാരപാനാദികളിൽ ആനന്ദിക്കുന്നു. എന്നാൽ ദരിദ്രനോളം ശരീരാരോഗ്യം ഒരു ധനികനില്ലെന്നാകുന്നു നാം സുനിശ്ചിതമായി കണ്ടുവരുന്നതു്. ഇതരസമുദായത്തിൽപെട്ട ഇവിടെയുള്ള കുബേരന്മാരുടെ കേന്ദ്രപരിസരങ്ങളിൽ ഓരോ എക്സ്യയിസാലയങ്ങൾ ഉണ്ടായിരിക്കും. ആലയത്തിൻെറ ആസ്ഥാനമണ്ഡപത്തിൽ നടുവിൽ ഓരോ ശിലാവിഗ്രഹപ്രതിഷ്ഠകളും കാണാം. എല്ലാവർക്കും ഒരേവിധം പ്രതിഷ്ഠയല്ല; ചിലർക്കു് ആറു തലയുള്ള പുരുഷ

രൂപപ്രതിമയും, ചിലക്ക് ആനമുഖമുള്ള ശിലാവിഗ്രഹവും, ചിലക്ക രൂപമില്ലാത്ത ഉരുണ്ട ശിലകളും, മററു ചിലക്ക സ്ത്രീരൂപപ്രതിമകളുമായിട്ടാകുന്നു കണ്ടുവരുന്നത്. ഈ ധനികരെല്ലാം നിശ്ചിതസമയങ്ങളിൽ ആലയത്തിനകം പൂകി വിഗ്രഹത്തിൻെറ മുൻഭാഗത്തുനിന്നു കൈകൾ രണ്ടും ശിരസ്സിനുമേലെ ഉയത്തിപ്പിടിച്ചു, കാൽകരങ്ങൾ വളക്കാതെ നിലത്തു കമിഴ്ന്നു പതിഞ്ഞുവിഴുന്നു. ഇതിൻെറ വിപുലമായ സാരം സ്വാമിയെ കുമ്പിടുകയെന്നാകുന്നു. അനവധി നാളത്തെ പരിചയംകൊണ്ടല്ലാതെ അങ്ങിനെ വിഴുന്നതും സുസാദ്ധ്യമല്ല. വേറെവിധം അഭ്യസനങ്ങൾ ശീലിച്ചവരേയും ആ കൂട്ടരിൽ ഇടക്കിടെ കാണാം. ചിലർ മൂന്നു റൌണ്ടു ചുററുകയും, ചിലർ കൈവിരൽകളാൽ നൊടിക്കയും ചെയ്യുന്നു. അവർ ആലയത്തിനുള്ളിൽ പോകുമ്പോൾ പിന്നിൽനിന്നു നോക്കിക്കാണുന്നവക്ക മാത്രമെ, അവരുടെ കാരോവിധം ഗോഷ്ടികളും അറിഞ്ഞുകൂടു. ഭൂമിയിൽ പതിഞ്ഞുവിഴുന്ന സമ്പ്രദായം ആ സമുദായം ഒട്ടാകെ ആചരിക്കുന്നതും, പക്ഷഭേദമില്ലാതെ എല്ലാവരും ഒഴിച്ചുകൂടാത്തതായി കരുതിയിട്ടുള്ളതുമാകുന്നു. ഇങ്ങിനെ ചെയ്യുന്നവക്ക് ഒരു പ്രത്യേകവന്ദനശ്ലോകമുണ്ട്.

യസ്യാന്തർനാഭിമദ്ധ്യം നഹികരചരണം
നാമഗോത്രം ന സൂത്രം
നോജാതിർന്നൈവ വണ്ണോനഭവതി
പുരുഷോനോ ന പുംസോ ന ചസ്ത്രീഃ
നാകാരം നോവികാരം ന ജനനമരണം
നാസ്തിപുണ്യം ന പാപം

നോ തത്വം തത്വമേകം സഹജസമരസം
സൽഗ്ഗുരും തം നമാമി.

ആദിയും അന്തവും ഇല്ലാത്തവനും, അവയവങ്ങളി ല്ലാത്തവനും, പേരു, ഗോത്രം, സൂത്രം, ജാതി, വൎണ്ണം എന്നിവ ഇല്ലാത്തവനും, ആണും പെണ്ണും ക്ലീബവുമല്ലാത്തവനും, നിരൂപനും, നിർവികാരനുമായ തത്വങ്ങാംക്ക് എല്ലാം അപ്പുറത്തു്, എല്ലാവററിലും സമരസമായിരിക്കുന്ന പരബ്രഹ്മമായ നിന്നെ എങ്ങിനെ അറിയുന്നു! എല്ലാ ചരാചരങ്ങാംക്കും ആധാരമായിരിക്കുന്ന നിനക്കു ശരിയായ ആസനം ഏതുവിധം നൽകാം. സഹജസ്വഭാവമൊന്നുമില്ലാത്ത നിനക്ക് അൎഘ്യപാദ്യാദികാം ഏതുവിധം ചെയ്യും. എല്ലാം പരിശുദ്ധമാക്കികൊണ്ടിരിക്കുന്ന നിനക്ക് ആചമനം ഏതുവിധമാണു ചെയ്യുക. മലിനമാകാതെ പരിശുദ്ധമായി പ്രകാശിച്ചുകൊണ്ടിരിക്കുന്ന നിനക്കു കുഴി ക്കുപങ്ങളിലെ അശുദ്ധജലംകൊണ്ടു് എന്തൊരു സ്നാനമാണ്! പ്രപഞ്ചത്തിനെല്ലാം അതീതനായി ദിഗംബരനായിരിക്കുന്ന നിനക്ക് ഏതൊരു പീതാംബരമുണ്ടു ചാൎത്തുവാൻ! ഹൃദയസ്ഥനായി ജാതിഗോത്രമില്ലാത്ത നിന്നെ യജ്ഞോപവീതം ഏതുവിധമാണു ധരിപ്പിക്കേണ്ടതു്! അവയവങ്ങാം ഇല്ലാത്ത നിന്നെ ഏതുമട്ടിലലങ്കരിക്കുന്നു. രൂപമില്ലാത്ത നിന്നെ ഏതുവിധം പൂജചെയ്യണം. നിരഞ്ജനനായ നിനക്കു ധൂപദീപങ്ങാം ഏതുവിധമുള്ളവയാണ്! സൂൎയ്യചന്ദ്രന്മാരെപോലും പ്രകാശിപ്പിക്കുന്ന നിന്നെ ഏതൊരു ദീപം കൊണ്ടാരാധിക്കാം! ആദിയും അന്തവുമില്ലാത്ത നിന്നെ എന്തു മന്ത്രത്താൽ പുഷ്പാൎച്ചനചെയ്യുന്നു! സൎവ്വപരിപൂൎണ്ണ



ഗ്രന്ഥകർത്താവ് കമലാസക്സ്സ് പ്രൊപ്രൈററർ
ശ്രീ. കെ. ദാമോദരന്റെക്കൂടെ (സിംഗപ്പൂർ)

കമലാസക്സ്സ് സിംഗപ്പൂരിൽ വന്നപ്പോൾ, സക്സ്സിലെ വനിതാ അംഗങ്ങൾക്കു ഗ്രന്ഥകർത്താവു നല്കിയ സൽക്കാരാവസരത്തിൽ എടുത്ത ഫോട്ടോ.

നം നിത്യാനന്ദനുമായ നിനക്ക് ഏതുവിധം നൈവേദ്യങ്ങളാണ് അപ്പിക്കേണ്ടതു്. ലോകനായകനായ നിനക്കു താം ബൂലം എങ്ങിനെ തരും. ഇങ്ങിനെയെല്ലാം അറിഞ്ഞിരുന്നിട്ടും ഉപാസകന്മാരുടെ പ്രവൃത്തികൾ നേരെ വിപരീതമായിട്ടാകുന്നു പരിണമിക്കുന്നതു്.

വേറെയും ചില വിനോദങ്ങൾ ആരാധനാസ്ഥാനങ്ങളിൽ കാണാം. തങ്ങളിലും കുറെയേറെ അജ്ഞാനതിമിരത്തിൽ മുഴുകിയവരെകൊണ്ടാകുന്നു അതു ചെയ്യിക്കുന്നതു്. ചില പഴവഗ്ഗങ്ങളും, പൊരിയലുകളും, ഉള്ളിച്ചോറും, വിഗ്രഹത്തിന്നു മുന്നിൽവച്ചു് ആരാധകന്മാർ കൈകൾകൊണ്ടും വായുകൊണ്ടും ആംഗ്യങ്ങൾ കാട്ടുന്നതും, പറയുന്നതും എന്തൊക്കെയെന്നു വായനക്കാരെ എഴുതിയറിയിക്കുവാൻ എൻെറ പേനക്കു പാടവം പോരാ. ഉപാച്ഛനം ഇതുകൊണ്ടും അവസാനിച്ചില്ല. ഒരു വഷത്തിൽ അവക്കു രണ്ടുമൂന്നു നിശ്ചിതസുദിനങ്ങൾ ഉണ്ടു്. ആ സന്ദഭ്ങ്ങൾ അടുക്കുമ്പോൾ എസ്സസ്സു, ജോഹോർബാരു, മലാക്കാ, സെറമ്പാൻ, കോലക്കിള്ളാൻ, കചാലാലമ്പൂർ, ഞെപ്പിംഗ്ഗു, പിനാങ്കു മുതലായ പട്ടണങ്ങളിൽ കാലെക്കൂടി നോട്ടിസ്സുകൾ വിതരണം ചെയ്യുകയായി. മുന്നറിയിപ്പു പത്രങ്ങളിൽ പുറത്തുവന്നാൽ സചാമിദശനപ്രിയന്മാക്കു് 'ആലിളക്കം' തുടങ്ങും. കാവടി തുള്ളുവാനും കരണംമറിയുവാനും, ശൂലങ്ങൾ, ചൂണ്ടലുകൾ തുടങ്ങിയവ തങ്ങളുടെ ശരിരങ്ങളിൽ കയററി പരിചയിപ്പാനും അവർ മുതിരുകയായി. നിശ്ചിതദിവസത്തിന്നു മുന്നേതന്നെ ആലയപരിസരങ്ങളും, രാജവിഥികളും പലവിധ തോരണങ്ങളാലും, കുലവാഴക

ളാലും അലംകൃതമാകുന്നു. തേർത്തട്ടിനും സ്വാമിവിഗ്രഹത്തിനും സ്വർണ്ണഗിൽട്ടുകൾ കൊടുത്തും പലവിധവർണ്ണത്തകിടുകൾ പതിച്ചും വിചിത്രീകരണം നടത്തി, തഴയും വെഞ്ചൊററക്കുടകളും നിരത്തി തുടരുന്ന അവരുടെ ഘോഷയാത്ര ഒരു നോക്കുകണ്ടാൽ ആരുടെ കണ്ണുകളും അഞ്ചിപ്പോകും. കാവടി തുള്ളുവാനും ശൂലങ്ങൾ ശരീരങ്ങളിൽ കയററുവാനും കുബേരന്മാർ പോയികാണുന്നില്ല. അവക്ക് അതു് അറിഞ്ഞുകൂടായ്കയൊ, ഭീരുത്വമോ എന്തൊ? നമ്മുടെ സമുദായക്കാരിലും ചിലർ കാവിടി തുള്ളുവാൻ പോകാറുണ്ടു്. ഒരാൾ ചൂണ്ടലും ശൂലങ്ങളും ശരീരത്തിൽ കയററി കാവടി തുള്ളി ഒരിക്കൽ മരിച്ചുപോയത്രെ. അതിൽപിന്നെ ധൈര്യശാലികളായ ചില മലയാളികൾ മാത്രമെ ഇതിന്നു പോകാറുള്ളു. മാടുകൾ, ആടുകൾ, കോഴികൾ, മുതലായവ വഴിപാടുകളായി അപ്പിക്കപ്പെടുന്നു. കോവിൽ സന്നിധാനത്തിൽ പുരുഷവിഗ്രഹമുള്ള കോവിലുകളിൽ അവകളെ ഹിംസിക്കുന്നതായി കാണുന്നില്ല. എന്തോ ഗവമ്മേണ്ടു് അതിന്നു ലൈസൻസ്സ് അനുവദിച്ചു കൊടുത്തിട്ടില്ലായിരിക്കാം. അവകളെയെല്ലാം വിററു കിട്ടുന്ന പണം കോവിൽ ഭണ്ഡാരത്തിൽ മുതൽക്കൂട്ടുകയാണു പതിവു്. സ്ത്രീവിഗ്രഹമുള്ള കോവിലുകളിൽ എത്രയായിരം പ്രാണികളെ കൊല്ലുവാനും ലൈസൻസ്സുണ്ടത്രെ. വഷംതോറും ഓരോ കോവിലുകളിലും ഹിംസിക്കപ്പെടുന്ന ജീവികളുടെ എണ്ണം, ഒരുവക്കും അറിഞ്ഞുകൂടാ. ഈ നാട്ടിൽ സുലഭമായി കാണുന്ന കശാപ്പുകടകളിലേക്കു് ആടുമാടുകളെ അറുത്തുകൊണ്ടുപോകുന്നതിന്നു് അവിടവിടെ പ്രത്യേകം ഓ

രോ കോട്ടകറം ഉണ്ട്. അതുപോലെ ഭക്തപാമരന്മാക്ക പ്രാണിവധം ചെയ്യുന്നതിന്ന പ്രത്യേകമായി നിമ്മിക്കപ്പെട്ടിട്ടുള്ള മററൊരുതരം കോട്ടകളായിരിക്കാം ഈ കോവിലുകളും.

എഫ്. എം. എസ്സിൽ ഉള്ള ജനത ഭൂരിപക്ഷവും ചൈനക്കാരാകുന്നു. കച്ചവടത്തിൽ ധനസ്ഥിതിയിലും ഉയന്നവർ അവർതന്നെ. അവരുടെ അന്ധവിശ്വാസമാകുന്നു ഏററവും കരകവിഞ്ഞത്. അവരുടെ ഇടയിൽ സ്വാമിപ്രീതിക്കായി, വലിയ പന്നികളേയും താറാവുകളേയും മുഴുവനെ പൊരിച്ചു, പച്ചമീനുകളും ചില പലഹാരങ്ങളും ഇടകലത്തി പീടിന്നു മുൻപുറത്തുള്ള ഡയിനിങ്ങ് ടേബിളിന്മേൽ അപ്പിച്ചിട്ടു, നവോഢകളായ പെൺകിടാങ്ങറം അതിന്നു ചുററും വളഞ്ഞിരുന്നു കിണ്ണങ്ങറം മുട്ടി താളത്തിനു ചേന്ന പാട്ടുകറം പാടുന്നു. ഒരുവിധം കടലാസ്സുകറം അതിന്നു മുൻഭാഗത്തു കൂട്ടി അഗ്നികൊളുത്തുകയും, യാതൊരുസുഗന്ധവുമില്ലാത്ത അനവധി ഊതുപത്തികളും, മെഴുകുതിരികളും കത്തിച്ചു വെയ്ക്കുയും ചെയ്യുന്നു. രണ്ടു മൂന്നു മണിക്കൂർ കൊട്ടിപ്പാടിയശേഷം ഒരു സ്വാമിഭക്തൻ കലികൊണ്ടു തുള്ളി ചാടി ഒരു വലിയ ശൂലമെടുത്തു കവിറം കുത്തിതുളച്ചു മറുപുറത്തെത്തിക്കുന്നു. പിന്നീടു വാളുകൊണ്ടു വെട്ടിമുറിച്ച നാക്കിനാൽ മഞ്ഞനിറമുള്ള ഒരുവിധം കടലാസ്സുകഷണങ്ങളെ നക്കുകയും; നാക്കിൽനിന്നും, പ്രവഹിക്കുന്ന രക്തത്തിൽ നനച്ച ചില സ്ലീൽകറംകൊണ്ടു മേൽപറഞ്ഞ കടലാസ്സുകഷണങ്ങളിൽ മുദ്ര അടിക്കുകയും ചെയ്യുന്നു. അങ്ങിനെ ചെയ്യുന്നത് എന്തിനാണെ

ന്നു ഞാൻ ചില ചീനന്മാരോടു ചോദിക്കയുണ്ടായി. ഇത്തരം ക്രിയകൊണ്ടാകുന്നുവത്രെ അവരുടെ നന്മയും തിന്മയും സ്വാമിപ്രസാദവും തിരിച്ചറിയുന്നതു്. ചീനരുടെ സങ്കേതത്തിനു പരിസരങ്ങളിൽ ഇടക്കിടെ കഥകളി തുടങ്ങിയ വിനോദങ്ങളും ഉണ്ടായിരിക്കും. വിനോദങ്ങൾ പ്രായേണ മലയാളത്തിൽ ഉള്ളതായ കൃഷ്ണാട്ടം, ചാക്യാർകൂത്തു, കഥകളി, ഓട്ടംതുള്ളൽ മുതലായവയെ മാതൃകയാക്കിയിട്ടുള്ളവയാണു്. അവരുടെ കുടുംബങ്ങളിൽ ആരെങ്കിലും മരിച്ചുപോയാൽ മൃതശരീരത്തെ രണ്ടുമൂന്നു മാസങ്ങൾ വീട്ടിനുള്ളിൽതന്നെ വലിയ പെട്ടിയിൽ അടക്കം ചെയ്തു സൂക്ഷിച്ചുവെക്കുന്നു. പ്രേതത്തെ അടക്കം ചെയ്യുന്ന പെട്ടി ഒരു വലിയ മരത്തടി കുഴിച്ചുണ്ടാക്കിയതായിരിക്കും. ചില പെട്ടികൾക്കു് ആയിരം വെള്ളിയോളം വിലവരുന്നതാണു്; മരണാനന്തരം കുറെ കാലത്തേയ്ക്കു, പന്നികളേയും താറാവുകളേയും പൊരിച്ചു വീതുവെയ്ക്കുന്ന സമ്പ്രദായം അനുദിവസവുമുണ്ടായിരിക്കും. ചുരുക്കിപ്പറയുന്നതായാൽ ഒരു കുടുംബത്തിലൊരാൾ മരിച്ചുപോയാൽ ആ കുടുംബത്തിൻെറ മുക്കാലെഅരക്കാൽ സ്വത്തും ചിലവുചെയ്യേണ്ടിവരും. ഒടുവിൽ ബഹുഘോഷമായി പ്രേതത്തെ പട്ടണപ്രദിക്ഷണം ചെയ്യിച്ചു ശ്മശാനത്തിലേക്കു കൊണ്ടുപോകുന്നു.

ഒരു യുവാവിനു കല്ല്യാണം കഴിക്കേണമെങ്കിലും ഒരു ഗണ്യമായ തുക ചിലവുണ്ടു്. കല്ല്യാണം കഴിഞ്ഞു വധു വരൻെറ വീട്ടിലും, വരൻ വധുവിൻെറ വീട്ടിലും വിരുന്നായി താമസിക്കുന്നു; ഒരു മാസം കഴിഞ്ഞാൽ മാത്രമെ വധുവിനും വരനും ഒരു സ്ഥലത്തു പ്രത്യേകായി താമസിക്കുവാൻ അനുവാദമുള്ളു. അവക്കു് എന്തു തൊഴിൽ ചെ

യ്യുന്നതിന്നും ഒരു അഭിമാനക്കുറവും ഇല്ല. പ്രവൃത്തി ചെയ്യാൻ പുരുഷന്മാരിലും സ്ഥിരോത്സാഹവും സാമൎത്ഥ്യവും അവരുടെ പെണ്ണുങ്ങളിലുമാകുന്നു കണ്ടുവരുന്നത്. ഒരു സ്ത്രീ ഒരു കാവിന്മേൽ കെട്ടിച്ചുമക്കുന്ന ഭാരം വഹിക്കുവാൻ 'കോമ്പാറ'ക്കാരന്മാരും പ്രാപ്തരാകയില്ല. ചീനരിൽ കൊള്ളക്കാരായി ഒരു കൂട്ടരുണ്ട്. അവർ വലിയ കച്ചവടക്കാരായ പണക്കാരുടെ പാണ്ടികശാലയിലേക്കു കയറി, തവുക്ക (മുതലാളി)യുടെ മുന്നിൽ ചെന്നുനിന്നു റിവോൾവർ നേരെ ചൂണ്ടി, വലിയ ഒരു തുക പണം ആവശ്യപ്പെടും. തവുക്കക്കു ഭയപ്പെട്ടു താക്കോൽക്കൂട്ടം എടുത്തുകൊടുക്കുകയല്ലാതെ നിവൃത്തിയില്ലെന്നാവും. അവർ ആവശ്യപ്പെട്ട പണം മാത്രം ഇരുമ്പുപെട്ടിയിൽ നിന്നും തുറന്ന് എടുത്തു കാറിൽ കയറി പൊടുന്നനെ അപ്രത്യക്ഷരാവുന്നു.

ഇങ്ങനെ സിങ്കപ്പൂരിൽ ചില കൊള്ളകൾ നടന്നിട്ടുണ്ട്. ഈ സംഘത്തെ പിടിക്കുവാൻ ഗവൎമ്മേണ്ടിനെക്കൊണ്ടു കഴിഞ്ഞിട്ടില്ല. ലോകത്തിൽവെച്ച് ഏററവും വലിയതായ സിങ്കപ്പൂർ പോസ്റ്റാഫീസ്സിൽനിന്നും വലിയ ഒരു തുക പണം ഒരിക്കൽ കാണാതെ പോയിട്ടുണ്ട്. സിങ്കപ്പൂരു മുനിസിപ്പാലിററിയിൽ തോട്ടിവേലക്കാർ എല്ലാം ചീനരാകുന്നു എഫ്. എം. എസ്സിലെ കണക്കില്ലാത്ത വിധമുള്ള റഷ്യൻ വണ്ടികളിൽ പ്രവൃത്തിക്കാർ മുഴുവനും ചീനന്മാരാകുന്നു. സൎവ്വജീവജാലങ്ങളേയും ഹിംസിച്ചു തിന്നുന്നതു അവരുടെ സ്വഭാവമത്രെ. വെമ്പാല, മൂൎക്കൻ, കരിവഴല, വെയന്നിരൻ, എന്നൊക്കെ കേൾക്കുമ്പോൾ ഇന്ത്യക്കാരുടെ ശരീരം നടുങ്ങും. എന്നാൽ, പാമ്പിൻകൂട്ടങ്ങളെ ഒന്നൊഴിയാതെ ചീനന്മാർ പിടിച്ചു ഭക്ഷിക്കുന്നു

കേരളീയവനിതകളുടെ തലമുടിയഴക വൎണ്ണിയ്ക്കുക ക വികളുടെ ഒരുവക പ്രതിപത്തിഭേദം മാത്രമാണു്. മുടിയ ഴിച്ചിട്ടു നടന്നുപോകുമ്പോഠം നിലത്തു തൊടുന്നതായി സ രസകവികളാൽ വൎണ്ണിക്കപ്പെട്ടിട്ടുള്ള കേരളീയ കാർമേഘ ചികുരമാരെ എനിക്കു കാണ്മാനിടവന്നിട്ടില്ല. എഴുന്നേ റവു നില്ക്കുമ്പോഠം സാമാന്യേന നിലത്തുതൊടുന്ന തലമുടി യോടുകൂടിയ ചീനത്തരുണികളെ ഞാൻ ധാരാളം കണ്ടിട്ടു ണ്ടു്. കാൽമുട്ടുകളുടെ പിൻമടക്കിൽ എത്താത്ത മുടി ചീ നപ്പെണ്ണുങ്ങളിൽ കാണുകയില്ല. അവരുടെ തലമുടി ഇ ത്രനിളത്തിൽ വളരുന്നതു പാമ്പെണ്ണ പുരട്ടിയിട്ടാകുന്നു എന്നാണു പറയുന്നതു്. ചൈനക്കാരുടെ ആഹാരാദികഠം ശീതവീൎയ്യങ്ങളായ പദാൎത്ഥങ്ങളാകുന്നു. വല്ലപ്പോഴും വല്ല ദുൎന്നടപടികളാലും ഉഷ്ണസംബന്ധമായ മൂത്രകൃഛ്റമോ പഴുപ്പൊലിപ്പോ പററിയാൽ, ഈനാട്ടിൽ സുലഭമായ 'ലാ ലൻ' എന്ന ഒരു വക പുല്ലിൻെറ ഇളയവേരുകഠം പറിച്ചു കൊണ്ടുവന്നു കഷായമുണ്ടാക്കി അതിൽ കുറെ ചീനക്കാര വും കല്ക്കണ്ടവും ചേൎത്തു കുടിക്കുന്നു. രണ്ടുമൂന്നു ദിവസം അങ്ങിനെ കുടിച്ചാൽ ആ രോഗം സുഖപ്പെടുമത്രെ. ലാ ലൻ പുല്ലിൻെറ വേരുകഠംകൊണ്ടു് ഒരുവക ലഹരിയുള്ള പാനീയമുണ്ടാക്കുവാനും അവൎക്കറിയാം. ചൈനാക്കാരുടെ വൈദ്യവും നമ്മുടെ ആയുൎവ്വേദവുമായി വലിയ വ്യത്യാസ മില്ല. മരുന്നുകഠം എല്ലാം അഷ്ടാംഗഹൃദയത്തിൽ പറ ഞ്ഞിട്ടുള്ളതുകഠംതന്നെ. പക്ഷെ യോഗങ്ങളിൽ കുറെ വ്യ ത്യാസം കണ്ടുവെന്നു വരും. അവരുടെ പാണ്ടികശാലകളിൽ പച്ചമരുന്നുകഠം ശുദ്ധിചെയ്തു അരിഞ്ഞു ഓരോ വകകളാ ക്കി വെച്ചിരിക്കും. മരുന്നുകഠം വാങ്ങികൊണ്ടുപോയി നമ്മു

ക്ക കഷായമുണ്ടാക്കി രോഗികൾക്ക കൊടുക്കുക മാത്രമെ വേണ്ടതുള്ളു. അറിയാനും ചിതയ്ക്കാനും ഒന്നും ബുദ്ധിമുട്ടേണ്ടതില്ല. ഇവർ സർവ്വരോഗങ്ങൾക്കും കഷായങ്ങൾ തന്നെയാണ് കൊടുത്തുവരുന്നത്. ഇംഗ്ലീഷു മരുന്നുകൾ ഇവർ അധികം ഉപയോഗിച്ചുവരാറില്ല. ഇവരുടെ അന്ധവിശ്വാസത്തെ കുറിച്ചു പറയാൻ തുടങ്ങിയാൽ ഒരു അവസാനവുമില്ല. ഗ്രന്ഥവിസ്താരഭയത്താൽ ഞാൻ ആ വക ഭാഗങ്ങളെ സ്പർശിക്കുന്നില്ല.

18

1924 ഡിസമ്പ്ര് 28-ാംനു- ഞാൻ സിങ്കപ്പൂരിൽനിന്നു സയാമിലേക്കു തിരിച്ചു. മൂന്നാംദിവസം രാത്രി സയാം ബാങ്കോക്ക് എന്ന പട്ടണത്തിൽ ചെന്നിറങ്ങി. എസ്സ് എസ്സിലെ പാസ്സ്പോർട്ട് അവിടത്തെ പരിശോധകരെ കാട്ടി അനുവാദം വാങ്ങിയിട്ട്, ആ പട്ടണത്തിലും പരിസരങ്ങളിലും സഞ്ചരിച്ചു, ഞാൻ ബാങ്കോക്കിലെ പഴയ ബസ്സാറിലേക്കു പോയി. അവിടെ മാട്ടുകളെ അറക്കുന്ന കോട്ടയ്ക്കടുത്തു ഹിന്തുക്കളുടെ ഒരു കാളിയമ്മ കോവിൽ ഒണ്ട്. സയാമിൽ എവിടെ തിരിഞ്ഞാലും കുററൻ ബുദ്ധവിഹാലയങ്ങൾ ക്ഷാമമില്ലാതെ കാണ്മാൻ കഴിയും. ചിനോർ ശ്രീവോം (Sinon Serewong) നഗരത്തിൽ ഒരു ശ്രേഷ്ഠമായ വിഹാലയം സ്ഥിതിചെയ്യുന്നു. അതിൻെറ വിചി

ത്രപ്പണികളെപററി വൎണ്ണിപ്പാൻ ഒരുവരാലും സാധ്യമല്ല. ബേങ്കോക്കിൽനിന്നും അഞ്ചുമൈൽ അകലെയാണു് ബാംഗ്കുളാങ്ങ് (Bang Kulang). അവിടെയാണു് സയാമിലെ രാജാവിന്റെ അരമന. അരമനയിൽ ചില വിശേഷദിവസങ്ങളിലും, കൌൺസിൽമാർ യോഗം ചേരുന്ന അവസരങ്ങളിലും മാത്രമെ രാജാവു പ്രവേശിക്കാറുള്ളൂ. സാധാരണയായി താമസത്തിന്നു ചില ബംഗ്ലാവുകളാണുള്ളതു്.

സയാംകാർ എല്ലാം ബുദ്ധമതാനുസാരികൾതന്നെ. അവരിൽ കുൻന്തായു, ലൌ, മൂൺ എന്നു ചില ഭിന്നസമുദായങ്ങൾ ഉണ്ടു്. കുൻന്തായു എന്ന സമുദായത്തിൽ ഉൾപ്പെട്ടതാകുന്നു രാജകുടുംബം. കൊച്ചിയും തിരുവിതാംകൂറിലും ഉള്ള രാജാക്കന്മാർ തങ്ങളുടെ ബന്ധുക്കൾക്കു ഉദ്യോഗങ്ങളിൽ സിംഹഭാഗവും കൊടുക്കുന്നതുപോലെ സയാമിലും കുൻന്തായു എന്ന സമുദായങ്ങൾക്കായിരുന്നു ആ ഗവൎമ്മെണ്ടു് ഗണ്യമായ ഉദ്യോഗങ്ങൾകൊടുത്തിരുന്നതു്. 'ലൌ, മൂൺ' എന്നവകുപ്പുകാർ ഇതിന്നു പലേ പ്രകാരത്തിലും പ്രക്ഷോഭണങ്ങൾ നടത്തിയിട്ടും ഫലമൊന്നുമുണ്ടായില്ല. ഇടക്കിടെ രക്തമാരി ചൊരിയിക്കേണ്ടതായും വന്നുകൂടിയിട്ടുണ്ടു്. ഒടുവിൽ അവരുടെ ഭാവിശ്രേയസ്സിലേക്കുള്ള ശ്രമം ആശാനുരോധമായിതന്നെ പരിണമിച്ചു.

ഗവൎമ്മെണ്ടു് ഉദ്യോഗത്തിൽ ഒരുവനെ ചേൎക്കേണമെങ്കിൽ പഞ്ചശീലമനുഷ്ഠിക്കണമെന്നായി. സിലോണിൽ ബുദ്ധമതക്കാർ അനുഷ്ഠിക്കുംപോലെയുള്ള വാഗനുഷ്ഠാനം മാത്രംകൊണ്ടായില്ല: വാചാ കൎമ്മണാ എന്ന ത്രിവിധോ

പകരണങ്ങളാലും പഞ്ചശീലത്തെ വിപുലമായ സാരാംഗ മറിഞ്ഞു് അനുഷ്ഠിക്കാഞ്ഞാൽ സയാംഗവൎമ്മെണ്ടിന്റെ ഉദ്യോഗപരിസരത്തുകൂടി പ്രവേശിക്കവെയ്യാ. കൊലക്കാറാം ചെയ്യുവരെ കോർട്ടു വിധിപ്രകാരം വിഹാരാലയത്തിന്റെ പൃഷ്ഠഭാഗത്തുകൊണ്ടു നിറുത്തി, കൊലയാളിയായ ജാവക്കാരൻ മന്ത്രവാറും കഴുത്തിന്നു നേരെ ഓങ്ങിപിടിച്ചുകൊണ്ടു നില്ക്കും. ആ മന്ത്രവാറും ശബ്ദിച്ചെങ്കിൽ മാത്രമെ വധ്യൎക്കു ജിവഹാനി വരികയുള്ളു. കൊലയാളികളുടെ ഉദ്യോഗത്തിന്നു മാത്രം സയാംകാരിൽ ഒരുവരും അനുകൂലികളല്ല. അതുകൊണ്ടാകുന്നു ആ പണിക്കു ജാവാക്കാരനെ നിയമിക്കുന്നതു്. സയാമിൽ ശവങ്ങളെ ദഹിപ്പിക്കുന്നതു വിഹാരാലയസന്നിധികളിൽവെച്ചാകുന്നു.

ബാംഗ്കുളാംഗി അരമനയിൽനിന്നും പതിനഞ്ചു നാഴിക അകലെയായി ഒരു ചെറിയ അരണ്യമുണ്ടു്. ആ സ്ഥലം മുഴുവനും വനമായിട്ടാകുന്നു കിടക്കുന്നതു്. നിബിഡമായി തളിൎത്തുപിടിച്ചിട്ടുള്ള ഇലകളോടെ, പൂവും കായും പഴങ്ങളും നിറഞ്ഞുനില്ക്കുന്ന വിവിധവൃക്ഷങ്ങളാലും, കൌതുകാവഹമായ കൊടിവള്ളികളാലും, പൂക്കളാൽ പുഞ്ചിരിപൊഴിക്കുന്ന പൊൺതാമരപ്പൊയ്കകളാലും, നാനാവിധമായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന നിൎഝരിണികളാലും ആ അരണ്യഭൂമി നിത്യവസന്തം പുലൎത്തിക്കൊണ്ടു വിലസുന്നു. ആ വനത്തിൽ അനേകം വാനരന്മാരെ കണ്ടു. എല്ലാം മനുഷ്യരെപോലെ രണ്ടു കാലിൽ ആകുന്നു നടക്കുന്നതു്. മനുഷ്യർ സംസാരിക്കുന്നതു് അവ വളരെ ശ്രദ്ധയോടുകൂടെ കേട്ടുനിന്നു്, അതിന്നു സമാധാന

മായി കൈകൊണ്ടും, വായകൊണ്ടും, തലകൊണ്ടും ആംഗ്യങ്ങറം കാട്ടുകയും, ഇടക്കിടെ പുഞ്ചിരിയും പൊട്ടിച്ചിരിയുമായി ദ്രഷ്ടാക്കളെ പ്രീതരാക്കുകയും ചെയ്യും. തങ്ങറംക്കു മനുഷ്യരോടു വളരെ സൌഹാർദ്ദമാണെന്നു് അവ ഞങ്ങളെ പല ഗോഷ്ടികറംകൊണ്ടും അറിയിച്ചു. ഞങ്ങളുടെ വർത്തമാനങ്ങളെ വാനരന്മാർ ഏററവും അടുത്തു വന്നിരുന്നുകൊണ്ടാകുന്നു ശ്രദ്ധയോടു കേട്ടു സംതൃപ്തരായതു്. ഒരു മാസം അവയോടുകൂടെ പഴകുന്നതായാൽനിശ്ചയമായും അവയുടെ ഭാഷകളും ആംഗ്യങ്ങളും നമുക്കു പഠിക്കാമെന്നു തോന്നുന്നു. ഞങ്ങറം കാട്ടിൽകൂടെ സഞ്ചരിച്ചപ്പോറം വാനരസംഘവും ഞങ്ങളെ തുടൎന്നുകൊണ്ടിരുന്നു. താമരപ്പൊയ്കകളിലൊന്നിൽ ഒരു വെള്ളാന കിടന്നു മദിച്ചുകൊണ്ടിരുന്നു. വാലിൻെറ കടക്കൽ മാത്രം ഒരു കോഴിമുട്ടയുടെയത്ര കറുപ്പു വൎണ്ണം കണ്ടു.

ആരണ്യമദ്ധ്യത്തിൽ നാലു ചതുരശ്രമൈൽ വിസ്താരമുള്ള ഒരു ജീൎണ്ണിച്ചകോട്ട സ്ഥിതിചെയ്യുന്നു. അതു മുൻകാലത്തിലെ നളൻ എന്ന ചക്രവൎത്തിയുടെ കോട്ടയായിരുന്നുവെന്നാണു കേറംവി. കാട്ടിനുള്ളിൽകൂടെ നോക്കിയാൽ ആ കോട്ടയുടെ ചില ഭാഗം വെളിവായ് കാണ്മാൻ കഴിയും. കോട്ടയ്ക്കു പുറം അഞ്ഞൂറു മൈൽ ദൂരത്തുള്ള ഷെങ്കുമൈൻവരെ അനവധി പട്ടണങ്ങറം നശിച്ചുപോയിട്ടുള്ളതിൻെറ അവശിഷ്ടങ്ങറം കാണുന്നുണ്ടു്. ആ പുരാതനമായ കോട്ട എത്രയോ പ്രളയാന്തരം കടന്നാലും നാമാവശേഷമാകുന്നതല്ല. കോട്ട കെട്ടിയിരിക്കുന്നതു് ഓരോ മലപോലെയുള്ള കരിങ്കല്ലുകറംകൊണ്ടാകുന്നു. കോട്ടയ്ക്കു്

ഏഴുനിര മതിലുകളും, കിടങ്ങുകളും ഉണ്ടെന്നാണു പ്രസ്താവം.

സയാം രാജാവു മാത്രമെ കോട്ടയ്ക്കുള്ളിൽ പോകുകയുള്ളു. രാജാവും വഷത്തിൽ ഒരു പ്രാവശ്യം മാത്രമാണത്രെ കോട്ടയിൽ പോകുന്നത്. ഇതിൽ എത്ര വാസ്തവമുണ്ടെന്നറിവാനായി ഞാൻ ധൈൎയ്യസമേതനായി ഒരുനാൾ ആ കോട്ടയുടെ ഒന്നാം പടിവാതുക്കൽ ചെന്നു. എന്തായാലും വരുന്നതു അനുഭവിക്കാമെന്ന ദൃഢനിശ്ചയത്തോടെ ജിജ്ഞാസുവായ ഞാൻ മതിൽകെട്ടിനുള്ളിൽ പ്രവേശിച്ചു. പുറത്തുള്ള ഗോപുരം ജീൎണ്ണിച്ച് അധോഭാഗവും ഭൂമിയെ പ്രണിപതിച്ചു കഴിഞ്ഞിരിക്കുന്നു. രണ്ടാം ഗോപുരവും കടന്നു ഞാൻ മൂന്നാമത്തെ ഗോപുരത്തിൻെറ പടിവാതുക്കൽ ചെന്നപ്പോഴാകുന്നു യഥാൎത്ഥമറിവാനിടയായത്. അവിടെ വലിയ ഒരു കൃഷ്ണസൎപ്പം ചീററിക്കൊണ്ടു ഫണം വിരിച്ച് എന്നേക്കാൾ പൊക്കത്തിൽ ഉയൎന്നുനിന്നു. ആ ഭയങ്കരരൂപം കണ്ടു തിരിഞ്ഞു മടങ്ങിപോരാനും എനിക്കു ഭയമായി. പിന്നോക്കം അടിവെച്ചു നടന്നു ഒരുവിധത്തിൽ ഞാൻ രണ്ടാം ഗോപുരത്തിൽ എത്തി. വാനരന്മാർ അപ്പോൾ അവിടെ വന്ന് എന്നെ സമാശ്വസിപ്പിക്കാൻ തുടങ്ങി. അസംഖ്യം സൎപ്പങ്ങളെ ഞാൻ കണ്ടിട്ടുണ്ട്. തൃശ്ശിവപേരൂർ കാഴ്ചബംഗ്ലാവിൽ ഉണ്ടായിരുന്ന രാജവെമ്പാലയും കപാലാലമ്പൂർ കാഴ്ചബംഗ്ലാവിൽ കണ്ട കിങ്ങ്കോബ്രയും ഈ നാഗത്തിൻെറ നാലിൽ ഒരോഹരി വലിപ്പം ഉള്ളതല്ല. ഒരു കാഴ്ചയിലും ഇത്രവളരെ ഭയത്തിന്നവകാശം എനിയ്ക്കുണ്ടായിട്ടില്ല.

പതിനെട്ടു പടിവാതിൽ കടന്നാൽ ആ കോട്ടയുടെ ആസ്ഥാനമണ്ഡപത്തിൽ ചെന്നുചേരാം. അവിടെ രത്നഖചിതമായ ഒരു സിംഹാസനവും, തങ്കവാളും, അനേക നിധികളും ഉണ്ടെന്നായി പറയപ്പെടുന്നതു്. അതിൻെറ യാഥാൎത്ഥ്യം കണ്ടുതന്നെ തീൎച്ചപ്പെടുത്തേണ്ടതാകുന്നു. എൻെറ ഭീരുത്വത്താൽ ആ കോട്ടയ്ക്കുള്ളിൽനിന്നും എനിക്കു ഭഗ്നാശനായി തിരിച്ചുപോരേണ്ടിവന്നു. ബാങ്കോക്കിൽനിന്നു ഞാൻ കുറെ ദിവസങ്ങൾക്കുശേഷം തീവണ്ടിമാൎഗ്ഗമായി പെഗ്ഗയ്ക്കു പുറപ്പെട്ടു. അവിടെയുള്ളതായ അനവധി പ്രകൃതിമനോഹരങ്ങളായ കാഴ്ചകൾ കണ്ടു കൺകുളുൎപ്പിച്ചിട്ടു പിന്നെ മോർമീനിലേയ്ക്കു യാത്രയായി. അവിടെനിന്നും ആനപ്പുറത്തു കയറി പുറപ്പെട്ടു ഞാൻ മൂന്നാം ദിവസം ബൎമ്മയിൽ വന്നിറങ്ങി. ആ ധനസമൃദ്ധമായ രാജ്യത്തിലെ മഹാബുദ്ധാലയങ്ങളും, അത്യത്ഭുതകരമായ കൽഗ്ഗുഹകളും, അവയിലെ ഗംഭീരമായ ബുദ്ധപ്രതിമകളും കണ്ടു് ആശ്ചൎയ്യപരതന്ത്രനായിത്തീൎന്നു. അവിടുത്തെ പ്രമാണികളായ പല മലയാളികളുമായി പരിചയിക്കുവാനും, സ്നേഹിക്കുവാനും എനിക്കിടയായി.

ഒരു സംഗതികൂടി ഈ പ്രകൃതത്തിൽ പ്രസ്താവ്യമായിട്ടുണ്ടു്. 1924 ഫെബ്രുവരി മാസം മൂന്നാംതിയതി സുപ്രസിദ്ധനായ നാരായണസ്വാമിയാരുടെ വാത്സല്യഭാജനമായ മകളെ ഞാൻ വിവാഹം ചെയ്യുകയുണ്ടായി.

19

1925 ഏപ്രിൽ 2-ാംനു- ഞാൻ യാവയിലേക്കു പോയി. അവിടെ പല സ്ഥലങ്ങളിലും ചുററിസഞ്ചരിച്ച് അവസാനം ഹിന്തുജാവയിൽ ചെന്നുചേൻ. അവിടെ വെച്ചാണത്രെ ബാലിസുഗ്രീവയുദ്ധമുണ്ടായിട്ടുള്ളത്. അനേകബുദ്ധവിഗ്രഹങ്ങളും ഹിന്തുദേവാലയങ്ങളും ആ പ്രദേശത്തു കാണ്മവാൻ ഇടയായി. ഹിന്തുജാവക്കാർ ഇന്ത്യക്കാരെ വളരെ ബഹുമാനിക്കുന്നവരാണ്. തുവാൻ, തുവാൻ (യജമാനനെ, യജമാനനെ) എന്നാകുന്നു അവർ ഇന്ത്യക്കാരെ വിളിക്കുന്നത്. ഇന്ത്യാക്കാക്ക് അവിടെ വാഹനങ്ങളിൽ സഞ്ചരിക്കുവാനും, ഭക്ഷണം കഴിക്കുവാനും ഇരട്ടി ചാജ്ജു കൊടുക്കണം. കുറെ നാൾ അവിടെ താമസിച്ചതിനുശേഷം ഞാൻ ഹോങ്കോംഗിലേയ്ക്കു കപ്പൽയാത്രയ്ക്കൊരുങ്ങി. ചൈനാരാജ്യത്തിൻെറ തലസ്ഥാനനഗരം അതാകുന്നു. അവിടത്തെ ഭാഷ അറിയാത്തതിനാലും, ഭക്ഷണകാൎയ്യത്തിലുള്ള വിഷമതയാലും ഉടൻതന്നെ ജപ്പാനിലേക്കു പുറപ്പെടേണ്ടിവന്നു.

ജപ്പാനിലെ ഒരു പ്രധാനസ്ഥലമായ ടോക്കിയോ പട്ടണവും പരിസരങ്ങളും നോക്കികണ്ടാൽ പ്രകൃതിയുടെ മോഹനതയെന്നല്ലാതെയെന്തുപറയട്ടെ. അവിടത്തെ ജനബാഹുല്യമുള്ള മാക്കററുകളും പരിഷ്കൃതങ്ങളായ രാജവീഥികളും കണ്ടു ഞാൻ സംതൃപ്തനായി. ജപ്പാൻ പെൺകുട്ടികളുടെ കൈകൊട്ടിപ്പാട്ടും കളിയും, പഴയ കാലത്തെ കേരളീയബാലികമാരുടെ തിരുവാതിരക്കളിയെ ഓമ്മപ്പെ

ടുത്തി. എനിക്കു വളരെ സന്തോഷാവഹമായിരുന്നു ആ ദിക്കിലെ വാസം. കുറെ നാറം അവിടെ താമസിച്ചിട്ടു പിന്നീടു ഞാൻ ആ സ്ഥലം വിട്ടു റഷ്യയിലേക്കു പുറപ്പെട്ടു. ഇരുപതാംനൂററാണ്ടിലെ തൊഴിലാളിലോകത്തിൻെറ മാതൃക നിമ്മിക്കുവാൻ മുമ്പിൽ നിന്നു പരിശ്രമിക്കുന്ന ആ പരിപാവനഭൂമിയിൽ കാലെടുത്തുവയ്ക്കുവാൻ ശ്രമിച്ചപ്പോറംതന്നെ എനിക്കു രോമാഞ്ചമുണ്ടായി.

'പീർട്ടരോട്ടു' പട്ടണത്തിലെ മനോഹരമായ കായ്യാലയങ്ങളും, അവിടത്തെ വ്യവസായകേന്ദ്രസരണികളിൽ സോവിയററു ഗവമ്മേണ്ടിനുള്ള ഔത്സുക്യവും, പട്ടണപരിസരങ്ങളിലെ കൃഷകസംരംഭങ്ങളും, അവിടവിടെയുള്ള കൈത്തൊഴിൽ പരിശീലകരുടെ വ്യാപാരാലയങ്ങളും, ഉന്നതങ്ങളായ വിദ്യാലയങ്ങളും കാണ്മാനിടവരുന്ന ഭാരതീയരുടെ സ്ഥിതിയെന്തായിരിക്കുമെന്ന് ഓമ്മിക്കവെയ്യാ. സാർ ചക്രവത്തിമാർ നിവസിച്ചിരുന്ന സുപ്രസിദ്ധമായ ക്രെംലിൻ കൊട്ടാരം കൃഷകത്തൊഴിലാളിവിപ്ലവത്തിൻെറ വിജയസ്തംഭമായി പ്രശോഭിക്കുന്ന വിസ്മയക്കാഴ്ച എന്നെ സ്തബ്ധനാക്കിനിത്തി; വളരെനേരം ഞാൻ കണ്ണുപറിക്കാതെ പരമാശ്ചര്യപരികലിതനായി നോക്കിക്കൊണ്ടുനിന്നു. കുബേരവംശത്തിൻെറ മട്ടനമേററു് എത്രയോ ദരിദ്രനാരായണന്മാർ നമ്മുടെ മാതൃഭൂമിയിൽ കിടന്നു പരിതപിക്കുന്നു! ഒരുത്തനു കുബേരനാകുവാൻ നിരവധി സാധുകുടുംബങ്ങളെ തട്ടിതകക്കണം. സംഭൃതധനത്തെ ഉപചയിപ്പിക്കുവാൻ അക്കൂട്ടക്കു വലിയ വലിയ ഉദ്യോഗങ്ങറം നൽകുന്നതും, ഭൂമി പുതുവലായി പതിച്ചുകൊടുക്കുന്നതും മുതലാളിപ്രിയരായ ന

മ്മുടെ ഗവമ്മേണ്ടുകൾക്കുള്ള സഹജസ്വഭാവമാണല്ലോ. സാധുക്കൾ വല്ലവിധത്തിലും കഷ്ടപ്പെട്ടു പഠിച്ചാൽ, യാതൊരുവിധം ഉദ്യോഗവും ലഭിക്കാതെ കുറെകാലം കാത്തു കാത്തു മുഷിഞ്ഞു് ഒടുക്കം വല്ല വിദൂരദിക്കുകളേയും ശരണം പ്രാപിക്കണം. സ്കൂൾ ഫയനലും, ബി. എ. യും പാസ്സായി എത്ര യുവാക്കളാണു് മലയാനാട്ടിൽ ചെന്നു യാതൊരു തൊഴിലും കിട്ടാതെ കഷ്ടപ്പെടുന്നതു്. ആദ്യകാലത്തു മലയാനാട്ടിൽ പഠിച്ചവരില്ലാത്തതുകൊണ്ടു് ഇന്ത്യക്കാർക്കും, സിലോൺകാർക്കും, കുറെ ഉദ്യോഗം കിട്ടി. ഇപ്പോൾ മലയാനാട്ടിൽ ആവശ്യത്തിലധികം പഠിപ്പുകാരുള്ളതുകൊണ്ടു് ഇവിടെ ജനിച്ചുവളർന്നവർക്കു മാത്രമെ ഉദ്യോഗങ്ങൾ ലഭിക്കുന്നുള്ളു. തമിഴ്നാട്ടിൽനിന്നുവന്ന പഠിപ്പുള്ളവർ കുറെ കാത്തിരുന്നിട്ടു ജോലികിട്ടാതെ വന്നാൽ മമ്മട്ടിയെടുത്തു കഷ്ടപ്പെട്ടു റോഡു വെട്ടാൻ പോയിട്ടെങ്കിലും ആഹാരം കഴിക്കും. കേരളീയയുവാക്കൾ എത്ര പട്ടിണികിടന്നാലും അഭിമാനത്തെയോർത്തു് ആവക പണിയ്ക്കു പോകുകയില്ല. ഒരു കേരളീയയുവാവു പറഞ്ഞതായി ഞാൻ ഓർക്കുന്നു. "എന്നെ ഇവിടെ പലരും അറിയും. അല്ലെങ്കിൽ എനിക്കു് ഒരു മേണ്ഢോർ കാർഡ്രൈവർ വേലക്കെങ്കിലും പോകാമായിരുന്നു."

ആഹാരത്തിനുംകൂടി വഴിയില്ലാതെ ഇങ്ങനെ കിടന്നു കഷ്ണിക്കുന്ന ഒരുത്തനു സ്വഗൃഹത്തിൽനിന്നു അച്ഛനും അമ്മാവന്മാരും അയക്കുന്ന കത്തു വായിച്ചാൽതന്നെ ആ യുവാവിൻെറ പഞ്ചേന്ദ്രിയങ്ങളും മന്ദഗതിയിലാകും. എത്രായിരം കുരമ്പുകളാകുന്നു എഫ്. എം. എസ്സിലെ യു

ഖാക്കളുടെ ഹൃദയത്തിൽ തുളഞ്ഞുകയറുന്നതു്. എന്തുതന്നെയായാലും ഇവൻ അനുഭവിക്കയല്ലാതെ നിവൃത്തിയുണ്ടോ? ലോകത്തിൽ ആക്കെങ്കിലും താൻ നന്നാവണമെന്ന വിചാരമുണ്ടോ. എല്ലാവക്കും സുഖം വേണം, ഐശ്വര്യം വേണം, താൻ നന്നാവണം എന്ന ധാരണയാകുന്നു ഉള്ളതു്. സമയത്തിൻെറ വിലയെപ്പററി പ്രസംഗിക്കുന്ന ചിന്തകന്മാർ സുഭിക്ഷമായി ഉണ്ടിരുന്നു, പുകവലിച്ചു വെടിപറയുന്നവരുടെ കാര്യങ്ങളെയാണു പഴിക്കുന്നതു്. തൊഴിലിനും ആഹാരത്തിനും വഴിയില്ലാത്ത ദരിദ്രന്മാക്കു് എങ്ങിനെയാകുന്നു, ഏതു് ഉപകരണങ്ങളിൽകൂടെയാകുന്നു സമയത്തിൻെറ വിലയറിഞ്ഞു പ്രവൎത്തിക്കേണ്ടതെന്നു നിർദ്ദേശിച്ചു കൊടുക്കുവാൻ ഹൃദയമുള്ളവർ ആരെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ, ഇന്ത്യ കുബേരകേന്ദ്രമായ അമേരിക്കയുടെ മുന്നണിയിൽ നില്ക്കുമായിരുന്നു. അമേരിക്കൻ പ്രഭുക്കൾ എത്രായിരം സാധുക്കളുടെ സമയത്തിനു വിലയുണ്ടാക്കിയിരിക്കുന്നു. അതു കണ്ടു ഇന്ത്യാമുതലാളികളും പ്രവൎത്തിച്ചെങ്കിൽ സമയത്തിനു വിലയും, ദരിദ്രലോകത്തിനു് അനുഗ്രഹവും കലൎന്നുകൂടിയേനെ.

ഈ കഷ്ടകതൊഴിലാളി സാമ്രാജ്യത്തിൻെറ—റഷ്യയുടെ അയൽരാജ്യങ്ങളിൽ ഉള്ളതായ മുതലാളികളുടെ സമയത്തിന്നു പ്രകൃത്യാ വിലകൂടുതലാണു്. ദരിദ്രനു തൻെറ അസഹനീയമായ വല്ല വിവശതയും മുതലാളികളെ ധരിപ്പിക്കേണ്ടിവരുന്നതായാൽ, ആ പരമസാധു എന്തെങ്കിലും കാഴ്ചവെച്ചേതീരൂ. കാഴ്ചകണ്ടു കണ്ണു തെളിഞ്ഞതല്ലാതെ ധനികർ ചെവികൊടുത്തു ദരിദ്രന്മാരുടെ ആവലാ

തിക്കോടിക്കയില്ല. ചില മുതലാളികളോടു ദരിദ്രൻ്റ് എന്തെങ്കിലും ബോധിപ്പിക്കണമെങ്കിൽ അവരുടെ സമയനഷ്ടത്തിന്ന് ഇത്ര പണം കൊടുക്കേണമെന്നൊരു വ്യവസ്ഥ കൂടി ചില ദിക്കുകളിലുണ്ടത്രെ.

സമത്വസാഹോദര്യസുന്ദരമായ സംസ്കാരസൂര്യൻെറ കിരണങ്ങൾ തട്ടി, നാട്ടിൽനിന്നു ധനഗർവ്വതിമിരം ഒഴിഞ്ഞു, എണ്ണമില്ലാത്ത ദരിദ്രരുടെ ഭാവി പ്രസന്നമാകുന്നതെന്നാണെന്നു നിർണ്ണയിക്കുവാൻ ചില രാഷ്ട്രീയചിന്തകന്മാരുടെ ദൃഷ്ടി ഈ വിഷയത്തെ സംബന്ധിച്ചേടത്തോളം മുദ്രിതമായിട്ടത്രെ സ്ഥിതിചെയ്യുന്നതു്. ധനികനിവഹത്തിൻെറ യവനികക്കു മറുപുറത്താകുന്നു ദരിദ്രന്മാരുടെ ഭാഗ്യചഷകങ്ങൾ ശൂന്യങ്ങളായി പൊടിപുരണ്ടു കിടക്കുന്നതു്. ധനികരുടെ നിഷ്ഠുരതരമായ അക്രമത്തിൻെറ കരകവിഞ്ഞ കാഠിന്യത്താൽ ജനങ്ങൾ മോഷ്ടാക്കളും കൊലയാളികളുമായി ചമയുന്നു. ദാരിദ്ര്യത്തോളം വലിയ ദുഃഖം ലോകത്തിൽ മറെറാന്നുംതന്നെയില്ല. തീനില്ലാതെ കഷ്ടപ്പെട്ടുകിടക്കുന്ന ഒരു പൂച്ചയുടെ മുമ്പിൽ മത്സ്യം വെച്ചാൽ, അത്യുഗ്രമായ വിശപ്പു് ആ മത്സ്യത്തെ അതിനെകൊണ്ടു മോഷ്ടിപ്പിക്കുകതന്നെ ചെയ്യും. ഒരു ദരിദ്രന്നു് എത്രതന്നെ മര്യാദയുണ്ടായിരുന്നാലും പണമില്ലാത്തതിനാൽ അവൻെറ മര്യാദയെ മുതലാളികൾ ഗണിക്കുന്നില്ല. ഒരു മുതലാളിയുടെ വീട്ടിൽനിന്നും എന്തെങ്കിലും മോഷണം പോയാൽ ഗവമ്മേണ്ടുകൂടി അടുത്തുള്ള ദരിദ്രരെയാണു സംശയിക്കുന്നതു്. മുതലാളിമാരുടെ ഉപദേശവഴിയ്ക്കു ചില നിരപരാധികളെ ഹേമദണ്ഡം ചെയ്യുന്നതും സാധാര

ണമത്രെ. ലോകത്തിലുള്ള മോഷ്ടാക്കളുടെ പ്രേരണകർത്താക്കൾ ആരാണെന്നു സൽപാത്രചിന്തകന്മാക്കറിയാം.

വിദൂരമൊന്നും പോകാതെ നമ്മുടെ കേരളത്തിൽതന്നെ നടന്നുവരുന്ന ഓരോ സംഗതികളേയും എടുത്തു നോക്കുക. ചുരുങ്ങിയ കാലങ്ങൾക്കുള്ളിൽ എത്രയെത്ര ബാങ്കുകളാണു ഉണ്ടായിട്ടുള്ളതു്. സാധുക്കളുടെ പൊന്നും പണവും പിടുങ്ങി, കഴുത്തിലെ താലിയും പറിച്ചെടുത്തു ധനികസ്തംഭം നാട്ടി ദരിദ്രന്മാരെ തോല്പിക്കേണമെന്നല്ലാതെ അവയ്ക്കെന്താണൊരുദ്ദേശം? എത്രയോ ബാങ്കുകളിലാകുന്നു ശരിയായ ജാമ്യം കിട്ടായ്കയാൽ പണം കൊടുപ്പാൻ വിശ്വാസമില്ലാതെ ഇരിപ്പു മുതൽ കാത്തുസൂക്ഷിക്കുന്നതു്. പാശ്ചാത്യരാജ്യത്തെ ധനികന്മാർ ഷയർ എടുത്തു വലിയൊരു സംഖ്യ സമാഹരിച്ചിട്ടു വമ്പിച്ച തൊഴിൽശാലകൾ ഏപ്പെടുത്തി ദരിദ്രന്മാരുടെ പട്ടിണിയകററുന്നു. നാട്ടുകോട്ടയിലെ പണക്കാരായ ചെട്ടിമാരാകട്ടെ, സ്വന്തം നാട്ടിൽ പണം പലിശക്കു കൊടുത്താൽ ആദായം കുറയുമെന്നു കരുതി സിങ്കപ്പൂർ, ബമ്മ, കൊളമ്പു, നെററാൾ മുതലായ രാജ്യങ്ങളിൽ ചെന്നു അന്യനാട്ടുകാരായ വ്യവസായശാലക്കാക്കു ധനസഹായം ചെയ്വാനൊരുങ്ങുന്നു. തങ്ങളുടെ ധനാഢ്യതയുടെ മേന്മ ഭുജിക്കുവാൻ അഹിച്ചവർ സ്വജാതീയരോ സ്വദേശീയരോ ആകുന്നില്ല; നിസ്വതയിലും സമ്പന്നതയിലും തങ്ങളോടനുഭാവമുണ്ടാകാനിടയില്ലാത്ത വിജാതീയരും വിദേശീയരുമാണു അവരുടെ ഉപപോഷണാഹർ!

സിങ്കപ്പൂരിലെ മീനക്കമ്പനികളിലെല്ലാം പണിക്കാർ മീനർതന്നെയാണു്. ഓരോ കമ്പനിയിലും പതി

നായിരത്തോളം പണിക്കാർ കാണും. ഇന്ത്യാക്കാൎക്ക് ആ കമ്പനികളിൽ ഒന്നും പണികിട്ടുകയില്ല. എന്നാൽ ഇന്ത്യാക്കാരുടെ പണംകൊണ്ടാകുന്നു അവർ കമ്പനിക്കാരും തൊഴിലഭിവൃദ്ധിയുള്ളവരുമായിട്ടുള്ളത്. ഇന്ത്യാക്കാരായ മുതലാളികൾ അടുത്തുള്ള ദരിദ്രരുടെ രക്തനാഡികളെ ഊററിക്കുടിക്കുവാൻമാത്രം സന്നദ്ധരാണ്. സ്വതന്ത്രസമുദായമായി നില്ക്കണമെന്നും മററും പത്രലോകത്തിലും വാചാപ്രസംഗങ്ങളിലും മുഴങ്ങികേൾക്കുക കേരളത്തിൽ സുലഭമാകുന്നു. വാസ്തവത്തിൽ ആവകയെല്ലാം പ്രചോദനമായി നില്ക്കുന്നതു ധനികരുടെ പ്രഖ്യാതിയുടെ മേലുള്ള ദുരാഗ്രഹമാണെന്നതാനും. പൊതുജനങ്ങളുടെ മേന്മക്കുവേണ്ടി പരിശ്രമിക്കുന്ന ഭാവം നടിച്ചാൽ, പലരുടെ നേതൃത്വവും പണമിടപെട്ട കൈകാൎയ്യകൎത്തൃത്വവും ഓരോരുത്തൎക്കു സമ്പാദിക്കാമല്ലോ.

മനുഷ്യൎക്കു സ്വതന്ത്രസമുദായംകൊണ്ടു രക്ഷയില്ല. സുഖം വേണമെങ്കിൽ ധനികരുടെ ഹിംസയില്ലാത്ത തൊഴിലഭിവൃദ്ധി ഉണ്ടാകണം. തൊഴിലഭിവൃദ്ധിയുണ്ടാകേണമെങ്കിൽ ധനികരുടെ മടിശ്ശീലകൾതന്നെ അഴിക്കേണ്ടിവരുന്നു. പക്ഷെ നാട്ടാരുടെ നന്മയെച്ചൊല്ലി പ്രസംഗിക്കയോ പ്രലപിക്കയോ ചെയ്യുന്ന ധനികരുടെ കഥയോ— അണ്ടിയോടടുക്കുമ്പോളറിയാം മാങ്ങയുടെ പുളി! സഹോദരൻ അയ്യപ്പൻ അവർകൾ കൊച്ചി നിയമനിൎമ്മാണസഭയിൽ അവതരിപ്പിച്ച തിയ്യരുടെ സിവിൽ വിവാഹബില്ല് സ്വീകാൎയ്യമായപ്പോൾ ധനികലോകം 'ഹാലിളകി'യതു കണ്ടവരല്ലേ ഈ നമ്മൾ. ഒന്നിലേറെ അനുഭവങ്ങളുണ്ടാ

യി; ഇനിയും അവരുടെ ആശയങ്ങളിൽ അമൂല്യരത്നങ്ങൾ കിടക്കുന്നുണ്ടെന്നു ഭ്രമിക്കുന്നത് അത്ര സമഞ്ജസമല്ല. സ്വരാജ്യത്തെ ദിവാസ്വപ്നം കണ്ട് ഇയ്യാംപാററയെപ്പോലെ ഓടിയടുത്തു മരിക്കേണ്ട ആവശ്യമില്ലതന്നെ. രാജ്യം പലേ രാജാക്കളേയും സൈന്യകരേയും കൂട്ടക്കൊല ചെയ്യിക്കുന്ന ഒരു കക്ഷിയാകുന്നു. രാജ്യശ്രീയെ അപഹരിച്ചു അധീനപ്പെടുത്തി വാണവരെയെല്ലാം അവൾ നിർമ്മൂലം നശിപ്പിച്ചിട്ടുണ്ടെന്ന് ഇന്ത്യയുടെ ചരിത്രംതന്നെ നമ്മെ പഠിപ്പിക്കുന്നു. രാജ്യം ആരുവാണാലും, ആർ അതിൻെറ അവകാശം പിടിച്ചുവെച്ചാലും അങ്ങനെയായികൊള്ളട്ടെ. നമുക്കു സുഖം വേണം; സുഖത്തിന്നു രാജ്യത്തിൽ ശ്രേയസ്കരമായ തൊഴിൽ പ്രചരിക്കണം; അതിലേക്കു ധനികവിഹനനം ഒഴിച്ചുകൂടാത്ത കാര്യമാകുന്നു.

ഇങ്ങിനെ സുഷുപ്തിയിൽനിന്നും ഞാൻ അനുദിനവും അറിഞ്ഞുകൊണ്ടിരിക്കുന്ന സംഗതികളെ ഉപന്യസിക്കുന്നതായാൽ ഒരിക്കലും അവസാനമുണ്ടാകുന്നതല്ല. പക്ഷെ ഗ്രന്ഥവിസ്താരഭയത്താൽ തല്ക്കാലം വിരമിക്കുന്നു.

20

ഭഗീരഥപരിശ്രമത്താൽ 1926 മെയ്മാസം ഒൻപതാംതിയതി ഞായറാഴ്ച സിങ്കപ്പൂരിൽ 'മലയാളിഹിന്ദുസമാജം' എന്ന നാമധേയത്തിൽ ഒരു സമാജം ഞങ്ങൾ

സ്ഥാപിക്കുകയുണ്ടായി. കമ്പംബാർറോഡു 453-ാം നമ്പ്ര് കെട്ടിടത്തിൽവെച്ചു കൂടിയ ആദ്യത്തെ സമാജയോഗത്തിൽ 113 അംഗങ്ങളുണ്ടായിരുന്നു. എന്റേയും സഹകാരികളുടേയും ഉത്തരോത്തരം ഉപചയിച്ചുകൊണ്ടിരുന്ന പ്രവൎത്തനത്തിൽ സമാജത്തിനു ഗണ്യമായ അഭിവൃദ്ധിയുമുണ്ടായി.

1928 ജൂലായി 19-ാംനു- വീണ്ടും ഞാൻ സിലോണിലേക്കു യാത്രയായി. അവിടെ ചില സുഹൃജ്ജനങ്ങളോടുചേൎന്നു കുറേനാറം താമസിച്ചു. ആ സന്ദൎഭത്തിൽ അവിടത്തെ മലയാളികളുടെ ഇടയിൽ ഭിന്നകക്ഷികളുണ്ടാകയാൽ നാരായണഗുരുസ്വാമികളുടെ തിരുനാളാഘോഷം അലങ്കോലപ്പെട്ടു, ആനയും പൂരവുമില്ലാതെ കഴിഞ്ഞുകൂടി. ആവക പരിപാടിയിലൊക്കെ ഞാനുമൊരു ഭാഗഭാക്കായിരുന്നു. അവിടത്തെ മലയാളികളുടെ ബുദ്ധമതസംഘത്തോടും ഞാൻ സംഘടിതനായി. ആദ്യത്തെ എന്റെ കൊളമ്പു സന്ദൎശനത്തിൽ എനിക്കു പരിചിതമായ സ്ലേവയിലൻററിലെ 'ആനന്ദസമാജം' അന്നു സെയ്ററു സബാസ്റ്റ്യൻ ഹില്ലിലെ 56-ാംനമ്പ്ര് കെട്ടിടത്തിലേക്കു സ്ഥലം മാററം ചെയ്യപ്പെട്ടിരുന്നു. ഞാൻ പരിചിതരായ ആനന്ദന്മാരെ ചെന്നുകണ്ടു. അവരുടെ സൌഹാൎദ്ദസൽകാരങ്ങളിൽ മുഴുകി അവരോടുകൂടെ കുറെ ദിവസം താമസിച്ചു. അന്നാളിൽ സി. കെ. വി. ആനന്ദൻ അദ്ദേഹത്തിന്റെ വാചാലവും മധുരവുമായ മുഖസരസ്വതിയാൽ ഗുരുമാഹാത്മ്യത്തേയും, ഏതൊരു വ്യക്തിക്കും അഭിലഷണീയമായ സുഖത്തിന്റെ യഥാൎത്ഥസ്വഭാവത്തേയും എന്നെ

വിശദമായി ഉൽബോധിപ്പിക്കയുണ്ടായി. അദ്ദേഹം അവരുടെ ഗുരുഭൂതന്റെ ഒരു ധൎമ്മോപദേശവും എന്നെ വായിച്ചുകേൾപ്പിച്ചു. ആ കത്തു് അടിയിൽ ചേൎക്കാം.

ആലത്തൂർ,

9—7—1927.

ആനന്ദശ്രീ

കൊളമ്പു് ആനന്ദസമാജത്തിന്നു്,

29—6—1927-ലെ റിപ്പോൎട്ടു കിട്ടി. 'പ്രതിമാസമെങ്കിലും അവിടത്തെ ഒരു തിരുവെഴുത്തു കിട്ടി വായിപ്പാൻ ആഗ്രഹമുണ്ടു്' എന്നുള്ള നിങ്ങളുടെ അപേക്ഷകൾ നന്ദിപറയുന്നു. അങ്ങിനെ ഞാൻ ചെയ്യുന്നതു നിങ്ങൾക്കു സന്തോഷജനകവും ഉണൎവ്വിന്നു കാരണവും ആകുമെന്നു് എനിയ്ക്കറിയാം. എന്നാൽ പ്രായാധിക്യംകൊണ്ടും, കാണ്മാൻവരുന്ന മുമുക്ഷുക്കളുടെ സന്ദേഹനിവൃത്തിക്കായി വളരെ സംസാരിക്കേണ്ടിവരുന്നതുകൊണ്ടും സ്വാസ്ഥ്യവും സൌകൎയ്യവും കുറവാകയാൽ കൂടെക്കൂടെ നിങ്ങൾക്കെഴുതാത്തതാകുന്നു. അതുകൊണ്ടു കുണ്ഠിതം അരുതു്. കുംഭകൎണ്ണന്റെ നിദ്രാവസ്ഥയെ പ്രാപിക്കയും ചെയ്യരുതു്. എപ്പോഴും സമാജകാൎയ്യത്തിൽ ഉണൎന്നുകൊണ്ടുതന്നെയിരിക്കണം. കൎമ്മികൾ ബിംബാരാധനാദികളിൽ ജാഗരൂകന്മാരായിരിക്കുന്നതു നിങ്ങൾക്കനുഭവമല്ലയോ? ഗുരുജനങ്ങൾ പ്രതിമാസം എഴുതയച്ചിട്ടാണോ, അതല്ല. നിങ്ങളിൽ ഏതെങ്കിലും ഒരാൾ—സാമൎത്ഥ്യമുള്ള ഒരു അംഗം ഇവിടെ ആശ്രമത്തിൽ വന്നു താമസിച്ചു, ജ്ഞാനധനത്തിനെ മുഴുവനും ക

യ്യലാക്കേണമെന്നു ഞാൻ വളരെ മുമ്പുതന്നെ അറിയിച്ചിരുന്നു. അങ്ങിനെ ഇതേവരെ ചെയ്തിട്ടില്ല. നിങ്ങഠം ചിലകാലത്തു നാട്ടിൽവന്നു ഒന്നോ രണ്ടോ മാസം താമസിക്കും. ചിലർ പോകുന്നപോക്കിൽ ആശ്രമത്തിൽ വന്നു യഥാശക്തി കാഴ്ചവെച്ചു കാലുപിടിച്ചു കൊളമ്പിലേക്കു പോകയും ചെയ്യും. ക്ഷേത്രത്തിൽ ചെന്നു ബിംബത്തെ ദശിച്ചുപോകുന്നതുപോലെ ആചരിക്കുന്നതുകൊണ്ടു ഗുരുവിൻേറയും ആനന്ദമതത്തിൻേറയും മാഹാത്മ്യം മുഴുവൻ മനസ്സിലാക്കുവാനോ, യഥേഷ്ടം ജ്ഞാനധനം സമ്പാദിപ്പാനോ കഴിയുന്നില്ല. ഇതുകൊണ്ടുള്ള ദോഷമെന്താണെങ്കിൽ, നിങ്ങഠം കൃതാത്ഥന്മാരായി സംതൃപ്തന്മാരായി ഭവിക്കുന്നില്ല. മറെറാരുദോഷം, വളരെ ധനപുഷ്ടിയുള്ള സമാജത്തെ കാണുമ്പോഠം നാം ദുബ്ബലന്മാരാണല്ലോ എന്നോത്തു കുണ്ഠിതപ്പെടേണ്ടിവരുന്നുവെന്നുള്ളതാണു്. ചിലർ വമ്പിച്ച സമാജത്തിലേക്കു് ഓടിപ്പോകുവാൻ ബദ്ധപ്പെടുന്നവരുമുണ്ടാകും. ഇതിൽമീതെ എന്താണു് ഒരു അധഃപതനമുണ്ടാകേണ്ടതു്! ആനന്ദസന്താനങ്ങളെ! ഭൂലോകത്തിൽ എന്നല്ല ദേവലോകത്തിൽകൂടി നമ്മുടെ ആനന്ദമതത്തിനു സദൃശമായി ഒരു മതമില്ലെന്നു ഞാൻ യുക്തിപൂവ്വം തെളിയിച്ചുതരാം. ഈ എഴുത്തു സമാജം എപ്പപ്പോഠം കൂടുന്നുവോ അതാതവസരങ്ങളിൽ എല്ലാവരേയും വായിച്ചു കേഠപ്പിക്കേണമെന്നാണെൻെറ ആഗ്രഹം.

എന്നു്,

ബ്രഹ്മാനന്ദസ്വാമി

ശിവയോഗി.

കുളമ്പിലെ ചില നൂതനമലയാളിസമാജങ്ങളുമായി പരിചയപ്പെടുവാനും എനിക്കു സംഗതിയുണ്ടായി. അചിരേണ ഞാൻ ആ നാടുവിട്ടു സിങ്കപ്പൂരിലേക്കു മടങ്ങി.

എസ്സെസ്സിൽ എത്തി വീണ്ടുമുണ്ടായ എൻെറ ഒരു വഷത്തെ പരിശ്രമത്തിൻെറ ഫലമായി നാനൂറു അംഗങ്ങളെ സമാജത്തിൽ ചേക്കുവാൻ എനിക്കു കഴിഞ്ഞു. സമാജം അതിൻെറ ഉൽഗതിയിലേക്ക് ആശാസ്യമാംവണ്ണം പൊയ്ക്കൊണ്ടിരുന്നു. ആയിടയ്ക്കു സ്റ്റാൻഡേഡ് ഓയിൽ കമ്പനിയുടെ വകയായി ഫറംസ്സാറിൽ സ്ഥാപിച്ചിട്ടുള്ള എണ്ണത്താങ്കികളിൽ പ്രവൃത്തി എടുക്കുന്നവക്ക് ആഹാരാദിജീവികകളെ സജ്ജീകരിച്ചു കൊടുക്കേണ്ടതിലേക്ക് ഒരു കൺട്രാക്കടരെ ആവശ്യമുണ്ടെന്നു 'മലയാ ട്രിബ്യൂൺ' എന്ന പത്രത്തിൽ ഒരു പരസ്യം കാണുകയുണ്ടായി. ഫറംസ്സാർ സിങ്കപ്പൂരിൽനിന്നും പന്ത്രണ്ടു മൈൽ അകലത്തിൽ ഉള്ളതായ ഒരു ചെറുതുരുത്താകുന്നു. അവിടെ മുന്നൂറു മലയാളികറം പണി എടുത്തിരുന്നു. അവക്കെല്ലാം ആഹാരവും സാമാനങ്ങളും സംഭരിച്ചുകൊടുത്തിരുന്നതു് അവിടത്തെ സ്രാങ്കായിരുന്നു. അയാളെ ഭയന്നു കമ്പനിമാനേജർ എത്രതന്നെ പരസ്യങ്ങറം പ്രസിദ്ധപ്പെടുത്തിയിട്ടും ആരും ആ കൺട്രാക്കറിനു ചെന്നിരുന്നില്ല. 1930 മാച്ച് 13-ാംനു- ഞാൻ സ്റ്റാൻഡേഡ് ഓയിൽ കമ്പനി മാനേജരെ ചെന്നുകണ്ടു; ആ കൺട്രാക്കറു് ഏറെറടുത്തു.

അവിടേയ്ക്കു വേണ്ടതായ സാമാനങ്ങറം പടവുകളിൽ കയററി ഞാൻ യാത്രയായി. എൻെറ വരവുണ്ടെന്നറിഞ്ഞപ്പോഴേക്കും ആ ബഹുചതുരനായ സ്രാങ്കൻ വേലക്കാരെ

എല്ലാം സ്വാധീനപ്പെടുത്തിക്കളഞ്ഞു. എല്ലാവരും എന്റെ സാമാനങ്ങൾ വാങ്ങുവാനൊരുങ്ങാതെ സവ്വസ്വവും നേരേ സിങ്കപ്പൂരിൽനിന്നു സംഭരിച്ചുകൊണ്ടുവന്നു; തങ്ങൾ തന്നെ പാകം ചെയ്തു ആഹാരം കഴിപ്പാനും തുടങ്ങി. ഞാൻ എന്റെ അവകാശസ്ഥാപനത്തിനു ബഹുധാ പരിശ്രമിച്ചുനോക്കിയിട്ടും ഫലമൊന്നുമുണ്ടായില്ല. എവിടെ ചെന്നാലും ഈ സ്രാങ്കന്മാരുടെ ഹിംസയാണു് കാണുവാൻ! 300 കൂലിക്കാർ പണി എടുക്കുന്ന ശമ്പളമെല്ലാം സ്രാങ്കന്റെ കയ്യിൽ ചെല്ലണം. കൂലിക്കാരുടെ സവ്വീസുബാങ്ക് സ്രാങ്കന്റെ ഭണ്ഡാരപ്പെട്ടിയാകുന്നു. വഷാവസാനത്തോളം ശമ്പളം വാങ്ങികൊടുത്തിട്ട്, ഒടുവിൽ കണക്കുനോക്കിയാൽ ഓരോരുത്തരും ഒരുപക്ഷേ സ്രാങ്കിനു വല്ലതും നൽകുവാനുണ്ടായിരിക്കും. പത്തുപന്ത്രണ്ടു വഷങ്ങൾ പണി എടുത്തു കിട്ടിയ പണം സ്രാങ്കിന്റെ കയ്യിൽ കൊടുത്തിട്ട് അവസാനം, രാജ്യത്തൊന്നു പോകുവാൻ വല്ലതും വേണമല്ലോ എന്നു് ആവശ്യപ്പെട്ടാൽ അയാൾ പലേ ഒഴിവുകളും പറയുകയായി. ആ സാധു കൂലിക്കാരൻ ആധിപിടിച്ചു ചിത്തഭ്രമക്കാരനായി പോകയല്ലാതെ നിവത്തിയില്ല! അങ്ങിനെ ചിലർ ചിത്തഭ്രമക്കാരായി തീന്നിട്ടുണ്ടെന്ന വസ്തുത എനിക്കു് അനുഭവമത്രേ.

എന്റെ കൺട്രാക്കറു് ആകപ്പാടെ നന്നായി! സാമാനങ്ങൾ വാങ്ങിക്കുവാനും ഭക്ഷണം കഴിക്കുവാനും ഒരുവരും ഇല്ലാതെ എനിക്കു സാരമായ നഷ്ടത്തിനു് ഇടയായി. ഈ സംഗതികൾ ഞാൻ കമ്പനി മാനേജരെ അറിയിക്കാതിരുന്നില്ല. പക്ഷേ അദ്ദേഹം അതത്ര ഗണ്യമാ

ക്കിയില്ല. അവസാനം നഷ്ടപരിഹാരത്തിനു കമ്പനിയു
ടെ പേരിൽ എനിക്കു വ്യവഹാരപ്പെടേണ്ടി വന്നു. രണ്ടാ
യിരത്തി അറുപത്തിരണ്ടു വെള്ളിക്കായിരുന്നു എന്റെ ന
ഷ്ടവ്യവഹാരം. എന്നാൽ കുറേപണംകൂടി കോർട്ടുചില
വായി കയ്യിൽനിന്നു പോയതല്ലാതെ എനിക്കു ഒരു ജയ
വും ഉണ്ടായില്ല.

യാദൃച്ഛികമായി ഈ സന്ദർഭത്തിൽ എനിക്ക് ഒരു അ
ടിയന്തിരക്കമ്പി കിട്ടുകയാൽ സ്വദേശത്തേക്കു പോകേണ്ടി
വന്നു. ഞാൻ മടങ്ങി സിങ്കപ്പൂരിലെത്തിയപ്പോൾ മലയാ
ളത്തുകാരിയായ ഒരു സ്ത്രീ മൂന്നു കുട്ടികളോടുംകൂടെ എന്റെ
അടുക്കൽ വന്നു പൊട്ടിക്കരഞ്ഞു് ആവലാതിപ്പെടുവാൻ
തുടങ്ങി. പൊന്നാനി താലൂക്കിൽപ്പെട്ട ചാവക്കാട്ടാകുന്നു
അവളുടെ ജന്മഭൂമി. ആരോ ഒരുവൻ അവിടെനിന്നും
അവളെ എഫ്. എം. എസ്സിലേക്കു കൂട്ടികൊണ്ടു പോന്നു.
അവിടെ വന്നു യഹൂർബാർ ശൃങ്കേപ്പുരം എസ്റ്റയിററിൽ
ആയിരുന്നു അവരുടെ താമസം. ആ തോട്ടം മാനേജർ
എ. കെ. ബിൽകി എന്ന യൂറോപ്യന് അവളിൽ ആശ
യുണ്ടായി. ആ തോട്ടം മേണ്ടോർവഴിക്കു, പെണ്ണിനെ
കൂട്ടിക്കൊണ്ടുവന്നവനെ തോട്ടത്തിൽനിന്നും ഓടിച്ചു. സ്ത്രീ
യെ മാനേജർ ബലാൽകാരേണ അധീനപ്പെടുത്തി. ഗർഭ
വതിയായി അവൾ പ്രസവിച്ചാൽ സാഹിന്റെ പേരിൽ
കുട്ടിയെ രജിസ്റ്റർ ചെയ്യാതെ കണ്ടവരുടെ പേരിൽ രജി
സ്റ്റർ ചെയ്യുകയാണു് പതിവു്. ഇത്തരത്തിൽ മൂന്നു കുട്ടി
കൾ പിറന്നതിനുശേഷം സ്ത്രീയുടെ അഴകും യൗവനവും
ക്ഷയിച്ചപ്പോൾ സാഹ്യ് അവളെ കുട്ടികളോടുകൂടെ തോട്ട

ത്തിൽനിന്നും തള്ളിപ്പുറത്താക്കി. ഈ ചരിത്രം എനിക്കു ബഹു മമ്മകഠോരമായി തോന്നി. സ്ത്രീയെ കുട്ടികളോടുകൂടി ഞാൻ ഒരു സ്ഥലത്തു താമസിപ്പിച്ചിട്ടു ശൃങ്കേപ്പൂരം എസ്റ്റയിററു മാനേജൎക്കു ലോയർമൂലമായി ഒരു രജിസ്റ്റർ നോട്ടീസ്സയച്ചു. ആ നോട്ടീസ്സുകൊണ്ടു കാൎയ്യസാദ്ധ്യമൊന്നുമുണ്ടായില്ല. അനന്തരം സായ്പിൻെറ പേരിൽ സ്ത്രീയെക്കൊണ്ടു് ഒരു അന്യായം കോടതിയിൽ കൊടുപ്പിച്ചു. സായിപ്പു പത്രികമൂലം തൻെറ കുട്ടികളല്ലെന്നു വാദിപ്പാനാണു മുതിൎന്നതു്. കേസ്സു വളരെ വാദപ്രതിവാദങ്ങൾക്കിടയാക്കി. ആ സ്ത്രീക്കു് എന്തെങ്കിലും സഹായം ചെയ്യേണ്ടതാണെന്നു ഞാൻ ഇന്ത്യൻ ഏജൻറിനെ ഒരു ഹർജിമൂലം ബോധിപ്പിച്ചു. ഇക്കാൎയ്യത്തിൽ അദ്ദേഹത്തിനു് ഒന്നും ശക്യമല്ലെന്നായിരുന്നു മറുപടി.

കേസ്സു നടത്തിപ്പിനുള്ള സൎവ്വശ്രമങ്ങളും സൎവ്വചിലവുകളും എന്നിൽതന്നെ സ്ഥിതിചെയ്തു. അവസാനമായി കുട്ടികൾക്കു ചിലവിനുകൊടുക്കുവാൻ ആണു കോടതിയിൽനിന്നു വിധിയുണ്ടായതു്. പാവം! ആ വഞ്ചിതയായ വനിതയ്ക്കും അവളുടെ സന്താനങ്ങൾക്കും മാനവും ധനവും ഒരുപോലെ കൈവന്നുവല്ലോ. 'പരോപകാരഃ പുണ്യായ' എന്ന അഷ്ടാക്ഷരി ചരമശയ്യയോളം എനിക്കു മുടങ്ങാതിങ്ങിനെ സ്മരിക്കുവാൻ കഴിഞ്ഞെങ്കിൽ!

രണ്ടാം ഭാഗം

ജപ്പാൻഭരണകാലത്തെ ചില അനുഭവങ്ങൾ.

ജപ്പാൻകാർ സിംഗപ്പൂർ പിടിച്ചതു് 1942 ഫെബ്രു വരി 15-ാംനു-യായിരുന്നു. ജപ്പാൻെറ ഭരണത്തിൻ കീഴിൽ മലയായിലെ ജനങ്ങൾ അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളെപ്പററി പറഞ്ഞറിയിക്കാൻ സാദ്ധ്യമല്ല. എത്രയോ ആയിരം നരജീവികളെ അവർ കഴുത്തറുത്തു കൊന്നു. അവശേഷിച്ച ഞങ്ങളുടെ ജീവിതം ഓക്കുമ്പോൾ ആ മരിച്ചവർതന്നെയാണു് ഭാഗ്യവാന്മാർ എന്നു് പറയാൻ തോന്നുന്നു.

എന്നെ ജപ്പാൻകാർ ഒക്ടോബർ മാസം 2-ാംനു പുലച്ചെ 4 മണിക്കു, ഞാൻ താമസിച്ചിരുന്ന ധോബിഘട്ടിലെ 15-ാംനമ്പർ വീട്ടിൽവെച്ചു പിടിച്ചുകൊണ്ടുപോയി, ഓക്സിലറി ഹെഡ്കോട്ടേർസിൽ അടച്ചു. 6 മണിക്കു അവർ എന്നെ പട്ടാള ഉദ്യോഗസ്ഥന്മാരുടെ കയ്യിൽ ഏല്പിക്കയും ചെയ്തു. എന്നെ എന്തിനാണു് അറസ്ററു ചെയ്തു കൊണ്ടുപോയതു് എന്നു് എനിയ്ക്കോ, എന്നെപ്പോലെതന്നെ അവിടെ ഇട്ടടയ്ക്കപ്പെട്ട മററു പുള്ളികൾക്കോ അറിവുണ്ടായിരുന്നില്ല.

ചോദ്യവും വിചാരണയും ഒന്നും കൂടാതെതന്നെ ജപ്പാൻ യമഭടന്മാർ എന്നെ അടിച്ചും ഇടിച്ചും പാകംവരുത്തി. മൂന്നു ദിവസം കഴിഞ്ഞപ്പോൾ അവർ എന്നെ ക

ഴുത്തു വെട്ടുന്ന മുറിയിലേയ്ക്കു വലിച്ചിഴച്ചു കൊണ്ടുപോയി അവിടെ ഇട്ടടച്ചു. കാലത്തും വൈകുന്നേരവും പഞ്ചസാരയില്ലാത്ത കരിംചായ ഓരോ കോപ്പ തരും. അഞ്ചു ദിവസത്തോളം എൻെറ ആഹാരം അതു മാത്രമായിരുന്നു. പിന്നെ ഭക്ഷണത്തിൽ ചില മാററങ്ങൾ വന്നു. കാലത്തും വൈകുന്നേരവും ഓരോ ഉരുള ഉപ്പിടാത്ത ചോറ് കിട്ടിത്തുടങ്ങി. ഇങ്ങനെ നായ്ക്കൾക്കു കൊടുക്കുംപോലെ ഓരോ ഉരുള ചോറും തന്നു 3 മാസത്തോളം അവരെന്നെ കൊല്ലാതെ കൊന്നുകൊണ്ടിരുന്നു. എൻെറ കുടുംബങ്ങൾക്കു കിട്ടിയ വിവരം ജപ്പാൻകാർ എൻെറ കഴുത്തുവെട്ടിക്കളഞ്ഞുവെന്നായിരുന്നു. ഈ ഫോട്ടത്തിൽ എൻെറ പുറത്തുകാണുന്ന കല ജപ്പാൻകാർ ബയനററ്കൊണ്ടു കുത്തിയതിൻെറ സ്മാരകമാണ്.

അങ്ങിനെയിരിക്കെ സിലോൺകാരനായ ഒരു അപ്പുഹാമിയേയും ജപ്പാൻകാർ പിടിച്ചു കൊണ്ടുവന്നു എൻെറ മുറിയിൽ ഇട്ടടച്ചു. അപ്പുഹാമി ഒരു ജപ്പാൻ മിലിററി പോലീസ്സുകാരന്ന് നൂറു ജപ്പാൻ വെള്ളിവിലയ്ക്കു ഒരു റിസ്റ്റ് വാച്ച് വിററിട്ടുണ്ടായിരുന്നു. ആ വാച്ച് സമയം ശരിക്കു കാണിക്കുന്നില്ലാ എന്ന കുററമാണ് അപ്പുഹാമിയുടെ പേരിൽ ചുമത്തിയിരുന്നത്.

അപ്പുഹാമിയെ ജപ്പാൻ മിലിററി പോലീസ് കഠിനമായി മർദ്ദിച്ചുകൊണ്ടിരുന്നപ്പോൾ അവൻ ബുദ്ധദേവനെ വിളിച്ചു വിലപിച്ചു. അപ്പോൾ ജപ്പാൻകാരിലൊരുത്തൻ പറയുകയാണ്, ബുദ്ധനെ കണ്ടാൽ അവൻെറയും കഴുത്തു വെട്ടുമെന്ന്.

എന്നെ വിചാരണചെയ്യാൻ സക്കാമാത്തു എന്നു പേരായ ഒരു ജപ്പാൻ മിലിററി പോലീസ്സുകാരൻ വന്നു. ആ ജപ്പാൻകാരനു് കുറേശ്ശ മലായി അറിയാമായിരുന്നു. ഞാൻ ചെയ്ത കുററമെന്താണെന്നു പറഞ്ഞുതരാൻ ഞാൻ സക്കാമാത്തുവിനോട്ട് അപേക്ഷിച്ചു. വെള്ളക്കാരൻെറ സഹായിയാണു് ഞാനെന്നു ജപ്പാൻകാക്ക മനസ്സിലായതു കൊണ്ടാണു് എൻെറ കഴുത്തുവെട്ടാൻ പോകുന്നതെന്നു അയാഠം മറുപടി പറഞ്ഞു.

മൂന്നാം ദിവസം ഈ സക്കാമാത്തു വേറെ രണ്ടു് എം. പി. മാരോട്ടുകൂടി എന്നെ വിചാരണ ചെയ്യാൻ വീണ്ടും വന്നു. ഇക്കൂട്ടത്തിൽ സക്കാമാത്തുവിന്നു മാത്രമേ മലയാ ഭാഷ അറിഞ്ഞിരുന്നുള്ളു. അയാഠം എന്നോട്ട് വെള്ളക്കാരെപ്പററി പല ചോദ്യങ്ങളും ചോദിച്ചു. വെള്ളക്കാരുമായി എനിയ്ക്കു യാതൊരിടപാട്ടുമില്ലെന്നും അവരെപ്പററി എനിക്കൊന്നും അറിഞ്ഞുകൂടെന്നും, ഞാൻ നിരപരാധിയാണെന്നും ഞാൻ മറുപടി പറഞ്ഞു. അങ്ങനെ സത്യം പറഞ്ഞതിന്നും എനിയ്ക്കു അടതന്നെയാണു് കിട്ടിയതു്. അന്നു രാത്രിയിലും എന്നെ കഴുത്തുവെട്ടുന്ന അറയിൽ കൊണ്ടുപോയി അടച്ചു. പിറേറന്നു രാത്രി ജപ്പാൻകാർ കൊലവാളുമായി വന്നു എന്നെ വീണ്ടും അടിക്കാൻ തുടങ്ങി. സത്യം പറഞ്ഞില്ലെങ്കിൽ എൻെറ കഴുത്തു ഉടൻ വെട്ടുമെന്നും തീത്തുപറഞ്ഞു.

സക്കാമാത്തു എന്നെ വളരെ ദ്രോഹിച്ചവനാണെങ്കിലും, അയാഠം എൻെറയടുക്കൽ വന്നു ഞാൻ ഒരു ജപ്പാൻകാരിയെ ഭാര്യയാക്കി വെച്ചിട്ടുണ്ടായിരുന്നുവോ എന്നു് കു

ച്ച സപ്രകാര്യമായി എന്നോട്ട് ചോദിച്ചു. അത് വാസ്തവമാണെന്നു ഞാൻ ധൈര്യത്തോടെ ഉത്തരം കൊടുത്തു. "അവളിപ്പോഠം എവിടെയാണുള്ളത്?" സക്കാമാത്തു കൌതുകത്തോടെ ചോദിച്ചു. അവഠം ജപ്പാനിൽ ടോക്യോയിലാണു ഉള്ളത് എന്ന് ഞാൻ മറുപടി പറഞ്ഞു.

ഇത് കേട്ടപ്പോഠം സക്കാമാത്തു, മറേറ ജപ്പാൻ എം. പി. മാരോട്ട് ജപ്പാൻ ഭാഷയിൽ എന്തൊക്കെയോ പറഞ്ഞു. കുറച്ചുകഴിഞ്ഞപ്പോഠം സക്കാമാത്തു എൻെറയടുക്കൽ വന്നു പറഞ്ഞു "ഇപ്പോഠം ഞങ്ങഠം നിന്നെ വിട്ടയയ്ക്കുന്നു. ജപ്പാൻകാക്ക വിരോധമായി ഇനി നീ എന്തെങ്കിലും ചെയ്യുവെന്നു കേട്ടാൽ അപ്പോഠം നിൻെറ കഴുത്തു വെട്ടിക്കളയും ഓമ്മയിരിക്കട്ടെ."

അങ്ങനെ തീരെ പ്രതീക്ഷിക്കാത്ത തരത്തിൽ പാഠം ത്തലയ്ക്കൽനിന്നു എൻെറ തല എനിയ്ക്കുതന്നെ തിരിച്ചുകിട്ടി.

ഞാൻ ജപ്പാൻകാരുടെ ബന്ധനത്തിലായിരുന്നപ്പോഠം അവിടെ നടന്ന അക്രമങ്ങളേയും, ജപ്പാൻകാർ കാട്ടിക്കൂട്ടിയ മൃഗീയവിനോദങ്ങളേയും കുറിച്ചു വിസ്തരിച്ചാൽ അതുതന്നെ ഒരു വലിയ ഗ്രന്ഥമായിത്തീൎന്നേക്കാം. സാമ്പിളിന്ന് ഒരു സംഭവം മാത്രം ഇവിടെ വിവരിക്കാം.

എന്നെ അടച്ച അറയിൽ അനേകം ചീനക്കാരേയും പിടിച്ചു കൊണ്ടുവന്നു നിറച്ചിരുന്നു. അക്കൂട്ടത്തിൽ ഒര് ഹൈലാംകാരനായ ചീനനും, അവൻെറ 34 വയസ്സുള്ള ഭാര്യയും 20 വയസ്സുള്ള മകനും ഉണ്ടായിരുന്നു. ജപ്പാൻ

കാർ ആ കുടുംബത്തെ പല തരത്തിലും ഹിംസിച്ച് തൃപ്തിവരാതെ, ആ അറയിൽവെച്ചുതന്നെ മകനേയും അമ്മയേയും നഗ്നരാക്കി നിർത്തി, ആ അച്ഛൻെറ മുമ്പിൽവെച്ചു മകനെക്കൊണ്ടു് അമ്മയെ സംഭോഗം ചെയ്യിച്ചു. ആ കാഴ്ച നോക്കി മററു ജപ്പാൻകാർ കൈകൊട്ടിച്ചിരിക്കുന്നുണ്ടായിരുന്നു.

റോട്ടിൽ ബീററു നില്ക്കുന്ന ജപ്പാൻ പട്ടാളക്കാരൻെറ അരികിലൂടെ കടന്നുപോകുന്നവർ ആരായിരുന്നാലും അവൻെറ മുമ്പിൽ തൊപ്പിയെടുത്തു തല കുനിച്ചുകൊള്ളണമെന്നാണ് നിയമം. അങ്ങനെ ചെയ്യാത്തവക്കു ഉടനെ തല്ലു കിട്ടുമെന്നും തീച്ചയാണ്. ഒരിക്കൽ ഐസ്സു വില്ക്കുന്ന ഒരു മലയാളി കാക്ക ഈ നിയമമൊന്നും അറിയാതെ ഒരു ജപ്പാൻ ബീററു പോലീസ്സുകാരൻെറ മുമ്പിലൂടെ തൊപ്പിയെടുത്തു കുമ്പിടാതെ കടന്നുപോയി. ജപ്പാൻകാരൻ കാക്കയെ പിടിച്ചുനിർത്തി മുഖത്ത് അടിയും ഇടിയും തുടങ്ങി. അടിക്കുന്നതിന്നിടയിൽ ജപ്പാൻകാരൻ ചോദിച്ചു "നീ ഇന്ത്യയാണോ" എന്നു. ആ മാടനായ മാപ്പിള മറുപടി പറഞ്ഞു "അല്ലാ: ഞാൻ ഇസ്ലാമാണ്" ജപ്പാൻകാരൻ പിന്നേയും പ്രഹരം തുടങ്ങി. സഹിയ്ക്കാൻവയ്യാതെ മാപ്പിള വീണ്ടും ദയനീയമായി കരഞ്ഞു പറഞ്ഞു "ഞാൻ ഇസ്ലാമാണ്: ഞാൻ ഇസ്ലാമാണ്."

അപ്പോഠം അടുത്തുനിന്നിരുന്നവനും ഇങ്ങിനെയുള്ളതെല്ലാം അനുഭവിച്ചറിഞ്ഞവനുമായ മറെറാരു മാപ്പിള ഈ നേരമ്പോക്കുകണ്ടു നിലവിളിക്കുന്ന മാപ്പിളയോട്ട് മലയാളത്തിൽ പറഞ്ഞു: "എടാ പന്നിൻെറ മോനേ_ത

ലയിന്നു് തൊപ്പിയെടുത്തു തലകുനിച്ചു്, ഇന്ത്യയാണെന്നു പറയടാ.''

അതു കേട്ടപ്പോൾ മാപ്പിള വേഗം തലയിൽനിന്നു തൊപ്പിയെടുത്തു കുമ്പിട്ടു ''ഞമ്മ ഇന്ത്യയാണോ— ഇന്ത്യയാണോ'' എന്നു ഉറക്കെ വിളിച്ചു പറഞ്ഞു. ജപ്പാൻകാരൻ അടി നിർത്തുകയും ചെയ്തു.

ജപ്പാൻകാർ മലയായിൽനിന്നു് ഇന്ത്യക്കാരെ ആയിരക്കണക്കിൽ പിടിച്ചുകൊണ്ടുപോയി, സയാമിലും ബർമ്മയിലും വേല ചെയ്യിച്ചു കൊന്നിട്ടുണ്ടു്. അങ്ങനെ മറുനാട്ടിൽവെച്ചു കൂട്ടത്തോടെ നശിച്ചുപോയ ഇന്ത്യക്കാരുടെ ഭാര്യാമക്കൾ ഇപ്പോഴും സിംഗപ്പൂരിൽ അലഞ്ഞു നടക്കുന്നതു കാണാം. ആ അനാഥകുടുംബങ്ങളെപ്പററി ഇവിടത്തെ ഗവർമ്മേണ്ടോ, ഇന്ത്യാഗവർമ്മേണ്ടിൻെറ പ്രതിനിധിയോ ഇതേവരെ യാതൊരന്വേഷണവും ചെയ്തിട്ടില്ലെന്നാണു് അറിയുന്നതു്. വെള്ളക്കാരൻ മലയാരാജ്യം വീണ്ടെടുത്തപ്പോൾ, ധാരാളം എസ്റ്റേററുകളും നിലങ്ങളും എടുപ്പുകളും (ജപ്പാൻകാർ കൈവശം വെച്ചിരുന്നതു്) വിററു കിട്ടിയ പണം, കോടിക്കണക്കിൽ യുദ്ധനഷ്ടപരിഹാരഫണ്ടിലേക്കു് എടുക്കുകയാണുണ്ടായതു്.

യുദ്ധത്തിൽ ലക്ഷക്കണക്കിൽ ഇന്ത്യക്കാർക്കു ജീവഹാനി വന്നു. അവരുടെ സ്വത്തുക്കളെല്ലാം കൈമാറി ഒടുവിൽ യുദ്ധനഷ്ടപരിഹാരഫണ്ടിൽ ലയിക്കയും ചെയ്തു.

കൂടാതെ നേതാജി സുഭാഷ്ചന്ദ്രബോസ്സ് ഐ. എൻ. ഏ. സ്ഥാപിച്ചപ്പോൾ ഇന്ത്യക്കാർ കോടിക്കണക്കിൽ പണം സഹായിച്ചിട്ടുണ്ടായിരുന്നു. നേതാജി ജപ്പാ

നിലേക്കു പോകുന്നതിന്നുമുമ്പ്, ഐ. എൻ. ഏ. ഫണ്ടി ലെ പണമെല്ലാം, ചില ഐ. എൻ. ഏ. ഉദ്യോഗസ്ഥന്മാരെ ഏല്പിച്ചിട്ടുണ്ടായിരുന്നു. നേതാജി പോയ ഉടനെ, ഐ. എൻ. ഏക്കാർ ഈ ധനമെല്ലാം എമാഷിത്താൻെറ പ്രതിമ കുഴിച്ചിട്ടതുപോലെ, ഓരോ സ്ഥലത്തു കുഴിച്ചിടുകയാണുണ്ടായത്. ബ്രിട്ടീഷുകാർ സിംഗപ്പൂരിൽ തിരിച്ചുവന്നു ആറുമാസം കഴിഞ്ഞതിന്നുശേഷം പഴയ ഐ. എൻ. ഏ. ഉദ്യോഗസ്ഥന്മാർ നിക്ഷേപങ്ങരം മാന്തിത്തുടങ്ങി. പെട്ടെന്ന് ചിലർ ബാങ്കുകരം തുടങ്ങി. ചിലർ നിലങ്ങളും തോട്ടങ്ങളും വാങ്ങി. ചിലർ പണം പലിശയ്ക്കു കൊടുക്കാനും തുടങ്ങി. ഐ. എൻ. ഏയേയും നേതാജിയേയും സഹായിക്കാൻ സഹസ്രക്കണക്കിൽ സാധുക്കരം സംഭാവനചെയ്ത പണമാണ് ഇങ്ങിനെ ചുരുക്കം വ്യക്തികളുടെ ദുഷിച്ച മൂലധനമായിപ്പരിണമിച്ചത്. അങ്ങനെ തങ്ങളുടെ എല്ലാം ബലി കൊടുത്തും ഐ. എൻ. ഏയെ സഹായിച്ച സാധു ഇന്ത്യക്കാരുടെ കുഞ്ഞുകുട്ടികളും, സ്ത്രീകളും ഇന്നും നിരാധാരരായി വലയുന്നു. ഇന്ത്യാഗവമ്മേണ്ട് ഇക്കാര്യത്തിൽ അനുഭാവപൂർവ്വം യാതൊരന്വേഷണവും നടത്തിയില്ലാ എന്നത് ദയനീയമായ ഒരു പരമാത്ഥമാണ്.

ജപ്പാൻകാർ ഇവിടെവന്ന ഉടനെ, മെ. കെ. പി. കേശവമേനോൻ, ഏ. സി. ഗോഹോ, നീലകണ്ഠയ്യർ തുടങ്ങിയ പന്ത്രണ്ടോളം മാന്യന്മാരെ അവർ ടോക്യോവിലേക്ക് അയച്ചിട്ടുണ്ടായിരുന്നു. അവരിൽ നീലകണ്ഠ അയ്യരേയും മററും ജപ്പാൻകാർ കൊന്നു കളഞ്ഞുവെന്നാണ് തോന്നു

ന്നത്. ടോക്യോവിൽനിന്നു മടങ്ങിയവരിൽ ശ്രീ. കെ. പി. കേശവമേനോനും, ശ്രീ. ഗോഹോവും ജപ്പാൻകാക്കനുകൂലികളല്ലാതായിത്തീൎന്നു. കുറച്ചു ദിവസങ്ങൾക്കുള്ളിൽ ശ്രീ. മേനോനെ അദ്ദേഹത്തിന്റെ ഭവനത്തിൽവെച്ചു പുലച്ചെ 3 മണിക്കു ജപ്പാൻകാർ അറസ്റ്റ്ചെയ്തുകൊണ്ടുപോയി ജയിലിൽ പാപ്പിച്ചു. ശ്രീ. കേശവമേനോന്റെ മകൾ ദണ്ണം പിടിച്ചു മരിക്കാൻ കിടക്കുന്ന സന്ദഭ്ത്തിൽ അച്ഛനെ ഒരു നോക്കു കാണാൻ ആഗ്രഹിച്ചു. വിവരമറിഞ്ഞു കേശവമേനോൻ മരിക്കാൻ കിടക്കുന്ന മകളെ ഒന്നു കാണാനനുവദിക്കണമെന്നു ജപ്പാനധികൃതന്മാരോട് കേണപേക്ഷിച്ചും ജപ്പാൻകാർ സമ്മതിച്ചില്ല. അച്ഛന്റെ മുഖം അവസാനമായി ഒരു നോക്കു കാണാൻ സാധിക്കാതെ കേശവമേനോന്റെ മകൾ മരിക്കുകയും ചെയ്തു.

അത്ര നിഷ്ഠൂരരും വഞ്ചകന്മാരുമായിരുന്ന ജപ്പാൻകാരുടെ ഭാഗം വാദിക്കാനുള്ള വക്കീലായിട്ടാണ് പിന്നീട് നമ്മൾ ശ്രീ. കെ. പി. കേശവമേനോനെ കാണുന്നത്. വെള്ളക്കാർ തിരിച്ചു വന്നപ്പോൾ, കേസ്സ് വിചാരണ ചെയ്യുന്ന അവസരത്തിൽ ജപ്പാൻകാരുടെ വക്കീലായിരുന്നു ശ്രീ. കെ. പി. കേശവമേനോൻ. സിംഗപ്പൂരിലെ സുപ്രീം കോട്ടിൽ, ജപ്പാൻകാരുടെ കേസ്സ് വിചാരണ ചെയ്യുമ്പോൾ, ജപ്പാന്റെ ഭാഗം വാദിക്കാൻ മേനോൻ ഒരു ബി. ഏ. കോട്ടും ധരിച്ചാണ് പ്രത്യക്ഷപ്പെട്ടത്.

* * * * * * *

ജപ്പാൻ സിംഗപ്പൂർ പിടിച്ചത് 1943 ഏപ്രിൽമാസം 4-ാംനു-യായിരുന്നു. അക്കൊല്ലം മലയാളികളുടെ

വിഷുവും അന്നുതന്നെയായിരുന്നു. വിളക്കും പുഷ്പവും, വെള്ളരിക്കായും മററും താലത്തിൽ നിറച്ച കണിയാണ ല്ലോ വിഷുനാളിൽ കാണാറുള്ളത്. സിങ്കപ്പൂരിലെ മല യാളികഠം അന്ന് വെള്ളിത്താലത്തിൽവെച്ച വെള്ളരിക്കാ യ്ക്കു പകരം മരത്താലത്തിൽവെച്ച മനുഷ്യത്തലകളെയാ ണ് കണി കണ്ടത്.

തങ്ങഠം മലയാ പിടിച്ച സംഭവം ആഘോഷിക്കാൻ ജപ്പാൻകാർ സിംഗപ്പൂരിലെ എല്ലാ കവലകളിലും ഒരു മേശവെച്ച് മേശപ്പുറത്ത് രക്തം വാന്നൊലിക്കുന്ന ഓരോ മനുഷ്യശിരസ്സും അപ്പിച്ചിട്ടുണ്ടായിരുന്നു. പിനാങ്കു മുതൽ സിംഗപ്പൂർവരെ ഈ വിചിത്രമായ ആഘോഷപരിപാടി യാണ് ജപ്പാൻ നടപ്പിൽ വരുത്തിയത്. സിംഗപ്പൂരിൽ ഈ തലവേട്ട നടത്തിയത് കക്കൺസാഖി എന്നു പേരാ യ ഒരു മിലിററി പോലീസുദ്യോഗസ്ഥനായിരുന്നു. സിംഗ പ്പൂരിലെ നൂറുകണക്കിലുള്ള തെരുവുകളെ അലങ്കരിക്കാൻ ഇത്രയേറെ നരശിരസ്സുകഠം സമ്പാദിക്കാൻ കക്കൺസാ ഖി തലേന്നാഠം രാത്രി മുഴുവനും ഉറക്കൊഴിച്ചു നല്ലൊരു വേട്ടതന്നെ നടത്തിയിട്ടുണ്ടായിരിക്കണം. "കേത്തെ" സി നിമാ ഹാളിൽവെച്ചാണ് അയാഠം ഇത്രയും മനുഷ്യത്തല കഠം അരിഞ്ഞുകൂട്ടി പിറേറന്നാഠം പുലച്ചേ പ്രദശനത്തി നു പാകപ്പെടുത്തിയത്.

* * * * * * *

ഇങ്ങനെ അറപ്പും വെറുപ്പും ആശങ്കയും നിറഞ്ഞ അന്തരീക്ഷത്തിൽ, ഇടക്കിടെ ചില നേരമ്പോക്കുകളും ന ടന്നുകൊണ്ടിരുന്നു. ജപ്പാൻകാർ മലയാ ആക്രമിച്ചു മുന്നോ

ട്ടു വന്നുകൊണ്ടിരിക്കെ, ഫത്തുഫനാർ എന്ന സ്ഥലത്തു് താവളമടിച്ചു. യുദ്ധം പേടിച്ചുള്ള പരക്കംപാച്ചിലിൽ ജോഹോറിൽനിന്നും സിങ്കപ്പൂരിൽനിന്നും നാനാമതസ്ഥര ടങ്ങിയ ഒരു വലിയ സംഘം ഫത്തുഫനാറിൽ അഭയം പ്രാപിച്ചിട്ടുണ്ടായിരുന്നു.

ജപ്പാൻകാർ അവിടെ ക്യാമ്പടിച്ചു കൂടിയപ്പോൾ അ വിടുത്തെ കംപോങ്ങിൽ (ഗ്രാമത്തിൽ) ഉള്ള പശുക്കളേയും പന്നികളേയും പിടിച്ചുകൊണ്ടുവന്നു അറുത്തു വേവിച്ചുതി ന്നാൻ തുടങ്ങി. തങ്ങൾക്കു ഭക്ഷണം പാകപ്പെടുത്താൻ ജപ്പാൻകാർ അഭയാത്ഥികളിൽ ചിലരെ പിടികൂടി. പൊ ന്നാനിക്കാരൻ അബൂബക്കർ എന്നൊരു മാപ്പിളയെയാ ണ് അവർ കുക്കായി നിയമിച്ചിരുന്നതു്.

ഒരുദിവസം ജപ്പാൻകാർ ഒരു മൂരിയെ അറുത്തു, ആവശ്യമുള്ളത്ര മാംസം അരിഞ്ഞെടുത്തു ബാക്കിയുള്ളതു് അബൂബക്കരോടും കൂട്ടുകാരോടും എടുത്തുകൊള്ളാൻ പ റഞ്ഞു. തങ്ങൾതന്നെ അറുത്ത ജന്തുവിൻെറ മാംസമല്ലാ തെ തങ്ങൾ തിന്നുകയില്ലെന്നു അബൂബക്കർ ജപ്പാൻകാ രോടു് പറഞ്ഞു. ഇതു കേട്ടപ്പോൾ ജപ്പാൻകാരൻ അബൂ ബക്കറെ നല്ലകണക്കിൽ പ്രഹരിച്ചു "ഞങ്ങൾ തിന്നുന്ന തു് നിങ്ങളും തിന്നണം" എന്നു കല്പിച്ചു. ഗത്യന്തരമി ല്ലാതെ അന്നു അബൂബക്കക്കും കൂട്ടുകാക്കും ജപ്പാൻകാരൻ ബിസ്മി ചൊല്ലാതെ അറുത്തുകൊന്ന പശുവിൻെറ മാം സം ഭക്ഷിക്കേണ്ടിവന്നു.

പിറേറന്നാൾ ജപ്പാൻകാരൻ മറെറാരു പശുവിനെ കൊണ്ടുവന്നു, അബൂബക്കറോടുതന്നെ അതിനെ അറുത്തു

ശരിപ്പെടുത്താൻ കല്പിച്ചു. സന്തോഷത്തോടെ അബൂബക്കർ മുറപ്രകാരം പശുവിനെ അറുത്തു മാംസം പാകംചെയ്തു. ആ മാംസക്കറി ആ ഗ്രാമത്തിലുള്ള എല്ലാവൎക്കും കൊടുക്കാൻ ജപ്പാൻകാരൻ ഔദാൎയ്യത്തോടെ കല്പിച്ചു. അവിടെയുള്ളവരിൽ മുസ്സൽമാനും, ഹിന്ദുവും സിക്കും എല്ലാം ഉണ്ടായിരുന്നു. ഹിന്ദുക്കൾക്കും സിക്കുകൾക്കും മൂരിമാംസം വിളമ്പിക്കൊടുക്കുന്നതിൽ ഏററവുമധികം ജാഗ്രത കാണിച്ചതു അബൂബക്കറായിരുന്നു. നായന്മാരും പട്ടന്മാരും താടിക്കാരായ സിക്കുകാരും തലപോകുന്ന പേടിയോടു കൂടി മൂരിയിറച്ചി വാരിവിഴുങ്ങുന്നതു കണ്ടു അബൂബക്കറും മററു മാപ്പിളമാരും ബഹുരസത്തോടെ ചിരിച്ചുകൊണ്ടു കുറച്ചു കൂടി തരട്ടെ എന്നു് കളിയാക്കി ചോദിച്ചു. അതിന്റെ പിറെറന്നാൾ ജപ്പാൻകാരൻ പിടിച്ചുകൊണ്ടു വന്നതു് രണ്ടു പന്നികളെയായിരുന്നു. പന്നിയെക്കണ്ടപ്പോൾതന്നെ അബൂബക്കർ പിൻവലിയാൻ നോക്കി. ജപ്പാൻകാരൻ അബൂബക്കറെ വിളിച്ചു പന്നിയെ അറുത്തു ശരിപ്പെടുത്താൻ കല്പന കൊടുത്തു.

"ഞങ്ങൾ പന്നിയെ തൊടുകയില്ല" എന്നു അബൂബക്കർ താഴ്മയോടെ പറഞ്ഞുനോക്കി. ജപ്പാൻകാരന്റെ തുടരെത്തുടരെയുള്ള അടിയായിരുന്നു അതിന്നു മറുപടി. അതു കണ്ടപ്പോൾ അവിടെയുണ്ടായിരുന്ന ഒരു തങ്ങൾ പറഞ്ഞു: "അബൂബക്കറെ, ഇപ്പന്നിന്റെ മോൻ ഞങ്ങളെ പററിച്ചു—പറഞ്ഞിട്ടു് ഫലമില്ല—പണി തൊടിങ്ങിക്കൊ."

അബൂബക്കർ തലേന്നാൾ മൂരിയെ അറുത്ത കത്തി

കൊണ്ടുതന്നെ പന്നിയുടേയും തലയറുത്തു, പറഞ്ഞപോലെ ഇറച്ചിയും വേവിച്ചു വെച്ചു.

ജപ്പാൻകാരുടെ സാപ്പാട്ട് കഴിഞ്ഞപ്പോൾ, ബാക്കിയുള്ള പന്നിപ്പദാൎത്ഥം എല്ലാവൎക്കും സമമായി വിളമ്പികൊടുക്കാൻ ആഫീസ്സറുടെ കല്പനയുണ്ടായി.

അബൂബക്കറും മാപ്പിളമാരും മലയാക്കാരും ചൂളിനില്ക്കുന്നതു കണ്ടപ്പോൾ തങ്ങൾ മെല്ലെ പറഞ്ഞു: "പറഞ്ഞിട്ട് ഫലമില്ലെടാ. ഇത് ഹറാമല്ലാ, ഹലാലാണ് എന്നും മനസ്സിൽക്കരുതി കണ്ണുമടച്ചു പണി തുടങ്ങിക്കൊ"

ജപ്പാന്റെ വാളിനെ ഭയന്ന് അവിടെയുള്ള സകല മുഹമ്മദീയരും അന്ന് പന്നിയിറച്ചി നല്ലപോലെ ശാപ്പിട്ടു.

* * * * * * *

സിംഗപ്പൂരിലെ ടാങ്ക്റോഡിലുള്ള സുബ്രഹ്മണ്യൻ കോവിൽ ഇവിടുത്തെ നാട്ടുകോട്ട ചെട്ടിമാരുടെ പ്രധാന ക്ഷേത്രമാണ്: ചെട്ടിക്കോവിൽ എന്നാണ് അതിനെ വിളിച്ചു വരുന്നത്.

1942 ഫിബ്രുവരി 18-ാംനു-യായിരുന്നു അന്ന്. കോവിലിൽ എന്തോ ഒരു പുണ്യദിവസമായിരുന്നു. സെറംഗൂൺ റോഡിൽ, യുണൈറഡ് ഇഞ്ചിനിയർസ് ആഫീസിന്നു മുമ്പിൽ വെള്ളക്കാർ കുറേ മരത്തടികൾ കൊണ്ടുവന്നുകൂട്ടി റോഡ് വഴിമുട്ടിച്ചുവെച്ചിട്ടുണ്ടായിരുന്നു. ജപ്പാൻകാർ വന്നപ്പോൾ എനിയ്ക്കു് ഒരു മെണ്ടറുടെ (മേസ്തിരി) ജോലിയാണ് തന്നത്. ആ മരത്തടികളെല്ലാം അവിടെനിന്നു നീക്കംചെയ്തു വഴി തുറന്നുവെക്കാനുള്ള കല്പന

യാണ് കിട്ടിയത്. ഞാൻ ജപ്പാൻകാരുടെ കീഴിൽ ഒരു മണ്ടരാണെന്നു കാണിക്കാൻ വെള്ളത്തുണിയിൽ ചുകപ്പ് മഷികൊണ്ടു ജപ്പാൻഭാഷയിൽ എന്തോ എഴുതിയ ഒരു പട്ട എൻെറ കൈയ്യു കെട്ടിത്തന്നിട്ടുണ്ടായിരുന്നു. ആ പട്ട എപ്പോഴും കൈയ്യു കെട്ടിക്കൊള്ളണമെന്നാണ് കല്പന. എളുപ്പത്തിൽ തല പോയ്പ്പോകാതിരിക്കാൻ അതു പററുമെന്നു ഞാനും കരുതി. മണ്ടരാണെങ്കിലും, ജപ്പാൻകാരൻ പറഞ്ഞതുപോലെ കേട്ടില്ലെങ്കിൽ മണ്ടരായാലും വേണ്ടതില്ല തലമണ്ട പോയതുതന്നെ. എനിയ്ക്കു മേസ്തിരിസ്ഥാനമല്ലാതെ എൻെറ കീഴിൽ കൂലിക്കാരുണ്ടായിരുന്നില്ല. വഴിയേ പോകുന്ന ആളുകളെ വിളിച്ചു വേല ചെയ്യിച്ചുകൊള്ളണം. അവക്കു വേല ചെയ്യുന്നതിന്നു കൂലിയില്ലെന്നു മാത്രമല്ല, നല്ലപോലെ വേല ചെയ്തിട്ടില്ലെങ്കിൽ തല്ലു കിട്ടുകയും ചെയ്യും. വാളും ഉയത്തിപ്പിടിച്ചു കൊണ്ടു ഒരു ജപ്പാൻ പോലീസ്സുകാരൻ, എൻെറയരികെ നില്ക്കുന്നുണ്ടായിരുന്നു, വഴിയെ പോകുന്നവരെ പിടിക്കാൻ.

അപ്പോഠം ഒരു സംഘം ചെട്ടിമാർ സുബ്രഹ്മണ്യൻ കോവിലിലേക്കു സ്വാമിയെ പ്രാത്ഥിക്കാൻ പോകുന്നുണ്ടായിരുന്നു. ചെട്ടികഠം ഇവിടെ പണം പലിശയ്ക്കു കൊടുക്കുന്ന മുതലാളിമാരാണു .

ചെട്ടികളുടെ തടിയും വണ്ണവും കണ്ടപ്പോഠം അവർ മരത്തടി വലിക്കാൻ പററിയവരാണെന്നു് മനസ്സിലാക്കിയ ജപ്പാൻകാരൻ, “ഇന്ത്യാ” എന്നു് വിളിച്ചു. ചെട്ടികളുടെ തലവൻ ഷൺമുഖം ചെട്ടിയാർ—കുടവയറനായ ഒരു കരിമ്പൻ—ജപ്പാൻ പോലീസ്സിൻെറ വിളി കേട്ടു, ഭ

യത്തോടെ പതുങ്ങിക്കൊണ്ട് അടുത്തുവന്നു. ജപ്പാൻകാരന്നു സന്തോഷമായി; ആ മരത്തടികളെല്ലാം തൂക്കി വലിച്ചു നിരത്തിൽ നിന്നൊഴിച്ചു വെക്കാൻ എല്ലാവരുംകൂടി സഹായിക്കാൻ ജപ്പാൻകാരൻ കല്പിച്ചു. ഇതു കേട്ടപ്പോഠം ചെട്ടികഠം മുഖത്തോടുമുഖം നോക്കി മുരുകനെ വിളിക്കാൻ തുടങ്ങി. ജപ്പാൻകാരനെ തൊഴുതുകൊണ്ട് ഷൺമുഖം ചെട്ടിയാർ പറഞ്ഞു: "ഞങ്ങഠം മുരുകനെ തൊഴാൻ ക്ഷേത്രത്തിലേക്കു പോകുന്നവരാണ്."

അതു കേട്ടപ്പോഠം ജപ്പാൻകാരൻ ദേഷ്യത്തോടെ അടി തുടങ്ങി. ആ ചെട്ടിമാരിൽ ചിലൎക്കു എന്നെ നല്ല പരിചയമുണ്ടായിരുന്നു. അവർ എന്നോടു കേണു പറഞ്ഞു: "ഞങ്ങഠംക്കു ഈ തൊഴിൽ ശീലമില്ലെന്നറിയാമല്ലോ. ഞങ്ങളെങ്ങിനെയാണ് ഈ മരത്തടി വലിക്കുക. ഞങ്ങളെ ഒഴിവാക്കാൻ പറയണം."

ഞാൻ പറഞ്ഞു: "അതു പറഞ്ഞാൽ എന്റെ തല പോകും. മുരുകനെ വിളിച്ചു മരം വലിയ്ക്കാൻ ഒരുങ്ങിക്കോളൂ. അതാണ് നല്ലത്."

അങ്ങനെ പൊന്നും പണവും മാത്രം തൊട്ടു ശീലിച്ച ചെട്ടികഠംക്ക് അന്ന് വൈകുന്നേരം 5 മണിവരെ, വെറും പച്ചവെള്ളം മാത്രം കുടിച്ചുകൊണ്ട് മരത്തടികഠം വലിക്കുന്ന പണിയിൽ ഏൎപ്പെടേണ്ടിവന്നു. പിന്നെ അന്നുമുതൽ ആ വഴിക്കു ചെട്ടികളാരും മുരുകനെ തൊഴാൻ പോയിട്ടില്ല.

ചെട്ടിമാരെക്കൊണ്ട് മാത്രമല്ല, കോട്ടും ടൈയ്യും ധരിച്ച് ആപ്പീസ്സിലേക്കു പോകുന്ന ക്ലാൎക്കമാരെക്കൊണ്ടും ജ

പ്പാൻകാർ ഇത്തരത്തിൽ നിരത്തുപണി മാത്രമല്ല കക്കൂസു കഴുകുന്ന വേലകൂടി ചെയ്യിച്ചിട്ടുണ്ട്. ഇങ്ങനത്തെ തൊഴിലിന്ന് ആളുകൾ പോരാതെ വരുമ്പോൾ ജപ്പാൻകാർ "ഇന്ത്യ"യെയാണ് പിടികൂടിയിരുന്നത്.

ജപ്പാൻഭരണം ഒരു ഭയങ്കര സ്വപ്നംപോലെ തോന്നുന്നു.